## 7. ധനകാര്യം

### വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ രണ്ടാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2014–15 സാമ്പത്തിക വർഷത്തിലെ ആദ്യത്തെ നാലുമാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 158,50,80,000 ക.യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീമതി കെ. കെ. ലതിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 73,26,52,000 ക.യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ക്ഷീരവികസനം എന്ന XXXII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 53,58,46,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. എം. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 29,72,66,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ജലസേചനം എന്ന XXXVIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 390,69,71,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 130,40,23,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

തുറമുഖങ്ങൾ എന്ന XL–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 46,67,44,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 852,87,32,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

പൊതുമരാമത്ത് എന്ന XV–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1209,30,27,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

ഭക്ഷ്യം എന്ന XXX–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 322,94,58,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4737,92,14,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 158,50,80,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 335,77,06,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 158,50,80,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

സഹകരണം എന്ന XXVII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 103,29,20,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 852,87,32,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 57,19,59,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

മൃഗസംരക്ഷണം എന്ന XXXI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 176,86,74,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 181,82,65,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

വിനോദസഞ്ചാരം എന്ന XLII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 96,47,88,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

§Ú. Gv. CWô-ú_k§-Wu: No, Sôu CkR vote on account –I G§od-¡u-ú\-u.

‘Guß R¦-Ùm CkR ÑRk§W RôLm

Gu-ß U¥-Ùm CkR ÑRk-§W úUôLm’

Ud-L-Þd-Ï ÑRk-§W RôLm. Lôe-¡-Wv RûX-Yo-L-Þd-Ïm Uj-§V Uô¨X AûUf-No-L-Þd-Ïm Bh-£-«-Ûm A§-Lô-Wj-§-Ûm úUôLm. CûY-V-û]j-§-Ûm ®ûX-Ù-Vo-®u ©W-§-T--l-×m AÕ FZ---Ûm ©W-§-T--d-¡-\-Õ. Cuß ®Yô-§d-Ll-T-Óm ®`Vj-§p N¬Rô SôVo, `ôÛ úUú]ôu, ©_÷ WôRô-¡-Úx-Qu Øu Li-úUu NÄm Wôw, ú_ôl-Tu, ÏÚ-®[ CYo-L-ú[ô-Ó Al-ÕpXd-Ïh-¥ Cl-T-¥-ThP Ñ-l-Th-Pô-[e-L-Þd-Ï, Nh-Pj-§-à-ûPV TôÕ-Lôl-×m Nh-P-N-Û-ûL-Ùm úTôÄv TôÕ-Lôl-×m AÕ-úTôu-ß ÑRk-§-W-Øm TôW-ThN AW-£-V-Ûm AW-£-Vp AûUl× Nh-P-Øm Gu-ß CYo-L-ÞdÏ ùLôÓd-¡u\ CkR úNûYRôu Cu-û\-V- ¨-ûX-«p úLW[ AW£u SP-Y-¥dûLVôL CÚd-¡u-\-Õ. CRtd-Ï G§-WôL SPj-Rl-T-Ó-¡u\ úTôWôh-Pe-L-û[- Ïû\-Yô] ¨ûX-«p Tôo--T-úRô-Ó ªL-Üm LÓ-ûU-VôL ®Uo£d-¡u\ BÞm-Lh-£«àûPV ¨XûU Cuß T¬-Rô-Tj-§d-Ï-¬V ¨X-ûU-Vô-L -CÚd¡u-\Õ Gu-TûR Ck-R-Nk-Rol-Tj-§úX Ñh-¥d-Lôh¥d-ùLôs[ BûN-T-Ó-¡u-ú\u. Li-¦-Úk-Õm ÏÚ-P-]ô-n Lô§-Úk-Õm ùN®-P-]ôn Lô--ÚkÕm ØP-Y-]ôn CqYW-£-Úk-Õ Gu] XôTm? _«--p ÑP TôÕ-Lôl× Cp-ûX. ù_«--p A¥dÏm Ïi-Po-Lû[ _«p Yôo-PuL-[ôL............ ©¥h-¥x Bh£LôXj-§p _ô--Vu YôXô-Tôd Gu-\ôp Cl-úTô-Õ ù_«p Aû\-L-°úX A¥j-Õ Õu-×-ßj-Õ-¡u\ ¨X-ûUd-Ï Gu] ¨Vô-Vm, Gu] ¿§ Gu-ß CkR Nk-Rol-Tj-§p Sôu úLh-Ód-ùLôs[ BûN-T-Ó-¡u-ú\u.

ശ്രീ. ടി. വി. രാജേഷ്: സർ, ബഹുമാന്യനായ അംഗം ഇവിടെ ജയിൽ ചട്ടത്തെക്കുറിച്ച് പറഞ്ഞു. കേരളം കണ്ട ഏറ്റവും വലിയ തട്ടിപ്പ് കേസിലെ

പ്രതി ബ്യൂട്ടികോമ്പറ്റീഷന് റാമ്പിലിറങ്ങുന്നവരെപ്പോലെ ഓരോ തവണയും കോടതിയിൽ ഹാജരാകുന്നത് പുതുപുത്തൻ വസ്ത്രം ധരിച്ചിട്ടാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, അങ്ങ് ചോദിച്ചത് സരിതാ എസ്. നായരെ സംബന്ധിച്ചാണ്. സരിതാ എസ്. നായരെ സംബന്ധിച്ചാണ് അഭിപ്രായം പറയേണ്ടതെങ്കിൽ ശ്രീ. എ. പി. അബ്ദുള്ളക്കുട്ടിയെ നേരത്തെ ഓർമ്മിപ്പി ക്കേണ്ടതായിരുന്നു. ഇവിടെയാണ് ഇത്രയും സംഭവങ്ങൾ നടക്കുന്നതെന്ന് കോടതിയും പത്രമാധ്യമങ്ങളും പരമാർശിച്ചിട്ടുള്ള കാര്യത്തിൽ ഇത്രയേറെ വിഷയങ്ങളുണ്ടായിട്ടുപോലും അതൊന്നും ശ്രദ്ധയിൽപ്പെടാതെ ഇവിടത്തെ ഒരു മുൻസഭാദ്ധ്യക്ഷൻ സബ്മിഷൻ അവതരിപ്പിച്ചപ്പോൾ അദ്ദേഹമുണ്ടാക്കിയ കോലാഹലം എന്താണെന്ന്.......... ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി എവിടെ യാണ് ജീവിക്കുന്നതെന്നതുപോലും അറിയാൻ കഴിയാത്ത സാഹചര്യമാണ്. അതുകൊണ്ട് സരിതാ എസ്. നായരുടെ കൂട്ടത്തിൽ അദ്ദേഹത്തേയും ചേർത്ത് പരാമർശിക്കേണ്ട ആവശ്യം നമുക്ക് വേണമെന്നുള്ളതുകൊണ്ടല്ല, പക്ഷേ അങ്ങനെ വരേണ്ട സാഹചര്യം ഈ രൂപത്തിലാണ് വരുന്നത്. അതെല്ലാം ഒഴിവാക്കപ്പെടേണ്ടതാണെന്നുള്ള അഭിപ്രായമാണുള്ളത്. അതു കൊണ്ട് ഇത്തരത്തിൽ സരിതാ എസ്. നായരെപ്പോലെയുള്ള..... ആ ഒരു വിഷയത്തെ സംബന്ധിച്ച് സമൂഹത്തിലും സാമൂഹികവ്യവസ്ഥയിലും ഉണ്ടാ യിട്ടുള്ള ഒട്ടനവധി വിമർശനങ്ങളും പരാമർശങ്ങളുമെല്ലാം സമൂഹത്തിനൊരു അനുഭവമാണ്. അതൊക്കെ നമുക്ക് തള്ളിക്കളയേണ്ടതാണ്. അതുകൊണ്ട് അത് ഞാൻ ഒഴിവാക്കുന്നുവെന്നുള്ളതാണ് ഞാൻ ഈ അവസരത്തിൽ പറയു വാൻ ആഗ്രഹിക്കുന്നത്. എന്തായാലും അത് ഈ സമൂഹത്തിന്റെ ശ്രദ്ധ

യിൽവേണ്ടതാണെന്ന് ഞാൻ ഈ അവസരത്തിൽ പറയുവാൻ ആഗ്രഹിക്കുന്നു. ഇതിൽ കൂടുതൽ പറയുവാൻ ആഗ്രഹിക്കുന്നില്ല.

LP-Ûm LP-úXô-W-Øm LôV-Û-m YV-Ûm YVp NôokR CP-Øm UûX-Ùm UûX NôokR TÏ§-Ls, CûY-ùVp-Xôm TôÕ-Lôd-¡u\ AY-£-Vm CÚd-¡u-\-Õ Gu-T-§p GkR ®R-Uô] Nk-úR-L-Øm Cp-ûX. 30% N¬-®p ®Y-Nô-Vm T«oùNn-V-á-PôÕ úR«ûX, Lôl-©, Wl-To, HXm úTôu\ T«o-L-Þm T«o ùNn-V-á-Pô-Õ, T«o-L-°u E«o-LôdL áh-Pf-Nj-RôL úY§--Vp ùTôÚh-Ls úNod-L-á-Pô-Õ, T«o TôÕ-Lôl× RÓl× UÚk-Õ ùR°d-L-áPôÕ, Ts-°-á-Pm áPô-Õ, UÚj-Õ-Y-Uû] áPô-Õ, Y]-®-Xe-Ï-L-Þd-Ï ØÞ-ûU-Vô] ÑRk-§-Wm.......... U²-R]ô, ®XeLô, Th-P-Vm áPô-Õ, Th-P-Vm ùLôÓd-L-á-Pô-Õ, Environment Impact Assessment Committee-«u Aà-U-§-úVôÓ §h-Pe-Lû[ SûP-Ø-û\l-T-ÓjR úYi-Óm. UQp ùLôÓd-Lô-Up, Lp ùLôÓd-Lô-Up, Lh-¥P Aà-U-§-«p-Xô-Up, ÅÓ Lh-Pô-Up, ®Y-Nô-V-ªp-Xô-Up, Ye-¡-Ls LPu RWô-Up, CPm YôeL ®tL Ø¥-Vô-Up, TQm Rh-Ól-Tôh-Pôp ÏÓmTj§úX §ÚU-Qe-LsáP SûP-ùT-\ô-Up, Y] ®Xe-Ï-L-°-]ôp T«o úNRm Htl-Th-Ó, EQÜ ùTô-Úh-Ls CpXô-Up, ùNôp-Xô-Up ùLôs-[ô-Up Rô]ôL CPm Uôßm úSWm A§L çWj-§p Cp-ûX. CÕ-Rôu CÓd-¡-«-à-ûPV JÚ AYX ¨ûX. ÑV-¨-ûX-Lô-Wo-L-Þ-ûPV Jj-Rô-ûN-«-]ôp ùY-°-Sôh-¥p ReL Ï¥-Ù-¬-ûU-ùTt\ TX-Úm CÓd-¡ûV TQ-Vl-T-Ój§ CÓd¡«u UiûQ ®t-T-Rtd-LôL ØVt£ ùNn-¡u-\ôo-Ls Gu-T-Õ-Rôu Lv-ç¬, Lôh-¡ÛûPV A±d-ûL-«u ùUôjR ìTm. CûR Aà-U-§d-L-Ø-¥-VôÕ, CûR SûP-Ø-û\T-Ój-Rd-á-PôÕ Gu-T-Õ- Uh-Ó-UpX Ae-¡-Úd-¡u-\-Yo-L-Þd-Ï Gp-Xô-®-R-Uô] YN-§-úVô-Óm CÚd-¡u\ Ï¥-Ù-¬-ûUûV ¨ûX-Sôh-¥ AYoL-Þ-ûPV GpXô NÛ-ûL-L-û[-ûV-Ùm ùLôÓd-L-úYi-Óm Gu-TÕ-Rôu Ge-L-Þ-ûPV YôRm. TYo-ú^ôi CÚd-L-Ñ-Pô-Õ, Th-P-Vm ùLôÓdL Gu-]-RûP? áRk-§W Ck-§-Vô-®p ÑRk-§-Wm ¡ûPd-LôR ©¬h-¥x êQô-\ôL Cu-ß êQôo §Lr-¡u-\-Õ. 1980 ØRp ùLôÓjR

Th-Pôd-Ls C²-Ùm N¬-YW YûW-V-ßd-Ll-T-P-®p-ûX. 4 ùNuh LôX-¦-«p B]ô-Ûm N¬, Th-Ó-Rô-]l-©sû[ LôX¦ ùLôÓjR Nk-Rol-Tj-§Ûm N¬, êu-\-Ód-Ï TgNôVj-Õ-Ls ùLôÓjR ÅÓ-L-Þd-Ïm N¬, Ju-ß ØRp Tj-Õ ùNuh YùWÙs[ ÅÓ-L-°p CÚl-T-Yo-L-Þd-Lô-]ô-Ûm N¬, ùLôÓjR Th-Pôd-Ls Cl-úTô-Õm ETúVô-Lj-§p Cp-Xô-U---Úk-Rô-Ûm N¬, Ã No-úY-«-]ôp Th-Pôd-Ls RûP-ùNn-Vl-ThP ¨ûX-«---Úk-Rô-Ûm N¬, Y]-Õ-û\-Ùm £X-Úm Ã No-úY-«-p úNok-Õ SPj-Õ-¡u\ CkR ®Vô-Tô-Wj-§u LôW-Q-UôL Cu-ßm Ù]v-úLô-®u RûX-Âh-¥-]ôp Lôh-¡p Lv-ç-¬ We-Lu A±ó-ûL-«u ùTV-¬p TQj-§t-LôL UiûQ ®tT-Yo-L-°u LûR ùRôPo-L-ûR-VôL Cu-ßm CÚd-¡u-\-Õ. CYo-L-Þd-Ï ¡ûPd-Ïm TQm ThPô Cp-Xô-Up AY§ TÓ-¡-\-Yo-Lû[ ®t-¡u\ TQm Gu-T-§p GkR ®R-Uô] Nk-úR-L-Øm CpûX. BLúY CRtd-ùL-§-WôL SûP-ùT-ß-¡u\ úTôWôh-Pe-Ls Gp-Xôm N¬j-§-Wj-§p CPm ùTt-±-Úd-Ïm Gu-T-§p Gk-R-®-R-Uô] Nk-úR-L-Øm Cp-ûX. CÓd¡ UôYh-Pj§p Uh-Ó-Up-X, úLW[, LoSô-P-L Uô¨-Xj-§ÛeL-°p Rªr C]jûR úNokR-Yo-L-Þd-Ï CÚd-¡u\ £X ©Wf-£-û]-Lû[ CeúL á±-ùLôs[ BûN-T-Ó-¡u-ú\u. SU-Õ ØRp-Yo AYo-L-°-Pm Sôu £X Lô¬-Ve-Lû[ á±-«-Úd-¡-ú\u. Rªr ©¬ûY NôokR Ts-°-á-Pe-L-°p B£-¬-Vo-Lû[ ¨V-ªd-¡u\ Lô¬-Vj§-Ûm Rªr Rªr B£-¬-Vo-Lû[ ¨V-ªd-Lô-Up Rªr ùR¬k-Rôp-úTô-Õm Gu\ Nh-P

Ö dLj-§u A¥l-T-ûP-«p Rªr, Lo-Sô-PL ©¬-®-]o-L-Þd-Ï Rôn ùUô¯-«p TôPm Lt-ß-ùLô-Ól-T-Õ Ußd-Ll-T-Ó-¡-\-Õ Gu-TûR NûT-«u LY-]j-§p ùLôi-Ó-YW BûN-T-Ó-¡u-ú\u. ®´-Xu-v A±d-ûL«u A¥l-T-ûP-«p CÓd¡ UôYh-Pj-§p Rªr TÏ§ Ud-L-Þd-Ï ThPô ùLôÓd-áPôÕ Guß Ï±l-©-Pô-Up ©¬ûY Nôok-R-Yo-L-Þd-Ï Gu-ß Ï±l-©h-¥-Úl-T-Õ GúRô JÚ LXd-LjûR Ht-T-Ój-Õ-Y-RôL Sôu LÚ-Õ-¡u-ú\u. BLúY AûR-Ùm §Új-Õ-Y-Rtd-Lô] SP-Y-¥d-ûL-Ùm ØRp-Yo AYo-Ls GÓdL úYi-Óm Sôu á±-ùLôs-¡-ú\u. Rôn-ùUô¯ Gu\ ùTV-¬p GkR ùUô¯-VôL CÚk-Rô-Ûm AûR Ht-ß-ùLôs-Y-§p GkR ®R-Uô]

LÚj-Õ úYß-Tô-Ó-L-Þm Cp-ûX. ©.-Gv.³. -«p UX-Vô-[m ùR¬k-R-YoLÞd-Ï
Uh-ÓúU úYûX-Yônl× ùLôÓd-Ll-T-Óm Gu\ ¨ûX Cu-ßm ùRôPo-¡u-\-Õ. AÕ
úLW[j§Ûs[ Ud-L-ÞdLô]ô-Ûm N¬, ©\ Uô¨-Xe-L-°Ûs[ Ud-L-ÞdLô]ô-Ûm N¬,
AYo-Ls GÓj-Õ T¥d-¡u\ ùUô¯«u A¥l-T-ûP-«p AYo-L-Þd-Ï TR® ùLô-Ól-T-
Õ Cu-ß CÚd-¡-u\ ¨ûX-«p Yôrd-ûLûV RÓ-Uô\ ûYd-Ïm Gu-T-§p GkR ®R-
Uô] Nk-úR-L-Ø-ªp-ûX. AÕúTôu-ß 1950-þd-Ï -Øu× úLW-[j-§p Ï¥-úV-±V
SC/ST C]j-§p- Th-P-Yo-L-Þd-Ï Uh-ÓúU úLW[ AW-£u NÛ-ûL-Ls ¡ûPd-Ïm
Gu-ß Ï±l-©-Ó-Y-Õ ¿§d-Ï ØWi-ThPRôL ùRu-T-Ó-¡u-\-Õ. LôW-Qm, 1950-
þd-Ï Øu-TôL Es[-Yo-L-Þd-Ï JÚ Nôu-±-Rr ùLôÓdL Ø¥ÙUô Gu-T-Õ Cu-ßm
JÚ úLs® Ï±-VôL CÚd-¡u-\-Õ. G]úY A§-Ûm §Új-Rm ùLôi-Ó YÛY-Rt-Ï
úLW[ AW-Ñ SP-Y¥dûL G-Ól-T-Õ AY-£-V-Uô-«-Úd-¡-\-Õ. AÕúTôu-ß TZ-
ûU-Vô] §\-ûU-Vô] Aà-T-Y-Øs[ ºWô] ùRôûX-úSôd-Ï Li-úQôh-P-Øs[ NUj-
ÕY ¨ûX-Ùs[ JÚ AW-£-Vp Ø§of-£-Ùs[ TdÏY-Øs[ AûUf-N-WôLúY §Ú B¬-Vô-
Pu AYo-Lû[ LôQ ®Úm-×-¡-]-ú\u. úLW[j-§p ªu-Nô-W-Õû\«u ¨XûU ª-L-
Üm ºo-ùLhÓ CÚd-¡u-\-Õ Gu-T-§p GkR ®R-Uô] Nk-úR-L-Üm CpûX. TôW-
Th-Nj-úRô-Ó TôÏ-Tô-úPô-Ó FRô-¬-L-Þm §\-ûU-Vt-\-Yo-L-Þm FZp-¨û\kR
ùTôßl-Tt\ ¨ûXVt\ ÑV¨û]-Yt\ RÏ§-Vt\ £X ET-úR-£-L-°u ùNVp-L-°-]ôp
úLW-[ô-®p Cuß ªu-Nô-W-Õû\«u ¨ûX ºoùLh-Ó-ùLôi-¥-Úd-¡u-\-Õ. A§-Lô-
¬-Ls Rô]m ùLhÓ, RWm ùLh-Ó, ºoÏûX-Ùm ¨ûXd-Ï ùLôi-Ó-ùNpX ¨û]d-¡u-
\ôo-Ls Gu-TûR CÕ áh-¥d-Lôh-Ó-¡u-\-Õ Gu-T§p Nk-úR-L-ªp-ûX. CûR
EQo-Y-Rtd-Ï AûUf-N-Úd-Ï Yônl× ¡ûPdÏm Gu-T-Õ-Rôu ùR¬-V-®p-ûX.
AúR-NkRol-Tj-§p CûYùVp-Xôm ºWôL AûUV úYi-Óm Guß Gi ¡u\ A§-Lô-¬-
L-Þm AkR Õû\-«p CÚd-¡u-\ôo-Ls. B]ôp Ti× Gu\ Juß CÚd-¡u\ LôQj-
Rôp............ CkR Nk-Rol-Tj-§p A§-L-UôL Sôu á\ ®Úm-T-®p-ûX.
AûUf-N-¬u AÛ-Y-X-Lm CûP-R-W-Lo-L-°u ÑPô-W-UôL Uô±-®P-á-Pô-Õ,
Ls-Y-¬u ûLLû[ BR-¬dL-á-Pô-Õ, Ti-©p-Xô-R-Yo-Ls TÏj-R-±-®p-Xô-Ro-

Ls TR®-«p ùRô-Po-Y-Õ LôXjûR Lû\-Vôu A¬l-T-Õ- úTôu-\-Rô-Ïm. GjRû] ùT¬V U²R-û]-Ùm AÕ- A-¬j-Õ-®-Óm Gu-T-§p Nk-úR-L-ªp-ûX.

<u>§Ú ©.-³. ú_ôow</u>: Ai-Qôf£ ¿ Gu] ùNôp\, Rª-¯p úT£-±-Vô, Uô¦ Nôßd-Ï ùR¬V Tôû`«úX ùNôp-Û, Ap-Xôh-¥ Uß-T-¥ ¡ûPd-Lô-Õ.

R]-Lô-¬-V-Øm ¨V-U-Øm TY-]-¨o-Uô-Q-Øm YÏl-×-Uk-§¬ <u>§Ú ùL.Gm. Uô¦:</u> No, G]dÏ Rªr Tôû` ùR¬-Ùm.

<u>§Ú Gv. CWô-ú_k§-Wu</u>: No, Uô¦ Nôßd-Ï ùR¬-Ùm. Uôj-§-W-UpX Ut-ß £X-Úd-Ïm ùR¬-Ùm Gu\ úTôj-§-Vm G-]d-Ï Ei-Ó. Gm.-Gp.-G. Ti-¥p ªu-Nô-W-Õ-û\d-Ï TQ HRô-Y-Õ JÕd-¸-å ùNn-Rô-Ûm-áP £XST-úWô-Ó Yôe-Ï-¡u\ TQ ©¬Ü ªL A§-L-UôL CÚd-¡u-\-Õ. AkR YÏl-©p CÚd-L-á-¥-V-Yo-Ls Gm.-Gp.-G. Ti-h êX-UôL electrician, oversear ØR-Xô-]-YoLs ÅÓ-L-Þd-Ï L\-ih ùLôÓl-T-RtdLôL ùNp-Û-¡u-\-Yo-Ls YôL-]j-§t-Ï B\ô«-Wm, LôûX-«úX EQ-®td-Ï CWi-Pô-«-Wm, U§-Vm Nôl-Tôh-¥td-Ï êYô-«-Wj-Õ Aß-è-ß Ào, ©Wôu-¥d-Ï SôXô-«-Wm, F¯-VoL-Þd-Ï IVô-«-Wm, CWi-Pô-Y-Õ Øû\-Ùm Gi-Qô-«-Wm Cl-T-¥ CÚ-Tj-ùRh-Pô-«-Wm ìTôn YûW TQm ©¬d-¡u\ ¨ûX ªu-Yô-W-Õ-û\«p CÚd-¡u-\-Õ, No Gu-à-ûPV ©W-Ne-LjûR Ø¥l-T-Rtd-Ïs JÚ úYi-Ó-úLôs Uh-Óm ûYd-¡-ú\u. CP-Õ-Nô--¬-«u Bh-£d-Lô-Xj-§p CP-U-ûXd-Ï-¥ Tg-NôVjÕ Aà-U-§d-Ll-T-Th-P-Õ. B]ôp AeúL Cl-ùTô-Ý-Õ Tg-Nô-VjÕ CpXôR ¨X-ûU-VôL CÚd-¡u-\-Õ. BLúY Ái-Óm CP-U-ûXd-Ï-¥«p Tg-Nô-Vj-Õ ùNVp-T-P-úYi-Óm Gu-TûR CkR-Nk-Ro-T-j-§p Y--Ùßj§ á±-ùLôs[ BûN-T-Ó-¡-ú\u. B§-Yô-£-Ls Ap-XôUp úYú\ GkR TÏ-§-«-Ûm HRôYÕ JÚ NÛûL ùLôÓj-§-Úk-Rôp AÕ §ÚmT ùT\-Ø-¥-Vô-Õ. AYo-Ls B§-Yô-£-Ls Gu\ LôW-Qj-§-]ôp AkR Tg-Nô-Vj-Õ Ae-¡-Úk-Õ Uôt-\l-Th-¥Úd-¡u-\-Õ Gu-TûR Sôu CkR Nk-Rol-Tj-§p áh-¥l-Lôh-P-®-Úm-×-Y-úRô-Ó ThPô úTôu\ Lô¬-Vj-§-Ûm.............A-Õ-úTôu-ß CÓd-¡-Uô-Yh-Pj-§td-Ï ùLôÓd-L-á-¥V NÛ-ûL-Ls Gp-Xôm ¨Rk-R-W-Uô] ¾oÜ LôQ AWÑ Ø¥Ü

GÓd-L-úYi-Óm Gu-TûR Uh-Óm ùR¬-®j-Õ-ùLôi-Ó Sôu CkR vote on account - I G§oj-Õ Gu EûWûV ¨û\Ü ùNn-¡u-ú\u.

ശ്രീ. കെ. മുരളീധരൻ : സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിസാർ ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്തുണയ്ക്കുകയാണ്. പന്ത്രണ്ട് തവണ തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും പന്ത്രണ്ട് തവണയും വിജയിക്കുകയും പന്ത്രണ്ട് തവണ ബഡ്ജറ്റ് അവതരിപ്പിക്കുകയും ചെയ്ത് ശ്രീ. കെ. എം. മാണി സാറിന്റെ റിക്കാർഡ് ഇനി ആർക്കും ഭേദിക്കാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. ഏതായാലും വികസനത്തിന്റേതായ ഒരു ചിത്രമാണ് ഈ ബഡ്ജറ്റിലൂടെ നമുക്ക് നൽകിയിട്ടുള്ളത്. ഈ ബഡ്ജറ്റിനെ സംബന്ധിച്ച് പറയുമ്പോൾ കേരളത്തിലെ എല്ലാ പ്രധാന പ്രദേശങ്ങൾക്കും ഈ ബഡ്ജറ്റിലൂടെ ധാരാളം ആനുകൂല്യങ്ങൾ ലഭിക്കുകയുണ്ടായി. പ്രത്യേകിച്ച് കർഷകരുമായും കർഷകത്തൊഴിലാളികളുമായും ബന്ധപ്പെട്ട പദ്ധതികൾക്കും മറ്റ് വികസന പദ്ധതികൾക്കുമെല്ലാം ഫണ്ട് കണ്ടെത്താൻ മാണിസാറിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇതിനൊരു പോരായ്മയുണ്ട്. നമ്മുടെ തലസ്ഥാന നഗരത്തിന് ഉദ്ദേശിച്ച ആനുകൂല്യം ഈ ബഡ്ജറ്റിലുണ്ടായിട്ടില്ലായെന്നത് തലസ്ഥാനവാസികളെ സംബന്ധിച്ചിടത്തോളം ദു:ഖകരമായ കാര്യമാണ്. പ്രത്യേകിച്ച് ഈ നഗരത്തിനെ സംബന്ധിച്ച പല വികസന കാര്യങ്ങളിലും ഇന്ന് ദൈവം പ്രസാദിച്ചാലും പൂജാരി പ്രസാദിക്കാത്ത രീതിയിൽ ഉദ്യോഗസ്ഥന്മാർ തടസ്സമുണ്ടാക്കിക്കൊണ്ടിരിക്കുന്നു. മാത്രവുമല്ല മാറിമാറി വരുന്ന ഗവൺമെന്റുകൾ കേരളത്തിന് ഒരുപാട് സംഭാവന നൽകുമ്പോൾ പലപ്പോഴും അതിൽ തലസ്ഥാന നഗരം വിട്ടുപോകുകയാണ്.

ഇൻഡ്യയിലെ ഏത് സംസ്ഥാനങ്ങളുടെ തലസ്ഥാനത്തിന്റെ ചിത്രം പരിശോധിച്ചാലും, കർണ്ണാടകത്തിൽ ബാംഗ്ലൂർ, ആന്ധ്രാപ്രദേശിൽ ഹൈദ്രാബാദ് അത്തരത്തിൽ തലസ്ഥാനനഗരത്തിന് പ്രാധാന്യം നൽകുമ്പോൾ നമ്മുടെ തലസ്ഥാനത്തിന്റെ സ്ഥിതി വളരെ ശോചനീയമാണെന്ന കാര്യം അങ്ങേയ്ക്കുകൂടി അറിവുള്ളതാണ്. തിരുവനന്തപുരം നഗരത്തിലെ വോട്ടർമാർ വളരെ വിശാലമായി ചിന്തിക്കുന്നവരാണ്. ഒരിക്കലും പ്രാദേശികമായ ചിന്തകളോ ജാതിമത ചിന്തകളോ കൂടാതെ എല്ലാ പ്രമുഖവ്യക്തികളെയും രണ്ട് കൈയും നീട്ടി സ്വീകരിച്ച പാരമ്പര്യമാണ് തലസ്ഥാനത്തെ വോട്ടർമാർക്കുള്ളത്. 1957-ൽ ഈശ്വര അയ്യരെ ലോകസഭയിലേയ്ക്കയച്ച കാലം മുതൽ ഏത് പ്രഗല്ഭ വ്യക്തി വന്ന് മത്സരിച്ചാലും ആ വ്യക്തികൾക്ക് കക്ഷി നോക്കാതെ വോട്ട് ചെയ്ത പാരമ്പര്യം തലസ്ഥാനത്തിനുണ്ട്. അങ്ങേയ്ക്കറിയാം, വി. കെ. കൃഷ്ണമേനോൻ, ഇന്ത്യയിലെ വലിയ രാഷ്ട്രീയ നേതാവ് മാത്രമല്ല, രാജ്യരക്ഷാ മന്ത്രിയും രാഷ്ട്രതന്ത്രജ്ഞനുമായിരുന്നു. അദ്ദേഹത്തിന്റെ ഏറ്റവും വലിയ സംഭാവനയായ ബോംബെ നഗരം പോലും അദ്ദേഹത്തെ കൈവിട്ടപ്പോൾ നല്ല ഭൂരിപക്ഷത്തോടെ വിജയിപ്പിച്ച പാരമ്പര്യമാണ് ഈ തലസ്ഥാന നഗരത്തിനുള്ളത്. കേരളത്തിന്റെ അന്നത്തെ രാഷ്ട്രീയാവസ്ഥ എന്നു പറയുന്നത് ഐക്യകക്ഷിയിൽ കോൺഗ്രസ്, സി. പി.ഐ., മുസ്ലീം ലീഗ് ഒക്കെ ഉൾപ്പെട്ടതാണ്. അതിശക്തമായ മുന്നണിയുണ്ടായിട്ടുപോലും അദ്ദേഹത്തെ വിജയിപ്പിച്ചു. ഇന്ന് തിരുവനന്തപുരത്തിന്റെ എം. പി.യായ ശ്രീ. ശശി തരൂർ പാലക്കാടുകാരനാണ്. പക്ഷേ, അദ്ദേഹത്തെ രണ്ടു കൈയും നീട്ടി ഈ നഗരം സ്വീകരിക്കുകയുണ്ടായി. തിരുവനന്തപുരം നഗര

ത്തിന്റെ മേയർ പത്തനംതിട്ട ജില്ലക്കാരിയാണെങ്കിലും നഗരം രണ്ടു കൈയും നീട്ടി അവരെ സ്വീകരിച്ചു. കെ. കരുണാകരൻ ഏറ്റവുമധികം സംഭാവനകൾ നൽകിയത് തൃശ്ശൂരിനാണെങ്കിലും തൃശ്ശൂർ അദ്ദേഹത്തെ കൈവിട്ടപ്പോൾ സഹായിച്ചത് തിരുവനന്തപുരമാണ്. ഒടുവിൽ എനിക്കുപോലും രാഷ്ട്രീയ അഭയം നൽകിയത് തലസ്ഥാനമാണ്. പക്ഷേ, കാലാകാലങ്ങളിൽ അധികാരത്തിൽ വരുന്ന ഗവൺമെന്റുകൾ തലസ്ഥാനത്തിന് വേണ്ടത്ര പരിഗണന നൽകുന്നില്ലെന്നുള്ളത് ഒരു ദുഃഖ സത്യം തന്നെയാണ്. പല രാഷ്ട്രീയ നേതാക്കൻമാർക്കും ഈ സഭയിൽതന്നെയുള്ള പലർക്കും തിരുവനന്തപുരത്ത് സ്വന്തമായി വീടുകളുണ്ട്. ഇവിടെ വരുന്നവരാരും ഈ നഗരം വിട്ട് പിന്നെ പോകാറില്ല. ഇവിടെയൊരു സ്ഥിരം വീടില്ലാത്ത രാഷ്ട്രീയക്കാർ കുറവാണ്. ശ്രീ. വി. എസ്. സുനിൽകുമാറിന്റെ നേതാവായ പി.കെ.വി.യെപ്പോലും നല്ല ഭൂരിപക്ഷത്തോടെ തലസ്ഥാന നഗരം വിജയിപ്പിച്ചതാണ്. പക്ഷേ, ഒരു ബഡ്ജറ്റ് വരുമ്പോൾ അല്ലെങ്കിൽ എന്തെങ്കിലും സഹായം നൽകേണ്ട സന്ദർഭങ്ങൾ വരുമ്പോൾ എല്ലാവരും അവരവരുടെ നാടുകളിലേയ്ക്കാണ് ഈ തുക വിനിയോഗിക്കുന്നത്. എല്ലാവരും തലസ്ഥാനത്തെ മറന്നു പോകുകയാണ്, താമസിക്കാനുള്ള ഒരു ഇടത്താവളമായി മാത്രമായി തലസ്ഥാനത്തെ കാണുകയാണ്. ഈ നഗരത്തിന്റെ സ്ഥിതി അങ്ങേയ്ക്കറിയാം. ഇവിടെ അടിക്കടി പൈപ്പ് പൊട്ടുന്നു. ശുദ്ധജലം എങ്ങനെ സംരക്ഷിക്കണമെന്നതിനെക്കുറിച്ച് ഇവിടെ ഇന്നു രാവിലെ പറഞ്ഞു. ഇവിടെ പൈപ്പ് പൊട്ടാത്ത ദിവസങ്ങളില്ല. ജപ്പാൻ പദ്ധതി കൊണ്ടുവന്നു. അതിന്റെ കണക്ഷൻ കൊടുത്തപ്പോഴേക്കും പല പൈപ്പുകളും പൊട്ടാൻ തുടങ്ങി. അങ്ങേയ്ക്കും അനുഭവമുള്ളതാണ്. തലസ്ഥാനനഗരിയിൽ താമസിക്കുന്ന എം.എൽ.എ. മാർക്കറിയാം, എം.എൽ.എ. ക്വാർട്ടേഴ്സിലുൾപ്പെടെ പല സന്ദർഭങ്ങളിലും നിരന്തരമായി പൈപ്പ്

പൊട്ടുന്നു. പുതിയ പൈപ്പുകൾ വയ്ക്കാൻ മാണി സാർ എന്നോട് കരുണ കാണിച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ അതിനുവേണ്ടി ഒരു കോടി രൂപയുടെ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. എം.എൽ.എ. എന്നുള്ള നിലയിൽ ഞാൻ മാണി സാറിനോട് നന്ദി രേഖപ്പെടുത്തുകയാണ്. പക്ഷേ അതു കൊണ്ടുമാത്രം പ്രശ്നങ്ങൾ തീരില്ല. അങ്ങയുടെ നിയോജകമണ്ഡലത്തിൽ നിന്നാരംഭിച്ച് എന്റെ നിയോജകമണ്ഡലത്തിൽ സമാപിക്കുന്ന പുതിയ പൈപ്പ് ലൈൻ (അരുവിക്കരയിൽ നിന്നും പേരൂർക്കടയ്ക്കുള്ള പൈപ്പ് ലൈൻ) അത് പ്രഖ്യാപിച്ച സമയത്തിൽ നിന്ന് വളരെ വൈകി, പണ്ട് ട്രെയിനിന്റെ സമയം പറയുന്നതുപോലെ ഇപ്പോഴും ലേറ്റായി ഓടിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ നവംബറിൽ പൂർത്തിയാക്കുമെന്ന് പറഞ്ഞു, പിന്നീട് ഫെബ്രുവരിയിൽ പൂർത്തിയാക്കുമെന്ന് പറഞ്ഞു, പക്ഷേ ഇതുവരെ അത് പൂർത്തീകരിച്ചിട്ടില്ല. വളരെ സ്ലോ ആയി നീങ്ങിക്കൊണ്ടിരിക്കുകയാണ്. മാലിന്യസംസ്കരണത്തി ന് പല പ്രൊപ്പോസലുകളും വന്നെങ്കിലും അതൊന്നുംതന്നെ പൂർത്തീകരി ക്കാൻ കഴിഞ്ഞിട്ടില്ല. അതിന്റെ പരിണിതഫലം തലസ്ഥാനനഗരത്തിൽ ജീവി ക്കുന്നവർ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങയോട് പ്രത്യേകിച്ച് പറ യേണ്ട കാര്യമില്ല. ഇവിടെ പലതരത്തിലുള്ള പകർച്ചവ്യാധികൾ പടരുന്നു. ഡെങ്കിപ്പനി ഏറ്റവും കൂടുതലുള്ളത് തലസ്ഥാനത്താണ്. ഇവിടത്തെ ആശുപ ത്രിയിൽ ചെന്നു നോക്കിയാലറിയാം. ശ്രീ. എം. എ. വാഹീദിന്റെ മണ്ഡല ത്തിൽപ്പെട്ട മെഡിക്കൽ കോളേജിലും എന്റെ നിയോജകമണ്ഡലത്തിലെ ജന റൽ ആശുപത്രിയിലും പേരൂർക്കട ആശുപത്രിയിലുമൊക്കെ ചെന്നാൽ ഹൗസ്ഫുൾ എന്നുള്ള ബോർഡാണ് കാണാൻ കഴിയുക. ആശുപത്രികളിൽ നിലത്തുപോലും പായ് വിരിച്ച് കിടക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. എല്ലാ കുളങ്ങളും ഇവിടെ മലിനീകരിക്കപ്പെട്ടിരിക്കുകയാണ്. കുളങ്ങൾ

ശുദ്ധീകരിക്കാനുള്ള ഒരു പ്രൊപ്പോസൽ ഇറിഗേഷൻ വകുപ്പ് മുന്നോട്ടുവച്ചുവെങ്കിലും വേണ്ടത്ര തുക വകയിരുത്തിയിട്ടില്ല. അതുപോലെ നിരവധി സാമൂഹ്യപരിഷ്കർത്താക്കളുടെ സ്മാരകങ്ങൾക്കു വേണ്ടി തുക അനുവദിക്കുകയുണ്ടായി. വളരെ സന്തോഷമുള്ള കാര്യമാണ്. മുന്നോക്ക സമുദായത്തിൽ ജനിച്ചുവെങ്കിൽപ്പോലും പിന്നോക്കസമുദായത്തിനുവേണ്ടി പോരാടിയ ഒരു മഹാനായിരുന്നു ചട്ടമ്പിസ്വാമി. ഇവിടെ പലർക്കും സ്മാരകങ്ങൾ നിർമ്മിച്ചുവെങ്കിലും ചട്ടമ്പിസ്വാമിയുടെ സ്മാരകത്തിനുവേണ്ടി തുകയൊന്നും നീക്കിവയ്ക്കാത്തത് ഒരു പോരായ്മയാണ്. മാണി സാർ അത് പരിഹരിക്കുമെന്നാണ് എന്റെ വിശ്വാസം.

<u>മി. സ്പീക്കർ</u>: അതു സംബന്ധിച്ച് ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. മുരളീധരൻ</u>: ഞാനും ശ്രീ. എം. എ. വാഹീദുമൊക്കെ പറഞ്ഞിട്ടുള്ളതാണ്. ഏതായാലും ആ പോരായ്മ മാണി സാർ പരിഹരിക്കുമെന്നാണ് എന്റെ പ്രതീക്ഷ. ഈ നഗരത്തിൽ തെരുവുനായ്ക്കളുടെ ശല്യം വളരെ രൂക്ഷമാണ്. ആർക്കും morning walk-നുപോലുമിറങ്ങാൻ കഴിയാത്ത സ്ഥിതിയാണ്. എപ്പോഴാണ് നായ്ക്കൾ വന്നു കടിക്കുക എന്നറിയില്ല. ഭ്രാന്ത് പിടിച്ച നായ്ക്കളുണ്ട്. കഴിഞ്ഞ ദിവസം നഗരകാര്യ വകുപ്പുമന്ത്രിയോട് ഇക്കാര്യം സൂചിപ്പിച്ചതാണ്. ലോക്കൽ അഡ്മിനിസ്ട്രേഷന്റെ പ്രിൻസിപ്പൽ സെക്രട്ടറി ഒരു സർക്കുലർ ഇറക്കിയിട്ടുണ്ട്. നായ്ക്കളെ വന്ധ്യംകരിക്കാൻ മാത്രമേ പാടുള്ളൂ, കൊല്ലാൻ പാടില്ല. കൊന്നുകഴിഞ്ഞാൽ അതിനു തക്ക ശിക്ഷ ലഭിക്കുമെന്നാണ് പറയുന്നത്. ഇവിടെ പശുക്കളെ ഗോമാതാവായി പൂജിക്കുന്നവരുണ്ട്. പക്ഷേ പശുക്കളെ കൊന്ന് ബീഫ് ഫ്രൈ കഴിക്കാത്ത ആളുകളുണ്ടാകില്ല. കേരളത്തിലെ 98 ശതമാനമാളുകളും നോൺ വെജിറ്റേറി

യനാണ്. ഗോമാതാവ് എന്നു പറയുന്ന പശുവിനെ കൊല്ലാൻ ഒരു കോടതി വിധിയും തടസ്സമല്ല. ആടിനെ കൊന്ന് മട്ടൻകറി കഴിക്കുന്നുണ്ട്. ആർക്കും ഒരു പരാതിയുമില്ല. പിന്നെ ഏത് സമ്മേളനം വന്നാലും രക്തസാക്ഷിയാകുന്നത് കോഴികളാണ്. കോഴികളെ കൊല്ലുന്നതിനും കറി വയ്ക്കുന്നതിനും ആർക്കും ഒരു പരാതിയുമില്ല. പക്ഷേ പേപിടിച്ച നായ്ക്കളെ കൊല്ലുക എന്നു പറഞ്ഞാൽ അത് കുറ്റകരമാണ്.

ശ്രീ. സി. കെ. നാണു: സർ, ഞങ്ങൾ മിസോറാമിൽ പോയപ്പോൾ മുൻസ്പീക്കറും അവിടത്തെ ഗവർണറുമായ ശ്രീ. വക്കം പുരുഷോത്തമൻ ഞങ്ങൾക്ക് ഭക്ഷണം വിളമ്പുന്ന അവസരത്തിൽ ഞങ്ങളിൽ ചിലർ മടിച്ചപ്പോൾ, നിങ്ങൾ ഭയപ്പെടേണ്ട, പട്ടിയിറച്ചിക്ക് ഇവിടെ വില കൂടുതലാണ്, കോഴിയേക്കാളും ഇവിടെപ്പറഞ്ഞതിനേക്കാളുമൊക്കെ വില കൂടുതലാണ് എന്നാണ് പറഞ്ഞത്. അപ്പോൾ ഇന്ത്യയിൽ മൊത്തത്തിൽ നിരോധനമൊന്നുമില്ല. അവിടെ ഇഷ്ടംപോലെ മാർക്കറ്റിൽ കിട്ടുന്നുണ്ട്, കഴിക്കുന്നുമുണ്ട്,.

ശ്രീ. കെ. മുരളീധരൻ: തെരുവുനായ്ക്കളെ കൊല്ലുന്നതിനുമാത്രമാണ് റെസ്ട്രിക്ഷൻ. അതിനെ വന്ധ്യംകരിച്ചാൽ വംശമുണ്ടാകില്ലെന്നേയുള്ളൂ, വന്ധ്യംകരിച്ച ഒരു നായയുടെ പല്ലിന്റെ ശൗര്യത്തിന് എന്തെങ്കിലും കുറവുണ്ടാകുമോ എന്ന് എനിക്കറിഞ്ഞു കൂടാ. ഞാൻ അതിന്റെ വിദഗ്ധനൊന്നുമല്ല. ഏതായാലും വന്ധ്യംകരിച്ചാലും കടിക്കുന്ന പട്ടി കടിക്കുക തന്നെ ചെയ്യും.

മി. സ്പീക്കർ: വന്ധ്യംകരണം ഉല്പാദനശേഷി കുറയ്ക്കുമെന്ന് മാത്രമേയുള്ളൂ. അല്ലാതെ ശൗര്യമൊന്നും കുറയില്ല..

ശ്രീ. കെ. മുരളീധരൻ: അതാണ് ഞാൻ പറഞ്ഞത്. ഉല്പാദനശേഷി കുറയ്ക്കുമെന്ന് മാത്രമേയുള്ളൂ, അല്ലാതെ വന്ധ്യംകരിച്ചാൽ പല്ലിന്റെ കരുത്ത്

നഷ്ടപ്പെടുമെന്ന് ആരും എവിടെയും മനസ്സിലാക്കിയിട്ടില്ല. പക്ഷേ സർക്കുല റിൽ വന്നിട്ടുള്ളത് അങ്ങനെയാണ്. തലസ്ഥാന നഗരിയിൽ പലയിടത്തും, നിയമസഭാ സാമാജികർതന്നെ എം.എൽ.എ. ക്വാർട്ടേഴ്സിന്റെ പരിസരത്തു കൂടി സഞ്ചരിച്ചുകൊണ്ടിരിക്കുന്നത് ജീവൻ പണയപ്പെടുത്തിയാണ്. നിയമസ ഭയ്ക്ക് പുറത്ത് സന്ദർശകർ വരുന്ന ഭാഗത്ത് തെരുവുനായ്ക്കളും വരുന്നുണ്ട്. തലസ്ഥാനനഗരത്തിന്റെ വികസനത്തിനുവേണ്ടി യാഥാർത്ഥ്യബോധത്തോടെ യുള്ള ഒരു മാസ്റ്റർ പ്ലാനുണ്ടാകണമെന്നാണ് ഞാൻ സൂചിപ്പിച്ചത്. കോർപ്പറേ ഷൻ ഇപ്പോൾ ഒരു മാസ്റ്റർപ്ലാൻ ഇറക്കിയിട്ടുണ്ട്. അത് പലയിടത്തും വിവാദ മായിട്ടുണ്ട്. ഗവൺമെന്റും കോർപ്പറേഷനും ഒരുമിച്ചിരുന്ന് ഈ നഗരത്തിന്റെ വികസനത്തിനുവേണ്ടി ഒരു മാസ്റ്റർപ്ലാൻ ഉണ്ടാക്കണം. അക്കാര്യത്തിൽ ഗവൺമെന്റ് സജീവമായി ശ്രദ്ധിക്കണം. അങ്ങനെ തലസ്ഥാനനഗരിയെ മറ്റു സംസ്ഥാന തലസ്ഥാനങ്ങളെപ്പോലെ എല്ലാ ആധുനികസൗകര്യങ്ങളോടുകൂടി നവീകരിക്കണം. ഇപ്പോൾ മോണോറെയിലൊക്കെ വരികയാണ്. ആ രീതി യിൽ ഈ നഗരത്തെ മാറ്റിയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനു ള്ളത്. ഏതായാലും ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങളെ പൊതുവേ ഞാൻ സ്വാഗതം ചെയ്യുന്നു. പലരും ബഡ്ജറ്റ് ചർച്ചയിൽ രാഷ്ട്രീയം പറഞ്ഞു. കേര ളത്തെ സംബന്ധിച്ച് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് രണ്ടേമു ക്കാൽ വർഷം ഇപ്പോൾ പൂർത്തീകരിച്ചുകഴിഞ്ഞു. ഈ കാലയളവിനിടയിൽ പ്രതിപക്ഷം എന്തുകൊണ്ടാണെന്നറിയില്ല ഒരു നിഷേധാത്മക സമീപനമാണ് പുലർത്തിയത്, ഒരുപക്ഷേ, പ്രതിപക്ഷത്തിന്റെ റോൾ അങ്ങനെയാണെന്ന് തെറ്റിദ്ധരിച്ചതുകൊണ്ടാകാം. ഇന്ന് ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയം കൊലപാതക രാഷ്ട്രീയമാണ്. ഏതു കക്ഷി ഭരിച്ചാലും ആര് ആരെ കൊന്നാലും കൊലപാതകങ്ങൾ തെറ്റ് തന്നെയാണ്. നമുക്ക് രാഷ്ട്രീയമായ

അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാം. പരസ്പരം വിമർശിക്കാനുള്ള സ്വാതന്ത്ര്യം നമുക്കെവിടെയുമുണ്ട്. ജനപ്രതിനിധികളാണെങ്കിൽ അസംബ്ലിക്കകത്ത് വിമർശിക്കാം. പുറത്താണെങ്കിൽ പബ്ലിക് മീറ്റിംഗിലൂടെ ക്രിട്ടിസൈസ് ചെയ്യാം. അതെല്ലാം ചെയ്യാമെന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷേ അതിനുപകരം ആളുകളെ കൊന്നൊടുക്കുന്ന ഒരു രാഷ്ട്രീയരീതി ആർക്കും ചേർന്നതല്ല.

കേരളത്തിൽ ഒരു വർഷംമുമ്പുണ്ടായ അതിദാരുണമായ ഒരു കൊലപാതകമാണ് ടി. പി. ചന്ദ്രശേഖരൻ എന്ന മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകന്റേത്. പാർട്ടി വിട്ടതിനെത്തുടർന്ന് ഒരു അർദ്ധരാത്രി അദ്ദേഹം കൊലചെയ്യപ്പെട്ടു. അതിനെക്കുറിച്ച് ഒരുപാട് ചർച്ചകളും വിവാദങ്ങളുമുണ്ടായി. ഒരു കാരണവശാലും ആ കൊലപാതകത്തിൽ ഞങ്ങൾക്ക് പങ്കില്ലെന്ന് അദ്ദേഹം മുമ്പ് പ്രതിനിധാനം ചെയ്ത പാർട്ടിയുടെ സംസ്ഥാന നേതാക്കന്മാർ വളരെ വ്യക്തമായി പറഞ്ഞു. ആ കൊലപാതകത്തെ സംബന്ധിച്ച് കോടതിയിൽ വിചാരണ നടന്നപ്പോൾ മാർക്സിസ്റ്റുപാർട്ടിയുടെ പല പ്രമുഖ നേതാക്കളും ഉണ്ടായിരുന്നു. കുറച്ചുപേരെ പ്രാഥമികഘട്ടത്തിൽ വിട്ടയയ്ക്കുകയും കുറച്ച് പ്രതികൾ ശിക്ഷിക്കപ്പെടുകയും ചെയ്തു. പ്രതികൾ ശിക്ഷിക്കപ്പെട്ടപ്പോൾ ഈ കൊലപാതകം ആസൂത്രിതമാണെന്നാണ് ജഡ്ജ്മെന്റിൽ പറയുന്നത്. രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിലുണ്ടായ കൊലപാതകമാണിത്. ടി. പി. ചന്ദ്രശേഖരൻ എന്ന വ്യക്തിയുടെ മാർക്സിസ്റ്റുപാർട്ടിയിൽ നിന്നുള്ള പടിയിറക്കം ബാധിച്ചത് കോൺഗ്രസ് പാർട്ടിയെയല്ല; മാർക്സിസ്റ്റുപാർട്ടിയെയാണ്. അങ്ങനെയൊരു കൊലപാതകം നടന്നപ്പോൾ മാർക്സിസ്റ്റുപാർട്ടി അതിനെ തള്ളിപറഞ്ഞെങ്കിലും ഇന്നത്തെയൊരവസ്ഥ കൊലക്കുറ്റത്തിനു ശിക്ഷിക്കപ്പെട്ട പ്രതികളെല്ലാം മാർക്സിസ്റ്റുപാർട്ടിയുമായി വലിയ ബന്ധമുള്ളവരാണ്. കൊല

ക്കേസിൽ ശിക്ഷിക്കപ്പെട്ടാൽ അവർക്ക് അപ്പീലിനുപോയി അവരുടെ ഭാഗം തെളിയിക്കാൻ അവസരങ്ങളുണ്ട്. കൊലപാതകത്തിന് ശിക്ഷിക്കപ്പെട്ട പ്രതി കളെ ജയിലിൽ പാർപ്പിക്കുമ്പോൾ, ഇല്ലാത്ത മർദ്ദനത്തിന്റെ പേരിൽ ഈ സഭ യിലെ ജനപ്രതിനിധികൾ അവിടം സന്ദർശിക്കുകയും ഇല്ലാത്ത മർദ്ദനങ്ങൾ ഉണ്ടെന്നുപറഞ്ഞ് ബഹളമുണ്ടാക്കുകയും ചെയ്തു. ഇന്ന് ഈ സഭയിൽതന്നെ വെല്ലിലിറങ്ങി. ഈ സഭയിൽ ഒരുപാട് സന്ദർഭത്തിൽ എല്ലാവരും വെല്ലിലിറ ങ്ങിയിട്ടുണ്ട്. ഞങ്ങൾ പ്രതിപക്ഷത്തുള്ളപ്പോഴും വെല്ലിലിറങ്ങിയിട്ടുണ്ട്. ഇന്നത്തെ പ്രതിപക്ഷവും വെല്ലിലിറങ്ങിയിട്ടുണ്ട്. ഓരോ രാഷ്ട്രീയകാരണ ങ്ങൾ പറഞ്ഞാണ് അന്നെല്ലാം വെല്ലിലിറങ്ങുന്നത്. പക്ഷെ, കിർമാണിക്കും ട്രൗസറിനും വേണ്ടിയെല്ലാം ഈ സഭയുടെ നടുത്തളത്തിൽ ഇറങ്ങേണ്ട കാര്യ മുണ്ടോ; ഇതെല്ലാം ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയല്ലേ? ഇപ്പോഴത്തെ ജന ങ്ങൾ പഴയതുപോലെയല്ല. ഇന്നത്തെ  ജനങ്ങൾ കാര്യങ്ങളൊക്കെ വസ്തുനി ഷ്ഠമായി പഠിക്കുന്നവരും അതനുസരിച്ച് പ്രതികരിക്കുന്നവരുമാണ്. മുമ്പൊക്കെ കമ്മിറ്റഡായിട്ടുള്ള വോട്ടർമാർ ഉണ്ടായിരുന്നു,  ഇന്ന് അതില്ല. ഇന്ന് പലരിലും അരാഷ്ട്രീയവാദമുണ്ട്. അങ്ങനെയുള്ളവർ ഇതൊക്കെ പരി ശോധിക്കുമ്പോൾ എന്തിനുവേണ്ടിയാണ് ഇവർ ഇത്രയും ആകാംക്ഷ കാണി ക്കുന്നത്?  മാർക്സിസ്റ്റുപാർട്ടിയിൽ ഉൾപ്പെട്ട പ്രതികളുണ്ടെങ്കിൽ നിങ്ങൾക്ക് അപ്പീലിന് പോകാമല്ലോ? അതിനുപകരം ഇല്ലാത്ത മർദ്ദനം, നമുക്കറിയാം, ഇപ്പോൾ ജയിലിൽ മാത്രമല്ല നിരത്തുകളിലും ഇപ്പോൾ സി.സി. ക്യാമറയുണ്ട്. അതിൽ പതിയാത്ത സീനുകളുണ്ടോ?  ഇല്ലാത്ത മർദ്ദനത്തിന്റെ പേരുപറഞ്ഞ് ജയിൽ സന്ദർശിക്കുക, നിയമസഭയിൽ സബ്മിഷൻ കൊണ്ടുവരുന്നതിനെ ഞാൻ ചോദ്യംചെയ്യുന്നില്ല.  പക്ഷെ, നടുത്തളത്തിലിറങ്ങി ബഹളമുണ്ടാ ക്കേണ്ട ആവശ്യമുണ്ടോ?  ഈ കൊലപാതകത്തെക്കുറിച്ച് പറയുമ്പോൾ

ഇതിൽ ഒരു രാഷ്ട്രീയഗൂഢാലോചനയുണ്ടെന്ന് കോടതി പറഞ്ഞ സ്ഥിതിക്ക് ഇതിനെക്കുറിച്ച് ഒരു സി.ബി.ഐ. അന്വേഷണം നടത്തി ഇതിന്റെ യഥാർത്ഥ കുറ്റക്കാരെ പുറത്തുകൊണ്ടുവരണം. സി.ബി.ഐ. അന്വേഷണം എന്നുപറയുമ്പോൾ, എല്ലാ സി.ബി.ഐ. അന്വേഷണവും ഭംഗിയായി നടക്കുന്നു എന്നൊരഭിപ്രായമെനിക്കില്ല. ഏത് അന്വേഷണം നടത്തിയാലും സി.ബി.ഐ-യുടെ അന്വേഷണം, അന്വേഷണം തന്നെയാണ്. മുമ്പ് ലാവ്‌ലിൻ കേസെല്ലാം നന്നായി സി.ബി.ഐ അന്വേഷിച്ചു. ഓപ്പറേഷൻ വിജയകരമായിരുന്നു, പക്ഷേ രോഗി മരിച്ചുപോയി എന്നു പറയുന്നതുപോലെ അന്വേഷണമൊക്കെ ഗംഭീരമായി നടത്തി. പക്ഷെ, കോടതിയിൽ വന്നപ്പോൾ പറയേണ്ട പോയിന്റുകളൊന്നും പറഞ്ഞില്ല. അതുപോലെയുള്ള അന്വേഷണം നടത്തിയിട്ട് ഫലമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. എന്തായാലും രാഷ്ട്രീയ ഗൂഢാലോചന ആരോപിച്ച സ്ഥിതിക്ക് ഇതിനെക്കുറിച്ച് ഒരു സി.ബി.ഐ. അന്വേഷണം നടത്തി യഥാർത്ഥ കുറ്റവാളികളെ പുറത്തുകൊണ്ടുവരണം. അതുപോലെ സംസ്ഥാനത്തിന്റെ വികസന കാര്യങ്ങളിൽ പ്രതിപക്ഷംകൂടി സഹകരിച്ചുകൊണ്ട്........, അടുത്തുതന്നെ പാർലമെന്റ് ഇലക്ഷൻ നടക്കാൻ പോവുകയാണ്. ജനങ്ങൾ വിധിയെഴുതട്ടെ. യു.ഡി.എഫിന്റെ പ്രവർത്തനങ്ങൾ നല്ല രിതിയിൽ ജനങ്ങൾ അംഗീകരിക്കുന്നുവെങ്കിൽ ഈ തെരഞ്ഞെടുപ്പിൽ യു.ഡി.എഫിന് അനുകൂലമായൊരു ചിത്രം ഉണ്ടാകുമെന്ന കാര്യത്തിൽ സംശയവുമില്ല. അല്ലെങ്കിൽ പ്രതിപക്ഷത്തിനും അവരുടേതായിട്ടുള്ള അഭിപ്രായങ്ങൾ പറയാനും പ്രകടിപ്പിക്കാനും അത് ജനങ്ങളോട് പറയാനുമെല്ലാമുള്ള സന്ദർഭങ്ങളുണ്ട്. അതിനുപകരം ഒരു കൊലക്കേസിന്റെ പേരിൽ ഇത്രയൊക്കെ ബഹളമുണ്ടാക്കുക, ജയിലിൽ പോയി ഉദ്യോഗസ്ഥന്മാർക്കെതിരെ ബഹളമുണ്ടാക്കുക, സഭയിൽവന്ന് നടുത്തളത്തിലിറങ്ങുക, ഇതൊക്കെ ഒരു രാഷ്ട്രീയ

പ്രസ്ഥാനത്തിന് ചേർന്ന രീതികളാണെന്ന് തോന്നുന്നില്ല. മാർക്സിസ്റ്റുപാർട്ടിയോട് ഈ കാര്യങ്ങളൊക്കെബോധ്യപ്പെടുത്തി അവരെ നേർവഴിക്കുകൊണ്ടുവരാൻ ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ ഘടകകക്ഷികളെങ്കിലും ശ്രമിക്കണം. ഘടകകക്ഷികളെന്നുപറയുമ്പോൾ, യു.ഡി.എഫ്–ലെ ഘടക കക്ഷികൾക്ക് കോൺഗ്രസിനോട് എന്തും പറയാനുള്ള സ്വാതന്ത്ര്യമുണ്ട്. ഇവിടെ ജന്മി–കുടിയാൻ ബന്ധമില്ല. യു.ഡി.എഫിൽ എല്ലാവരേയും ഒരുപോലെയാണ് കാണുന്നത്. എന്നാൽ എൽ.ഡി.എഫിൽ അങ്ങനെയല്ല. എൽ.ഡി.എഫ്–ൽ മാർക്സിസ്റ്റുപാർട്ടി എന്തുപറയുന്നോ അതിനെ അതേപടി അംഗീകരിക്കേണ്ട സ്ഥിതിയാണ് ഘടകകക്ഷികൾക്കെന്ന് ഞങ്ങൾക്കറിയാം. എങ്കിൽപോലും സി.പി.ഐ.–ക്കാർ ഇന്നലെ കേന്ദ്രത്തിലെ ഗവൺമെന്റിനെ താഴെയിറക്കാൻ കുമാരി ജയലളിതയുമായി സഖ്യമുണ്ടാക്കിയ സന്തോഷത്തിലിരിക്കുകയാണ്. ഇന്നിപ്പോൾ സി.പി.എം–ഉം ആയി ചർച്ചയുണ്ട്. നിങ്ങൾ സന്തോഷിച്ചോ. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം, കുമാരി ജയലളിതയെ പ്രധാനമന്ത്രിയാക്കുമെന്നാണ് ശ്രീ. എ. ബി. ബർദാൻ പറഞ്ഞിരിക്കുന്നത്. ലോക്സഭാ ഇലക്ഷൻ കഴിഞ്ഞാൽ കോൺഗ്രസിന്റേയും ബി.ജെ.പിയുടേയും തലയെണ്ണി, ഏതെങ്കിലും കാരണവശാൽ ബി.ജെ.പിക്ക് ഒരാളെ കൂടുതൽ കിട്ടിയാൽ ബി.ജെ.പി.–യുടെ കൂടെ പോകാൻ മടിക്കാത്തവരുമായിട്ടാണ് ഇടതുപക്ഷം തമിഴ്നാട്ടിൽ സഖ്യമുണ്ടാക്കിയിട്ടുള്ളതെന്ന യാഥാർത്ഥ്യം അവർ മനസ്സിലാക്കണം. ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയത്തിൽ ജനാധിപത്യമതേതര കക്ഷികൾക്ക് നേതൃത്വം നൽകാനും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ സഹായിക്കാനും അതനുസരിച്ച് 2004–ൽ ഉണ്ടായതുപോലെയുള്ള ഒരു ഭരണസംവിധാനം ഈ രാജ്യത്തുണ്ടാകാനുമാണ് ഇടതുപക്ഷം ശ്രമിക്കേ

ണ്ടത്. അതിനുപകരം കോൺഗ്രസിനോടുള്ള വിരോധംകൊണ്ട്, ബംഗാളിലെ മാർക്സിസ്റ്റ് പാർട്ടി കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടിയെക്കാൾ ഊർജ്ജമുള ളവരാണ്. ബംഗാളിലെ മാർക്സിസ്റ്റുപാർട്ടി രാജ്യസഭാതെരഞ്ഞെടുപ്പിൽ കോൺഗ്രസ്സുമായി സഹകരിക്കാൻ തയ്യാറായി. തൃപുരയിലും കേരളത്തിലും മാത്രമാണ് മാർക്സിസ്റ്റ് പാർട്ടിയും കോൺഗ്രസ്സുമായി നേർക്കുനേർ പോരാ ടുന്നത്. അത് നമുക്കിവിടെ പോരാടാം. പഞ്ചായത്തുതെരഞ്ഞെടുപ്പിന്റെ ഫലങ്ങൾ വരുമ്പോൾ ചിലപ്പോൾ യു.ഡി.എഫിനും ചിലപ്പോൾ എൽ.ഡി.എ ഫിനും മുൻതൂക്കം ഉണ്ടാകാറുണ്ട്. ഇപ്പോൾ ഇവിടെ പുതിയൊരു രീതി തുട ങ്ങിയിട്ടുണ്ട്. 10 സീറ്റ് യു.ഡി.എഫിനെന്നും 8 സീറ്റ് എൽ.ഡി.എഫിനെന്നും പറഞ്ഞാൽ അതിന്റെയിടക്ക് ചില ബി.ജെ.പി.ക്കാരും കയറിവരാൻ തുടങ്ങിയി ട്ടുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 14 സീറ്റിൽ എൽ.ഡി.എഫ് ജയിച്ചു. ഞങ്ങൾക്ക് 7 സീറ്റിൽ മാത്രമെ ജയിക്കാൻ കഴിഞ്ഞുള്ളൂ. 2 സീറ്റിൽ ജയി ച്ചത് ബി.ജെ.പി–യാണ്. ബി.ജെ.പി. ജയിച്ച സീറ്റുകൾ മാർക്സിസ്റ്റ് പാർട്ടി യിൽനിന്നും പിടിച്ചെടുത്ത സീറ്റുകളാണ്. കേരളത്തിൽപോലും ഈയൊരപ കടം ഉണ്ടെന്ന യാഥാർത്ഥ്യം മനസ്സിലാക്കണം. അതുകൊണ്ട് വർഗ്ഗീയ വിഘ ടന ശക്തികളെ ചെറുത്ത് തോല്പിക്കാൻ കോൺഗ്രസുൾപ്പെടെയുള്ള മതേത ര ശക്തികളുമായി സഹകരിക്കുന്ന സമീപനം ഇടതുപക്ഷം സ്വീകരിക്കണം. കേരളത്തിൽ നമ്മൾ തമ്മിൽ അത്യാവശ്യം പോരാടുന്നതുകൊണ്ട് കുഴപ്പമൊ ന്നുമില്ല. നമ്മൾ പോരാടിയതുകൊണ്ട് ബി.ജെ.പി ജയിക്കാൻ പോകുന്നില്ല. പക്ഷെ, അങ്ങനെ ജയിക്കുന്നൊരു സാഹചര്യം വന്നാൽ കേരളത്തിൽ ഭാവി യിൽ മാറ്റങ്ങൾ വേണ്ടിവരുമെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് അക്രമരാഷ്ട്രീയത്തിൽനിന്നും പിന്മാറി കേരളത്തിന്റെ വികസനത്തിന് ഈ

ഗവൺമെന്റിനോട് സഹകരിക്കാനുള്ള ഒരു സമീപനം പ്രതിപക്ഷത്തിന്റെ ഭാഗ ത്തുനിന്നും ഉണ്ടാകണമെന്നുമാത്രമേ ഞാൻ ചൂണ്ടിക്കാണിക്കുന്നുള്ളൂ. ഈ ബഡ്ജറ്റിലുള്ള ചില പോരായ്മകൾ മാണിസാർ വളരെ വേഗം പരിഹരിച്ചു കൊണ്ട്, തലസ്ഥാനത്തിന് കൂടുതൽ ആനുകൂല്യങ്ങൾ ഉണ്ടാകുമെന്ന് പ്രതീ ക്ഷിച്ചുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ സർവ്വാത്മനാ പിന്തു ണയ്ക്കുന്നു.

ശ്രീ. പി. തിലോത്തമൻ: സർ, ഈ ബഡ്ജറ്റിലെ പൊതു സമീപനങ്ങൾ നമ്മുടെ സംസ്ഥാന താൽപ്പര്യങ്ങളുമായി പൊരുത്തപ്പെടാത്തതുകൊണ്ട് മാണി സാർ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ശക്തമായി എതിർക്കുന്നു. സംസ്ഥാന താൽപര്യങ്ങൾ മാത്രമല്ല, അദ്ദേഹം ഈ ഗവൺമെന്റിനുവേണ്ടി കഴിഞ്ഞ കാലത്ത് അവതരിപ്പിച്ച എല്ലാ ബഡ്ജറ്റുക ളിലും ആലപ്പുഴ ജില്ലയെ പരിപൂർണ്ണമായി അവഗണിക്കുകയാണ്. ഇത്തവ ണത്തെ ബഡ്ജറ്റിൽ ആ അവഗണന അതിന്റെ പാരമ്യതയിലെത്തിയെന്നാണ് അത് സംബന്ധിച്ച് പറയാൻ കഴിയുന്നത്. ആലപ്പുഴ ജില്ല എന്നുപറയുന്നത് ചെങ്ങന്നൂരും ഹരിപ്പാടും മാത്രമാണെന്നാണ് മാണി സാർ വിചാരിച്ചിരിക്കുന്ന ത്. അതിന് വടക്കോട്ട് ധാരാളം സ്ഥലങ്ങളുണ്ട്. അവിടെയെല്ലാം പ്രതിപക്ഷ എം.എൽ.എ.-മാർ ആയിപ്പോയതുകൊണ്ട് ആ പ്രദേശത്തെ മുഴുവൻ ജനങ്ങ ളേയും കൈകാര്യം ചെയ്യുന്നത് ശരിയല്ല. അപ്പുറത്ത് വാഴയ്ക്ക് നനയ്ക്കു മ്പോൾ ഇപ്പുറത്ത് ചീരയ്ക്കുകൂടി തളിച്ചാൽ വളരെ ഉപകാരമായിരുന്നു. ഞങ്ങളെ എല്ലാ രീതിയിലും അവഗണിക്കുകയാണ്. ആലപ്പുഴ ജില്ലയുടെ പൊതുവായ എല്ലാ പ്രശ്നങ്ങളോടും ഈ ബഡ്ജറ്റിന്റെ സമീപനം അതാണ്. നമുക്കറിയാം, ആലപ്പുഴ ജില്ലയുടെ തീര പ്രദേശം എത്രയോ കിലോമീറ്റർ

ദൈർഘ്യമുള്ളതാണ്. ആ തീരപ്രദേശത്തുള്ള ജനങ്ങൾ എന്നും കടലാക്രമ ണംമൂലം പ്രയാസമനുഭവിക്കുന്നവരാണ്. ജൂൺ–ജൂലൈ മാസങ്ങളിൽ മാത്ര മല്ല അല്ലാത്ത സന്ദർഭങ്ങളിലും കടലാക്രമണങ്ങൾ രൂക്ഷമാകാറുണ്ട്. കോടി ക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങളാണ് ഉണ്ടാകുന്നത്. ഇത്തരം പ്രശ്നങ്ങ ളെക്കുറിച്ചൊന്നും ബഡ്ജറ്റിൽ അഡ്രസ് ചെയ്യുന്നില്ല. മത്സ്യത്തൊഴിലാളികളെ പൊതുവെ അവഗണിക്കുന്നു. അവർക്ക് മണ്ണെണ്ണ പെർമിറ്റ് നൽകുന്ന കാര്യ ത്തിൽ ഒരു സഹായം ചെയ്യുന്നതൊഴിച്ചാൽ ബാക്കിയെല്ലാ കാര്യത്തിലും തീര ദേശത്തോടുള്ള അവഗണനയാണ് ഈ ബഡ്ജറ്റിൽ കാണാൻ കഴിയുന്നത്. വല്ലാത്ത പ്രയാസമാണ് ആ പ്രദേശങ്ങളിലെ ജനപ്രതിനിധികൾക്ക് എല്ലാ വർഷവും അനുഭവിക്കേണ്ടിവരുന്നത് എന്നദ്ദേഹം നല്ലവണ്ണം അറിയേണ്ടതു ണ്ട്. ഒരുപാട് ചരിത്ര പശ്ചാത്തലവും പ്രത്യേകതകളുമുള്ള ആലപ്പുഴ നഗരം തകർന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ആ നഗരത്തേയും ആലപ്പുഴ ജില്ലയെ പൊതുവിലും ഒന്നുയർത്തിയെടുക്കാൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് ഉൾപ്പെടെയുള്ളവർ ഒരു വലിയ പരിശ്രമം നടത്തുകയുണ്ടായി. കഴിഞ്ഞ കാലത്തെ പാരമ്പര്യങ്ങളെല്ലാം ഉയർത്തിപ്പിടിച്ചുകൊണ്ട് ആലപ്പുഴ ജില്ല മുന്നോട്ട് വരണമെങ്കിൽ തുറമുഖം വളരെ പ്രധാനമാണ്. എന്നാൽ ഇന്ന് അതൊരു വിദൂര സ്വപ്നമായി അവശേഷിക്കുകയാണ്. അത് സംബന്ധിച്ച് അഡ്രസ് ചെയ്യാൻപോലും ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. അവിടെയുള്ള പരമ്പരാഗത വ്യവസായങ്ങളും ആധുനിക വ്യവസായങ്ങളും– ആധുനിക വ്യവസായങ്ങൾ എന്നുപറയുമ്പോൾ കെ.എസ്.ഡി.പി.– തകർച്ചയുടെ വക്കി ലേയ്ക്ക് എത്തി. ഓട്ടോ കാസ്റ്റ് എത്ര ദയനീയമായ അവസ്ഥയിലാണ്, ഗവൺമെന്റിന്റെ കാലത്ത് നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ ഏറ്റെ

ടുത്ത കേരള സ്പിന്നേഴ്സ് ഇന്നുവരെ തുറക്കാൻ കഴിഞ്ഞിട്ടില്ല. നൂറുകണക്കിനാളുകൾ ജോലി ചെയ്തിരുന്ന എക്സൽ ഗ്ലാസ് സ്വകാര്യ മേഖലയ്ക്ക് മുൻതൂക്കമുള്ള ഒരു സംയുക്ത സംരംഭമാണ്. അത് അടച്ചുപൂട്ടിയിട്ട് വർഷങ്ങളായി. ഒരു പരിഹാര നടപടിയുമില്ല. കയറും മത്സ്യ ബന്ധനവും കാർഷിക മേഖലയും ഇതുപോലെ തകർന്ന ഒരു കാലമുണ്ടായിട്ടില്ല. ആ മേഖലയ്ക്കാകെ അൽപ്പമൊന്ന് ജീവൻ പകരാൻ കഴിയുന്ന ഒരു സമീപനവും ഈ ബഡ്ജറ്റിലില്ല. എല്ലാ പ്രകാരത്തിലും ആലപ്പുഴക്കാർക്ക് നിരാശ.... അതാണ് ഈ ബഡ്ജറ്റും ധനകാര്യ വകുപ്പുമന്ത്രിയുടെ നിർദ്ദേശങ്ങളും മുന്നോട്ടു വയ്ക്കുന്നത്. ഇവിടെ ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ തുറുപ്പു ചീട്ടായിരുന്നില്ലേ Zero Landless Keralam- ഭൂരഹിതരില്ലാത്ത കേരളം. 2015 ജനുവരി 1-ന് ഭൂരഹിതരില്ലാത്ത കേരളം ആക്കുമെന്നാണ് ഗവൺമെന്റ് പ്രഖ്യാപനം. ഞാൻ ചോദിക്കട്ടെ, രണ്ടര വർഷമായില്ലേ; എത്ര ആളുകൾക്ക് നിങ്ങൾ ഭൂമി കൊടുത്തു. 1970-കളിൽ കാർഷിക പരിഷ്ക്കരണം നടപ്പിൽ വരുത്തിയതിനുശേഷം പത്തുസെന്റും 3 സെന്റും കിട്ടിയവരുടെ വീടുകളിൽ എത്ര കുടുംബങ്ങളാണ് ഇന്ന് പാർക്കേണ്ടി വരുന്നത്; വലിയൊരു സാമൂഹിക പ്രശ്നമായി മാറിയ ഇക്കാര്യത്തിൽ ഗവൺമെന്റ് പറഞ്ഞ കാര്യത്തോട് എന്തെങ്കിലും നീതി പുലർത്താൻ കഴിഞ്ഞിട്ടുണ്ടോ; കഴിഞ്ഞ ദിവസം ഞാനതിന്റെ കണക്കെടുത്തു. ഈ ഗവൺമെന്റുതന്നെ അപേക്ഷ ക്ഷണിച്ച് സ്ക്രൂട്ടിനൈസ് ചെയ്ത് ഭൂരഹിതരാണെന്ന് കണ്ടെത്തിയ രണ്ടര ലക്ഷം ആളുകളുണ്ട്. ആലപ്പുഴ ജില്ലയിൽ മാത്രം 14162 പേരുണ്ട്. 14162 പേർ ഭൂരഹിതരാണ് എന്ന് ഗവൺമെന്റ് കണ്ടെത്തിയിട്ട് ഈ രണ്ടര വർഷത്തിനുള്ളിൽ ഭൂമി കൊടുത്തത് 7 പേർക്കാണ് ഈ ആക്ഷൻ ടേക്കൺ എവിടംവരെയായി;

എവിടെച്ചെന്നവസാനിക്കും ഈ നടപടി. ഡെപ്യൂട്ടി കളക്ടർ (എൽ.എ)-ക്കുപോലും യാതൊരു വിവരവുമില്ല. ഈ ഗവൺമെന്റിന്റെ സമീപനമെന്താണ്; നമ്മുടെ പ്രൈമറിയായിട്ടുള്ള ആവശ്യമാണ് വീട് വയ്ക്കുക എന്നുള്ളത്. 500 അല്ലെങ്കിൽ 600 സ്ക്വയർ ഫീറ്റ് വീട് വയ്ക്കണമെങ്കിൽ എട്ട്-പത്ത് ലക്ഷം രൂപ വേണം. ഐ.എ.വൈ-യിൽ 70,000/-രൂപ ധനസഹായം നൽകിയിരുന്നത് 2,00,000/- രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് എന്തൊരു വാചകമടിയായിരുന്നു. സംസ്ഥാനമൊട്ടുക്ക് എന്തൊരു ബഹളമായിരുന്നു. ഐ.എ.വൈ- എന്ന കേന്ദ്ര പദ്ധതിയിൽനിന്ന് എത്രകോടി രൂപ ഈ ഗവൺമെന്റ് വന്നതിനുശേഷം ചെലവഴിച്ചു; എത്ര വീട് വച്ചുകൊടുത്തു; രണ്ട് ലക്ഷമാക്കി വർദ്ധിപ്പിച്ചപ്പോൾ 25 ശതമാനം ഗ്രാമപഞ്ചായത്ത്, 50 ശതമാനം ബ്ലോക്ക് പഞ്ചായത്ത്, 25 ശതമാനം ജില്ലാ പഞ്ചായത്ത് എന്നിങ്ങനെയായിരുന്നു വിഹിതം. ഏതെങ്കിലും ഒരു തദ്ദേശ ഭരണസ്ഥാപനം വായ്പയെടുത്ത് വീടിനായി തുക നൽകിയതായി പറയാൻ കഴിയുമോ; ജില്ലാ സഹകരണ ബാങ്ക് പതിനൊന്നര ശതമാനം പലിശയ്ക്ക് വായ്പ കൊടുക്കുമ്പോൾ പത്തര ശതമാനത്തിന് വായ്പയെടുത്തുകൊള്ളൂ എന്ന് തിട്ടൂരമിറക്കിയാൽ എങ്ങനെയാണ് വായ്പയെടുക്കാൻ കഴിയുന്നത്; തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വായ്പയെടുക്കാൻ കഴിയുന്നില്ല, യഥാർത്ഥ ഗുണഭോക്താക്കൾക്ക് പണം നൽകാൻ കഴിയുന്നില്ല. ആ പദ്ധതി പരിപൂർണ്ണമായി അവതാളത്തിലാക്കി. അപ്പോൾ വീടില്ല, വീടുവയ്ക്കാനുള്ള സ്ഥലമില്ല, തൊഴിലില്ല- തൊഴിലില്ലായ്മ ഏറ്റവും വലിയ കൂർത്ത നഖങ്ങളുമായി ജനങ്ങളെ വേട്ടയാടുന്നു. വിലക്കയറ്റംകൊണ്ട് മനുഷ്യൻ പൊറുതി മുട്ടുന്നു. കാർഷിക മേഖല പിന്നോക്കം പോകുന്നു. നാളികേരം, നെല്ല് തുടങ്ങിയവയുടെ ഉൽപ്പാ

ദനം പുറകോട്ട് പോകുന്നു. കേരളത്തിലെ കൃഷി എന്നുപറഞ്ഞാൽ തെങ്ങും, നെല്ലും, റബ്ബറും അല്ലേ; ഇവിടെ ഹൈടെക് വിപ്ലവത്തെക്കുറിച്ച് പറയുന്നു. പച്ചക്കറി മേഖലയിൽ നമുക്ക് നടപ്പിലാക്കാം, വടക്കൻ മേഖലയിൽ പാല ക്കാടോ മൂന്നാറോ ഇത് നടപ്പിലാക്കാം. പക്ഷെ ഇവിടെ തിരുവിതാംകൂറും– തിരുക്കൊച്ചിയും ഉൾപ്പെടെയുള്ള വിശാലമായ ഭൂപ്രദേശങ്ങളിൽ ഹൈടെക് കൃഷി എന്നുപറഞ്ഞാൽ എന്താണ്; ഇന്ന് ഞങ്ങളുടെ പ്രദേശങ്ങളിൽ നിത്യോപയോഗത്തിനായുള്ള നാളികേരം പൊള്ളാച്ചിയിൽനിന്നും കൊണ്ടു വരേണ്ട സ്ഥിതിയാണുള്ളത്. പ്രധാനപ്പെട്ട വ്യാപാര ഇടപാടായി ഇത് മാറി യിരിക്കുകയാണ്. നാളികേരമില്ലാത്ത കേരളത്തെക്കുറിച്ച് ചിന്തിക്കാൻ കഴി യുമോ; കൃഷി വകുപ്പ് ആ രംഗത്തെക്കുറിച്ചല്ലേ തീരുമാനങ്ങളെടുക്കേണ്ടത്. നാളികേര കൃഷിയുടെ പുനരുദ്ധാരണം, നാളികേര അനുബന്ധ വ്യവസായ ങ്ങൾ, അവിടെ ആയിരുന്നില്ലേ കേരളത്തിലെ കാർഷിക മേഖലയുടെ ജീവിതം? കാർഷിക മേഖല തകർന്ന് തരിപ്പണമായിട്ട് അതുമായി ബന്ധ പ്പെട്ട പരമ്പരാഗത വ്യവസായങ്ങളെല്ലാം തകർന്ന് മണ്ണടിഞ്ഞിട്ട് ഈ ഗവൺമെന്റിന് അതിനെയൊന്ന് അഡ്രസ് ചെയ്യാൻ കഴിയുന്നുണ്ടോ; കേരള ത്തിന്റെ പൊതുവായ ആവശ്യത്തിനുവേണ്ടി കുട്ടനാട്ടിലെ നെൽകൃഷിക്കാർ അവരുടെ ജീവിതം പണയം വച്ചിട്ടല്ലേ നെല്ലുൽപ്പാദിപ്പിക്കുന്നത്; കഴിഞ്ഞ വർഷകാലത്ത് നാലുതവണയാണ് വെള്ളപ്പൊക്കത്തിന്റെ കെടുതി അനുഭവി ച്ചത്. ഗവൺമെന്റ് എന്തോ ഒരു കാര്യം ഓറലായി പറഞ്ഞുവെന്നല്ലാതെ സ്ഥായിയായി വെള്ളപ്പൊക്കക്കെടുതിയിൽനിന്നും കുട്ടനാട്ടുകാരെ രക്ഷി ക്കാൻ അവർക്ക് കുടിവെള്ളമെത്തിച്ചുകൊടുക്കാൻ, ഇന്നത് ചെയ്യുമെന്ന് പറ യാൻ ഈ ഗവൺമെന്റിന് കഴിയുന്നുണ്ടോ; എത്ര ദയനീയമായ അവസ്ഥ യാണ്. ഞാൻ മറ്റുകാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. കേരളത്തിന്റെ

പൊതുവായ താൽപര്യങ്ങളുയർത്തിപ്പിടിക്കുന്നതിൽ ഈ ഗവൺമെന്റ് അമ്പേ പരാജയപ്പെടുകയാണ്. മൃഗസംരക്ഷണ മേഖല നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് നമ്മൾ കഴിഞ്ഞ ദിവസം ചർച്ച ചെയ്തതാണ്. നൂറുകണക്കിന് കന്നുകാലികളാണ് കുളമ്പുരോഗംമൂലം നഷ്ടമായത്. പത്തുപതിനെട്ട് ചെക്ക് പോസ്റ്റുകളുള്ളതിൽ രണ്ട് സ്ഥലങ്ങളിൽ മാത്രമാണ് ഡോക്ടർമാരുള്ളത്. തമിഴ്നാട്ടിൽ നിന്നുംവരുന്ന കന്നുകാലികൾ ഏത് രോഗവും വഹിച്ചുകൊണ്ടാണ് വരുന്നതെന്ന് പരിശോധിക്കാൻ സംവിധാനമില്ല. വെറ്റിനറി ഡിപ്പാർട്ടുമെന്റു തന്നെ അഴിച്ചുപണിയണം. സമഗ്രമായ ഒരു സംവിധാനം അക്കാര്യത്തിൽ വേണം. ഗ്രാമ പഞ്ചായത്ത്-ബ്ലോക്ക് പഞ്ചായത്ത്-ജില്ലാ പഞ്ചായത്ത് എന്നിവകളുടെ പദ്ധതി നിർവ്വഹണത്തിനുവേണ്ടി പ്രത്യേകമായ വിംഗ്, ചികിത്സാമറ്റ് കാര്യങ്ങൾക്കുവേണ്ടി പ്രത്യേകമായ ഡിപ്പാർട്ടുമെന്റ് എന്നിവ പൊതുവിൽ കഴിഞ്ഞ ഗവൺമെന്റ് അംഗീകരിച്ചതാണ്. ഈ ഗവൺമെന്റ് അവിടെനിന്നൊക്കെ ഒളിച്ചോടുകയാണ്. ഡോക്ടർമാരുൾപ്പെടെയുള്ളവർ ഇന്ന് നിസ്സഹകരണ സമരം ഉൾപ്പെടെ വലിയ പണിമുടക്കിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെ നമ്മുടെ മൃഗസംരക്ഷണ മേഖലയും കാർഷിക മേഖലയും പൊതുവിൽ വലിയ തകർച്ചയെ നേരിടുകയാണ്. മത്സ്യബന്ധന മേഖലയ്ക്ക് മണ്ണെണ്ണ വാങ്ങുന്നതിന് സബ്സിഡി കൊടുക്കാനായി കുറച്ചു തുക നീക്കിവയ്ക്കുന്നു എന്നതൊഴിച്ചാൽ ...... ആ മേഖല പാപ്പരാകുകയല്ലേ. നാമോർക്കണം വിദേശ ട്രോളറുകൾ നമ്മുടെ കടൽത്തീരമാകെ അരിച്ചു പെറുക്കുമ്പോൾ അവർക്ക് സബ്സിഡി റേറ്റിൽ ഡീസൽ കൊടുക്കുന്നതിൽ സർക്കാരിന് യാതൊരു പ്രയാസവുമില്ല. നമ്മുടെ പാവപ്പെട്ട മത്സ്യത്തൊഴിലാളി മത്സ്യബന്ധനത്തിന് ഉപയോഗിക്കേണ്ടിവരുന്ന മണ്ണെണ്ണയുടെ ലഭ്യത ഉറപ്പുവരുത്താൻപോലും കഴിയാത്ത ഒരു ഗവൺമെന്റ് ആരുടെ താത്പര്യ

ത്തിനുവേണ്ടിയാണ് നിലകൊള്ളുന്നത്; മത്സ്യത്തൊഴിലാളികളുടെ കടം എഴുതിത്തള്ളാൻ 140 കോടി രൂപ വേണം. അതെല്ലാം നമ്മൾ പ്രോസസ്സ് ചെയ്തുവച്ചിട്ടുണ്ട്. എന്നാൽ അതിന് പണമില്ല. വാക്കാൽ മാണിസാർ 10 കോടി രൂപ പറഞ്ഞു. മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളാൻ കഴിയുന്ന ഒരു പദ്ധതിപോലും മുന്നോട്ടുവയ്ക്കാതെ അവരെ എങ്ങനെ ഉദ്ധരിക്കാനാണ്; കേരളത്തിന്റെ തീര പ്രദേശത്തെ...........

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, മത്സ്യത്തൊഴിലാളി കടാശ്വാസത്തിനുവേണ്ടി 10 കോടി രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തി. പക്ഷെ പൊതുമേഖലാ ബാങ്കുകളുടെ കടം എഴുതിത്തള്ളാൻതന്നെ ഏറ്റവും ചുരുങ്ങിയത് 100 കോടി രൂപയെങ്കിലും വേണ്ടിവരും. അപ്പോൾ കടാശ്വാസ കമ്മീഷന്റെ പ്രവർത്തനംകൊണ്ട് എന്തെങ്കിലും പ്രയോജനം മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കണമെന്നുണ്ടെങ്കിൽ ഇപ്പോൾ മാറ്റിവച്ചു എന്നുപറയുന്ന സംഖ്യതന്നെ അപര്യാപ്തമാണ് എന്നുള്ളത് അങ്ങ് കാണുന്നില്ലേ;.

ശ്രീ. പി. തിലോത്തമൻ: നിലവിൽ പ്രോസസ്സ് ചെയ്ത് വച്ചിരിക്കുന്ന കടാശ്വാസ നടപടികൾ മുന്നോട്ട് നീക്കണമെങ്കിൽ 141 കോടി രൂപയാണ് വേണ്ടത്. 10 കോടി രൂപ മാണി സാർ വാക്കാൽ പറഞ്ഞതാണ്. അത് ഒന്നിനും തികയില്ലെന്നുള്ളത് നമുക്കറിയാം. കടൽത്തീരത്ത് മത്സ്യത്തൊഴിലാളികളുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ ഒന്നുമാവില്ല. അവരുടെ പ്രശ്നങ്ങൾ വളരെ വൈവിദ്ധ്യമേറിയതാണ്. ആ പ്രശ്നങ്ങൾ അഡ്രസ് ചെയ്യാൻപോലും കഴിയില്ല. ആധുനിക വ്യവസായ സംരംഭങ്ങൾ നോക്കുകയാണെങ്കിൽ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പൊതുമേഖല കെ.എസ്.ആർ.ടി.സി. അല്ലേ; കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി വളരെ വലു

തല്ലേ. എപ്പോൾ വേണമെങ്കിലും നിലച്ചുപോകാവുന്ന അവസ്ഥയിലാണ്. തിരുവനന്തപുരത്ത് വന്നിറങ്ങുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ മനോഹരമായ പുതിയ ടെർമിനൽ കാണുമ്പോൾ വലിയൊരഭിമാനം നമുക്ക് തോന്നും. പക്ഷെ കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിതി എന്താണ്; 150 കോടി രൂപയാണ് കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി നീക്കിവച്ചിരിക്കുന്നത്. എത്രയോ പരിമിതമായ എമൗണ്ടാണ്. ഒരുവർഷം കെ.എസ്.ആർ.ടി.സി-ക്ക് 900 കോടി രൂപയുടെ ഡീസൽ വേണം. ആ 900 കോടി രൂപയുടെ ഡീസലിന് 19.8 ശതമാനം വിൽപ്പന നികുതി സംസ്ഥാന ഗവൺമെന്റ് ഈടാക്കുന്നതാണ്. ഏകദേശം 150 കോടി രൂപ ആയിനത്തിൽത്തന്നെ കിട്ടുന്നില്ലേ; പത്തമ്പത് കോടി രൂപയുടെ സ്പെയർ പാർട്സും ടയറും വാങ്ങുന്നുണ്ട്. അതിൽനിന്നെല്ലാം വിൽപ്പനനികുതിയും കിട്ടുന്നുണ്ട്. ആ തുകയെങ്കിലും നൽകി ഈ വ്യവസായത്തോട് നീതി പുലർത്തണ്ടെ; എന്തൊരു സമീപനമാണിത്; കേരളത്തിലെ അഭ്യസ്തവിദ്യരായ, തൊഴിലന്വേഷിച്ചുനടക്കുന്ന ചെറുപ്പക്കാർക്ക് ഒരു പ്രതീക്ഷ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളാണ്. അതിലേറ്റവും പ്രധാനം കെ.എസ്.ആർ.ടി.സി. ആണ്. ആ കെ.എസ്.ആർ.ടി.സി. മരിച്ചുപോയാൽ നമ്മുടെ പുതിയ തലമുറയ്ക്ക് നമ്മൾ എവിടെനിന്ന് തൊഴിൽ കൊടുക്കും; നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ഗതാഗതമാർഗ്ഗമല്ലേ അത്. 150 കോടി രൂപയിൽപ്പരം രൂപയുടെ സാമൂഹ്യ ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട് കെ.എസ്.ആർ.ടി.സി. നടത്തുന്നു. അതുപോലും ഏറ്റെടുക്കാൻ കഴിയുന്നില്ലല്ലോ എന്നുപറഞ്ഞാൽ നമ്മുടെ വ്യവസായ സ്ഥാപനങ്ങളോട്, പൊതുമേഖലാ സ്ഥാപനങ്ങളോട്, നമ്മുടെ തൊഴിൽ രംഗത്തോട് ഈ ഗവൺമെന്റിന്റെ അങ്ങേയറ്റത്തെ പാപ്പരായ ഒരു സമീപനം കാണിക്കുന്ന

താണ് കെ.എസ്.ആർ.ടി.സി.-യോടുള്ള നിലപാട്. അതുകൊണ്ട് കേരളത്തിന്റെ പൊതുജീവിതമാകെ താറുമാറാക്കുന്ന ഒരു ബഡ്ജറ്റും സമീപനവുമാണ് ഈ ഗവൺമെന്റിന്റേത്. അതുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി ശ്രീ. കെ. എം. മാണി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്. മുൻപത്തെക്കാൾ വളരെയേറെ മേഖലകളെ സ്പർശിക്കുവാനും, പുതിയ വികസന പദ്ധതികൾ ആവിഷ്ക്കരിക്കുവാനും സാധിച്ച ഈ കാലഘട്ടത്തിലെ സങ്കീർണ്ണമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ പരമാവധി പരിശ്രമിച്ച ഒരു ബഡ്ജറ്റായിട്ടാണ് ഇത്തവണത്തെ ബഡ്ജറ്റിനെ കാണുന്നത്. അതുകൊണ്ടുതന്നെ ഈ സർക്കാരിന്റെ പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കുന്നതിന് തുടക്കം കുറിക്കുന്നതിന് സഹായകരമായ രീതിയിൽ ഈ വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിച്ചിട്ടുണ്ട്. ഇവിടെ വികസനത്തിന്റെ കാര്യം പറയുമ്പോൾ വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങളുണ്ട്. എന്റെ സ്നേഹിതൻ ശ്രീ. പി. തിലോത്തമൻ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ആലപ്പുഴ ജില്ലയിലെ ചില പ്രത്യേകതകളെക്കുറിച്ചും അവിടെ ഇനിയും ആവശ്യമായ വികസന പ്രവർത്തനങ്ങളെക്കുറിച്ചും പറയുകയുണ്ടായി. അങ്ങനെ പറയുമ്പോൾ, എനിക്കും എന്റെ പ്രദേശത്തെക്കുറിച്ചും മലപ്പുറം ഉൾപ്പെടെയുള്ള ജില്ലകളെക്കുറിച്ചും ചില പരാമർശങ്ങൾ നടത്തണമെന്ന് ആഗ്രഹമുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ വികസന രംഗത്ത് വളരെ സന്തുലിതമായ ഒരു വികാസം കൈവരിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് ചില പ്രദേശങ്ങളുടെയും

ചില ജനവിഭാഗങ്ങളുടെയും വികസനത്തിനുവേണ്ടിയുള്ള ആവശ്യങ്ങൾ ഉന്നയിക്കപ്പെടുമ്പോൾ അത്തരം ആവശ്യങ്ങളെ ദുരുപയോഗം ചെയ്യുന്ന ചില സംഘടനകളും പ്രസ്ഥാനങ്ങളും അടുത്ത കാലത്തായി ഉയർന്നുവന്നിട്ടുണ്ട്. അങ്ങനെ വികസനരംഗത്ത് പുതിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നേട്ടങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി, മെയിൻ സ്ട്രീമിലേയ്ക്ക് വരുന്നതിനു വേണ്ടി ചില പ്രത്യേക സംഘടനകൾ ഇന്ന് രംഗത്തിറങ്ങിക്കഴിഞ്ഞിട്ടുണ്ട്. തെറ്റായ വഴിക്ക് ജനകീയാവശ്യങ്ങളെ പ്രയോജനപ്പെടുത്തുന്നത് തടയുവാൻ നമുക്ക് സാധിക്കുന്നതിന് വേണ്ടിയാണ് ഇത്തരം ആവശ്യങ്ങൾ ഉന്നയിക്കുന്ന തെന്ന് ആദ്യമേ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 2011–ലെ സെൻസസ് പ്രകാരം നമ്മുടെ സംസ്ഥാനത്തെ ജനസംഖ്യയുടെ ഏതാണ്ട് 44 ശതമാനം അധിവസിക്കുന്നത് മലബാറിലെ 6 ജില്ലകളിലാണ്. ബാക്കിയാണ് തിരു–കൊച്ചി ഭാഗത്ത് താമസിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിച്ച 12 താലുക്കു കളുൾപ്പെടെ ആകെയുള്ള താലൂക്കുകളിൽ 47 താലൂക്കുകൾ തിരു–കൊച്ചിയിലും, 28 താലൂക്കുകൾ മലബാറിലെ 6 ജില്ലകളിലുമായാണ് കിടക്കുന്നത്. മലബാറിലെ ജില്ലകളിൽ 5,23,435 പേർക്ക് ഒരു താലൂക്കാണെ ങ്കിൽ മറുവശത്ത് 3,98,542 പേർക്ക് ഒരു താലൂക്ക് എന്ന അവസ്ഥയാണുള്ളത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ 90.48 ശതമാനം തിരു–കൊച്ചിയിലും 9.52 ശതമാനം മലബാറിലുമാണ് സ്ഥിതി ചെയ്യുന്നത്. സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾ 72.58 ശമതാനം തിരു–കൊച്ചിയിലും 27.42 ശത മാനം മലബാറിലെ 6 ജില്ലകളിലുമാണ് സ്ഥിതി ചെയ്യുന്നത്. വ്യവസായ

രംഗത്ത് നടത്തുന്ന സാമ്പത്തികമായ മുടക്കിന്റെ അടിസ്ഥാനം എടുത്താൽ 93.26 ശതമാനം തിരു–കൊച്ചിയിൽ വ്യവസായത്തിന് സാമ്പത്തിക സഹായം ലഭിക്കുമ്പോൾ 6.74 ശതമാനമാണ് മലബാറിൽ സാമ്പത്തിക സഹായം ലഭിക്കുന്നതെന്ന് കാണാൻ സാധിക്കും. പ്ലാനിംഗ് ബോർഡും പ്ലാനിംഗ് കമ്മീഷനും വിഭവങ്ങൾ വീതിക്കുമ്പോൾ ജനസംഖ്യയോ, ഭൂവിസ്തൃതിയോ പരിഗണിക്കുന്നില്ലായെന്നുള്ള നിർഭാഗ്യകരമായ സാഹചര്യമുണ്ട്. വിദ്യാഭ്യാസ രംഗത്ത് നോക്കിയാൽ, 1,606 ഹൈസ്ക്കുളുകൾ തിരു–കൊച്ചി പ്രദേശത്ത് സ്ഥിതിചെയ്യുമ്പോൾ മലബാറിലെ 6 ജില്ലകളിൽ 790 ഹൈസ്ക്കുളുകൾ മാത്രമാണ് ഉള്ളതെന്ന് കാണാൻ സാധിക്കും. ശരാശരി 1,927 കുട്ടികൾ മലബാറിലെ ഓരോ ഹൈസ്ക്കുളിലും പഠിക്കുമ്പോൾ തിരു–കൊച്ചി ഭാഗത്ത് ശരാശരി 620 കുട്ടികൾക്ക് ഓരോ ഹൈസ്ക്കൂൾ എന്ന സ്ഥിതിയുണ്ട്. തിരുവനന്തപുരത്ത് ഒരു കോളേജിൽ പത്തോ, ഇരുപതോ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ ഉണ്ടാകുമ്പോൾ കാസർകോഡ് ജില്ലയിലും വയനാടും ജില്ലയിലും കൂടി 10 പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ മാത്രമേയുള്ളൂവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 1997–98–ൽ 18 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ സംസ്ഥാനത്ത് അനുവദിച്ചപ്പോൾ കോഴിക്കോട് സർവ്വകലാശാല നേരിട്ട് നടത്തുന്ന എഞ്ചിനീയറിംഗ് കോളേജുൾപ്പെടെ 2 എണ്ണമാണ് അവിടെ സ്ഥാപിച്ചത്. ജനസംഖ്യ നോക്കിയാൽ, 1,88,00,000 ആളുകളാണ് തിരു–കൊച്ചിയിലും, 1,46,00,000 ലക്ഷം ആളുകളാണ് മലബാറിലും താമസിക്കുന്നത്. അതുകൊണ്ട് കൂടുതൽ ജില്ലകൾ അനുവദിക്കണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുകയാണ്. ഇവിടെ പുതിയ ജില്ല ആവശ്യപ്പെടുന്ന കാര്യം

പറയുമ്പോൾ ആളുകൾ ചിലപ്പോൾ അസ്വസ്ഥരാകാറുണ്ട്. ലോകസഭാ സീറ്റുകളുടെ എണ്ണം പരിശോധിച്ചാൽ, ഗുജറാത്തിൽ 26 ലോക്സഭാ മണ്ഡലങ്ങൾക്ക് 34 ജില്ലകളും രാജസ്ഥാനിൽ 25 ലോകസഭാ മണ്ഡലങ്ങൾക്ക് 33 ജില്ലകളും ഹരിയാനയിൽ 10 ലോക്സഭാ മണ്ഡലങ്ങൾക്ക് 21 ജില്ലകളും മധ്യപ്രദേശിൽ 29 ലോക്സഭാ മണ്ഡലങ്ങൾക്ക് 50 ജില്ലകളും കർണ്ണാടകയിൽ 28 ലോക്സഭാ മണ്ഡലങ്ങൾക്ക് 27 ജില്ലകളും ഒറീസ്സയിൽ 21 ലോക്സഭാ മണ്ഡലങ്ങൾക്ക് 30 ജില്ലകളും ഛത്തീസ്ഗഢിൽ 11 ലോക്സഭാ മണ്ഡലങ്ങൾക്ക് 16 ജില്ലകളും ജാർഖണ്ഡിൽ 16 ലോക്സഭാ മണ്ഡലങ്ങൾക്ക് 22 ജില്ലകളുമാണുള്ളത്. എന്നാൽ കേരളത്തിൽ 20 ലോക്സഭാ മണ്ഡലങ്ങൾക്ക് 14 ജില്ലകൾ മാത്രമായ അവസ്ഥയാണുള്ളത്. അതുകൊണ്ട്, മലബാറിൽ മാത്രമല്ല മലപ്പുറം ജില്ല സ്ഥിതി ചെയ്യുന്ന ഭൂപ്രദേശത്ത് പുതിയൊരു ജില്ല കൂടി രൂപീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മൂവാറ്റുപുഴ പ്രദേശത്ത് ഒരു പുതിയ ജില്ല വേണമെന്ന ആവശ്യം നേരത്തെ ഉയർന്നു വന്നിരുന്നു. പിറവം ഉപതെരഞ്ഞെടുപ്പിന്റെ സമയത്ത് അതിനെപ്പറ്റി ആലോചിക്കുന്നതായി പത്രങ്ങളിൽ വാർത്ത വന്നിരുന്നു. അതുപോലെ വടകര താലൂക്ക് ഉൾപ്പെടുന്ന പ്രദേശത്ത് ഒരു പുതിയ ജില്ല അത്യാവശ്യമായ കാര്യമാണ്. കേരള സംസ്ഥാനത്ത് രണ്ടോ മൂന്നോ പുതിയ ജില്ലകൾ കൂടി ഉണ്ടായാൽ പോലും അതൊരു അമിതമായ ആവശ്യമാണ് എന്ന് ഇന്ത്യയുടെ ഇന്നത്തെ സ്ഥിതിവച്ച് പറയാൻ സാധിക്കുകയില്ല. കേരളത്തിൽ 1,466 വില്ലേജുകളിൽ മലബാറിലെ 6 ജില്ലകളിലായി 661 വില്ലേജുകൾ മാത്രമാണുള്ളത്. കേരളത്തിൽ അയ്യായിരത്തിലധികം വരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസു

കളിൽ മലബാറിലെ 6 ജില്ലകളിൽ ഓടിക്കൊണ്ടിരിക്കുന്നത് 1,547 ബസുകൾ മാത്രമാണ്. തിരുവനന്തപുരം ജില്ല മാത്രം പരിശോധിച്ചാൽ ആയിരത്തി അഞ്ഞൂറിലേറെ കെ.എസ്.ആർ.ടി.സി. സർവ്വീസുകളുണ്ട്. അതുകൊണ്ട് തിരു–കൊച്ചി ഭാഗത്തേയ്ക്ക് ഒന്നും കൊടുക്കണ്ടായെന്ന് പറയുന്നില്ല. തിരു–കൊച്ചി ഭാഗത്തേയ്ക്ക് ഇനിയും ഒരുപാട് സാധനങ്ങൾ ആവശ്യമുണ്ട്; കൊടുക്കേണ്ടതാണ്. പക്ഷെ മലബാറിനെ അതനുസരിച്ച് കോംപൻസേറ്റ് ചെയ്യേണ്ടത് ആവശ്യമാണ്.

ശ്രീ. പാലോട് രവി: സർ, വയനാട് ജില്ല കഴിഞ്ഞാൽ കേരളത്തിൽ ഏറ്റവും കൂടുതൽ ആദിവാസികളുള്ളത് തിരുവനന്തപുരം ജില്ലയിലാണ്. വിതുരയിലും പെരിങ്ങമ്മയിലും രണ്ട് ആദിവാസി പഞ്ചായത്ത് പ്രസിഡന്റു മാരാണുള്ളത്. അതുകൊണ്ട് നെടുമങ്ങാട് കേന്ദ്രമാക്കി ഒരു ആദിവാസി ജില്ല രൂപീകരിക്കണം.

ശ്രീ. കെ. എൻ. എ. ഖാദർ: കൂടുതൽ വഴങ്ങിക്കൊടുക്കാൻ സമയ മില്ല. ഞാൻ പറയുന്നത് മലബാറിന് ഒരു ജില്ല വേണമെന്നാണ്. ഞാൻ പറയു ന്നതിന് ഒരു മാനദണ്ഡമുണ്ട്. കഴിഞ്ഞ തവണ ശ്രീ. കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ 12 താലൂക്കുകൾ അനുവദിച്ചുവെന്ന് പറഞ്ഞു. എന്ത് കണക്കിന്റെ അടിസ്ഥാനത്തിലാണെന്ന് എനിക്ക് ഇപ്പോഴും മനസ്സിലായി ട്ടില്ല. ഞങ്ങൾ ആരെങ്കിലും സ്വാധീനം ചെലുത്തിയിട്ടോ, ചോദിക്കുന്നതനു സരിച്ചോ താലൂക്കോ വില്ലേജോ കൊടുക്കാൻ പാടില്ല. പത്തുപേർ ചേർന്ന് ചോദിച്ചാൽ ഒരു ജില്ലയും കൊടുക്കാൻ പാടില്ല. നേരെമറിച്ച് അതിനൊരു കാൽക്കുലേഷൻ വേണം. കൃത്യമായിട്ട് ഡി–ലിമിറ്റേഷൻ കമ്മീഷനെ വച്ചിട്ട് കേരള സംസ്ഥാനത്തിന് പുതിയ ജില്ലകൾ ആവശ്യമുണ്ടോ, പുതിയ താലൂ

ക്കുകൾ ആവശ്യമുണ്ടോ, പുതിയ വില്ലേജുകൾ ആവശ്യമുണ്ടോ, ഏത് ഭൂപ്ര ദേശത്താണ് വേണ്ടത്, എത്ര ജനങ്ങൾക്കാണ് ഒരു താലൂക്ക് വേണ്ടത് ഈ വക കാര്യങ്ങളെക്കുറിച്ച് സമഗ്രമായ ഒരു പഠനം നടത്താൻ ഒരു ഡി ലിമിറ്റേ ഷൻ കമ്മീഷനെയോ അല്ലെങ്കിൽ മറ്റേതെങ്കിലും പേരിൽ ഒരു കമ്മീഷനെയോ ഗവൺമെന്റ് നിയോഗിക്കണം. മലബാറിൽ അതില്ല, ഞാൻ പറഞ്ഞത് ആരും വിശ്വസിക്കേണ്ട കാര്യമില്ല. ഉണ്ടോ ഇല്ലയോയെന്ന് പരിശോധന സമഗ്രമായി നടത്തിയശേഷം മാത്രമേ, ഇപ്പോൾ ശ്രീ. പാലോട് രവി പറഞ്ഞതുപോലെ നെടുമങ്ങാട് ഒരു ആദിവാസി ജില്ല വേണമോ വേണ്ടയോയെന്ന് തീരുമാനമെ ടുത്താൽ മതി. ശരിയായ രീതിയിൽ ഒരു പഠനം നടത്തി ഇതെല്ലാം നടത്തു ന്നതിനുപകരം ആർക്കാണോ സ്വാധീനം, ആരാണോ പറഞ്ഞത്, എവിടെ യാണോ വാഗ്ദാനം ചെയ്യപ്പെട്ടത് അതനുസരിച്ച് ഓരോരുർത്തർക്ക് ജില്ലയും വില്ലേജും കൊടുക്കുന്ന സമ്പ്രദായം ആവശ്യമില്ല. ശാസ്ത്രീയമായ പഠന ങ്ങൾക്കുശേഷം അതൊക്കെ ചെയ്യണമെന്നേ പറയുന്നുള്ളൂ. ശാസ്ത്രീയ മായ പഠനത്തിന് ആവശ്യമായിട്ടുള്ള സംവിധാനം അടിയന്തരമായി ഏർപ്പെ ടുത്തണമെന്ന് ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, വള്ളുവനാട് ജില്ലയ്ക്ക് വേണ്ടി ഒരു ഡീ-ലിമിറ്റേഷൻ കമ്മീഷനെ വയ്ക്കണമെന്ന കാര്യം ഞാൻ ആവശ്യപ്പെട്ടതാണ്. ആദിവാസി ജില്ല, നായർ ജില്ല, മുസ്ലീം ജില്ല, ഈഴവ ജില്ല എന്നൊക്കെ ഇപ്പോൾ തുടങ്ങാതിരിക്കുന്നതാണ് നല്ലത്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: അങ്ങനെയല്ല. എന്റെ സ്നേഹിതൻ ശ്രീ.സി.പി. മുഹമ്മദ് ആ രീതിയിൽ അതിനെ പറയരുതായിരുന്നു. ഞാൻ വളരെയധികം ബഹുമാനം കൊടുക്കുന്ന ഒരു മെമ്പറാണ് ശ്രീ. സി. പി.

മുഹമ്മദ്. ആദിവാസിയെന്ന് പറയുന്നത് വേറൊരു വസ്തുതയാണ്. അത് ഹിന്ദു-മുസ്ലീം എന്ന് പറയുന്നത് മാതിരിയല്ല. It is entirely different. It is not a religion. അതുകൊണ്ട് അത്തരത്തിലുള്ള ഇഷ്യൂ ഈ വിഷയത്തിൽ കൊണ്ടുവരുന്നതിൽ യാതൊരു അർത്ഥവുമില്ല. ഞാൻ പറയുന്നത്, നാം ഇന്ത്യാക്കാരാണ്. പക്ഷെ നമുക്ക് ഇന്ത്യയെക്കുറിച്ച് ഒന്നുമറിയില്ല. 600 നാട്ടു രാജ്യങ്ങൾ ചേർന്നാണ് ഇന്ത്യയുണ്ടായത്. ഇന്നത്തെ ഹിന്ദു, ഇന്ത്യൻ എക്സ്പ്രസ്സ് തുടങ്ങിയ സകല പത്രങ്ങളിലും ഇംഗ്ലീഷ്-മലയാളം പത്രങ്ങളിലും ഏറ്റവും പ്രധാനപ്പെട്ട വിഷയം, അരുണാചൽ പ്രദേശിലെ എം.എൽ.എ. യായ നിതോപവിത്രയുടെ 19 വയസ്സുള്ള മകൻ നിതോതാനിയയെ അടിച്ചു കൊന്നതിന്റെ ഒരു വാർത്തയും എഡിറ്റോറിയൽ പേജിലുണ്ട്. മണിപ്പൂരിലുള്ള സ്ത്രീകളെ വംശീയകാരണത്താൽ അധിക്ഷേപിച്ച് ആക്രമിച്ചതിനെക്കുറിച്ച്, ഇന്നത്തെ പത്രത്തിൽ വാർത്തയുണ്ട്. ആ വാർത്ത എത്ര നിർഭാഗ്യകരമാണ്? ഇതാണോ ഇന്ത്യ? എത്ര മനോഹരമായ, മഹത്തായ സംസ്കാരമാണ് ഇന്ത്യയ്ക്കുള്ളത്? എന്തുമാത്രം മഹത്തായ സാംസ്കാരിക പാരമ്പര്യമാണ് ഇന്ത്യക്കുള്ളത്? തമിഴ്നാട്ടിൽ നോക്കിയാൽ തഞ്ചാവൂർ, മധുര, രാമേശ്വരം തുടങ്ങിയ പ്രദേശങ്ങളിൽ ഉയർന്നുനിൽക്കുന്ന ക്ഷേത്ര കലകൾ അല്ലെങ്കിൽ രാമനാഥസ്വാമി ക്ഷേത്രം, മധുര മീനാക്ഷി ക്ഷേത്രം തുടങ്ങി മഹത്തായ ക്ഷേത്രങ്ങളിലെ സംസ്കാരിക പൈതൃകങ്ങൾ ലോകത്തിന്റെ ഒരു പ്രദേശത്തും നമുക്ക് കാണാൻ സാധിക്കില്ല. അത്ര മഹത്തായ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും കലയുടെയും സംഗീതത്തിന്റെയും നൃത്തത്തിന്റെയുമൊക്കെ രാജ്യമായ ഇന്ത്യയിലാണ് നമ്മൾ ജീവിക്കുന്നത്. കല, ശാസ്ത്രം, സംസ്കാരം, ജനവിഭാഗങ്ങൾ, വിശ്വാസപ്രമാണങ്ങൾ

ഇങ്ങനെ വൈവിധ്യങ്ങളിലായി, unity in diversity എന്നുള്ളത് നമുക്കറിയില്ല. കേരളം വിദ്യാഭ്യാസപരമായി മുമ്പിലാണ്. കേരളത്തിൽ എസ്.എസ്.എൽ. സി.ക്ക് പഠിക്കുന്ന ഒരു കുട്ടിയോട് തമിഴ്നാടിന്റെ തലസ്ഥാനം ഏതാണെന്ന് ചോദിച്ചാൽ അറിയില്ല. എന്താണ് തഞ്ചാവൂർ എന്ന് ചോദിച്ചാൽ മനസ്സിലാകില്ല; എന്താണ് മധുരമീനാക്ഷി ക്ഷേത്രം എന്ന് ചോദിച്ചാൽ മനസ്സിലാകില്ല; ഒഡിസ്സി എന്ന് പറഞ്ഞാൽ എന്തെന്ന് മനസ്സിലാകില്ല. ആർക്കാണ് വേറൊരു സ്റ്റേറ്റിനെക്കുറിച്ച് അറിയാൻ താൽപ്പര്യമുള്ളത്? എന്തുകൊണ്ട് ഈ സാംസ്കാരികമായ സമന്വയം നമ്മൾ ഉണ്ടാക്കുന്നില്ല? നാഷണൽ ഫീലിംഗൊക്കെ വളരെ കുറവാണ്. നാഷണൽ ഫീലിംഗ് ഒന്നും നമുക്കാർക്കുമില്ല. അത് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. നാഷണൽ ഫീലിംഗ് വളർത്തണ്ടേ? ഇന്ത്യയിൽ ജനിച്ച ഏതൊരു കുട്ടിക്കും തമിഴ്നാടിന്റെ കൾച്ചർ എന്താണെന്നും മഹാരാഷ്ട്രയുടെ കൾച്ചർ എന്താണെന്നും രാജസ്ഥാന്റെ കൾച്ചർ എന്താണെന്നും മനസ്സിലാകണ്ടേ? നമ്മുടെ രാജ്യത്തിന്റെ പൈതൃകം എന്താണെന്നത് പരസ്പരം മനസ്സിലാകണ്ടേ? അതിനുള്ള യാതൊരു പഠനവും നമ്മുടെ കേരളത്തിലില്ല. ഒരു കുട്ടിക്കും വേറെ കാര്യത്തെക്കുറിച്ച് അറിയില്ല, വേറൊരു സംസ്ഥാനത്തെക്കുറിച്ച് അറിയില്ല, ഇന്ത്യയുടെ മഹത്തായ പാരമ്പര്യത്തെക്കുറിച്ചും അറിയില്ല. അന്യദേശങ്ങളിൽ നിന്ന് ആളുകൾ നമ്മുടെ കേരളത്തിൽ വരുന്നു. വിദേശികളെ ആകർഷിക്കുന്നതിനുവേണ്ടി പല പരിപാടികളും നമ്മൾ നടത്താറുണ്ട്. നമ്മൾ ഇല്യുമിനേഷൻ നടത്തി ഓണാഘോഷം നടത്തിയാൽ ഏത് വിദേശിക്കാണ് അതിൽ ഒരു സന്തോഷമുണ്ടാകുക? ഈ ലൈറ്റ് കാണാൻ വേണ്ടി അമേരിക്കയിൽ നിന്ന് ആരെങ്കിലും കേരളത്തിൽ വരുമോ? ഇതൊക്കെ നമ്മുടെ മഹത്തായ

പൈതൃകവും നമ്മുടെ രാജാക്കന്മാർ, നമ്മുടെ ശിൽപ്പകലകൾ നടത്തിയ കലാകാരന്മാർ, അവർ ജീവിതം മുഴുവൻ ഉഴിഞ്ഞുവച്ച്, യാതൊരു വേതനവും വാങ്ങാതെ, പ്രതിഫലം വാങ്ങാതെ ഒരു നേർച്ച എന്ന നിലയി ലാണ് മഹത്തായ, ഈ പരമ്പരാഗതമായ നമ്മുടെ പൈതൃകങ്ങൾ പടുത്തുയർത്തിയിട്ടുള്ളത്. ഒരു ഇന്ത്യാക്കാരനെന്ന നിലയിൽ എന്തുമാത്രം നമുക്ക് അഭിമാനിക്കാൻ വകയുണ്ട്. നമ്മുടെ ദേവയാനി ഖോബ്രഗഡെയെ അമേരിക്ക അധിക്ഷേപിച്ചതിൽ നമുക്കൊക്കെ ദു:ഖം തോന്നി. നമ്മുടെ വിദേ ശത്തുള്ള ആളുകൾ ഇന്ത്യാക്കാരെ ബഹുമാനിക്കാതിരുന്നാൽ നമുക്ക് ആക്ഷേപം പറയാൻ ധാർമ്മികമായ എന്ത് അവകാശമാണുള്ളത്? നാം പരസ്പരം ബഹുമാനിക്കുന്നുണ്ടോ? നാം പരസ്പരം സ്നേഹിക്കുന്നുണ്ടോ, ബഹുമാനിക്കുന്നുണ്ടോ? ഒരേയൊരു ഇന്ത്യയെ നമുക്ക് കാണാൻ സാധിക്കു ന്നുണ്ടോ? എന്തുകൊണ്ടാണ് ഇന്ത്യാ രാജ്യത്ത് ഇങ്ങനെയുള്ള പ്രശ്നങ്ങൾ ഉണ്ടായത്? ഇപ്പോൾ ലോകസഭാ തെരഞ്ഞെടുപ്പ് വരികയാണല്ലോ. ആ സമയത്തല്ലേ ഇത് ചോദിക്കേണ്ടത്. ആ സമയത്തല്ലേ നമ്മൾ ഇതിനെക്കുറിച്ച് ചിന്തിക്കേണ്ടത്. നമ്മൾ ഒരുപാട് സമരങ്ങളെക്കുറിച്ച് കേട്ടിട്ടുണ്ട്. ശ്രീമതി കെ. കെ. രമ, സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് സെക്രട്ടേറിയറ്റിൽ സമരമിരിക്കുന്നു. ന്യായമായ കാര്യമാണെങ്കിൽ സി.ബി.ഐ. അന്വേഷണം നമ്മൾ അംഗീകരിച്ചുകൊടുക്കേണ്ട ഒരു കാര്യമാണ്. അല്ലെന്ന് ഞാൻ പറയുന്നില്ല. ഇറോം ഷർമ്മിള, ആ സഹോദരി 13 വർഷമായി നിരാഹാര സത്യാഗ്രഹത്തിലാണ്. നമുക്ക് എന്തെങ്കിലും വേദനയുണ്ടോ? സായുധസേനക്ക് കൊടുത്തിട്ടുള്ള അമിതാധികാരം റദ്ദാക്കണമെന്നാവശ്യപ്പെ ട്ടുകൊണ്ട് 13 കൊല്ലം മൂക്കിലൂടെ മാത്രം കുഴൽ വഴി ലിക്വിഡായിട്ടുള്ള

ഫുഡ് കഴിച്ച് ഒരു സ്ത്രീ സത്യാഗ്രഹമിരിക്കുന്നു. നമുക്ക് സ്ത്രീകളോട് ബഹുമാനമുണ്ട്. 13 വർഷം തുടർച്ചയായി സത്യാഗ്രഹമിരിക്കാൻ, നിരാഹാര മിരിക്കാൻ ഇറോം ഷർമ്മിള എന്ന് പറയുന്ന ഒരു പെൺകുട്ടിക്ക് സാധിച്ചത് എന്തുകൊണ്ടാണ്? അവരുടെ നിശ്ചയദാർഢ്യത്തിന്റെ പിന്നിൽ എന്താണ്? അവരുടെ കണ്ണുകൊണ്ട് ചില വെടിവെയ്പ്പുകളും ചില ആക്രമണങ്ങളും ചില അനീതികളും കണ്ടതുകൊണ്ടാണ്. അങ്ങനെയുള്ള ഇറോം ഷർമ്മിളമാർ എന്തുകൊണ്ട് ഉണ്ടാകുന്നു? നമ്മുടെ രാജ്യത്ത് ഇപ്പോൾ മാവോയിസ്റ്റ് പ്രശ്ന ങ്ങൾ വർദ്ധിച്ചുവരുന്നു. 280 ജില്ലകളിൽ മാവോയിസ്റ്റ് സ്വാധീനമുണ്ടെന്നും പറയുന്നു. എന്തിന്, കേരളത്തിലെ നിലമ്പൂർ കാട്ടിലും മാവോയിസ്റ്റുകളു ണ്ടെന്നൊക്കെ പറയുന്നു. നമ്മൾ എന്തുകൊണ്ട് ഇതൊന്നും മനസ്സിലാക്കു ന്നില്ല? എന്തുകൊണ്ടാണ് ഇതൊക്കെ സംഭവിക്കുന്നത്? ഇന്ത്യാരാജ്യം ഒരു തെരഞ്ഞെടുപ്പിനെ നേരിടുന്ന സന്ദർഭത്തിൽ നമ്മുടെ നാട്ടിലുണ്ടായ വേറൊരു സംഭവം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇറ്റാലി യൻ കടൽകൊല കേസ് വലിയൊരു സംഭവമായിരുന്നു. നിയമസഭ ധാർമ്മിക രോഷം കൊണ്ട് അണപൊട്ടി ഒഴുകിയ ദിവസങ്ങൾ വരെ ഉണ്ടായിരുന്നു. ഇറ്റാലിയൻ കടൽക്കൊല നടത്തിയ നാവികർക്കുവേണ്ടി ഇറ്റലിയുടെ വിദേശ കാര്യമന്ത്രിയും ഇറ്റലിയിലെ ഭരണാധികാരികളും എന്തുമാത്രമാണ്, കേരള ത്തിലേയ്ക്ക് എത്ര തവണയാണ് വന്നത്? അവർ ആരുമായിട്ടൊക്കെയാണ് ബന്ധപ്പെട്ടത്? നമ്മുടെ എത്രയോ പൗരന്മാർ ഏതെല്ലാം പ്രദേശങ്ങളിൽ, ഏതെല്ലാം രാജ്യങ്ങളിൽ ജ്ഞാതവും അജ്ഞാതവുമായ, പ്രദേശങ്ങളിൽ കിടന്ന് കഷ്ടപ്പെടുന്നുണ്ടാകും. ആ പ്രാധാന്യം നമ്മുടെ പൗരന്മാർക്ക് കൊടു ക്കുന്നുണ്ടോ? ദേശീയ ഉദ്ഗ്രഥനത്തിന്റെ അഭാവം ഒരു നാഷണൽ

ഫീലിംഗിന്റെ അഭാവം, ഇപ്പോൾ നമുക്ക് നാഷണൽ ഇന്റഗ്രേഷൻ കൗൺസിലുണ്ട്. നാഷണൽ ഇന്റഗ്രേഷൻ എന്ന് പറഞ്ഞാൽ നമ്മളെ സംബന്ധിച്ച് അതൊരു കൗൺസിലായിട്ട് മാറിയിരിക്കുകയാണ്. അത് ജില്ല കൾ തോറും ഉണ്ടാക്കേണ്ടതാണ്. ആ നാഷണൽ ഫീലിംഗ് എല്ലാ പ്രദേ ശത്തും ഉണ്ടാക്കേണ്ടതാണ്. നമ്മൾ ഒരുമിച്ച് നിൽക്കേണ്ടതാണ്. ഒരേയൊരു ഇന്ത്യയെന്നുള്ള മനോഭാവം ഉണ്ടാക്കേണ്ടതാണ്. ഇപ്പോൾ ലോക്സഭാ തെരഞ്ഞെടുപ്പ് വരുന്നു, ഈ ലോകസഭാ തെരഞ്ഞെടുപ്പിനുവേണ്ടി കോൺഗ്രസ്സും ബി.ജെ.പി.യുമല്ലാതെ നോൺ കോൺഗ്രസ്സും നോൺ ബി.ജെ. പി.യും മുന്നണി ഉണ്ടാക്കുന്നതിനെക്കുറിച്ച് എ.ഐ.ഡി.എം.കെ.–യും ജനതാ ദളും ഇടതുപക്ഷ പാർട്ടികളെല്ലാം ചേർന്നൊരു തേർഡ് ആൾട്ടർനേറ്റീവിനെ പ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുന്നു. ഞാൻ ചോദിക്കുന്നു, അതിൽ ഇടതു പക്ഷ പാർട്ടിയൊഴിച്ച് വേറെയേതു പാർട്ടികൾക്കാണ് ഒരു ദേശീയ നയമു ള്ളത്? വേറെ ഏത് പാർട്ടിക്കാണ് ഒരുസാർവ്വദേശീയ നയമുള്ളത്? കോർപ്പ റേറ്റ് ഭീമന്മാരോടും സാമ്രാജ്യത്വത്തോടും നാടുവാഴിത്തത്തോടും ഒരു സമീ പനമുള്ള ഏതൊരു പാർട്ടിയാണ് ആ മുന്നണിയിലുണ്ടാവുക? എന്തുകൊണ്ട് ഇല്ല. അത് ഞാൻ നേരത്തെ പറഞ്ഞ പ്രശ്നങ്ങളുടെ ബാക്കിയാണ്. എ.ഐ. ഡി.എം.കെ., ഡി.എം.കെ., തെലുങ്കുദേശം, അകാലിദൾ തുടങ്ങി നിരവധി പ്രാദേശിക പാർട്ടികൾ ഉണ്ട്. അവർക്കൊരു സാർവ്വദേശീയ നയത്തിന്റെ ആവശ്യമില്ല. അവർക്ക് ഒരു ദേശീയ നയത്തിന്റെയും ആവശ്യമില്ല. എന്തു കൊണ്ടാണ് ആ പാർട്ടികൾ ശക്തിപ്പെടുന്നത്? എന്തുകൊണ്ട് നാഷണൽ പാർട്ടികൾ ക്ഷീണിച്ചുവരുന്നു. നാഷണൽ പാർട്ടികൾ പലപ്പോഴും നാഷണൽ അല്ലാതായി തീരുന്നതുകൊണ്ടാണ്. National Party must be National -

every hook and corner of India. ഇന്ത്യാ രാജ്യത്തിന്റെ എല്ലാ ഭൂപ്രദേശങ്ങളോടും എല്ലാ ജനവിഭാഗങ്ങളോടും ഒരുപോലെ നീതി ചെയ്യാൻ സാധിക്കാത്തതുകൊണ്ടാണ് ഈ പ്രശ്നങ്ങളെല്ലാം ഉയർന്നുവരുന്നത്. അതുകൊണ്ട് ഇന്ത്യാരാജ്യത്തിന്റെ എല്ലാ പ്രദേശങ്ങളോടും നീതി ചെയ്യാൻ സാധിക്കണം. എല്ലാ ജനവിഭാഗങ്ങളോടും നീതി ചെയ്യാൻ സാധിക്കണം. അതിന് നമുക്ക് സാധിക്കണമെങ്കിൽ, അത് പറയാൻ മലയാളിക്ക് അവകാശമുണ്ടാകണമെങ്കിൽ മലബാറിനോട് നീതി ചെയ്യാൻ കേരളത്തിന് സാധിക്കണം. അതുപോലെ ആദിവാസികളോട് നീതി ചെയ്യാൻ സാധിക്കണം. കുട്ടനാടിനോടും നീതി ചെയ്യാൻ സാധിക്കണം. അതുകൊണ്ട് കേരളം പലപ്പോഴും കേന്ദ്ര സർക്കാരിനെതിരായിട്ട് പ്രക്ഷോഭം നടത്താറുണ്ട്. കേന്ദ്രത്തിൽ നിന്ന് കൂടുതൽ നീതി കിട്ടുന്നതിനുവേണ്ടി കേരളം ഒറ്റക്കെട്ടായി നിന്ന് ............ നമുക്ക് അറിയാവുന്നൊരു മാർഗ്ഗം ഹർത്താലും പ്രതിഷേധവും ബന്ദും മാത്രമാണ്. അതൊക്കെ നമ്മുടെ കേരളത്തിൽ നടത്താറുണ്ട്. അതിന് സമാനമായൊരു പ്രവൃത്തിതന്നെയാണ് ഇത്. കേന്ദ്രത്തോട് കേരളം ആവശ്യപ്പെടുന്നതുപോലെ ഡീ–സെൻട്രലൈസേഷന്റെ ഭാഗമായി അധികാരവികേന്ദ്രീകരണത്തിന്റെ രണ്ടാം ഘട്ടമെന്ന നിലയിലെങ്കിലും ഇതുപോലുള്ള ഒരു സന്തുലിതമായ വികാസം കേരളത്തിൽ സാധിതപ്രായമാക്കാനുള്ള പരിശ്രമം നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഒന്നുരണ്ടു കാര്യങ്ങൾ പറഞ്ഞ് ഞാൻ പ്രസംഗം അവസാനിപ്പിക്കാം. നമ്മുടെ മഹത്തായ ഭാരതത്തെക്കുറിച്ച് പണ്ട് ഒ.എൻ.വി. ഒരു കവിത പാടിയിട്ടുണ്ട്.

> ‘പന്തിരുകുലം പെറ്റ പറയിക്കുമമ്മനീ
> എണ്ണിയാൽ തീരാത്ത തങ്ങളിലിണങ്ങാത്ത
> സന്തതികളെ നൊന്തുപെറ്റു

ഒന്ന് മറ്റൊന്നിനെ കൊന്നുതിന്നുന്നതും
കണ്ണാലെ കണ്ടിട്ടും ഒരുവരും കാണാതെ
കണ്ണീരൊഴുക്കി നീ നിന്നു
പിന്നെ നിന്നെത്തന്നെ അൽപ്പാൽപ്പമായി
തിന്നുതിന്നവർ തിമിർക്കവെ
ഏതും വിലക്കാതെ നിന്നുനീ സർവ്വം സഹയായി'

അതുപോലെ പന്തിരുകുലം പെറ്റ പറയിയെപോലെ ഒരുപാട് മക്കളെപ്പെറ്റിട്ട് പരസ്പരം കൊന്നുതിന്നുന്നത് നിസ്സഹായിയായി നോക്കിനിൽക്കേണ്ടുന്ന ഒര വസ്ഥ നമുക്ക് ഉണ്ടാകാൻ പാടില്ല. അതുകൊണ്ട് ഈ സംസ്ഥാനത്തിന്റെ ബഡ്ജറ്റിനെക്കുറിച്ച് ആലോചിക്കുമ്പോൾ, ഈ സംസ്ഥാനത്തെ എല്ലാ ജനവി ഭാഗങ്ങളോടും നീതി ചെയ്യാൻ സാധിച്ചുവോ, അത് ശാസ്ത്രീയമായ ഒന്നായി രുന്നുവോ ഇല്ലെങ്കിൽ എന്തുകൊണ്ട്, അതിനെ സംബന്ധിച്ച് വ്യക്തമായ ഒരു പഠനം നടത്തി മലബാർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ അർഹതപ്പെട്ട വികസനമെത്തിക്കുന്നതിനുള്ള ശക്തമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ വിനീതമായി അപേക്ഷിക്കുകയാണ്. മലബാറിൽ ഒരു സെക്രട്ടേറിയറ്റിന്റെ അനക്സ് ഉണ്ടാക്കണമെന്ന ഒരു ആവശ്യം മുമ്പ് ഞാൻ സഭയിൽ ഉന്നയിച്ചിട്ടുള്ള ഒരു കാര്യമാണ്. ആ ആവശ്യവും ഞാൻ അതുപോലെ വീണ്ടും ഉന്നയിക്കുകയാണ്. ലോക്സഭാ തെരഞ്ഞെടുപ്പിന് മുമ്പ് തന്നെ ഒരു പഠനത്തിനുവേണ്ടി ഒരു കമ്മീഷനെ നിയോഗിച്ച് മലബാർ ഉൾപ്പെടെയുള്ള എല്ലാ പ്രദേശത്തിന്റെയും വികസനത്തെക്കുറിച്ച്, വീഴ്ചകളെ ക്കുറിച്ച്, അവഗണനയെക്കുറിച്ച് ഒരു പഠനം നടത്താൻ സർക്കാർ തയ്യാറാക ണമെന്ന് അപേക്ഷിച്ചുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണച്ചു കൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. മാത്യു. റ്റി. തോമസ്: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. രാവിലെ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ ഒരു കാര്യം വ്യക്തമായി ഗവൺമെന്റ് ഒരു പി.പി.പി. ഗവൺമെന്റാണെന്ന്. പ്രഖ്യാപനങ്ങൾ, പ്രചരണങ്ങൾ, പ്രഹസനങ്ങൾ, ഇതാണ് മൂന്ന് പി. മാണിസാറ് സാധാരണ ഒരു പി കൂടി അഡീഷണലായി ചേർക്കാറുണ്ട്. പി.പി.പി.പി ഗവൺമെന്റ് – പ്രജകളെ പറഞ്ഞു പറ്റിക്കുന്ന പരിപാടിയാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. മാണിസാറിന്റെ പന്ത്രണ്ടാമത്തെയും ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള നാലാമത്തെയും ബഡ്ജറ്റാണ് ഇപ്പോൾ കഴിഞ്ഞത്. കഴിഞ്ഞ മൂന്ന് ബഡ്ജറ്റിൽ അവതരിപ്പിച്ച അല്ലെങ്കിൽ പ്രഖ്യാപിച്ച പ്രഖ്യാപനങ്ങളിൽ നടപ്പിലാക്കിയതെത്രയെന്നത് സംബന്ധിച്ച് ഒരു ധവള പത്രം നിയമസഭയിൽ വയ്ക്കാൻ അദ്ദേഹം തയ്യാറാകുമോ? എന്തെല്ലാം മനോഹരമായ പ്രഖ്യാപനങ്ങൾ നടത്തി; ആ പ്രഖ്യാപനങ്ങളിൽ എത്രയെണ്ണം നടപ്പാക്കാൻ കഴിഞ്ഞുവെന്ന് പറയാൻ കഴിയുമോ? ഇവിടെ ധനകാര്യ മാനേജ്മെന്റ് എങ്ങനെയാണ്? കേരളത്തിന്റെ ധനസ്ഥിതി എന്താണ്? ഇവിടുത്തെ വികസന പ്രവർത്തനങ്ങൾക്ക് പണമുണ്ടോ? ഫെബ്രുവരി മാസത്തിൽ എത്തിനിൽക്കുകയാണ്. വാർഷിക പദ്ധതിയിൽ ജനുവരി 31 വരെ എത്ര ശതമാനം പണം ചിലവാക്കിയെന്ന് ഈ സഭയിൽ സത്യസന്ധമായി ഒരു കണക്കവതരിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ? ഇന്ന് ബഹുമാനപ്പെട്ട ശ്രീ. കെ. മുരളീധരൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിച്ചുകൊണ്ട് സംസാരിച്ചു. ബഡ്ജറ്റ് ചർച്ചയിൽ അദ്ദേഹം പറഞ്ഞു മാറിസാറിന്റെ പഴയ തലയെടുപ്പ് ഈ ബഡ്ജറ്റിനില്ല, അല്ലെങ്കിൽ പഴയ ബഡ്ജറ്റുകളുടെ തലയെ

ടുപ്പ് ഇതിനില്ല. ഇതൊരു കൺഫ്യൂസിംഗ് ബഡ്ജറ്റാണെന്ന് ഞാൻ പറയും. ഈ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴും, മറുപടി പറഞ്ഞപ്പോഴും കൺഫ്യൂഷൻ മാത്രമേയുള്ളു. അത് കഴിഞ്ഞ് ഇന്നത്തെ അവസ്ഥയിലും ആ കൺഫ്യൂഷൻ നിലനിൽക്കുകയാണ്. ഈ ബഡ്ജറ്റിൽ മറുപടി പറയുന്ന സമയം പുതിയ പ്രഖ്യാപനം കൂട്ടത്തിൽ നടത്തും. മന്ത്രിമാർ അത് ചെയ്യാറുണ്ട്. 2007-ൽ ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ നടത്തിയ പ്രഖ്യാപനത്തിനിടെ ഫൈനൽ്ടൈ അപ്പോൾ പറയണമെന്ന ക്രമപ്രശ്നമുന്നയിച്ചത് മാണിസാറാണ്. മാണിസാർ ആ ക്രമപ്രശ്നമുന്നയിച്ചപ്പോൾ അന്നത്തെ പ്രതിപക്ഷ നേതാവായ ശ്രീ. ഉമ്മൻചാണ്ടി അതേറ്റു പിടിച്ചു. എന്റെ കയ്യിൽ ആ നടപടിക്രമത്തിന്റെ മുഴുവൻ ടെക്സ്റ്റും ഉണ്ട്. കൃത്യമായി കണക്കവതരിപ്പിക്കാൻ ഈ ബഡ്ജറ്റിലൂടെ കഴിയാത്തതുകൊണ്ട് ഞങ്ങൾ ഇറങ്ങിപ്പോകുന്നു എന്ന് പറഞ്ഞ അതേ മാണിസാർ ബഡ്ജറ്റ് അവതരിപ്പിച്ചു. ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രി ആയിരിക്കുമ്പോൾ ഇതുവരെ ഈ പ്രഖ്യാപിച്ച ഇളവുകൾ ചേർത്തുള്ളൊരു  ഫൈനൽടൈ നമ്മുടെ സഭയിൽ ഇതുവരെ വന്നിട്ടില്ല. എത്രയാണ് അന്തിമമായ കമ്മി എന്ന് ചോദിച്ചാൽ മാണിസാറിന്റെ പിറന്നാളിന് മാണിസാറിന് വയസ്സെത്രയായി എന്ന് ചോദിക്കുമ്പോൾ കിട്ടുന്ന മറുപടി പോലെയുള്ള ഒരു മറുപടി മാത്രമേ ഇവിടെ കിട്ടിയിട്ടുള്ളു. അതൊരു എസ്റ്റിമേറ്റാണ്, കൃത്യമായി പറയാൻ കഴിയില്ല. കൃത്യമായി ഖജനാവിലേക്ക് എത്ര പണം വരുമെന്നും എത്ര പണം ചെലവാക്കുമെന്നും ഒരു ബഡ്ജറ്റ് എസ്റ്റിമേറ്റ് സമയത്ത് പറയാൻ കഴിയില്ല. പക്ഷേ പിരിച്ചെടുക്കുന്ന നികുതിയുടെ ശതമാന നിരക്ക് കൃത്യമായി പറയാതെ  എങ്ങനെയാണ് സംസ്ഥാന സർക്കാരിന് മുന്നോട്ട് പോവാൻ കഴിയുക. ആ നികുതിയുടെ ശതമാന നിരക്കു

പോലും കൃത്യമായി പറയാൻ കഴിയാത്ത ഒരു കൺഫ്യൂഷൻ ബഡ്ജറ്റാണ് ഇപ്പോൾ സഭയുടെ മുമ്പിലുള്ളത്. ഒരു കാര്യം ഞാൻ ചോദിക്കാനാഗ്രഹിക്കുകയാണ്, കഴിഞ്ഞ വർഷം നമ്മൾ പാസ്സാക്കിയതാണ് ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്റ്റ്. ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ തന്നെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു, ഫിസ്ക്കൽ റസ്പോൺസിബിലിറ്റി ആക്റ്റിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥയിലേക്ക് എത്തിച്ചേരാൻ കഴിയുന്നില്ല. ഞാൻ ചോദിക്കുന്നത്, ഫൈനൽടൈ പറയുന്നെങ്കിൽ അത് ഈ ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്റ്റിന്റെ ഏത് അടുത്തു വരെ എത്തിയെന്നുള്ളത് സഭയിൽ വ്യക്തമാക്കണ്ടേ? കമ്മി എത്ര ശതമാനമായി കുറയ്ക്കണം എന്ന് ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്റ്റിൽ പറയുന്നു. അതിന്റെ ഏതെങ്കിലുമൊരു അയൽവക്കത്ത് എത്താൻ കഴിഞ്ഞിട്ടുണ്ടോ? ഏതെങ്കിലും മേഖലയിൽ ഈ ഗവൺമെന്റിന് പ്രവർത്തിക്കാൻ കഴിയുന്നുണ്ടോ? ഇപ്പോൾ പണം അനുവദിച്ചുകൊടുക്കാൻ പോവുകയാണെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അൽപ്പം മുമ്പ് ഇവിടെ ഉണ്ടായിരുന്നു. പൊതുമരാമത്ത് വകുപ്പിൽ 2000 കോടി രൂപ കുടിശ്ശികയാണ്. കരാരുകാർക്ക് കൊടുത്തു തീർക്കാനുണ്ട്. അതുകൊണ്ടുതന്നെ ഇപ്പോൾ വിളിക്കുന്ന ദർഘാസുകളിലെല്ലാം അധികരിച്ച നിരക്കാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഉണ്ടായിരുന്ന സമയത്ത് കരാറുകാർക്ക് യഥാസമയം പണം കിട്ടിയിരുന്നു എന്നുള്ളതുകൊണ്ട് എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ നിരക്കിൽ അവർ പണിയെടുക്കുമായിരുന്നു. ഇന്ന് നാൽപതും അൻപതും ശതമാനമായി അധികരിച്ച നിരക്കിലേക്ക് കാര്യങ്ങളെത്തിയിരിക്കുകയാണ്. മരാമത്ത് പണികൾ മുഴുവൻ സ്തംഭനാവ

സ്ഥയിലേക്ക് നീങ്ങുകയാണ്. നിർമ്മാണ വസ്തുക്കൾ കിട്ടാനില്ല. എങ്ങനെ യെങ്കിലും നിർമ്മാണ വസ്തുക്കൾ സംഘടിപ്പിച്ച് പണി നടത്തിക്കഴിഞ്ഞ് കരാറുകാർക്ക് പണമില്ലെന്ന സ്ഥിതി വന്നു കഴിഞ്ഞാൽ പണികളേറ്റെടുക്കാൻ അവർ തയ്യാറാവില്ല. കേരളത്തിലെ നിർമ്മാണ പ്രവർത്തികൾ നിന്നുപോവുക എന്നു പറഞ്ഞാൽ നമ്മുടെ വികസന മേഖലയിൽ വലിയ മരവിപ്പാണ് ഉണ്ടാ കാൻ പോകുന്നത്. മുസ്ലീം ലീഗിന് അഞ്ച് മന്ത്രിമാരുണ്ടല്ലോ. കാര്യമായ സ്വാധീനം ഇന്നത്തെ ഭരണ സംവിധാനത്തിലുമുണ്ട്. കേരളത്തിലെ മരാമത്തു വകുപ്പിലൂടെ കരാറുകാർക്കു കൊടുക്കാനുള്ള പണം ഉടനടി കൊടുത്തു തീർക്കണമെന്ന് പറയുന്നതിനുള്ള ആർജ്ജവം എന്തുകൊണ്ട് ഈ മുസ്ലീം ലീഗിലെ എം.എൽ.എ.മാർ ഇവിടെ സംസാരിക്കുമ്പോൾ അവർക്ക് പറയാൻ കഴിയുന്നില്ല. കേരളത്തിൽ നിർമ്മാണ പ്രവൃത്തികൾ വേണ്ടേ; റോഡുകൾ പണിയണ്ടേ; പാലങ്ങൾ പണിയണ്ടേ; ഇവിടുത്തെ വികസന രംഗത്തിന് മുന്നോട്ടുപോകാൻ കഴിയണ്ടേ? ഈ കുടിശ്ശിക കൊടുത്തു തീർക്കാനുള്ള സംസ്ഥാന സർക്കാരിന്റെ പദ്ധതിയെന്താണെന്ന് ഇവിടെ വ്യക്തമാക്കുവാൻ കഴിഞ്ഞിട്ടില്ല. ഓരോ വകുപ്പിനെ സംബന്ധിച്ചും നോക്കുകയാണെങ്കിൽ പരാജയത്തിന്റെ കൂമ്പാരങ്ങളായി മാറുകയാണ്. കൃഷി വകുപ്പിൽ നിയമസഭ അനുവദിച്ചു കൊടുക്കുന്ന ബഡ്ജറ്റ് തുക ചെലവാക്കുന്നതിൽ വലിയ കുറവ് വന്നിരിക്കുന്നു. കേന്ദ്ര പദ്ധതികൾ ഇപ്പോൾ ആർ.കെ.വി.വൈ. അടക്കം കിട്ടു ന്നതിന്റെ 20 ശതമാനം പോലും ചിലവാക്കാത്ത അവസ്ഥയിലേക്ക് കൃഷി വകുപ്പ് എത്തിച്ചേരുകയാണ്. ഈ വകുപ്പിൽ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം കാർഷിക നയം രൂപപ്പെടുത്താൻ വേണ്ടി ഒരു കമ്മീഷനെ നിയോഗിച്ചു. ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും അച്ചടിയും

സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ.പി. മോഹനന്റെ പാർട്ടിക്കാരനായിരുന്ന ശ്രീ. കെ. കൃഷ്ണൻകുട്ടി അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ വച്ചു. ആ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു. ഈ റിപ്പോർട്ടിന് എന്ത് സംഭവിച്ചു? കെ. കൃഷ്ണൻകുട്ടിയുടെ രാഷ്ട്രീയം മാറി. അദ്ദേഹം നാളെ ഞങ്ങളുടെ പാർട്ടിയിൽ തിരികെ ചേരുകയാണ്. ഗവൺമെന്റ് നിയോഗിച്ചൊരു കമ്മീഷൻ കാർഷികമേഖലയിൽ സ്വീകരിക്കേണ്ടുന്ന നയങ്ങളെ സംബന്ധിച്ച്, പരിപാടികളെ സബന്ധിച്ച് വ്യക്തമായ ശുപാർശകൾ സമർപ്പിച്ചു കഴിഞ്ഞാൽ..... അങ്ങ് ശ്രീ. കൃഷ്ണൻകുട്ടിയോടൊപ്പം ഇങ്ങോട്ട് വരാത്തതിൽ ഞങ്ങൾക്ക് വിഷമമുണ്ട്. പക്ഷേ ഗവൺമെന്റ് വച്ചൊരു കമ്മീഷന്റെ റിപ്പോർട്ടിൽ പറയുന്ന ശുപാർശകളെന്ത് എന്നറിയാൻ നിയമസഭയിലെ അംഗങ്ങൾക്ക് അധികാരമില്ലേ? ഗവൺമെന്റ് അത് സ്വീകരിക്കുന്നുണ്ടോ? അദ്ദേഹത്തിന്റെ രാഷ്ട്രീയം മാറിയെന്നുള്ളതുകൊണ്ട് കാർഷിക നയത്തിൽ വച്ച ശുപാർശ തള്ളിക്കളയേണ്ട കാര്യമെന്താണ്? ഇവിടെ കുളമ്പു രോഗമുണ്ടായി. കുളമ്പുരോഗം വന്ന് പശുക്കൾ മരിച്ചവർക്ക് 40,000 രുപ സഹായം കൊടുക്കുമെന്ന് പറഞ്ഞു. എത്ര പേർക്ക് കൊടുത്തു? 20,000 രൂപ മൃഗസംരക്ഷണ വകുപ്പിൽ നിന്ന്, 10,000 രുപ ക്ഷീരവികസന വകുപ്പിൽനിന്ന്, 10,000 രൂപ മിൽമയിൽ നിന്ന്. മിൽമ ആർക്കും കൊടുത്തിട്ടില്ല. ക്ഷീരവികസന വകുപ്പ് ബഹുമാനപ്പെട്ട മന്ത്രി തന്ന കണക്കു പ്രകാരം 4,69,000 രൂപ ചിലവാക്കി. എന്നു പറഞ്ഞാൽ 46 പേർക്ക് കൊടുത്തു. ഇവർക്ക് വേണ്ടത്ര ഫലസിദ്ധിയുള്ള വാക്സിൻ കൊടുക്കാൻ കഴിഞ്ഞില്ല. ചികിത്സിക്കാൻ മരുന്നില്ലാതെ പോയി. ഇതാണ് അവിടത്തെ പ്രശ്നം. എന്താണ് മറ്റു വകുപ്പിലെ സ്ഥിതി? ഇന്ന് തിരുവനന്തപുരത്ത് കെ.എസ്.ആർ.ടി.സി.-യുടെ മനോഹരമായൊരു ഷോപ്പിംഗ് കോംപ്ലക്സ്

കെട്ടിടം ഉത്ഘാടനം ചെയ്യുന്നു. നമുക്കൊക്കെ അഭിമാനിക്കാം. കേരളത്തിന്റെതന്നെ മുഖച്ഛായ മാറ്റുന്ന അതിമനോഹരമായ ഒരുകെട്ടിടമാണ് ഉത്ഘാടനം ചെയ്യുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് ആരംഭിച്ചതായിരുന്നു അത്. കെ.എസ്.ആർ.ടി.സി എന്ന സ്ഥാപനത്തെ രക്ഷിക്കാൻ വേണ്ടി എന്താണ് ഗവൺമെന്റിന്റെ നയം? ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണപരിപാടികൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് ആരംഭിച്ചതാണെന്നുള്ളതിന് ശ്രീ. പി. സി. ജോർജിന് സംശയമുണ്ടോ. അന്ന് ശ്രീ. പി.സി. ജോർജും ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നതല്ലേ? നമ്മളെല്ലാം കൂടി ചർച്ച ചെയ്ത് ഒരു നയം തീരുമാനിച്ചു. കെ.എസ്.ആർ.ടി.സി. സർവ്വീസ് രംഗത്ത് ലാഭകരമായിട്ട് ഓടുകയാണ്. ടിക്കറ്റിൽ നിന്നുള്ള വരുമാനംകൊണ്ട് ബസ് ഓടിക്കാനും ജീവനക്കാർക്ക് ശമ്പളം കൊടുക്കുവാനും ഡീസലടിക്കുവാനും കഴിയും. പെൻഷൻ കൊടുക്കാൻ പണമില്ല. സർവ്വീസിതര ചിലവുകൾക്ക് സർവ്വീസിതര വരുമാനമുണ്ടാക്കണം എന്ന് ആഗ്രഹിക്കുകയും അതിന് ഒരു നയമെന്ന നിലയിലാണ് പ്രധാനപ്പെട്ട എല്ലാ സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ അന്നത്തെ എൽ.ഡി.എഫ് ഗവൺമെന്റ് തീരുമാനിച്ചത്. എൽ.ഡി.എഫിന്റെ നയപരമായ തീരുമാനമാണത്. അത് നാലിടത്ത് ആരംഭിച്ചു. അഞ്ചാമതൊരിടത്ത് ആരംഭിക്കാൻ ഇവർക്ക് കഴിയുന്നുണ്ടോ? ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ മുഹമ്മദ് ഇപ്പോൾ ആ വകുപ്പ് വിട്ടു. രണ്ടു കാലിലും മന്തായിരുന്നു. ഇപ്പോൾ ഒരു കാലിലെ മന്ത് മാറിക്കിട്ടിയ ആശ്വാസത്തിലാണ് ആര്യാടൻ സാറ്. ഇനി ഇലക്ട്രിസിറ്റി വകുപ്പിലെ മന്ത് മാത്രം കൊണ്ടു നടന്നാൽ മതിയല്ലോ. അങ്ങനെ ഒരു വകുപ്പിലും കാര്യമായ മുന്നേറ്റമുണ്ടാക്കാത്ത ഒരു ഗവൺമെന്റാണ് കഴിഞ്ഞ കുറേ നാളുക

ളായി ഈ സംസ്ഥാനം ഭരിച്ചുകൊണ്ടിരിക്കുന്നത്. 2011-ൽ ഈ നിയമസഭ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ ഒരു കാര്യം പറഞ്ഞു. കേരളത്തിലെ ഒരു വലിയ പ്രശ്നമാണ് മാലിന്യ സംസ്ക്കരണമെന്നും അതിനുവേണ്ടി പ്രതിപക്ഷം സഹകരിക്കണമെന്നും. ഏതുപദ്ധതിയുമായും സഹകരിക്കാമെന്ന് പ്രതിപക്ഷം ഒറ്റക്കെട്ടായി പറഞ്ഞു. അന്ന് നഗരകാര്യ വകുപ്പിന്റെ ചുമതലയുണ്ടായിരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി വിളിച്ചു ചേർത്ത യോഗത്തിൽ പ്രതിപക്ഷം പങ്കെടുത്തു, 2011 ഒക്ടോബർ മുതൽ 2012 ഒക്ടോബർ 2 വരെയുള്ള ഒരു വർഷക്കാലം, ഗാന്ധി ജയന്തി മുതൽ ഗാന്ധി ജയന്തി വരെ, നിരവധി പദ്ധതികൾ നടപ്പിലാക്കി. 2012-ഓടുകൂടി കേരളത്തെ മാലിന്യവിമുക്തമാക്കി മാറ്റിയെടുക്കാൻ ബൃഹത്തായ ഒരു പദ്ധതി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എല്ലാ പിന്തുണയും ഇവിടെ കൊടുത്തു. എന്തെങ്കിലും നടന്നോ? എല്ലാ വകുപ്പും സമ്പൂർണ്ണ പരാജയം. എന്താണ് ആഭ്യന്തര വകുപ്പിൻെറ സ്ഥിതി? അതുകൂടി പറഞ്ഞ് ഞാനവസാനിപ്പിക്കാം. ആഭ്യന്തര വകുപ്പു മന്ത്രി കെ.പി.സി.സി. പ്രസിഡന്റു കൂടിയാണ്. അദ്ദേഹത്തിന്റെ ഒന്നാമത്തെ ഉത്തരവാദിത്വം ഏതാണെന്നുള്ളതിന് നിയമപരമായി ഒരു തർക്കവുമില്ല. ഏതായാലും കെ.പി.സി.സി പ്രസിഡന്റിനെ നിയോഗിക്കുന്ന ചുമതലകൂടി ചീഫ് വിപ്പിനെ ഏൽപ്പിച്ചുകൊടുത്താൽ വേഗം അത് നടക്കും. അദ്ദേഹമാണ് കെ.പി.സി.സി പ്രസിഡന്റിനെ ഉടൻതന്നെ തെരഞ്ഞെടുക്കുമെന്ന് പറഞ്ഞിരിക്കുന്നത്. കുറച്ചു ദിവസങ്ങളായി കണ്ടുവരുന്ന ബുദ്ധിമുട്ടെന്താണ്? ശ്രീ. രമേശ് ചെന്നിത്തലയെന്ന നിയമസഭയിലെ ബഹുമാന്യനായ മന്ത്രി, അദ്ദേഹം കെ.പി.സി.സി പ്രസിഡന്റായിട്ടാണോ പ്രവർത്തിക്കേണ്ടത്, ആഭ്യന്തര മന്ത്രിയായിട്ടാണോ പ്രവർത്തിക്കേണ്ടത്. അദ്ദേഹത്തിന്റെ

മുൻഗണനയെന്താണ്? ഒരു കാലഘട്ടത്തിലും പാർട്ടിയുടെ സമുന്നതനായ അദ്ധ്യക്ഷൻ, പരമാധികാരി, കേരളത്തിന്റെ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിട്ടില്ല. ആ പാർട്ടി പ്രവർത്തകരുടെ വികാരമുൾക്കൊണ്ടുകൊണ്ട് പാർട്ടിക്കുവേണ്ടി പ്രവർത്തിക്കേണ്ടുന്ന കെ.പി.സി.സി പ്രസിഡന്റ് ആഭ്യന്തര വകുപ്പുകൂടി കൈകാര്യം ചെയ്യുന്ന അവസ്ഥ. ഒന്നുകിലദ്ദേഹം കെ.പി.സി.സി പ്രസിഡന്റ് സ്ഥാനം വൈസ് പ്രസിഡന്റിനെ ഏൽപ്പിച്ച് രാജി വയ്ക്കട്ടെ. അല്ലെങ്കിൽ ആഭ്യന്തര വകുപ്പ് കൈയ്യൊഴിയട്ടെ. ഈ നാട്ടിലെ ക്രമസമാധാനമടക്കമുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ആഭ്യന്തര വകുപ്പിൽ കെ.പി.സി.സി. പ്രസിഡന്റ് പ്രവർത്തിക്കുന്നതിന്റെ ചില മോശമായ റിസൾട്ടുകൾ ഈ ദിവസങ്ങളിൽ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. അതിന് മാറ്റമുണ്ടാകണം. കേരളത്തിലെ ആഭ്യന്തര മന്ത്രി നിയമങ്ങൾ നിഷ്പക്ഷമായി നടപ്പാക്കുന്ന തരത്തിൽ പ്രവർത്തിക്കുന്ന സ്ഥിതിയുണ്ടാകണം. എല്ലാ വകുപ്പിലും അഴിമതിയും, കെടുകാര്യസ്ഥതയും, നിഷ്ക്രിയത്വവുമാണ്. ഇടതുപക്ഷത്തിന്റെ കാലത്ത് കൊണ്ടുവന്ന പ്രവർത്തനങ്ങൾ ഉത്ഘാടനം ചെയ്യുന്നുവെന്നല്ലാതെ ഒരു വികസ പ്രവർത്തനവും നടത്തുവാൻ കഴിയാത്ത ഈ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. പി.സി. ജോർജ്</u>: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുകയാണ്. അഞ്ച് വർഷം മന്ത്രിയായിരുന്ന ശ്രീ. മാത്യു. റ്റി. തോമസാണ് ഈ അബദ്ധം മുഴുവൻ പറഞ്ഞതെന്നോർക്കണം. ഇന്ന് ഫെബ്രുവരി മൂന്നേ ആയിട്ടുള്ളൂ. എക്സ്പെൻഡിച്ചർ മാർച്ച് 31 കഴിഞ്ഞാണ് കണക്കാക്കേണ്ടത്. ഇപ്പോഴേ കണക്കാക്കാൻ പറ്റില്ലെന്ന വിവരം ഈ സഭയിലെ

എം.എൽ.എ മാർക്കെല്ലാം അറിയാം. ഫെബ്രുവരി 3–ാം തീയതിതന്നെ കണക്ക് പറയണമെന്ന് പറഞ്ഞാൽ ധനകാര്യ വകുപ്പുമന്ത്രി എങ്ങനെ പറയും. ഇതൊക്കെ അറിയാവുന്ന ശ്രീ. മാത്യു റ്റി. തോമസ് ഇങ്ങനെ അബദ്ധം പറയാമോ. എന്തിനാണ് ഇങ്ങനെ ആവശ്യമില്ലാത്ത വർത്തമാനം പറയുന്നത്. സമയം കൂടുതലുണ്ടെന്ന് കരുതി മനുഷ്യന് മനസ്സിലാകുന്ന രീതിയിലൊക്കെ പറയണ്ടേ? കെ.പി.സി.സി പ്രസിഡന്റ് സ്ഥാനത്ത് ശ്രീ. രമേശ് ചെന്നിത്തല ഇരിക്കുന്നതാണ് അങ്ങേയ്ക്ക് ദു:ഖം. 8 വർഷം കെ.പി.സി.സി. യുടെ പ്രസിഡന്റായി കോൺഗ്രസിനെ മുന്നോട്ട് നയിച്ച പ്രിയങ്കരനായ നേതാവാണ് ശ്രീ. രമേശ് ചെന്നിത്തല എന്ന കാര്യത്തിൽ ഒരു തർക്കവും വേണ്ട. അദ്ദേഹത്തെ ന്യായീകരിക്കുകയെന്നത് യു.ഡി.എഫ്–ന്റെ ആളെന്ന നിലയിൽ എന്റെ ബാധ്യതയായതുകൊണ്ടാണ് പറയുന്നത്. ഞാൻ ഇതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ പ്രധാനപ്പെട്ട ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നത് കെ.എം.എം.എൽ–നെ സംബന്ധിച്ചാണ്. കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനവും എന്റെ കണക്കനുസരിച്ച് ചുരുങ്ങിയത് 20000 കോടി രൂപയെങ്കിലും ലാഭമുണ്ടാക്കാനും കഴിയുന്ന മഹത്തായ ഒരു പൊതുമേഖലാ സ്ഥാപനമാണ് കെ.എം.എം.എൽ. ആ സ്ഥാപനത്തിന്റെ ഗതി ഇന്നെന്താണെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി മനസ്സിലാക്കിയിട്ടുണ്ട്. അദ്ദേഹം ചില ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. ഞാൻ കഴിഞ്ഞ ദിവസം കെ.എം.എം.എൽ–ന്റെ വിഷയവുമായി ബന്ധപ്പെട്ട് ചവറ എന്ന സ്ഥലത്ത് പോകാനിടയായി. അവിടെ പന്മന പഞ്ചായത്തിൽ പന്മന, ചിറ്റൂർ, മേക്കാട്, **പൊന്മന** എന്നീ നാല് വാർഡുകളിലെ ജനങ്ങൾ വലിയ ദുരിതത്തിലാണ്. ഏഴായിര

ത്തോളം കുടുംബങ്ങളാണ് ഈ വാർഡുകളിൽ താമസിക്കുന്നത്. അവിടെ കെ.എം.എം.എൽ– ൽനിന്നുള്ള സൾഫ്യൂറിക് ആസിഡ് കലർന്ന റെഡ് അയൺ ഓക്സൈഡ് [ഫെറിക് ഓക്സൈഡ് ($Fe_2O_3$)] മൂന്നര ലക്ഷം ടൺ ആണ് കെട്ടിക്കിടക്കുന്നത്. ഇത് വലിയ ടാങ്കിൽ നിറച്ചിട്ടിരിക്കുകയാണ്. ഇതിൽ 15 ശതമാനം ആസിഡും 87 ശതമാനം ഇരുമ്പയിരാണ്. ഇരുമ്പയിരിന് ഇന്ന് ടണ്ണിന് 400 മുതൽ 700 ഡോളർ വരെ വിലയുണ്ട്. അതാണ് അവിടെ കെട്ടിക്കിടക്കുന്നത്. ടാങ്കിൽനിന്നും ആസിഡ് ചോർന്ന് പന്മന പഞ്ചായത്തിലെ പന്മന, ചിറ്റൂർ, മേക്കാട്, പൊന്മന എന്നീ നാല് വാർഡുകളിലെ ജനങ്ങൾ വലിയ ദുരിതത്തിലാണ്. അവിടെ തെങ്ങ് കൃഷി മുഴുവനും നശിച്ചു, പാടങ്ങളിൽ കൃഷി ചെയ്യാൻ കഴിയുന്നില്ല. അവിടെ ഏകദേശം മുന്നൂറ്റി അറുപത്തിരണ്ടോളം ആളുകൾ ക്യാൻസർ ബാധിതരായി മാറിയിരിക്കുന്നു. ഞാൻ വളരെയേറെ ആളുകളെ നേരിട്ടുകണ്ടിരുന്നു. കാസർഗോഡ് എൻഡോസൾഫാൻ ദുരന്തത്തെക്കാൾ വലിയ ദുരന്തം ഇവിടെയുണ്ടാകാൻ പോകുകയാണെന്ന കാര്യം ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനെ അറിയിക്കാൻ ആഗ്രഹിക്കുന്നു. ഇവിടെ ക്യാൻസർ പ്രോൺ ഏരിയയായി ആർ.സി.സി തന്നെ കണക്കാക്കി ആർ.സി.സി യുടെ സെന്റർ നീണ്ടകര ഫൗണ്ടേഷൻ ഹോസ്പിറ്റലിൽ തുടങ്ങിയിരിക്കുകയാണ്. ഇത് കേരളത്തിലെ ജനങ്ങൾ അറിഞ്ഞിട്ടില്ല. നീണ്ടകരയിലെ ഫൗണ്ടേഷൻ ഹോസ്പിറ്റലിൽ ആർ.സി.സി. യുടെ സെന്റർ ആരംഭിച്ചിരിക്കുന്നു എന്നുപറയുമ്പോൾ മാരകമായ ഈ സാഹചര്യം എത്ര വലുതാണെന്ന് മനസിലാക്കേണ്ടതുണ്ട്. അവിടെ ത്വക്‌രോഗം വ്യാപകമാണ്. കൊച്ചുകുട്ടികൾ മുതൽ പ്രായമായവർ വരെ എല്ലാവരും ശ്വാസംമുട്ടുള്ളവരാണ്. അതുപോലെ അവരുടെ കാൽപ്പാദങ്ങളിലും ശരീരത്തിലും

മുഴുവൻ കറുത്ത പാടുകൾ കാണാം. ശുദ്ധജലം അവിടെ കിട്ടാനില്ല. **വേസ്റ്റ് ടാങ്ക്** നാലെണ്ണമാണ് അവിടെ പണിതുവച്ചിട്ടുള്ളത്. അതിൽ നിന്നും ഉണ്ടാകുന്ന ചോർച്ചയാണ് ജനങ്ങളുടെ ദുരിതത്തിന് കാരണം. മൂന്നര ലക്ഷം ടൺ അയൺ ഓർ അസിഡ് വിമുക്തമാക്കി വിൽക്കാൻ കഴിഞ്ഞാൽ ............... 400 മുതൽ 700 ഡോളർ വരെ ടണ്ണിന് വിലയുണ്ട്. അവിടത്തെ സാഹചര്യം വളരെ അപകടകരമാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അടുത്ത ദിവസംതന്നെ അവിടം സന്ദർശിക്കുന്നുവെന്നാണ് ഞാൻ മനസിലാക്കിയിട്ടുള്ളത്. അങ്ങ് എത്രയും വേഗം അവിടം സന്ദർശിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് മനസിലാക്കണം. എന്നുമാത്രമല്ല ആ സ്ഥലങ്ങൾ മുഴുവനും ഗവൺമെന്റ് ഏറ്റെടുക്കണം. ഗവൺമെന്റ് ആ സ്ഥലം ഏറ്റെടുത്ത് കെ.എം.എം.എൽ–നു തന്നെ കൊടുക്കുകയും സ്ഥലം ഏറ്റെടുക്കുന്നതോടൊപ്പം ഓരോ കുടുംബത്തിൽനിന്നും ഒരാൾക്കെങ്കിലും ജോലി നൽകാനുള്ള നീതിബോധം ഗവൺമെന്റ് കാണിക്കണം. രോഗം ബാധിച്ചവരെ മുഴുവൻ ഗവൺമെന്റ് ഉത്തരവാദിത്തത്തിൽ ചികിത്സ നടത്താനും സാമ്പത്തിക സഹായം ചെയ്യാനും ഗവൺമെന്റ് തയ്യാറാകണം എന്നാണ് എനിക്ക് പറയാനുള്ളത്. ഇക്കാര്യത്തിൽ നീതിബോധമുള്ള വ്യവസായ വകുപ്പുമന്ത്രി ശക്തമായ ഇടപെടലുകൾ നടത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അദ്ദേഹം വാക്ക് പറഞ്ഞിട്ടുണ്ട്. വാക്ക് പാലിക്കുന്ന മന്ത്രിയുടെ നന്മക്കുവേണ്ടി അക്കാര്യം ഞാൻ സൂചിപ്പിക്കുന്നു എന്ന് മാത്രം. ഇന്ന് രാവിലെ മുതൽ ഈ സഭയിൽ ചർച്ച നടന്നതും അടുത്ത കാലത്തായി കേരളത്തിലെ രാഷ്ട്രീയരംഗത്ത് ഏറ്റവും ചർച്ച ചെയ്യപ്പെടുന്ന ഒരു സംഭവമാണ് ടി.പി. ചന്ദ്രശേഖരൻ കൊലപാതകം. ആ കൊലപാതകം നമ്മളെയെല്ലാം വേദനിപ്പിച്ചു. നമ്മളെ മാത്രമല്ല മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ്

പാർട്ടി നേതാക്കളെയും വേദനിപ്പിച്ചിട്ടുണ്ട്. 2012 മേയ് മാസം 6–ാം തീയതിയിലെ ദേശാഭിമാനി പത്രത്തിൽ ‘കൊലപാതകത്തിനുപിന്നിൽ ഗൂഢാലോചന: പിണറായി’ എന്ന തലക്കെട്ടിൽ ഒഞ്ചിയത്തെ ടി.പി. ചന്ദ്രശേഖരന്റെ കൊലപാതകത്തിൽ ഗൂഢാലോചനയുണ്ടെന്ന് സി.പി.ഐ(എം) സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ പറഞ്ഞു എന്നാണ് എഴുതിയിരിക്കുന്നത്. ടി.പി യുടെ കൊലപാതകത്തിന്റെ പിറ്റേദിവസമാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാനസെക്രട്ടറി പിണറായി വിജയൻ പറഞ്ഞത്. ദേശാഭിമാനി പത്രത്തിൽ വന്നതിനെക്കുറിച്ച് മാത്രമേ ഞാൻ പറയുന്നുള്ളൂ. മറ്റ് പത്രങ്ങളിലേയ്ക്ക് പോകുന്നില്ല. സി.പി.ഐ(എം)–നെ ജനമധ്യത്തിൽ താറടിക്കാൻ ഉന്നതതല ഗൂഢാലോചന നടന്നിട്ടുണ്ടെന്നും പ്രൊഫഷണൽ കൊലയാളികളെ വാടകയ്ക്കെടുത്ത് നടത്തിയതാണിതെന്ന് സംശയിക്കണമെന്നും തീവ്രവാദികൾ ചില പാർട്ടികളിൽ നുഴഞ്ഞുകയറിയിട്ടുണ്ടെന്ന ആക്ഷേപവും ഇക്കാര്യത്തിൽ അന്വേഷിക്കണമെന്നും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന ജനറൽ സെക്രട്ടറി പിണറായി വിജയൻ പറഞ്ഞ പ്രസ്താവനകളാണ്. 2012 മെയ് മാസം 6–ാം തീയതിയിലെ പത്രം ആർക്കുവേണമെങ്കിലും വായിക്കാവുന്നതാണ്. ദേശാഭിമാനി പത്രം പിണറായി വിജയനെപ്പറ്റി കള്ളം പറയില്ലല്ലോ. 6–ാം തീയതിയിലെ ആ പത്രത്തിൽ തന്നെയുള്ള മറ്റൊരു തലക്കെട്ട് ‘നിഷ്പക്ഷ അന്വേഷണം വേണം: സി.പി.ഐ(എം)’. ആസൂത്രിതമായ കൊലപാതകത്തിന് പിന്നിലെ ഗൂഢാലോചന വെളിച്ചത്ത് കൊണ്ടുവരാൻ പോലീസ് ഊർജ്ജിത ശ്രമം നടത്തണമെന്നും സി.പി.ഐ(എം) ആവശ്യപ്പെട്ടു. പ്രൊഫഷണൽ കൊലയാളികളാണ് കൊലയ്ക്ക് പിന്നിലെന്ന് ന്യായ

മായി സംശയിക്കണം, ആരാണ് കൊലയാളികളെ വാടകയ്ക്കെടുത്തതെന്ന് തെളിയിക്കണം, ക്വട്ടേഷൻ സംഘത്തെ ഉപയോഗിക്കുന്ന ശൈലി യു.ഡി. എഫ് നേതാക്കളുടേതാണ്. ഇത് ദേശാഭിമാനിയിലെ ഒരു പ്രമേയമാണ്. അടുത്ത ദിവസത്തെ പത്രത്തിലുള്ള മറ്റൊരു വാർത്ത കൂടി വായിക്കാം. അപ്പോൾ വസ്തുതയിലേയ്ക്ക് കടക്കാൻ കഴിയും. 'അന്വേഷണം അട്ടിമറി ക്കാൻ സർക്കാർ ഇടപെടൽ: കോടിയേരി, പോളിറ്റ് ബ്യൂറോ മെമ്പർ. 'തനിക്ക് വധഭീഷണിയുണ്ടെന്ന് ചന്ദ്രശേഖരൻ പലതവണ നേരിൽ കണ്ട് പറഞ്ഞുവെ ന്നാണ് കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രനും മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും സംസ്ഥാന ആഭ്യന്തരവകുപ്പുമന്ത്രി തിരുവഞ്ചൂർ രാധാകൃ ഷ്ണനും കെ.പി.സി.സി പ്രസിഡന്റ് രമേശ് ചെന്നിത്തലയും വെളിപ്പെടുത്തി യത്. അങ്ങനെയെങ്കിൽ അദ്ദേഹത്തിന് പോലീസ് സംരക്ഷണം നൽകാൻ എന്തുകൊണ്ട് തയ്യാറായില്ലെന്ന് സർക്കാർ വ്യക്തമാക്കണം. സർക്കാരിന്റെ അലംഭാവം കൊണ്ടാണ് കൊലപാതകം നടന്നത്. സംഭവം നടന്നയുടൻ കേന്ദ്ര ആഭ്യന്തരസഹമന്ത്രിയും സംസ്ഥാന............ അങ്ങനെ പറഞ്ഞിരിക്കുക യാണ്. ഇത് സി.പി.ഐ(എം)–ലെ പോളിറ്റ് ബ്യൂറോ മെമ്പറായ ശ്രീ. കോടി യേരി ബാലകൃഷ്ണന്റെ പ്രസ്താവനയാണ്. അദ്ദേഹം പറഞ്ഞത് കൊലപാ തകം നടത്താനുള്ള ശ്രമം നടക്കുന്നു. അതിന് ഗൂഢാലോചനയുണ്ടെന്ന് കേര ളത്തിലെ മന്ത്രിമാർ അറിഞ്ഞിട്ടും പ്രിയങ്കരനായ ടി.പി യെ കൊലചെയ്യാനുള്ള അവസരമുണ്ടാക്കിക്കൊടുത്തു എന്ന ആരോപണമാണ് ദേശാഭിമാനിയിൽ പാർട്ടിയുടെ പോളിറ്റ് ബ്യൂറോ മെമ്പറായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ചിരിക്കുന്നത്. കേരളത്തിന്റെ ആഭ്യന്തരവകുപ്പുമന്ത്രിയായി പാർട്ടി യുടെ പോളിറ്റ് ബ്യൂറോ മെമ്പർ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അധികാര

ത്തിലിരിക്കുമ്പോഴുള്ള അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ഇന്റലിജൻസിന്റെ 19–11–2010–ലെ റിപ്പോർട്ടാണിത്. അതിലെന്താണ് പറയുന്ന തെന്ന് പരിശോധിച്ചാൽ നമുക്ക് സത്യത്തിലേയ്ക്ക് കടക്കാമല്ലോ. ആർക്കും തർക്കത്തിന്റെ ആവശ്യമില്ലല്ലോ. അതിൽ പറയുന്നത്,

Note one - CPI (M) plan of attack on Revolutionary Marxist Party Leader. There is unconfirmed information that some CPI (M) workers from Kannur district had come twice to Onchiyam within Chempola Police Station, Kozhikode rural district to attack Shri T.P. Chandrasekharan, Area Secretary, Revolutionary Marxist Party, Onchiyam. However they are learned to have gone back to do some trailer in the plan of attack. Some cadres of CPI (M) Onchiyam area consider Chandreasekaran as their main enemy and they believe that his annihilation would result in the ruin of Revolutionary Marxist Party. As such ................. on his life cannot be ruled out. Any attack on Shri T.P. Chandrasekaran may lead to serious law and order issue in Onchiyam............

ഇത് കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന പ്പോൾ ഇന്റലിജൻസിന്റെ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് കൊടുത്ത റിപ്പോർട്ടാണ്. ഈ റിപ്പോർട്ട് കണ്ടിട്ടുള്ള, മാർക്സിസ്റ്റ് പാർട്ടി യുടെ പോളിറ്റ് ബ്യൂറോ മെമ്പറായ ശ്രീ. കോടിയേരി ബാലകൃഷ്ണനാണ് ഈ പ്രസ്താവന നടത്തുന്നത്. മെയ് മാസം 6–ാം തീയതി ശ്രീ. ടി.പി. ചന്ദ്ര ശേഖരൻ കൊല ചെയ്യപ്പെട്ടതിനുശേഷം, കേന്ദ്ര ആഭ്യന്തര സഹമന്ത്രി ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനും മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുമൊക്കെ വെളിപ്പെടു ത്തിയത്, തനിക്ക് വധഭീഷണി ഉണ്ടെന്ന് ശ്രീ. ടി.പി. ചന്ദ്രശേഖരൻ പലതവണ തങ്ങളെ നേരിൽക്കണ്ട് പറഞ്ഞുവെന്നാണ്. അങ്ങനെയെങ്കിൽ അദ്ദേഹത്തിന് പോലീസ് സംരക്ഷണം നൽകാൻ എന്തുകൊണ്ട് തയ്യാറായില്ല? ആരാണ് അത് ചോദിക്കുന്നത്, സി.പി.ഐ.(എം) ന്റെ പോളിറ്റ് ബ്യൂറോ മെമ്പർ, അദ്ദേഹം ഈ ചോദ്യം ചോദിക്കാമോ; എന്ത് ന്യായീകരണമുണ്ട് ഈ ചോദ്യ

ത്തിന്? അദ്ദേഹത്തിന്റെ കയ്യിൽ ഈ റിപ്പോർട്ട് ഇന്റലിജൻസ് എ.ഡി.ജി.പി. കൊടുത്തിട്ട് കേരളത്തിലെ ജനങ്ങളോട് എന്ത് നടപടി അദ്ദേഹം സ്വീകരിച്ചു വെന്ന് പറയട്ടെ. കേരളത്തിലെ ജനങ്ങൾക്ക് അത് കേൾക്കാൻ ആഗ്ര ഹമുണ്ടല്ലോ; ആഭ്യന്തരമന്ത്രിയായിരുന്ന കോടിയേരി ബാലകൃഷ്ണൻ എന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ മെമ്പർ എന്തു കൊണ്ട് ടി. പി. ചന്ദ്രശേഖരൻ എന്ന പഴയ കമ്മ്യൂണിസ്റ്റുകാരന്റെ, ഏറ്റവും വലിയ പൊതു പ്രവർത്തകന്റെ ജീവൻ രക്ഷിക്കാൻ തയ്യാറായില്ല എന്ന് പറ യണം. ഇന്ന് ടി.പി. ചന്ദ്രശേഖരന്റെ ഭാര്യ ശ്രീമതി കെ. കെ. രമ സത്യാഗ്രഹം ചെയ്യുകയാണ്. ഇവിടെ എണീറ്റ് നിൽക്കാതെ അവിടെ ചെന്ന് അവരെ കാണൂ. ആ ഒരു മര്യാദയെങ്കിലും കാണിക്ക്. അപ്പോൾ നന്നാകും. ഞാൻ ചോദിക്കട്ടെ, എന്തുകൊണ്ട് ശ്രീമതി കെ. കെ. രമ സെക്രട്ടേറിയേറ്റിനു മുമ്പിൽ സത്യാഗ്രഹമിരിക്കുന്നു. ടി.പി. കൊലക്കേസിലെ ഗൂഢാലോചന തെളിയി ക്കാൻ നിർബന്ധമായും സി.ബി.ഐ. അന്വേഷണം വേണം. അതാണ് അവ രുടെ ആവശ്യം. ന്യായമായ ആവശ്യമല്ലെന്ന് പറയാൻ കഴിയുമോ; രാഷ്ട്രീയ കൊലപാതകം അവസാനിപ്പിക്കണം. ഒന്ന് രണ്ട് കാര്യം കൂടി പറ യാനുണ്ട്. കോടതി അന്വേഷിച്ചില്ലേ, വിചാരണ ചെയ്ത് കുറ്റക്കാരനെന്ന് കണ്ടവരെ ന്യായീകരിക്കാം. ഈ കേസ്സിൽ ഗൂഢാലോചനയുണ്ട്. കോടതി യോട് ആരാണ് പറഞ്ഞത്? കിർമാണി മനോജ്, അനൂപ്, കൊടി സുനി, മുഹ മ്മദ് ഷാഫി, ഷിനോജ്, അണ്ണൻ ശ്രീജിത്ത് ഇവരൊക്കെ ആരാണ്? ഇവരൊക്കെ ക്വട്ടേഷൻ സംഘക്കാരല്ലേ? ഈ ക്വട്ടേഷൻ സംഘത്തെ കാണാൻ, ഞാൻ ഏറ്റവും അധികം സ്നേഹിക്കുന്ന ശ്രീ. കെ. രാധാകൃ ഷ്ണൻ എന്നുപറയുന്ന കമ്മ്യൂണിസ്റ്റുകാരൻ പോകാൻ പാടില്ലായിരുന്നു. ഇത് എന്റെ അഭിപ്രായമാണ്. അദ്ദേഹത്തിന്റെ മുഖത്തുനോക്കി ഞാൻ പറ

യും. ഇത് ക്വട്ടേഷൻ സംഘമാണ്. നിഷേധിക്കാൻ പറ്റുമോ? ബഹുമാനപ്പെട്ട പിണറായി വിജയൻ പറഞ്ഞത് ഈ ക്വട്ടേഷൻ സംഘത്തെപ്പറ്റിയാണ്. അപ്പോൾ അവരെ കാണാൻ പോകുന്നതിന്റെ ന്യായീകരണമെന്താണ്? അതു പോലെ ബഹുമാനപ്പെട്ട കോടതി ശിക്ഷിച്ചല്ലോ; കോടതി ശിക്ഷിച്ചത് ആരെ യൊക്കെയാണ്? ഈ ക്വട്ടേഷൻ സംഘത്തെ മുഴുവൻ ശിക്ഷിച്ചു. എന്നിട്ട് കോടതി എന്താണ് പറഞ്ഞത്. മൂന്നു സഖാക്കന്മാരെക്കൂടി ശിക്ഷിച്ചു. അതിൽ ഗൂഢാലോചനയുണ്ടെന്ന് ബഹുമാനപ്പെട്ട കോടതി പറഞ്ഞിരിക്കുന്നു. അപ്പോൾ ഗൂഢാലോചനയുണ്ടെന്ന് തെളിഞ്ഞിരിക്കുകയാണ്. വിസ്താര ത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെ കണ്ടെത്തി ശിക്ഷിച്ച നടപടിയെ അപ ലപിക്കുകയും വിസ്താരം പോലുമില്ലാതെ മേൽക്കോടതിയുടെ അനുവാദ ത്തോടുകൂടി കേസ്സിൽ നിന്ന് രക്ഷപ്പെട്ടിരിക്കുന്നത് ശരിയെന്ന്.. . . .... . . .. ..... സംഭവം ഞാൻ നിങ്ങളോട് പറയുന്നില്ല. എനിക്ക് വ്യക്തിവിരോധമില്ലാത്ത തുകൊണ്ടാണ് പറയാത്തത്. ലാവ്ലിൻ കേസ്സിനെക്കുറിച്ച് നിങ്ങൾക്കറിയാമ ല്ലോ. കുഴപ്പമില്ലെന്ന് പറയുകയാണ്. അത് ശരിയാണെന്ന് പറയുന്നതിന്റെ ന്യാ യമെന്താണ്? എനിക്ക് യോജിക്കാൻ പറ്റുന്നില്ല. ഞാൻ രാഷ്ട്രീയം പറയുക യല്ല. യു.ഡി.എഫ്. രാഷ്ട്രീയമല്ല ഇത്. ശരിയോടൊപ്പമുള്ള അഭിപ്രായമാണ്. അത് പറയാതിരിക്കാൻ പറ്റില്ല. അതുപോലെ ക്വട്ടേഷൻ സംഘത്തെ കാണാൻ കോടതിയിൽ പോകുമ്പോൾ എന്താണ് മെസേജ്. ഇപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പോയല്ലോ. കേരളത്തിലെ പ്രതിപക്ഷ ഉപനേതാവാണ് അദ്ദേ ഹം. മുൻ മന്ത്രിയും മുൻ സ്പീക്കറുമാണ് ശ്രീ. കെ. രാധാകൃഷ്ണൻ. കൊടി സുനിയെപ്പോലുള്ള ക്വട്ടേഷൻ സംഘത്തെ, അവർ റൗഡിസം കാണിച്ചപ്പോൾ അവരെ നിലയ്ക്കുനിർത്താൻ ശ്രമിച്ച ജയിലുദ്യോഗസ്ഥന്മാർക്കെതിരെ പരാതി പറഞ്ഞുകൊണ്ട് ജയിൽ സന്ദർശിച്ചുവെന്ന് പറഞ്ഞാൽ, നിങ്ങൾ ഈ

രാജ്യത്തെ ജനങ്ങൾക്കു കൊടുക്കുന്ന മെസേജ് എന്താണെന്ന് ചിന്തിക്കുന്നത് നന്നായിരിക്കും. എനിക്ക് അത്രയേ ഇക്കാര്യത്തിൽ പറയാനുള്ളൂ. വേറെ പ്രശ്നമൊന്നുമില്ല. നിങ്ങൾ ജനങ്ങൾക്കു കൊടുക്കുന്ന മെസേജ് എന്താണ്? ശ്രീ. പിണറായി വിജയൻ ജാത്യനാണ്. ദൈവം അനുഗ്ര ഹിച്ച് അദ്ദേഹം പോയില്ല. എന്നാണ് ജയിൽ സന്ദർശനത്തിനായി ശ്രീ. പ്രകാശ് കാരാട്ട് പോകുന്നത്?. അതുകൂടി വന്നാൽ ശരിയാകും. പാർട്ടിയുടെ അഖിലേന്ത്യാ സെക്രട്ടറി ശ്രീ. പ്രകാശ് കാരാട്ടുകൂടി ജയിലിൽ ചെന്ന് കൊടി സുനിയെയും സെറ്റിനേയും സന്ദർശിച്ചാൽ കമ്മ്യൂണിസ്റ്റ് പാർട്ടി രക്ഷപ്പെടും. ഞാൻ വിനയ ത്തോടുകൂടി പറയുന്നു, ഇതൊന്നും ശരിയല്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി നിലനിൽക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഒരു തർക്കവുമില്ലാതെ ഞാൻ പറയുന്നു. പക്ഷേ, അത് ഈ നിലയിലാവരുത്. ഈ നിലയിലാകുന്നത് അപകടമാണ്. ഈ രാജ്യത്തെ ജനങ്ങളുടെ മനസ്സിലുണ്ടാകുന്ന ഭീതി വലുതാ ണ്. രാഷ്ട്രീയ കൊലപാതകം ഈ രാജ്യത്ത് ഇനി ഉണ്ടാകരുത്. കേരളത്തിൽ വെറും വ്യക്തി വിരോധത്തിന്റെ പേരിൽ, രാഷ്ട്രീയ വിരോധത്തിന്റെ പേരിൽ പൗരന് ജീവിക്കാൻ സാധിക്കാത്ത അവസരമുണ്ടാക്കുന്ന നടപടിയെ അംഗീ കരിക്കാൻ കഴിയില്ല. ടി.പി. കൊലപാതകത്തോടുകൂടി കേരളത്തിലെ രാഷ്ട്രീയ കൊലപാതകത്തിന്റെ അന്ത്യമുണ്ടാകണം.

ശ്രീ. ആർ. രാജേഷ്: ടി. പി. കൊല്ലപ്പെട്ടതിനുശേഷം താങ്കൾ വിധവക ളെ കാണാൻ പോകുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞു. അങ്ങ് ചീഫ് വിപ്പല്ലേ. ടി. പി. കൊല്ലപ്പെട്ടതിനുശേഷമാണ് കേരളത്തിൽ പന്ത്രണ്ട് ആളുകൾ കൊല ചെയ്യപ്പെട്ടത്. കൊലചെയ്യപ്പെട്ട ഏതെങ്കിലും ആളുകളുടെ വിധവയെയോ മക്കളേയോ ചീഫ് വിപ്പ് എന്നുള്ള നിലയിൽ അങ്ങ് കാണാൻ പോയിട്ടു ണ്ടോ? തൃശ്ശൂർ ജില്ലയിൽ കോൺഗ്രസ് പ്രവർത്തകർ തമ്മിൽ ഏറ്റുമുട്ടിയ

പ്പോൾ മധു ഈച്ചരത്തും ലാൽജി കോളന്നൂരും കൊല്ലപ്പെട്ടു. രണ്ടാൾക്കും ഭാര്യമാരുണ്ട്. കൊളക്കാടൻ ആസാദിനും അബൂബക്കറിനും ഭാര്യമാരുണ്ട്. ഒരാളെയെങ്കിലും ചീഫ് വിപ്പ് എന്ന നിലയിൽ അങ്ങ് കാണാൻ പോയിട്ടു ണ്ടോ? പാലക്കാട് ജില്ലയിൽ ഒറ്റപ്പാലത്ത് രണ്ടാൾ കൊല ചെയ്യപ്പെട്ടിട്ടുണ്ട്. ഒരു വിധവയെയെങ്കിലും അങ്ങ് കാണാൻ പോയിട്ടുണ്ടോ? അങ്ങയുടെ ന്യാ യീകരണത്തിന് ഒരു അർത്ഥവുമില്ല.

ശ്രീ. പി. സി. ജോർജ്: എന്റെ കൊച്ചനിയാ ഞാൻ പറയാം. അങ്ങ യോട് യോജിക്കുകയാണ് ഞാൻ. ആ കൊലപാതകവും ശരിയല്ല. ഇത് അവസാനിപ്പിക്കണം എന്നാണ് ഞാൻ പറഞ്ഞത്. കമ്മ്യൂണിസ്റ്റ്കാരൻ മരി ച്ചാലും കോൺഗ്രസ്സുകാരൻ മരിച്ചാലും ലീഗുകാരും കേരളാ കോൺഗ്രസു കാരും മരിച്ചാലും മരണം മരണമാണ്. കൊലപാതകം കൊലപാതകം തന്നെ യാണ്. അത് അവസാനിപ്പിക്കണം എന്ന് തന്നെയാണ് എന്റെ അഭിപ്രായം. തെറ്റിദ്ധരിക്കേണ്ട. ആ ഉറച്ച അഭിപ്രായമുള്ളതുകൊണ്ടാണ് ഇത്ര ശക്തമായി ത്തന്നെ ഈ വികാരം ഞാൻ പ്രകടിപ്പിക്കുന്നത്. ശ്രീമതി കെ.കെ. രമ ഇന്ന് കേരളത്തിന്റെ ഒരു പ്രതീകമായി മാറിയിരിക്കുന്നു. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. എന്റെ ചിന്ത ശരിയാണെങ്കിൽ സമയം കിട്ടിയാൽ നിങ്ങ ളാരും കാണുകയില്ലെങ്കിൽ സഖാവ് വി.എസ്. അച്ചുതാനന്ദൻ രമയെ സന്ദർശിക്കുമെന്നാണ് എന്റെ വിശ്വാസം. ഞാൻ അത്രയെ ഇപ്പോൾ പറയു ന്നുള്ളു, അറിയാമല്ലോ; നിങ്ങൾ മറ്റൊന്നും തെറ്റിദ്ധരിക്കേണ്ട, കൊലപാതക രാഷ്ട്രീയത്തിനെതിരെ കേരളത്തിലെ ജനങ്ങൾ ഉണർന്നിട്ടുണ്ട്. നിങ്ങളടക്ക മുള്ള പാർട്ടി സഖാക്കൻമാർ ഉറച്ച നിലപാട് സ്വീകരിച്ചുകൊണ്ട്, ടി.പി.യുടെ കൊലപാതകം തെറ്റായിപ്പോയി എന്ന് പറഞ്ഞുകൊണ്ട്. . . . . പൊതു പ്രവർത്തനങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടി മോശക്കാരല്ല, കേരളത്തിലെ വിപ്ലവ

കരമായ പല മാറ്റങ്ങൾക്കും സാധാരണക്കാർക്കും പാവപ്പെട്ടവർക്കും വേണ്ടി പോരാടിയിട്ടുള്ള കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ . . . . .എ.കെ.ജി.യെപ്പോലെയും ഇ.എം.എസ്. നെപ്പോലെയും ഇ.കെ. നായനാരെപ്പോലെയുമുള്ള നേതാക്കന്മാർ മോശക്കാരാണോ, വി.എസ്. അച്ചുതാനന്ദൻ എന്താ മോശമാണോ; ഞാൻ അങ്ങനെ കരുതുന്നില്ല. അങ്ങനെയുള്ള നേതാക്കന്മാരുള്ള കമ്മ്യൂണിസ്റ്റ് പാർട്ടി മോശമാണെന്ന അഭിപ്രായം എനിക്കില്ല. പി.കെ. വാസുദേവൻ നായരോടും വെളിയം ഭാർഗ്ഗവനോടും എം.എൻ. ഗോവിന്ദൻ നായരോടും ടി.വി. തോമസിനോടും എനിക്ക് ബഹുമാനമുണ്ട്. കേരളത്തിലെ ജനങ്ങൾക്ക് ബഹുമാനമുണ്ട്. പക്ഷെ കൊലപതക രാഷ്ട്രീയത്തിന് കൂട്ടുനിൽക്കാൻ പറ്റില്ല. ക്വട്ടേഷൻ സംഘത്തെ പിടിച്ച് അകത്തിട്ടിരിക്കുമ്പോൾ, അവരുടെ റൗഡിസത്തിന് കൂട്ടുനിൽക്കുന്ന സമീപനത്തിൽ നിന്ന് നിങ്ങൾ പിൻമാറണം. അല്ലെങ്കിൽ നിങ്ങൾ കേരളത്തിലെ ജനങ്ങൾക്ക് കൊടുക്കുന്നത് തെറ്റിന്റെ മെസേജാണ്. അത് കൊടുക്കാതിരിക്കണം എന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ ഒരു ബഡ്ജറ്റ്, സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾക്ക് ശരിയായ രീതിയിലുള്ള ഉത്തരം കണ്ടെത്തേണ്ട ഒരു രേഖയാണ്. നമ്മുടെ സംസ്ഥാനം ഇന്ന് ഗുരുതരമായ ഒരു സാമ്പത്തിക പ്രതിസന്ധിയെ നേരിടുകയാണ്. ആ പ്രതിസന്ധി മറികടക്കാനുള്ള വാചക കസർത്തുകൾ അല്ലാതെ ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഫലപ്രദമായ ഒരു നീക്കവും ഈ ബഡ്ജറ്റിൽ ഉണ്ടായിട്ടില്ല. നമ്മുടെ സംസ്ഥാനം വരും ദിവസങ്ങളിലും ഈ പ്രതിസന്ധിയുടെ ഭാഗമായി

രൂക്ഷമായ ഒരു സ്ഥിതിയിലേയ്ക്ക് വളർന്നു വരികയാണ്. ശമ്പള കമ്മീഷനെ നിശ്ചയിച്ചിട്ടുണ്ട്. ആ ശമ്പള കമ്മീഷൻ റിപ്പോർട്ട് വന്നാൽ 5000 കോടി രൂപ യുടെ അധിക ബാദ്ധ്യതയാണ് ഈ സംസ്ഥാനത്തിന് ഉണ്ടാകുന്നത്. ആ പ്രശ്നത്തെ എങ്ങനെയാണ് ഈ ഗവൺമെന്റ് നോക്കിക്കാണുന്നത്.

ആ പ്രശ്നം മറികടക്കാൻ ഗവൺമെന്റ് എന്ത് മാർഗ്ഗമാണ് കണ്ടെത്തി യിട്ടുള്ളത്. ബഡ്ജറ്റോ ബഡ്ജറ്റ് പ്രസംഗമോ ഒരുത്തരവും രേഖയും കാണി ക്കുന്നില്ല. ഇവിടെ സംസാരിച്ചപ്പോൾ കെ.എസ്.ആർ.ടി.സി. യെക്കുറിച്ച് പറഞ്ഞു. കെ.എസ്.ആർ.ടി.സി. രക്ഷപ്പെടില്ലെന്നാണ് നേരത്തെ വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രി അഭിപ്രായപ്പെട്ടിട്ടുള്ളത്. രക്ഷപ്പെടാൻ സാദ്ധ്യതയില്ലെന്ന് പറയുന്ന പൊതുമേഖലാ സ്ഥാപനത്തെ രക്ഷപ്പെടുത്താൻ ഒരു സമഗ്ര പദ്ധതിയുണ്ടോ? ധനകാര്യവകുപ്പുമന്ത്രി പറഞ്ഞത്, 150 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നാണ്. പെൻഷൻ ബാദ്ധ്യതകൾ സർക്കാർ ഏറ്റെടുക്കണ മെന്ന് ഇതേ സഭയിൽ വച്ചുതന്നെ ഇപ്പോഴത്തെ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിക്ക് പറയേണ്ടിവന്നു. ഒരേ ക്യാബിനറ്റിൽ ഒരുമിച്ചിരിക്കുന്ന മന്ത്രിമാർക്ക് അവിടെ വച്ച് സംസാരിച്ച് പരിഹാരം കാണാൻ കഴിയുന്നില്ല, ഇവിടെ വന്ന് അഭ്യർത്ഥിക്കേണ്ടിവരുന്നു. ഒരു പ്രശ്നത്തിനും സമഗ്രമായ ചർച്ചയോ കൂടിയാലോചനയോ തീരുമാനമോ ഇല്ലെന്നുള്ളതാണ് ഇത് ചൂണ്ടി ക്കാണിക്കുന്നത്. അതുപോലെ തന്നെയാണ് വിദ്യാഭ്യാസ വകുപ്പും. യൂണിഫോം വിതരണം സ്കൂൾ അടയ്ക്കുന്നതിന് മുമ്പ് നടത്തുമെന്ന രസക രമായ ഉത്തരമാണ് കിട്ടിയത്. അവധിക്കാലത്ത് ധരിക്കാനുള്ളതാണോ യൂണി ഫോം. അവധിക്കാലം തുടങ്ങുന്നതിന് മുമ്പ് യൂണിഫോം കൊടുക്കുമെന്ന് ആദ്യമായി കേൾക്കുകയാണ്. ഇങ്ങനെയൊക്കെയുള്ള അഭിപ്രായ പ്രക

ടനങ്ങൾ ഗവൺമെന്റ് നടത്താൻ തുടങ്ങിയാൽ എങ്ങനെ ഗവൺമെന്റിന്റെ കാര്യക്ഷമതയെക്കുറിച്ച് പൊതുജനങ്ങൾക്ക് അഭിമാനത്തോടെ ചിന്തിക്കാൻ കഴിയും. ശ്രീ. കെ. മുരളീധരൻ, ശ്രീ. കെ.എൻ.എ. ഖാദർ തുടങ്ങിയ പ്രധാന പ്പെട്ട നേതാക്കന്മാർ സംസാരിച്ചു. ശ്രീ. കെ. മുരളീധരന്റെ പ്രസംഗത്തിലെ ഭൂരിപക്ഷഭാഗവും തലസ്ഥാന നഗരിയോട് ഗവൺമെന്റ് കാണിക്കുന്ന അവഗ ണനയെക്കുറിച്ചായിരുന്നു. പ്രതിപക്ഷത്തെ ആക്രമിക്കാൻ കുറച്ച് സമയവും അദ്ദേഹം ചെലവഴിച്ചു. തലസ്ഥാന നഗരിയെ അവഗണിച്ച ഒരു ബഡ്ജറ്റ്. ശ്രീ. പി. തിലോത്തമൻ സംസാരിച്ചത്, ആലപ്പുഴയോട് ഒരു പരിഗണനയും ഇപ്പോഴത്തെ ബഡ്ജറ്റ് കാണിച്ചിട്ടില്ലെന്നാണ്. മലബാർ മേഖലയോട് കടുത്ത അവഗണനയാണെന്നും വികസന കാര്യത്തിൽ പ്രായോഗികമല്ലാത്ത, സന്തു ലിതാവസ്ഥയില്ലാത്ത ഒരു ബഡ്ജറ്റാണ് ഇതെന്നും ശ്രീ. കെ.എൻ.എ. ഖാദറിന് പറയേണ്ടി വന്നു. മലബാറിന്റെ ദീർഘകാല ആവശ്യങ്ങളോട് അൽപ്പമെങ്കിലും നീതി കാണിച്ചിട്ടുള്ളത്, മലബാർ പാക്കേജ് അവതരിപ്പിച്ചു കൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സംസ്ഥാനം ഭരിക്കു മ്പോഴാണെന്ന യാഥാർത്ഥ്യം കൂടി ശ്രീ. കെ.എൻ.എ. ഖാദർ അക്കൂട്ടത്തിൽ പറയുമെന്ന് ഞാൻ കരുതി. അത് പറയാൻ അദ്ദേഹത്തിന് മറ്റ് കാരണ ങ്ങളാൽ സാദ്ധ്യമല്ലാത്തതുകൊണ്ടായിരിക്കും. മലബാറിലെ പ്രശ്നം അതാണ്. 3 പ്രാവശ്യം ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴും ഞാൻ എന്റെ മണ്ഡലത്തിലെ ചില കാര്യങ്ങൾ പറയുകയുണ്ടായി. അതിലൊന്ന് കോരപ്പുഴയ്ക്കൊരു പാലം പണിയണമെന്നായിരുന്നു. ചെറിയ പ്രദേശങ്ങൾക്കാണ് കോടികളുടെ പാലം അനുവദിച്ചത്. ഇപ്രാവശ്യവും ബഡ്ജറ്റിൽ ന്യായമായ ഒരു തുകയും വകയിരുത്തിയതായി കാണുന്നില്ല. ദേശീയപാത, ബൈപ്പാസുകൾ തുടങ്ങീ

കോഴിക്കോട് ജില്ലയ്ക്ക് നിരവധി ആവശ്യങ്ങളുണ്ടായിരുന്നു. കൊല്ലം, ആല പ്പുഴ ബൈപ്പാസുകളെക്കുറിച്ച് പറഞ്ഞു. 50:50 അടിസ്ഥാനത്തിൽ ടെണ്ടർ വയ്ക്കാനുള്ള നടപടികൾ പൂർത്തിയായെന്ന് ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ചു. നേരത്തേ 45 മീറ്റർ സ്ഥലമെടുപ്പ് പൂർത്തിയായ ബൈപ്പാസാണ് കോഴിക്കോട് ബൈപ്പാസ്. അതിനെക്കുറിച്ച് എന്താണ് പറയാൻ മറന്നുപോ യത്. ഇതൊക്കെക്കൊണ്ടാണ് ഞാനും ശ്രീ. കെ.എൻ.എ. ഖാദർ, ശ്രീ.കെ. മുര ളീധരൻ എന്നിവരുടെ അഭിപ്രായത്തോട് യോജിക്കുന്നത്. സന്തുലിതാവസ്ഥ പാലിക്കാത്ത ഒരു ബഡ്ജറ്റ്, ആരെയൊക്കെയോ പ്രീതിപ്പെടുത്തുന്നതിനു വേണ്ടി തയ്യാറാക്കിയ ബഡ്ജറ്റ്. ചോദിച്ചവർക്കെല്ലാം വാരിക്കോരി കൊടു ക്കുക, നിയമസഭയിൽ അങ്ങനെ പ്രഖ്യാപിക്കുകയും ചെയ്യുന്നതാണോ ബഡ്ജറ്റ്. ചോദിച്ചവർക്കും ഇഷ്ടപ്പെട്ടവർക്കും സമ്മർദ്ദം ചെലുത്തുന്ന വർക്കും കൊടുക്കാനുള്ളതല്ല ബഡ്ജറ്റ് ആനുകൂല്യങ്ങളെന്ന് ശ്രീ. കെ.എൻ. എ. ഖാദർ പറഞ്ഞു. കേരളത്തിന്റെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കി, എവിടെയാണോ ആവശ്യം അവിടെയാണ് ചെലവഴിക്കേണ്ടതെന്ന നിലപാട് എന്തുകൊണ്ടാണ് ഈ ഗവൺമെന്റ് സ്വീകരിക്കാതെ പോയത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച സമഗ്രമായ വീക്ഷണമില്ലാതെ പോയതുകൊ ണ്ടാണ് അങ്ങനെ സംഭവിച്ചത്. സാംസ്കാരിക വകുപ്പുമന്ത്രി ഇവിടെയുണ്ട്. കേരളത്തിലെ പ്രഗത്ഭരായ സാംസ്കാരിക നായകന്മാർക്ക് സ്മാരകം പണി യുന്നതിനെക്കുറിച്ച് ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടുണ്ട്. 'സുന്ദരന്മാരും സുന്ദരി കളും' എന്ന പ്രശസ്ത നോവലിലൂടെ കേരളത്തിൽ ലബ്ധപ്രതിഷ്ഠ നേടിയ സാഹിത്യകാരനാണ് ഉറൂബ്. അദ്ദേഹത്തിന്റെ പേരിൽ സ്മാരകം പണിയണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുകയും ബഡ്ജറ്റിൽ അത്

ചേർക്കണമെന്ന് കത്ത് കൊടുത്തതുമാണ്. ഇക്കാര്യം ബഡ്ജറ്റിൽ ചേർക്കാൻ ധനകാര്യവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയുടെ മറുപടി എനിക്ക് ലഭിച്ചു. ഞാൻ കരുതി ബഡ്ജറ്റിൽ വരുമെന്ന്; വന്നില്ല. അതിനേക്കാൾ പ്രധാന്യം, കേരളത്തിനെക്കുറിച്ചും മലബാറിനെക്കുറിച്ചും സംസാരിക്കുമ്പോഴും കേരളത്തിന്റെ സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തെക്കുറിച്ച് ആലോചിക്കുമ്പോഴും മൊയ്ദു മൗലവി സാഹിബിനെ മറക്കാൻ കഴിയില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുൻകൈ എടുത്ത് കോഴിക്കോട് മൊയ്ദു മൗലവി സാഹിബിന് ഒരു സ്മാരകം പണിതിട്ടുണ്ട്. ആ സ്മാരകം നല്ല നിലയിൽ നടത്തുന്നതിന് കുറച്ചുപണം അനുവദിക്കണമെന്ന് അവിടത്തെ എം.എൽ.എ. കൂടിയായ ശ്രീ. എ. പ്രദീപ്കുമാറും ഞങ്ങൾ എല്ലാവരും ആവശ്യപ്പെട്ടതാണ്. ബാക്കിയെല്ലാവർക്കും വാരിക്കോരി കൊടുത്തുവെന്ന് അഭിമാനപൂർവ്വം പറയുന്ന ധനകാര്യവകുപ്പുമന്ത്രിക്ക് മൊയ്ദു മൗലവി സാഹിബിനോട് ഒരു ആദരവ് കാണിക്കാനെങ്കിലും ചെറിയ സംഖ്യ ഈ ബഡ്ജറ്റിൽ വകകൊള്ളിക്കാൻ കഴിഞ്ഞിട്ടില്ല. അപ്പോൾ മലബാറിനോടും മലബാറിലെ സാഹിത്യപ്രവർത്തകന്മാരോടും മാത്രമല്ല, സ്വാതന്ത്ര്യ സമര സേനാനികളോടു പോലും തികഞ്ഞ അവഗണനയോടെ കാര്യങ്ങൾ നോക്കിക്കാണുന്ന ഒരു ഗവൺമെന്റും ആ ഗവൺമെന്റിന് വേണ്ടി അവതരിപ്പിച്ച ബഡ്ജറ്റും ആ ബഡ്ജറ്റിനോട് അനുബന്ധിച്ച ഉപധാനഭ്യർത്ഥകളുമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. അങ്ങനെയൊരു ധനാഭ്യർത്ഥനയെ അനുകൂലിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

<u>ശ്രീ. കെ.വി. വിജയദാസ്</u> : സർ, യു.ഡി.എഫ്. ഗവൺമെന്റിന്റെ ബഡ്ജറ്റിനോട് അനുബന്ധിച്ചുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി

എതിർക്കുന്നു. നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ പുരോഗതിയിലേയ്ക്ക് നയിക്കാനും അവർക്ക് ആശ്വാസം നൽകാനുമുള്ള വാർഷിക ബഡ്ജറ്റിൽ ധനകാര്യവകുപ്പുമന്ത്രി ശ്രീ.കെ.എം. മാണി പ്രഖ്യാപനങ്ങൾ മാത്രമാണ് നടത്തിയിട്ടുള്ളത്. 'പാണ്ടൻ നായുടെ പല്ലിന് ശൗര്യം പണ്ടേ പോലെ ഫലിക്കുന്നില്ല' എന്ന് പറഞ്ഞതുപോലെ ശ്രീ. കെ.എം. മാണിയുടെ ചപ്പിടാച്ചികളൊന്നും പണ്ടത്തേത് പോലെ ഫലിക്കുന്നില്ല. മാണിസർ ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഭരണകക്ഷി ബഞ്ചുകളിൽ കയ്യടി കുറഞ്ഞു. ഭരണകക്ഷി ബഞ്ചുകളിൽ കയ്യടി ഉണ്ടായത്, ബഡ്ജറ്റ് പ്രസംഗത്തിന്റെ അവസാനത്തിൽ മാത്രമാണ്. അതിനർത്ഥം വരാൻ പോകുന്ന പൊതുതെരഞ്ഞെടുപ്പിനെ മുമ്പിൽ കണ്ടുകൊണ്ട് ഒരു ജനപ്രിയ ബഡ്ജറ്റ് അവതരിപ്പിക്കുമെന്നാണ് മാധ്യമങ്ങളും ജനങ്ങളും കരുതിയതെന്നാണ്. പക്ഷേ, മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റ് നിരാശ ഉളവാക്കുന്നതായിരുന്നു. കൃഷിക്കാരെയും തൊഴിലാളികളെയും ജനങ്ങളെയും വളരെയധികം നിരാശപ്പെടുത്തിയ ബഡ്ജറ്റാണ് മാണിസാർ അവതരിപ്പിച്ചത്. ഈ സംസ്ഥാനത്തിന്റെ ട്രഷറി തന്നെ പരിശോധിക്കാം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ അന്നത്തെ ധനകാര്യവകുപ്പുമന്ത്രിയായിരുന്ന ഡോ. ടി.എം. തോമസ് ഐസക്, 2011 മാർച്ച് 31-ന് ട്രഷറിയിൽ 3881 കോടി രൂപ മിച്ചമുണ്ടാക്കിയിട്ടാണ് സ്ഥാനമൊഴിഞ്ഞത്. കുറച്ച് ഡ്രാഫ്റ്റുകളും മറ്റും പിൻവലിച്ചാലും ഏതാണ്ട് 2500 കോടി രൂപ ട്രഷറിയിൽ മിച്ചമുണ്ടായിരുന്നു. ഇപ്പോൾ 1 ലക്ഷം കോടി രൂപ കടമാണ്. ട്രഷറിയിൽ അനുവദനീയമായിട്ടുള്ള കടം 11844 കോടി രൂപയാണ്. 6 മാസംകൊണ്ട് 6950 കോടി രൂപ കടമെടുത്തു. ഇനി കുറച്ചുംകൂടി കടമെടുത്താൽ ട്രഷറി അടയ്ക്കേണ്ടിവരും. ട്രഷറി

ഏറ്റവും ദുർബലമായ സ്ഥിതിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. വൈദ്യുതി മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത്, കേരളമാണ് ഏറ്റവും അധികം ദുർബലമായ ട്രഷറി ഉള്ളതെന്നും 10000 കോടി രൂപ പലിശയിന ത്തിൽ മാത്രം പ്രതിമാസം വേണമെന്നും ഇൻഡ്യയിൽ ഏറ്റവും അധികം റവ ന്യൂ കമ്മി നേരിടുന്ന സംസ്ഥാനം കേരളമാണെന്നും സംസ്ഥാനത്തിന്റെ കട ബാദ്ധ്യത കൂടിവരികയാണെന്നും ട്രഷറി ആകെ പൊളിഞ്ഞ് പാളീസായിരി ക്കുകയാണെന്നുമാണ്. അടുത്ത കാലത്താണ് ഇവിടെ സമരം നടന്നത്. ഈ സഭയിൽ അംഗമായിട്ടുള്ള ശ്രീ. കെ. മുരളീധരൻ പ്രസിഡന്റായിട്ടുള്ള സംഘ ടനയാണ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ. കോൺട്രാക്ടർമാരുടെ അസോസിയേഷൻ ധർണ്ണ നടത്തിയപ്പോൾ ഉദ്ഘാടനം നടത്തിയതും ശ്രീ. കെ. മുരളീധരനാണ്. അത്തരത്തിൽ ഉദ്ഘാടനം ചെയ്ത സമരത്തിന്റെ ഉദ്ദേ ശ്യം എന്തായിരുന്നു?

2,000 കോടി രൂപ കരാറുകാർക്ക് ഈ ഗവൺമെന്റ് വന്നതിനുശേഷം കൊടുക്കാനുണ്ടായിരിക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അങ്ങനെയുണ്ടായില്ല. ഇപ്പോൾ മരാമത്ത് പണികൾ നടക്കുന്നില്ല. ഒരു കാര്യങ്ങളും നടക്കുന്നില്ല. എം.എൽ.എ. ഫണ്ടും അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ടുമെല്ലാം ഇഴഞ്ഞുനീങ്ങുകയാണ്. ഈ ഗവൺമെന്റിന്റെ മുഖമുദ്ര ട്രഷറിയെത്തന്നെ ഇല്ലാതാക്കി. ഇവിടെ സാമ്പത്തികമായ ഏറ്റവും വലിയ തിരിച്ചടി നേരിടുന്നതിന്റെ ഭാഗമായി വികസനപ്രവർത്തനങ്ങളെല്ലാം സ്തംഭിച്ചു. കഴിഞ്ഞ രണ്ടുമൂന്ന് കൊല്ലമായി നമ്മൾ പരിശോധിച്ചുനോക്കി യാൽ കാണാൻ കഴിയും. കേരളത്തിലെ പാവപ്പെട്ട ആളുകൾക്ക് റേഷനരി വെട്ടിക്കുറച്ചപ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ മുഖ്യമന്ത്രിയും

മന്ത്രിമാരും എം.പി.–മാരും പാർലമെന്റ് മുൻപാകെ ഉജ്ജ്വലമായ സമരം നടത്തി. വെട്ടിക്കുറച്ച അരിവിഹിതം പുന:സ്ഥാപിച്ച് നേടിയെടുത്ത ചരിത്രമാണ് കേരളത്തിന്റെ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കുമുള്ളത്. പക്ഷെ യു.ഡി.എഫ്.–ന്റെ മന്ത്രിമാർ അധികാരം ഏറ്റെടുത്തതോടുകൂടി ഗണ്യമായ തോതിൽ വിഹിതം വെട്ടിക്കുറച്ച് 17.73 ലക്ഷം ടൺ ഭക്ഷ്യധാന്യമുള്ളത് 14 ലക്ഷമായി വെട്ടിക്കുറച്ചു. റേഷനരി 12 രൂപ 70 പൈസയിൽനിന്ന് 16 രൂപ 50 പൈസയായി വർദ്ധപ്പിച്ചു. ഗോതമ്പ് 9 രൂപ 21 പൈസയിൽനിന്ന് 13 രൂപയാക്കി. ഒരു പ്രതിഷേധംപോലും യു.ഡി.എഫ്. സർക്കാർ ഇവിടെ ഉയർത്തിയില്ല. അത് പുന:സ്ഥാപിക്കാനോ പഴയ വിലയിലേക്ക് കൊണ്ടു വരാനോ ആരും ആവശ്യപ്പെട്ടിട്ടില്ല. സംസ്ഥാന ഗവൺമെന്റിന്റെ ഒരു സ്ഥാപനമായ സപ്ലൈകോ വില വർദ്ധിപ്പിച്ചു. ജയ അരിയുടെ വില 21 രൂപയിൽനിന്നും 29 രൂപയായി വർദ്ധിപ്പിച്ചു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് സപ്ലൈകോയിൽ അരിയുടെ വില 9 രൂപയാണ്. ഇപ്പോൾ അത് 29 രൂപയാക്കി വർദ്ധിപ്പിച്ചു. മാർക്കറ്റിൽപോയി പച്ചക്കറിയുടെയും പലവ്യഞ്ജനങ്ങളുടെയും വില പരിശോധിച്ചാൽ വിലവർദ്ധനവ് കാണാൻ കഴിയും. നാളികേരത്തിന്റെ വില 23 രൂപയും പൊതുമാർക്കറ്റിലെ അരിയുടെ വില 40 രൂപയും കുളമ്പുരോഗം കാരണം ബീഫ് കിട്ടാതായതോടുകൂടി കോഴിയിറച്ചിയുടെ വില 140 രൂപയും മത്തിയുടെ വില 120 രൂപയും അയലയുടെ വില 180 രൂപയുമാണ്. ഹോട്ടലിൽ ഭക്ഷണം കഴിക്കാൻ പോയാൽ സാധാരണ സാമ്പാറും രസവുമുള്ള ഒരു വെജിറ്റേറിയൻ ഭക്ഷണത്തിന് മാത്രം 50 രൂപയാണ്. ഒരു ഫിഷ്ഫ്രൈ വാങ്ങിയാൽ 150 രൂപയാകും. എങ്ങനെയാണ് സാധാരണക്കാർ ഭക്ഷണം കഴിക്കുന്നത്? ഈ

രീതിയാണ് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഉണ്ടായത്. പാവപ്പെട്ടവരുടെ തലയിലേക്ക് മുളക് അരയ്ക്കുന്ന നിലയിലേക്ക് ഈ ഗവൺമെന്റ് മാറുന്നു എന്നുള്ളതാണ് ഏറ്റവും പ്രധാനം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ഒരു വർഷം 350 കോടി രൂപ സിവിൽ സപ്ലൈസിന് സബ്സിഡിയായി കൊടുക്കുവാൻ തീരുമാനിച്ചു. ഇപ്പോൾ മാണിസാർ അനുവദിച്ചിട്ടുള്ളത് കേവലം 65 രൂപയാണ്. എങ്ങനെ സബ്സിഡി കൊടുക്കും? എങ്ങനെ വിലനിലവാരം പിടിച്ചുനിർത്തും. ആഴ്ചയിൽ രണ്ടു ദിവസം ഡീസലിന്റെ വില വർദ്ധിപ്പിക്കുകയാണ്. മാസത്തിൽ നാലു പ്രാവശ്യം പ്രെട്രോളിന്റെ വിലയും കൂട്ടുന്നു. ഇവിടെ ഒരു വർത്തമാനവുമില്ലേ. വാറ്റ് നികുതിയിൽനിന്ന് ഞങ്ങൾ കുറച്ച് ഡീസലിന്റെ വില കുറച്ചുകൊടുക്കും എന്നുമാത്രമാണ് ഇവിടെ പറയുന്ന പ്രതിവിധി. ഡീസലിന്റെ വി വർദ്ധനവും പെട്രോളിന്റെ വിലവർദ്ധനവുംമൂലം ജനങ്ങൾ ഏറ്റവും അധികം ദുരിതമനുഭവിക്കുകയാണ്. ഇവിടെ യു.ഡി.എഫ്. ഗവൺമെന്റിന് മൗനമാണ്. ഈ പാവപ്പെട്ട ആളുകളെ സഹായിക്കാൻ ബഡ്ജറ്റിൽ എന്തെങ്കിലും പദ്ധതിയുണ്ടോ; പാവപ്പെട്ട ആളുകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ഈ ബഡ്ജറ്റിലുണ്ടോ; ഇല്ല. പാവപ്പെട്ട പെൺകുട്ടികൾക്ക് ലാപ്ടോപ്പ് കൊടുക്കുന്നുവെന്നാണ് പറയുന്നത്. ലാപ്ടോപ്പ് വിശപ്പിനു പരിഹാരമാണോ; വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന ആളുകൾക്ക് ലാപ്ടോപ്പ് കിട്ടിയാൽ മതിയോ;. ഞങ്ങൾ ചോദിക്കുകയാണ്. പാവപ്പെട്ട കൃഷിക്കാരുടെ മക്കൾക്ക് ലാപ്ടോപ്പ് കൊടുക്കുന്നു; 89 കൃഷിക്കാർ ആത്മഹത്യ ചെയ്തു. രാസവളത്തിന് വിലകൂടി, കാർഷികോല്പന്നങ്ങൾക്ക് വിലയില്ല; നെല്ലിന് വിലയില്ല; റബ്ബറിന് വില ഇടിഞ്ഞുകൊണ്ടിരിക്കുന്നു. ഇഞ്ചി, കുരുമുളക്,

ഏലം എന്നിവയ്ക്ക് വിലയില്ല; മാർക്കറ്റിൽ ഇടപെടാൻ കഴിയുന്നില്ല. പാവപ്പെട്ട കൃഷിക്കാർ അന്തംവിട്ടുനിൽക്കുകയാണ്. പാവപ്പെട്ട കൃഷിക്കാരുടെ പെൺകുട്ടികൾക്ക് ലാപ്പ്ടോപ്പ് കൊടുക്കുന്നുവെന്നു പറഞ്ഞാൽ ഈ കൃഷിക്കാരെ സംരക്ഷിക്കുന്നതിന് ബദലായോ, പദ്ധതിയായോ; എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കാർഷിക കടങ്ങൾ എഴുതിത്തള്ളി. സ്പൈസസ് ബോർഡിനെയുൾപ്പെടെ മാർക്കറ്റിലേക്ക് കൊണ്ടുവന്നു. മാർക്കറ്റ്വില ഒന്നും കിട്ടിയിട്ടില്ലെങ്കിൽ പാവപ്പെട്ട കൃഷിക്കാർക്ക് കിട്ടുന്നതിനുവേണ്ടിയിട്ടുള്ള നടപടി സ്വീകരിച്ചതിന്റെ ഫലമായി ആത്മഹത്യകൾ കുറഞ്ഞു. യു.ഡി.എഫ്. ഗവൺമെന്റ് വന്നു. വീണ്ടും കൃഷിക്കാർ ആത്മഹത്യയിലേക്ക് പോയി. ഇതല്ലേ ഉള്ളത്. പാവപ്പെട്ട കൃഷിക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു നടപടിയും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ലോകോത്തരമായിട്ടുള്ള ഒരു കാര്യമാണ് നമ്മുടെ പഞ്ചായത്തുകളിലെ ജനകീയാസൂത്രണം. ജനകീയാസൂത്രണം മഹത്തരമായി ട്ടുള്ളതാണെന്ന് ഐക്യരാഷ്ട്രസഭയുടെ സെക്രട്ടറി ജനറലായ കോഫി അന്നൻപോലും പറഞ്ഞു. കോൺഗ്രസ്സ് നേതാവായ ദ്വിഗ്വിജയ്സിംഗ് പറഞ്ഞു ഏറ്റവും മഹത്തായ ഒരു കാര്യമാണിതെന്ന്. ഇന്ന് ജനകീയാസൂത്ര ണമെന്നുള്ളത് വെറും ഫോറം പൂരിപ്പിക്കുക എന്നുള്ള നിലയിലേക്ക് മാറിയിരിക്കുകയാണ്. അഗതികളുടെ, എല്ലാ പദ്ധതികളുടെയും പ്രവർത്തനങ്ങളെല്ലാം താളംതെറ്റി. പഞ്ചായത്തുകളുടെ പദ്ധതി അവലോകന മെടുത്ത് പരിശോധിച്ചാൽ 2011–2012–ൽ 75 ശതമാനമാണ് ചെലവഴിച്ചത്. 2012–2013–ൽ അത് 71 ശതമാനമായി മാറി. നഗരസഭകളിൽ 57 ശതമാനമായി കുറഞ്ഞു. കോർപ്പറേഷനുകളിൽ 73 ശതമാനമായി കുറഞ്ഞു. ബ്ലോക്ക്

പഞ്ചായത്തുകളിൽ 62 ശതമാനമായി കുറഞ്ഞു. ജില്ലാ പഞ്ചായത്തുകളിൽ 79 ശതമാനമായി.. പദ്ധതി പോലും ചെലവഴിക്കാൻ പറ്റാത്ത സ്ഥിതിയിലേക്ക് ജനകീയാസൂത്രണവും താളംതെറ്റിയിരിക്കുകയാണ്. കാരണം ബ്ലോക്ക് വേറെ, ഗ്രാമം വേറെ മുനിസിപ്പാലിറ്റി വേറെ. ഈ മൂന്ന് വിഭാഗത്തിനും മൂന്ന് മന്ത്രിമാരാണ്. ആ മൂന്ന് മന്ത്രിമാരെ കോ-ഓർഡിനേറ്റ് ചെയ്യാൻ മുഖ്യമന്ത്രിയുണ്ടെന്നാണ് വയ്പ്. പക്ഷെ ഒരിക്കൽപ്പോലും കോ-ഓർഡിനേഷൻ നടന്നിട്ടില്ല, ഒരു യോഗവും നടന്നിട്ടില്ല. താളംതെറ്റിയ ഒരു സ്ഥിതിയായി നമ്മുടെ ജനകീയാസൂത്രണം മാറി. ഇപ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണിയെയും സി.പി.ഐ(എം.)-നെയും വേട്ടയാടുന്നതിനും തകർക്കുന്നതിനും വേണ്ടിയാണ് യു.ഡി.എഫ്. ശ്രമിച്ചത്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ ഇവിടെ വേട്ടയാടൽ ആരംഭിച്ചു. ടി. പി. ചന്ദ്രശേഖരന്റെ വധത്തിന്റെ പേരിൽ പാർട്ടി സംസ്ഥാന നേതാക്കളെ പ്രതിയാക്കി, 76 ആളുകളെ അടയ്ക്കാൻ തീരുമാനിച്ചു. നമ്മുടെ സഭാംഗമായിട്ടുള്ള സഖാവ് ടി. വി. രാജേഷിനെയും മുൻ സി. പി. ഐ.(എം.)-ന്റെ നേതാവായ രാകേഷിനെയും പോലുള്ളവരെയും കേസിൽ പ്രതിയാക്കി. ഞങ്ങൾ ചോദിക്കുകയാണ്. ടി.പി. ചന്ദ്രശേഖരന്റെ കൊലപാതകത്തെ സംബന്ധിച്ച് വാതോരാതെ പ്രസംഗിക്കുന്നുണ്ടല്ലോ. ആ കേസിൽപ്പെട്ട ആളാണ് സി.എച്ച്. അശോകൻ. പത്ത് നാൽപ്പത് വർഷം കേരളീയരുടെ ഏറ്റവും പ്രിയപ്പെട്ട ഒരു സംഘടനാ നേതാവായിരുന്നു സി. എച്ച്. അശോകൻ. അദ്ദേഹം എന്ത് തെറ്റുചെയ്തിട്ടാണ് മരിച്ചത്? അനാവശ്യമായി കേസിൽപ്പെടുത്തി ഇവിടെ ജയിലിലടച്ച കാരണമല്ലേ അദ്ദേഹത്തിന്റെ രോഗം മൂർച്ഛിച്ചത്. അദ്ദേഹത്തെ ചികിത്സിക്കാൻപോലും ഈ ഗവൺമെന്റ് സന്നദ്ധമായോ. യഥാർത്ഥത്തിൽ സി.എച്ച്. അശോകന്റേത്

യഥാർത്ഥ മരണമല്ല കൊലപാതകമാണ്. സി.എച്ച്. അശോകന്റെ മരണത്തിൽ ഈ ഗവൺമെന്റാണ് ഉത്തരവാദി. അതിന് നിങ്ങളാണ് സമാധാനം പറയേണ്ടത്. ടി.പി. ചന്ദ്രശേഖരന്റെ വധത്തെ സംബന്ധിച്ച് ഘോരഘോരം പറയുകയാണ്. പുത്തൂരിലെ ഷീല വധക്കേസുണ്ടായിരുന്നു. ഷീലവധക്കേസിലെ പ്രതിയായിട്ടുള്ള സമ്പത്തിനെ പോലീസുകാർ ഉരുട്ടിക്കൊന്നു. നിങ്ങളല്ലേ ധർണയും കളക്ടറേറ്റ് പിക്കറ്റിംഗും നടത്തിയത്. യു.ഡി.എഫ്. അല്ലേ സമരം നടത്തിയത്. മലർന്ന് കിടന്ന് തുപ്പരുത് എന്നാണ് യു.ഡി.എഫ്.-നോട് പറഞ്ഞത്. ഇന്ന് ഞങ്ങളുടെ നേതാക്കൾ ജയിലിൽ പോയപ്പോൾ നിങ്ങൾ പരിഹസിക്കുന്നു. മനുഷ്യാവകാശലംഘനം എവിടെയുണ്ടെങ്കിലും ഞങ്ങൾ പോകുന്നുണ്ട്. സമ്പത്തിന്റെ കൊലപാതകത്തിന് ഉത്തരവാദിയായവരെ ശിക്ഷിക്കണം എന്നുപറഞ്ഞുകൊണ്ട് നിങ്ങൾ പ്രകടനം നടത്തിയല്ലോ, സമരം നടത്തിയല്ലോ. എന്തുദ്ദേശം കൊണ്ടാണ്? നിങ്ങൾ ക്രിമിനലുകൾക്ക് കൂട്ടുനിൽക്കാനോണോ അന്ന് പോയത്. നിങ്ങൾക്ക് പറയാൻ കഴിയില്ല. മനുഷ്യാവകാശലംഘനം എവിടെയുണ്ടോ അവിടെയല്ലാം സി.പി.ഐ.(എം.) പോകും എന്ന കാര്യത്തിൽ തർക്കമില്ല. പണ്ട് രാജനെ ഉരുട്ടിക്കൊന്നപ്പോൾ അതിനെതിരായി ശക്തമായ നിലപാട് എടുത്തത് ഇടതുപക്ഷപാർട്ടികളാണ്. വർഗ്ഗീസ് വധത്തെക്കുറിച്ച് സംഭവങ്ങളുണ്ടായപ്പോൾ ശക്തമായ നിലപാട് സി.പി.ഐ.(എം.)-നും ഇടതുപക്ഷജനാധിപത്യമുന്നണിക്കും എടുക്കാൻ സാധിച്ചു. ജയിലിൽ ഇത്തരം തെറ്റായ സംഭവങ്ങളുണ്ടായാൽ ആരാണെങ്കിലും ശരി അവിടെ പോകുക ഒരു ജനാധിപത്യ മര്യാദയാണ്. ആ മര്യാദയാണ് ഞങ്ങൾ കാണിച്ചത്. അവിടെ പോകരുതെന്ന് പറയാൻ എന്താണ് അവകാശം? അങ്ങനെയാണെങ്കിൽ സമ്പത്ത് മരണത്തിന്റെ കാര്യത്തിൽ നിങ്ങൾ അന്ന് നിലപാടെടുത്തത് തെറ്റാണെന്ന് ഇപ്പോൾ

പറയേണ്ടിവരും. കൊലപാതകവും ആത്മഹത്യയും ഞങ്ങൾ അംഗീകരിക്കുന്നില്ല. പക്ഷെ യു.ഡി.എഫ്.-ന്റെ കൈകൾ ശുദ്ധമാണോ? കോൺഗ്രസ്സിന്റെ കൈകൾ ശുദ്ധമാണോ? എന്റെ മണ്ഡലത്തിൽ മാങ്ങാട് മണ്ഡലത്തിൽ കാഞ്ഞിരപ്പള്ളിയിൽ ഇരട്ടക്കൊലപാതകം നടന്നു. ഇന്നും പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. യു.ഡി.എഫ്. ആണ് അതിന്റെ പ്രതി. നിങ്ങളുടെ കൈകൾ ശുദ്ധമാണോ?

തെറ്റായ കാര്യങ്ങൾ സഭയിൽ അവതരിപ്പിച്ച് മാധ്യമശ്രദ്ധ നേടുന്നതിനുവേണ്ടിയുള്ള ശ്രമം ഇനിയെങ്കിലും അവസാനിപ്പിക്കണം. സി.പി.ഐ. (എം)-നെയും ഇടതുപക്ഷ ജനാധിപത്യമുന്നണിയെയും വേട്ടയാടാൻ തുടങ്ങിയിട്ട് കുറെക്കാലമായി. സി.പി.ഐ.(എം)-ന്റെ പോളിറ്റ് ബ്യൂറോ അംഗവും സി.പി.ഐ. (എം)-ന്റെ സംസ്ഥാന സെക്രട്ടറിയുമായ ശ്രീ. പിണറായി വിജയനെതിരെ ഇവിടെ അപവാദ പ്രചാരണം നടത്താൻ തുടങ്ങിയിട്ട് 15 കൊല്ലമായി. ലാവ്‌ലിൻ കേസ്സിൽ തെറ്റായ രീതിയിൽ രാഷ്ട്രീയപ്രേരിതമായ കേസ്സാണ് ഇവിടെ എടുത്തത്. കേസ് രാഷ്ട്രീയപ്രേരിതമാണെന്ന് ഞങ്ങൾ പറഞ്ഞു. മാത്രമല്ല, ഇതിന് നിയമപരമായും രാഷ്ട്രീയമായും ഞങ്ങൾ നേരിടുമെന്നും പറഞ്ഞു. കോടതിയും അതുതന്നെയല്ലേ പറഞ്ഞത്? സി.ബി.ഐ.-യുടെ പ്രത്യേക കോടതി ഇത് വിചാരണ ചെയ്യാൻപോലും അർഹതയില്ലാത്ത കേസ്സാണെന്നുപറഞ്ഞുകൊണ്ട് തള്ളിക്കളഞ്ഞു. എന്തെല്ലാം അപ്പീൽ കൊടുത്തു, ഇവിടെ വ്യാഖ്യാനങ്ങൾ എന്തെല്ലാമുണ്ടായി, എന്തെല്ലാം തെറ്റിദ്ധാരണ പ്രചരിപ്പിച്ചു, എന്തെല്ലാം കോലാഹലങ്ങളുണ്ടായി. ആ കോലാഹലങ്ങളെല്ലാം അസ്ഥാനത്താക്കിക്കൊണ്ടാണ് വിധി പറഞ്ഞത്. ഇത് വിചാരണ ചെയ്യാൻപോലും യോഗ്യതയില്ലാത്ത കേസ്സാണെന്ന്

തിരുവനന്തപുരം സി.ബി.ഐ. പ്രത്യേക കോടതി വിധി കൽപ്പിച്ചു. ഇപ്പോഴെന്തായി, ഞങ്ങൾ പറഞ്ഞത് ശരിയാണ് സി.പി.ഐ. (എം.)–നെയും ഇടതുപക്ഷ പാർട്ടികളെയും വേട്ടയാടുന്നതിനുവേണ്ടി സി.ബി.ഐ.–യെ ഉപയോഗപ്പെടുത്തുകയാണ്. സി.ബി.ഐ.–യെന്നുവച്ചാൽ കൂട്ടിലടച്ച തത്തയാണ് എന്നൊരിക്കൽകൂടി വ്യക്തമാകുന്നു. ടി. പി. ചന്ദ്രശേഖരൻ വധത്തിലും സി.ബി.ഐ. അന്വേഷണം വേണമെന്ന് ഇപ്പോൾ പറയുന്നു. സി. ബി.ഐ. അന്വേഷണം നടത്തേണ്ട കാര്യമുണ്ടോ? നിങ്ങളുടെ പോലീസല്ലേ അറസ്റ്റ് ചെയ്ത് കേസ്സെടുത്ത് അന്വേഷണം നടത്തിയത്; ആ അന്വേഷണം നടത്തിയത് തെറ്റാണെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ, അതാണ് ഞങ്ങൾ ചോദിക്കുന്നത്? നിങ്ങളുടെ അന്വേഷണത്തെ നിങ്ങൾക്കുതന്നെ തെറ്റാണെന്ന് പറയാൻ കഴിയുമോ? നിങ്ങൾ എന്തടിസ്ഥാനത്തിലാണ് സി. ബി.ഐ. അന്വേഷണം വേണമെന്ന് ആവശ്യപ്പെടുന്നത്; യാതൊരു ന്യായ വുമില്ല. നിങ്ങൾക്കൊരു സി.ബി.ഐ. വേണം. തെരഞ്ഞെടുപ്പ് വരുമ്പോൾ സി.ബി.ഐ.–യെന്ന ഉമ്മാക്കി കാണിക്കണം. അങ്ങനെ സി.ബി.ഐ. ഇല്ലെങ്കിൽ കോൺഗ്രസ്സിന് ഇവിടെ ഉറക്കം വരാത്ത സ്ഥിതിയിലേക്കുപോകു ന്നു. സി.ബി.ഐ. ഇല്ലെങ്കിൽ നിങ്ങൾക്ക് രക്ഷയില്ല. ആ സ്ഥിതിയിലേക്ക് കേരളം പോകുന്നുവെന്നാണ് ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്. ഇത്തരം തെറ്റായ പ്രചരണങ്ങളഴിച്ചുവിടുകയും തെറ്റായ രീതിയിൽ കേരളത്തെ നയി ക്കുകയും ചെയ്യുന്ന ഈ ബഡ്ജറ്റിനെ ഞാൻ ശക്തിയുക്തം എതിർക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിക്കുകയാണ്. എല്ലാ മേഖലയ്ക്കും ആവശ്യമായ എല്ലാ സംരക്ഷണവും നൽകി ഒട്ടേറെ നൂതനങ്ങളായ പദ്ധതികൾ അവതരിപ്പിച്ചു

കൊണ്ടാണ് ഇത്തവണത്തെ ബഡ്ജറ്റ് ശ്രീ. കെ. എം. മാണി ഇവിടെ അവതരിപ്പിച്ചത്. അതിന്റെ ആദ്യത്തെ നാലുമാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ടാണ് ഇവിടെ ഇന്നിപ്പോൾ ചർച്ച ചെയ്യുന്നത്. കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രശ്നങ്ങൾ കൃത്യമായി മനസ്സിലാക്കി അവയ്ക്കൊക്കെ വ്യക്തമായ പദ്ധതികൾ തയ്യാറാക്കി കേരളത്തിലെ കർഷകർക്കുവേണ്ടി സ്വപ്നതുല്യമായ ഒരു ബഡ്ജറ്റ് അവതരിപ്പിച്ച നമ്മുടെ ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം രണ്ട് ഹെക്ടർവരെ ഭൂമിയുള്ള കർഷകരെ ഇൻകം ഗ്യാരണ്ടി ചെയ്യുന്ന സ്കീം ഏറ്റവും മനോഹരമായ ഒരു സ്കീമാണ്. ചെറുകിട നാമമാത്ര കർഷകർക്ക് ഇത്രയേറെ ആശ്വാസം പകരുന്ന മറ്റൊരു പദ്ധതി സമീപകാലത്തൊന്നും ഉണ്ടായിട്ടില്ലായെന്ന് എനിക്ക് ഉറപ്പിച്ച് പറയാൻ കഴിയും. കാരണം, അത്ര മാത്രം ആവേശകരമായ സ്വീകരണമാണ് കാർഷിക മേഖലയിൽനിന്നും ആ പദ്ധതിയെക്കുറിച്ചുണ്ടായിരിക്കുന്നത്. 25 പ്രധാനപ്പെട്ട വിളകളെയാണ് ഇൻഷ്വർ ചെയ്തിരിക്കുന്നത്. 90 ശതമാനം പ്രീമിയവും സർക്കാർ അടയ്ക്കുന്നു. അതിനുവേണ്ടി 50 കോടി രൂപ മാറ്റിവച്ചിരിക്കുന്നു, എത്ര കോടി രൂപ ആവശ്യമാണെങ്കിലും മാറ്റിവയ്ക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ച ഒരു പദ്ധതിയാണിത്. അതുപോലെതന്നെയാണ് കാർഷിക മേഖലയിലെ കർഷകരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി. പെൺകുട്ടികൾക്ക് ലാപ്ടോപ്പ് കൊടുക്കുന്നത് മോശമാണെന്നൊക്കെ ശ്രീ. കെ. വി. വിജയദാസ് പറഞ്ഞു. വലിയ കാര്യമാണ്. കാർഷിക മേഖലയിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട പ്രത്യേകിച്ച് നാമമാത്ര കർഷകർ അവരുടെ പ്രൊഫഷണൽ വിദ്യാഭ്യാസ

സ്ഥാപനങ്ങളിൽ അഡ്മിഷൻ കിട്ടിയിട്ടുള്ള പെൺകുട്ടികൾക്ക് ലാപ്ടോപ്പ് കൊടുക്കുന്നുവെന്നുപറയുന്നത്, ഇത് സ്വപ്നംപോലും കാണാൻ കഴിയാതിരുന്ന ആളുകൾക്ക് സൗജന്യമായി നൽകുന്നുവെന്ന് പറയുന്നത് വലിയ ആവേശത്തോടെ വളരെ നല്ലൊരു പ്രോഗ്രാമായിട്ടാണ് സമൂഹം കണ്ടിരിക്കുന്നത്. അഗ്രി കാർഡ് മറ്റൊരു വലിയ ആശയമാണ്. കാർഷിക മേഖലയിലെ കർഷകരുടെ എല്ലാത്തരം ലോണുകളും അവരുടെ എല്ലാ പദ്ധതികളും എല്ലാ ആനുകൂല്യങ്ങളും ഈ അഗ്രി കാർഡുപയോഗിച്ച് അവർക്ക് വളരെ എളുപ്പത്തിൽ നേടിയെടുക്കാൻ കഴിയുമെന്നുള്ളത് വലിയ ആശ്വാസകരമാണ്. അതുപോലെതന്നെ പോളീ ഹൗസുകൾക്കുകൊടുക്കുന്ന പ്രത്യേകമായ പരിഗണന, പോളീ ഹൗസുകൾ എവിടെയാണെന്ന് ഇവിടെ സംസാരിച്ചപ്പോൾ ചില ആളുകൾ ചോദിച്ചു. എന്റെ നിയോജക മണ്ഡല ത്തിൽ ഇതിനകം എല്ലാ പഞ്ചായത്തുകളിലും രണ്ടും മൂന്നും വീതം ഏകദേശം 30 പോളീ ഹൗസുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കാരണം ഇത് ഏറ്റെടുക്കാൻ കർഷകർക്ക് വളരെ വലിയ ആവേശമുണ്ടാ യിരുന്നു. ഞങ്ങളുടെ അവിടെ വലിയ ഒരു കാർഷിക മേളനടന്നു. ആ മേള നടന്നത് ഇ.ഇ.സി. മാർക്കറ്റിലായിരുന്നു. ഒരു മാസംകൊണ്ട് ഒരു ചെറിയ പോളീ ഹൗസിലുണ്ടായ ഉൽപ്പന്നങ്ങൾ 4 ടൺ ആണ്. അത്ര വലിയൊരു മാറ്റം കാർഷിക മേഖലയിൽ ഈ പുതിയ ഹൈടെക് കൃഷികൊണ്ടുണ്ടാ ക്കാൻ കഴിയും. അതിന് പരമാവധി പ്രോത്സാഹനം കൊടുക്കുന്ന ഒരു നയം ഈ ബഡ്ജറ്റിലുണ്ടായി. ഞാൻ അതിനെ വളരെയധികം സ്വാഗതം ചെയ്യുന്നു. അതുകൊണ്ടുതന്നെ ആദ്യത്തെ നാലുമാസത്തേക്ക് പണം ചെല വഴിക്കാനാവശ്യമായ ഈ വോട്ട് ഓൺ അക്കൗണ്ടിന് എല്ലാവിധ

പിന്തുണയും നമ്മളെല്ലാപേരും ചേർന്ന് കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. ഇതിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമെന്താണെന്ന് ചോദിച്ചാൽ ഈ ബഡ്ജറ്റിന്റെ പ്രസംഗത്തിൽ വരുന്ന കാര്യങ്ങളിൽ ചില കാര്യങ്ങളെങ്കിലും പലപ്പോഴും ആ സാമ്പത്തിക വർഷത്തിന്റെ അവസാനം നടപ്പിലാകുന്നില്ലയെന്നുള്ള വലിയ ഒരു പരാതിയുണ്ട്. ഇത് അതുമായി ബന്ധപ്പെട്ട വകുപ്പുകളുടെ കുഴപ്പമാണ്. ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റുകളിൽ ബഡ്ജറ്റ് പ്രസംഗത്തിൽ വരുന്ന കാര്യങ്ങൾ വളരെ വേഗത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി ഒരു ഫാസ്റ്റ് ട്രാക് സംവിധാനം ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കണം. ആദ്യത്തെ പ്രസംഗത്തിൽ വന്നിട്ടുള്ള കാര്യങ്ങളിൽ രണ്ടുമൂന്നുമാസം കൊണ്ട് അതിന്റെ എ.എസ്. ഉണ്ടാകണം. അതുണ്ടായില്ലെങ്കിൽ അതിന്റെ പ്രാധാന്യം കുറഞ്ഞുപോകും. അതുകൊണ്ട് ആ കാര്യം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഇതൊക്കെയുണ്ട് എങ്കിലും നമുക്ക് ഏറ്റവും വലിയൊരു പ്രതിസന്ധി ഇപ്പോൾ കേരളത്തിന്റെ പശ്ചാത്തല വികസന മേഖലയിലുണ്ടായിരിക്കുകയാണ്. പ്രത്യേകിച്ച് New Land Acquisition Policy, നല്ല പോളിസിയാണ്. അത് ഭൂഉടമകൾക്കും അവിടെ കച്ചവടം നടത്തുന്നവർക്കും അവിടെ ജീവിക്കുന്നവർക്കുമൊക്കെ സംരക്ഷണം നൽകുന്ന കേന്ദ്ര ഗവൺമെന്റിന്റെ വളരെ നല്ലൊരു പോളിസിയാണ്, Right to fair compensation and transparency in Land Acquisition (Rehabilitation and Resettlement) Act 2013. ഇക്കഴിഞ്ഞ ജനുവരി 1-ാം തീയതിമുതൽ ഇത് പ്രാബല്യത്തിൽ വന്നിരിക്കുകയാണ്. പക്ഷെ അത് ongoing project-കളെ മുഴുവൻ വല്ലാതെ ബാധിക്കുന്നുവെ

ന്നുള്ള ഒരു പ്രതിസന്ധി എല്ലാ സംസ്ഥാനത്തും വ്യാപകമായിട്ടുണ്ടെങ്കിലും നമ്മുടെ സംസ്ഥാനത്താണ് അത് ഏറ്റവും കൂടുതൽ പ്രശ്നമുണ്ടാക്കാൻ പോകുന്നത്. കാരണം, ഇൻഡ്യയിൽ ഏറ്റവും കൂടുതൽ ഭൂമി കിട്ടാൻ ബുദ്ധിമുട്ടുള്ള ഒരു സംസ്ഥാനമാണ് കേരളം. മറ്റെല്ലാ സംസ്ഥാനങ്ങളിലും ആവശ്യത്തിന് വികസന പ്രവർത്തനത്തിന് ഭൂമി കിട്ടാൻ വലിയ പ്രശ്നമില്ല. ഇവിടെ ഈ വലിയൊരു പ്രതിസന്ധിയെ നമ്മൾ നേരിടുന്നുണ്ട്, ഇപ്പോൾത്തന്നെ നേരിട്ടുകൊണ്ടിരിക്കുകയാണ്. New Land Acquisition Policy ജനുവരി ഒന്നാം തീയതിമുതൽ വന്നതോടുകൂടി നമ്മുടെ ongoing project-കൾക്കൊന്നും മുന്നോട്ടുപോകാൻ കഴിയാത്ത ഒരു സാഹചര്യമിവിടെ ഉണ്ടായിരിക്കുന്നു. ഏതുതരത്തിൽ ഈ പ്രതിസന്ധി മറികടക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് വളരെ ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മാത്രമല്ല, ഈ ആക്ടിന്റെ അടിസ്ഥാനത്തിൽ ചില അതോറിറ്റികൾ ഉടനടി രൂപീകരിക്കണമെന്നാണ് അവർ പറഞ്ഞിരിക്കുന്നത്. അതിലെ സോഷ്യൽ ഇംപാക്ട് അസെസ്മെന്റിനു വേണ്ടിയുള്ള അതോറിറ്റി രൂപീകരിക്കണം. R&R (Rehabilitation & Resettlement) അവാർഡിനുവേണ്ടിയുള്ള അഡ്മിനിസ്ട്രേറ്റർ, കമ്മീഷണർ എന്നിവരെ നിയമിക്കണം. അതുപോലെ State Land Acquisition Rehabilitation and Resettlement Authority, State Monitoring Committee, National Monitoring Committee എന്നിവയെല്ലാമുണ്ടാകണം. ഇതെല്ലാമുണ്ടാകണം. ഇതെല്ലാം സമയബന്ധിതമായി ഉണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഈ പദ്ധതികളെല്ലാം അവതാളത്തിലാകുകയും ഒരു വികസന

പ്രവർത്തനവും ഈ വർഷമോ അടുത്ത വർഷമോ ഈ നാട്ടിൽ നടക്കില്ല. അതുകൊണ്ട് ഈ കാര്യത്തിൽ വളരെ ഗൗരവമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു കാര്യം, ഇന്ന് രാവിലെ മുതൽ ടി.പി. വധക്കേസ്, വിയ്യൂർ ജയിൽ അവിടത്തെ മനുഷ്യാവകാശ ലംഘനങ്ങൾ എന്നിവയെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തതും എല്ലാപേരും സംസാരിച്ചതുമായ ഒരു വിഷയമാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണനെപ്പോലുള്ള പ്രമുഖ നേതാക്കളും മറ്റുള്ള ആളുകളൊക്കെ ജയിലിൽ പോയതിനോ പ്രതികളെ കണ്ടതിനോ ഞാൻ കുറ്റം പറയുന്നില്ല. അത് എങ്ങനെയാണ് തെറ്റെന്ന് പറയാൻ കഴിയുക. ഇല്ലെങ്കിൽ അവർ വിവരമറിയും അതുകൊണ്ടാണ് അവർ അങ്ങനെ ചെയ്തത്. ടി.പി. മരിച്ച ദിവസം മുതൽ ഈ അടുത്ത ദിവസംവരെ പാർട്ടി പറഞ്ഞു ഞങ്ങൾക്ക് ഇതുമായി ഒരു ബന്ധവുമില്ല എന്ന്, ബന്ധമില്ലെന്നുപറഞ്ഞാലും കോടതി ശിക്ഷിച്ചു. പാർട്ടിയുടെ പ്രധാനപ്പെട്ട മൂന്നുനാല് പേരെയാണ് ശിക്ഷിച്ചത്. ഇതെല്ലാം സംഭവിച്ചിട്ട് എത്രനാൾ പിടിച്ചുനിൽക്കാൻ പറ്റും. ഞങ്ങൾക്ക് ബന്ധമില്ല...ബന്ധമില്ല എന്ന് പറഞ്ഞിട്ടും ശിക്ഷിക്കപ്പെട്ട് ജയിലിലോട്ട് പോയ ആളുകളെ അന്വേഷിച്ചിലെങ്കിൽ അവർ വിവരമറിയും. അത് രണ്ട് തരത്തിലുണ്ടാകും, ഒന്ന് അറിയപ്പെടുന്ന ഗുണ്ടകളാണ്. അവരുടെ ജീവനുപോലും ഭീഷണിയുണ്ടാകുന്ന പ്രശ്നമാണ്. അതല്ലെങ്കിൽ ഇവർ നടത്തിയ കാര്യങ്ങൾ മുഴുവൻ വിളിച്ചുപറയും. ഈ രണ്ട് കാരണങ്ങളാൽ അവരെ ആശ്വസിപ്പിക്കുകയും കാണുകയും ചെയ്യേണ്ടത് വളരെ പ്രധാനപ്പെട്ട ഒരാവശ്യമായിരുന്നു. അതുമാത്രമല്ല, അതിനേക്കാൾ പ്രധാനപ്പെട്ട കാര്യം, അതിനുവേണ്ടി അവിടെ

മർദ്ദനമുണ്ടായി എന്ന ഒരു സിറ്റ്വേഷൻ ഉണ്ടാക്കിയതാണ്. 'മനുഷ്യാവകാശലംഘനം നടന്നിരിക്കുന്നു, അത് അന്വേഷിക്കണം' എന്ന ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ ഇന്നലത്തെ പ്രസ്താവന കണ്ടു. ഇത് പറഞ്ഞ് രണ്ട് മണിക്കൂർ തീരും മുമ്പേ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു.  എന്ത് മനോഹരമായ മനുഷ്യാവകാശ കമ്മീഷനാണ് നമ്മുടെ നാട്ടിലുള്ളത്. മനുഷ്യാവകാശ ലംഘനങ്ങളോട് ഇത്രയധികം പ്രതികരിക്കുന്ന ഒരു മനുഷ്യാവകാശ കമ്മീഷൻ,  ഈ സംസ്ഥാനത്ത് നടന്നിട്ടുള്ള പല മനുഷ്യാവകാശ ലംഘനങ്ങൾ കണ്ടിട്ടില്ലെങ്കിലും ഈ കാര്യത്തെക്കുറിച്ച് അപ്പോൾ തന്നെ പ്രതികരിച്ചു.  ഞാൻ അവരെ കുറ്റപ്പെടുത്തുകയല്ല. ഇത്രയധികം വിജിലന്റായ മനുഷ്യാവകാശ കമ്മീഷനാണ് നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്നുവെന്നത് നല്ല കാര്യമാണ്. മനുഷ്യാവകാശ കമ്മീഷൻ മാത്രമല്ല  വേറെ ഒരുപാട് കമ്മീഷനുകളും കോടതികളും നമുക്കുണ്ട്. ഇവരുടെയൊക്കെ പ്രധാനപ്പെട്ട പ്രശ്നം  അവർക്ക് ന്യൂസ് ഉണ്ടാകണം, വാർത്താ മാനിയയാണ്.  ജഡ്ജിമാർക്കുപോലും വരുന്ന കേസുമായി ഒരു ബന്ധമില്ലാത്ത കാര്യത്തിന് നാല് കമന്റടിച്ചിട്ടുപോകും. പിറ്റേദിവസം പത്രത്തിൽ തലക്കെട്ടുണ്ടാകണമെന്ന ലക്ഷ്യങ്ങൾക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത്.  പക്ഷേ, മനുഷ്യാവകാശ കമ്മീഷൻ അദ്ദേഹം പറഞ്ഞയുടനെ ആ കാര്യത്തിൽ തീരുമാനമെടുത്തത്, എത്ര എഫിഷ്യന്റായിട്ടാണ്  ഈ സംവിധാനമൊക്കെ മുന്നോട്ടുപോകുന്നത് എന്ന് പ്രതിപക്ഷത്തിന് ഇപ്പോഴെങ്കിലും മനസിലായിട്ടുണ്ടാകുമെന്നാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ മലയോരങ്ങളുമായി ബന്ധപ്പെട്ട ഗാഡ്ഗിൽ റിപ്പോർട്ടും കസ്തൂരിരംഗൻ റിപ്പോർട്ടും, കഴിഞ്ഞദിവസം ഇതിന്റെ ചർച്ച ഇവിടെ നടന്നു. എനിക്ക് ചർച്ചയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല.

എങ്കിലും ഞാൻ അതിന്റെ വികാരങ്ങളെ പൂർണ്ണമായി ഉൾക്കൊണ്ട് മുഴുവൻ സമയവും ഇവിടെ ഇരിക്കുകയായിരുന്നു. ആ ചർച്ചയിൽ പങ്കെടുത്ത് നമ്മളെല്ലാപേരും ഒരേ അഭിപ്രായത്തിൽ ഒരു പ്രമേയം പാസ്സാക്കി. എനിക്ക് വളരെ വിനയപൂർവ്വം പ്രതിപക്ഷത്തോട് അഭ്യർത്ഥിക്കാനുള്ളത്, ഈ കേസ് വളരെ സങ്കീർണ്ണമാണ്. ഗ്രീൻ ട്രൈബ്യൂണലിൽ ഈ കേസ് നടക്കുകയാണ്. ഗ്രീൻ ട്രൈബ്യൂണലിലേക്ക് ഇവിടത്തെ പ്രകൃതിസ്നേഹികൾ, വളരെ സജീവ മായി ഓരോ കേസുമായി പോയിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പരിസ്ഥിതി സംഘടനകളിൽ പലതും ആഗോളതലത്തിൽ എല്ലാ സംവിധാനവും എല്ലാ സഹായവുമുള്ളതാണ്. അവർ ഗ്രീൻ റവല്യൂഷന് മുമ്പിൽ ഈ കേസ് നടത്തി ക്കൊണ്ടിരിക്കുന്നതിനിടയ്ക്ക്, ദൈവത്തെയോർത്ത് നമ്മുടെ പ്രതിപക്ഷനേതാ വിനോട് നിങ്ങൾ പറയണം, ദൈവത്തെ വിശ്വാസമില്ലെങ്കിൽ രക്തസാക്ഷി കളെ ഓർത്തെങ്കിലുംപറയണം, അങ്ങ് ഇടയ്ക്കിടയ്ക്ക് 'കസ്തൂരി വേണ്ട കസ്തൂരിയല്ല... ഞങ്ങൾക്ക് ഗാഡ്ഗിൽ തന്നെ നടപ്പിലാക്കണം' എന്ന് പറ യാൻ പാടില്ല. അദ്ദേഹം ഇങ്ങനെ പറഞ്ഞാൽ ഗ്രീൻ ട്രൈബ്യൂണിലിരിക്കുന്ന വർ വിചാരിക്കും ഇത് കേരളത്തിലെ പ്രതിപക്ഷത്തിന്റെ അഭിപ്രായമാണെന്ന്. നമുക്കറിയാം അത് പ്രതിപക്ഷത്തിന്റെ അഭിപ്രായമല്ല. അദ്ദേഹത്തിന്റെ മാത്രം അഭിപ്രായമാണെന്ന്. പക്ഷേ ആളുകൾ വിശ്വസിക്കില്ല. ഇത് കേരളത്തിലെ പ്രതിപക്ഷത്തിന്റെ അഭിപ്രായമാണെന്ന് ഗ്രീൻ ട്രൈബ്യൂണലിലിരിക്കുന്ന ജഡ്ജിമാരും ഈ രാജ്യത്തുള്ള പരിസ്ഥിതി സംഘടനകളും വിചാരിക്കും. കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പിലാക്കാൻ പാടില്ല. ഗാഡ്ഗിൽ റിപ്പോർട്ടാണ് നടപ്പിലാക്കേണ്ടത് എന്നും തെറ്റിദ്ധരിക്കും. കാരണം അദ്ദേഹം കേരളത്തിന്റെ പ്രതിപക്ഷ നേതാവാണ്. നമ്മുടെ രാജ്യത്തിൽ നിലനിലക്കുന്ന നിയമ

സംവിധാനമനുസരിച്ച് പ്രതിപക്ഷനേതാവെന്നാൽ പ്രതിപക്ഷത്തിന്റെ മൊത്തത്തിലുള്ള നേതാവാണെന്നാണ്. അദ്ദേഹത്തിന്റെ അഭിപ്രായം പ്രതിപക്ഷത്തിന്റെ അഭിപ്രായമായി വരും. അതല്ല നിങ്ങൾക്ക് മറിച്ച് അഭിപ്രായമുണ്ടെങ്കിൽ അദ്ദേഹത്തിനോട് ഇങ്ങനെ പറയാൻ പറയുകയും ഞങ്ങൾ ഇങ്ങനെ പറഞ്ഞോളാമെന്ന് പറയുകയുന്നതാണോ എന്ന് എനിക്കറിയില്ല. അങ്ങനെയാണെങ്കിൽ അങ്ങനെ. അങ്ങനെയല്ലയെങ്കിൽ നിങ്ങൾ അദ്ദേഹത്തിനോട് പറയണം അങ്ങ് ഇങ്ങനെ ഉപദ്രവിക്കരുതെന്ന്.

<u>ശ്രീ. പി. റ്റി. എ. റഹീം</u>: സർ, അങ്ങേയ്ക്ക് ഇതിനെക്കുറിച്ച് വീണ്ടും സംശയമുണ്ടോ?

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ, എനിക്ക് അതിനെക്കുറിച്ച് ഒരു സംശയവുമില്ല. നമ്മൾ യുനാനിമസ്സായി ഒരു തീരുമാനമെടുത്തിട്ട് ഇങ്ങനെ പറയുമ്പോൾ ഗ്രീൻ ട്രൈബ്യൂണലിലെ ആളുകൾ തെറ്റിദ്ധരിക്കും. കേരളത്തിലെ പ്രതിപക്ഷനേതാവ് പറയുന്നു ഗാഡ്ഗിൽ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ പോകുന്നവെന്ന് ഇവിടുത്തെ പരിസ്ഥിതി സംഘടനകളൊക്കെ പറയും. ഇങ്ങനെ തെറ്റിദ്ധാരണയുണ്ടാകാതിരിക്കാൻ വേണ്ടിയും നമ്മുടെയെല്ലാപേരുടേയും നന്മയ്ക്ക് വേണ്ടിയും ഞാനൊരുകാര്യം സൂചിപ്പിച്ചുവെന്നേയുള്ളൂ.

<u>ശ്രീ. സി. കെ. നാണു</u>: സർ, അദ്ദേഹം ഉത്തരവാദപ്പെട്ട പാർട്ടിയുടെ സീനിയറായ ഒരാളാണ്. ഈ പ്രശ്നത്തെ സംബന്ധിച്ച് എല്ലാ കക്ഷികൾക്കും പലതരത്തിലുള്ള അഭിപ്രായങ്ങളുണ്ടെന്ന് അദ്ദേഹത്തിനറിയാം, 100 ശതമാനം വ്യത്യസ്ഥമെന്നൊന്നും പറയുന്നില്ല. അത് യു.ഡി.എഫ്.-ന്റേയും എൽ.ഡി. എഫ്.-ന്റേയും ഭാഗത്തുണ്ട്. അതിനെ സംബന്ധിച്ച് എല്ലാ കക്ഷികളും വളരെ സീരിയസ്സായി ആലോചിച്ച് കൂട്ടായ ഒരു തീരുമാനമെടുത്തു. ആ

തീരുമാനത്തെയാണ് കേരളത്തിന്റെ തീരുമാനമെന്ന് രാജ്യത്തെ അറിയിച്ചത്. കേരളത്തിന്റെ പ്രതിപക്ഷ നേതാവിന്റെ അഭിപ്രായത്തെ അങ്ങനെ സപ്രസ്സ് ചെയ്ത് പറയാനുള്ളതല്ല.

ശ്രീ. ജോസഫ് വാഴക്കൻ: സർ, എനിക്കങ്ങനെ അഭിപ്രായമില്ല. എന്റെ അഭിപ്രായമല്ല പറഞ്ഞത്. അദ്ദേഹം എപ്പോഴും ഇങ്ങനെ മാറിയും തിരിഞ്ഞുമൊക്കെ പറയാറുള്ളതാണ്. പക്ഷേ അദ്ദേഹം ഇങ്ങനെ ഇടയ്ക്കിടെ പറയുന്നത് നമ്മുടെ പൊതുവികാരത്തിന് എതിരായി ഭവിക്കും. മാത്രമല്ല ഗ്രീൻ ട്രൈബ്യൂണലിൽ കേസ് വരുമ്പോൾ നമ്മുടെ കേസ് അവിടെ പൊളിഞ്ഞുപോകും അതുകൊണ്ട് അദ്ദേഹത്തെ ഒന്ന് ഉപദേശിക്കണം. അതല്ല നിങ്ങൾ തമ്മിലുള്ള അഡ്ജസ്റ്റ്മെന്റാണോ എന്നുള്ളത് എനിക്കറിയില്ല. ഏതായാലും ഞാൻ കേട്ടത് പറഞ്ഞെന്നേയുള്ളൂ. ഈ നാട്ടിലെ സാധാരണ ഒരു കർഷകനുണ്ടാകുന്ന സംശയം ഞാനിവിടെ പ്രകടിപ്പിച്ചുവെന്നേയുള്ളൂ. ഏതായാലും ആ കാര്യത്തിൽ ഒന്ന് ശ്രദ്ധിക്കണമെന്ന് ഞാൻ നാണുവേട്ടനോടുകൂടി പറയുകയാണ്. നാണുവേട്ടൻ വളരെ സീനിയറായ ആളായതുകൊണ്ട് അദ്ദേഹത്തിനോട് ഇക്കാര്യം പറയാൻ പറ്റും. ബാക്കിയുള്ളവർക്ക് ഇക്കാര്യം അദ്ദേഹത്തിനോട് പറയാൻ പറ്റില്ല. ശ്രീ. കെ. എൻ. എ. ഖാദർ വളരെ ന്യായമായിട്ടുള്ള കാര്യമാണ് ഇവിടെ സംസാരിച്ചത്. ജില്ലകളുടെ രൂപീകരണത്തെ സംബന്ധിച്ച് കണക്കുകൾ ഉദ്ധരിച്ച് എത്ര പാർലമെന്റ് മണ്ഡലമുണ്ടെന്നും ആ പാർലമെന്റ് മണ്ഡലങ്ങളുള്ളിടത്ത് എത്ര ജില്ലകളുണ്ട് എന്നും അദ്ദേഹം പറഞ്ഞു. മിക്കവാറും പാർലമെന്റ് മണ്ഡലങ്ങളെക്കാൾ കൂടുതൽ ജില്ലകളാണ് ഇന്ത്യയിലെ മിക്ക സംസ്ഥാനത്തുമുള്ളത്. 1972–ലോ മറ്റോ ആണ് കേരളത്തിൽ അവസാനത്തെ ജില്ല നിലവിൽവന്നത്. പത്ത് നാൽപത് വർഷമായി കേരളത്തിൽ

പുതിയതായി ഒരു ജില്ലയും വന്നിട്ടില്ല. ഇവിടെ ജനസംഖ്യയ്ക്ക് അനുസൃതമായി ജില്ലകളുടെ രൂപീകരണമുണ്ടാകണം. കേരളത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രണ്ട് ജില്ലകളാണ് മലപ്പുറവും എറണാകുളവും. തിരുവനന്തപുരം മൂന്നാം സ്ഥാനത്താണ്. ഈ രണ്ട് ജില്ലകളിലും അത് മൂന്നാണെങ്കിൽ, അത് ഒരു കമ്മീഷനെവച്ച് തീരുമാനിക്കണം. നിർബന്ധമായും പുതിയ ജില്ലകൾ വരണം. കേന്ദ്രത്തിൽ പല പ്രോജക്ടുകൾക്കും സംസ്ഥാനത്തിന്റെ വിഹിതം തീരുമാനിക്കുന്നതും കൊടുക്കുന്നതും ജില്ലാടിസ്ഥാനത്തിലാണ്. ധനകാര്യ കമ്മീഷനെ സംബ ന്ധിച്ച കാര്യങ്ങളിലും കൂടുതൽ ജില്ലകൾ വരുന്നതുകൊണ്ട് ഒരു ദോഷവുമി ല്ല, കൂടുതൽ ജില്ലകളുണ്ടാക്കുക എന്നുള്ളതാണ് പുതിയ രീതി. എറണാകു ളത്തെ സംബന്ധിച്ചിടത്തോളം, എറണാകുളം നഗരമെന്നുപറയുന്നത് പ്രത്യേ കമായ ഒരു ലോകമാണ്. എറണാകുളം നഗരത്തിൽനിന്നും വളരെ മാറിയാണ് മൂവാറ്റുപുഴ തുടങ്ങിയുള്ള നമ്മുടെ കിഴക്കൻ മേഖലകൾ വരുന്നത്. സത്യത്തിൽ ജില്ലാ അഡ്മിനിസ്ട്രേഷന്റെ കളക്ടർ ഉൾപ്പെടെയുള്ള ആളുകൾക്ക് അങ്ങോട്ട് വരാൻപോലും സമയമില്ല കാരണം വികസനം മുഴുവൻ നഗരം കേന്ദ്രീകൃതമായി നടക്കുകയാണ്. നഗരകേന്ദ്രീകൃതമായി വികസനം നടക്കുന്നത് മറ്റ് സ്ഥലങ്ങൾ അവർക്ക് ഇഷ്ടമില്ലാത്തതുകൊണ്ടല്ല അവർക്ക് അങ്ങോട്ടു വരാൻ കഴിയുന്നില്ല. അവർക്ക് അതിനുള്ള സമയം പോലും കിട്ടുന്നില്ല. പലപ്പോഴും കാർഷിക മേഖലയായ കിഴക്കൻ മേഖലയെ പൂർണ്ണമായി അവഗണിക്കപ്പെടുന്ന ഒരു സ്ഥിതിയുണ്ട്. അതുകൊണ്ട് മൂവാറ്റുപുഴ കേന്ദ്രീകരിച്ച് ഒരു ജില്ലയുണ്ടാകണമെന്നുള്ളത് പുതിയ ഡിമാന്റല്ല. എത്രയോ കാലമായി ഉള്ള ഡിമാന്റാണ് അതിവേണ്ടി ഒരു കമ്മീഷനെ വച്ചു. കേരളത്തിൽ ഒരു ജില്ല വരികയാണെങ്കിൽ ആദ്യം

മൂവാറ്റുപുഴ കേന്ദ്രീകരിച്ച് ഒരു ജില്ല ഉണ്ടാകണമെന്ന് ആ കമ്മീഷൻ ഏകകണ്ഠമായി പറഞ്ഞിട്ടുള്ളതാണ്. അതിന്റെ താലൂക്കുകളുടെ ഡിവിഷൻ പോലും ബാബുപോൾ കമ്മീഷൻ റിപ്പോർട്ടിൽ വന്നിട്ടുള്ളതാണ്. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഒരു ജില്ലയാണ് മലപ്പുറം. അവിടെ ശ്രീ. കെ. എൻ.എ. ഖാദർ പറഞ്ഞത് ന്യായമായ ഒരാവശ്യമാണ്. അതുകൊണ്ട് സംസ്ഥാനത്ത് ഡീ–ലിമിറ്റേഷനുവേണ്ടി, ജില്ലാ രൂപീകരണത്തിനുവേണ്ടി ഒരു കമ്മീഷനെ വയ്ക്കുകയും സമയബന്ധിതമായി ആ കാര്യങ്ങളിൽ ഒരു തീരുമാനമുണ്ടാക്കുകയും വേണം എന്നാണ് എനിക്ക് പറയാനുള്ളത്. ഇതിൽ ഗവൺമെന്റിന്റെ ഒരു ശ്രദ്ധ ഉണ്ടാകണമെന്ന് ഞാൻ വളരെ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ഇവിടെ വേറെ കുറേ കാര്യങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. രാഷ്ട്രീയത്തെക്കുറിച്ച് ഇനി പറയണ്ട എങ്കിൽപ്പോലും ലാവലിൻ കേസിനെ സംബന്ധിച്ച് ശ്രീ. കെ. വി. വിജയദാസ് ഏറ്റവും അവസാനം സംസാരിച്ചു. ഇത് വിചാരണ ചെയ്യാൻപോലും യോഗ്യതയില്ലാത്ത കേസാണ് എന്ന് കോടതി പറഞ്ഞുവെന്ന് അദ്ദേഹം പറഞ്ഞു. ഇത് പറഞ്ഞത് കോടതിയല്ല, ശ്രീ. പിണറായി വിജയൻ ഇന്നലെ കൊടുത്ത സ്റ്റേറ്റ്മെന്റാണ്. കോടതി അങ്ങനെയൊന്നും പറഞ്ഞിട്ടില്ല. പക്ഷേ കോടതിയിൽ കുറേ കാര്യങ്ങളൊക്കെ നടന്നു, അതുവെറെ കാര്യം. പക്ഷേ നമുക്കറിയാം ലാവ്ലിൻ കേസിൽ പണം കൊടുത്ത ലാവ്ലിൻ കമ്പനിയെ കുറ്റപത്ര ത്തിൽനിന്നും വിഭജിച്ചുമാറ്റിയപ്പോൾ തന്നെ കേസ് പോയതാണ്. അതിന്റെ നാൾവഴികളും അതിന്റെ കാര്യങ്ങളെക്കുറിച്ചും ഒരന്വേഷണം ആവശ്യമുള്ളതാണ്. യാതൊരു സംശയവുമില്ല. അതിനുശേഷം അത് സി.ബി. ഐ. കോടതിയിൽ വന്നപ്പോൾ പണം എങ്ങനെപോയി എന്നുള്ളതും ഒരു സംസ്ഥാനത്തിന് 374 കോടി രൂപ നഷ്ടമുണ്ടായി എന്ന് സി & എ.ജി.

കണ്ടുപിടിച്ച, മലബാർ കാൻസർ സെന്ററിലേക്ക് അവർ കൊടുത്തുവെന്ന് പറഞ്ഞ കാശ് ഇങ്ങോട്ടു വരാതിരുന്ന, വളരെ പ്രമാദമായ ഒരു കേസാണ്. ഇത് സംസ്ഥാനത്ത് നൂറ് കോടി രൂപ, ഒരു പക്ഷേ കേരളത്തിൽ ഒരു കുംഭകോണത്തിൽ ഇത്രയും തുക നഷ്ടപ്പെട്ട മറ്റൊരു സംഭവമുണ്ടായിട്ടില്ല. അത് നമുക്ക് കയ്യുംകെട്ടി നോക്കിയിരിക്കാൻ പറ്റുമോ? സംസ്ഥാനത്തിന് നഷ്ടപ്പെട്ടുപോയ പണം എവിടെയാണ് പോയത്; ആരാണ് കൊണ്ടു പോയതെന്ന് അറിയണ്ടേ? ആ കാര്യത്തിൽ ഒരു അപ്പീലിന് പോകാൻ സി.ബി. ഐ.-യോടോ ബന്ധപ്പെട്ട ആളുകളോടോ ഗവൺമെന്റ് നിർബന്ധിക്കണ മെന്നാണ് എന്റെ അഭിപ്രായം. കാരണം ഇത്രയും നാൾ ഇവിടെ പറയുന്നത് കേട്ടു ആരും അറിഞ്ഞിട്ടില്ല, ഒന്നും അറിഞ്ഞിട്ടില്ല, പണം ഏത് വഴിയാണ് പോയത് എന്ന് അറിയണ്ടേ? സംസ്ഥാനത്തിനുണ്ടായ നഷ്ടമല്ലേ ഇത്.

ശ്രീ. സി. കെ. നാണു: ലാവ്‌ലിൻ കേസിൽ ചിലർ പണംകൊടുത്ത് കേസിൽ നിന്ന് മാറിയെന്നൊരു സൂചന ബഹുമാനപ്പെട്ട അംഗം പറഞ്ഞു. ആ സൂചന എവിടെ എത്തുമെന്നറിയാമോ? ഏതോ സ്വാധീനത്തിന്റെ ഫല മായി കേസിൽ നിന്ന് മാറ്റി എന്നു പറഞ്ഞു.

ശ്രീ. ജോസഫ് വാഴക്കൻ: പണം കൊടുത്ത് മാറിയെന്ന് ഞാൻ പറ ഞ്ഞിട്ടില്ല. ഞാൻ ആ രൂപത്തിൽ സംസാരിച്ചിട്ടില്ല. പണം എവിടെപ്പോയി എന്നറിയണ്ടേ? ഇവിടെ കോടതികളെ പുലഭ്യം പറയുന്നതൊന്നും ഞങ്ങ ളുടെ ശീലമല്ല. ഞാൻ പറയാത്ത കാര്യങ്ങൾ അങ്ങ് എന്റേതാക്കി തീർക്കണ്ട. പത്രങ്ങൾ വായിക്കുന്ന ഒരു സാധാരണക്കാരനെന്ന നിലയിൽ എനിക്ക് സംശയം തോന്നുന്ന കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. ഒരു കേസിന്മേൽ വള രെക്കാലത്തെ അന്വേഷണത്തിനുശേഷം സി.ബി.ഐ. ഒരു കുറ്റപത്രം സമർപ്പി

ക്കുന്നു, കുറച്ചുകഴിയുമ്പോൾ പണം കൊടുത്തു എന്നുപറയുന്നു. പണം കൊടുത്തത് ആരാണെന്നറിയില്ല. ലാവ്‌ലിൻ കമ്പനിയാണല്ലോ അതിനകത്തെ മുഖ്യപ്രതി. അവരാണല്ലോ കൊടുത്തുവെന്ന് പറയുന്നത്. അവരെ അതിനക ത്തുനിന്ന് മാറ്റിനിറുത്തിയാൽ പിന്നെവിടെയാണ് കേസ്. കുറ്റപത്രം വിഭജിച്ച അന്നുമുതൽ തുടങ്ങിയതാണ്. അതിന്റെയൊക്കെ ചരിത്രം വേണമെങ്കിൽ അന്വേഷിച്ചുനോക്കണം. നാണുവേട്ടനെക്കുറിച്ച് എനിക്ക് നല്ല അഭിപ്രായമാ ണുളളത്. അദ്ദേഹം ഗാന്ധിയനാണ്. എന്റെ ചെറുപ്പകാലം മുതൽ ഞാൻ കാണുന്ന ഒരാളാണ്. ചെരിപ്പുപോലുമിടാതെ ഗാന്ധിയനായി ജീവിതം നയി ക്കുന്ന ഒരാളാണ് അദ്ദേഹം. പക്ഷേ അദ്ദേഹത്തിന് പറ്റിയ പാർട്ടിയിലല്ല അദ്ദേഹം നിൽക്കുന്നത്. അദ്ദേഹം നിൽക്കുന്ന പാർട്ടി വലിയ കൊള്ളക്കാ രുടെ പാർട്ടിയിലായിപ്പോയി എന്നൊരു ദുഃഖം നമുക്കുണ്ട്. അതുകൊണ്ട് ഞാൻ പറഞ്ഞത് തെറ്റായ രീതിയിൽ അങ്ങ് കാണേണ്ട കാര്യമില്ല. ഞാൻ ആരേയും വേദനിപ്പിക്കാനല്ല പറഞ്ഞത്. ടി.പി. ചന്ദ്രശേഖരന്റെ വധത്തിന്റെ കാര്യത്തിൽപ്പോലും രാവിലെ ഈ സഭയിൽ ഉണ്ടായ പ്രശ്നം, വേറെ ആരെ ങ്കിലുമാണ് ഇവിടെ ഈ സബ്മിഷൻ അവതരിപ്പിച്ചെങ്കിൽ ആരും മിണ്ടില്ലായി രുന്നു. ശ്രീ. കെ. രാധാകൃഷ്ണനിൽ നിന്നും ഞങ്ങൾ ഇതല്ല പ്രതീക്ഷിക്കു ന്നത്. സാത്വികനായ ഒരു നിയമസഭാ സാമാജികൻ, ഒരു കമ്മ്യൂണിസ്റ്റുകാരൻ ഒക്കെയായിട്ടാണ് ഞങ്ങൾ ശ്രീ. കെ. രാധാകൃഷ്ണനെ കാണുന്നത്. അദ്ദേ ഹത്തെ ജയിലിലേയ്ക്ക് വിട്ടപ്പോൾ അദ്ദേഹത്തിന് ഇത് വേണമായിരുന്നോ എന്ന് ഞങ്ങൾക്ക് അത്ഭുതം തോന്നി. അദ്ദേഹം ഇന്ന് കൊലയാളി കൾക്കുവേണ്ടി സബ്മിഷൻ അവതരിപ്പിക്കുമ്പോൾ സ്വാഭാവികമായി എല്ലാ പേരും അത്ഭുതത്തോടെ എഴുന്നേൽക്കും. അല്ലാതെ അദ്ദേഹത്തോട് എതിരു ണ്ടായിട്ടല്ല. അതുകൊണ്ട് ഇത്തരം ക്രൂരകൃത്യങ്ങളൊക്കെ ചെയ്യിക്കുമ്പോൾ

ശ്രീ. കെ. രാധാകൃഷ്ണനെപ്പോലെയുള്ള ആളുകളെ ഒഴിവാക്കണം. അതിനൊക്കെ പറ്റിയ ആളുകൾ ഇവിടെ ഇഷ്ടംപോലെയുണ്ടല്ലോ. അങ്ങനെയുള്ള ആളുകളെ ഉപയോഗിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ശക്തിയായി എതിർക്കുകയാണ്. അനുകൂലിക്കാൻ നിവർത്തിയില്ലാത്തതുകൊണ്ടാണ് ഇതിനെ എതിർക്കേണ്ടിവന്നത്. എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട ജോസഫ് വാഴക്കൻ സ്വപ്നതുല്യമായ ബഡ്ജറ്റ് അവതരിപ്പിച്ച മാണിസാറിനെ അഭിനന്ദിക്കുന്നുവെന്ന് പറഞ്ഞുകൊണ്ടാണ് പ്രസംഗം തുടങ്ങിയത്. സ്വപ്നം കാണാൻ ഒരു പ്രയാസവുമില്ല. എവിടെയെങ്കിലും പോയെന്നും വലിയ കൊട്ടാരങ്ങളും വലിയ റോഡുകളും വലിയ വിമാനത്താവളങ്ങളുമൊക്കെ കണ്ടുവെന്നും നമുക്ക് സ്വപ്നം കാണാം. പക്ഷേ യഥാർത്ഥത്തിൽ ഇതൊന്നും വരുന്നില്ലായെന്നുള്ളതാണ് ഇവിടെയുള്ള ഏറ്റവും വലിയ പ്രശ്നം. എനിക്ക് അങ്ങേയറ്റം പ്രതിഷേധമുള്ളത് കൊട്ടാരക്കര ഉൾപ്പെടുന്ന കൊല്ലം ജില്ലയെ പൂർണ്ണമായും അവഗണിച്ചുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് അദ്ദേഹം അവതരിപ്പിച്ചിട്ടുള്ളത് എന്നതിലാണ്. അതിന് അനുബന്ധമായിട്ടുള്ള വോട്ട് ഓൺ അക്കൗണ്ടാണ് ഇപ്പോൾ ചോദിച്ചിട്ടുള്ളത്. ഞാൻ എന്റേതായിട്ടുള്ള കാര്യങ്ങൾ പറഞ്ഞിട്ട് പൊതുവായ കാര്യങ്ങളിലേയ്ക്ക് വരാം. കൊട്ടാരക്കരയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ചുതന്ന സിവിൽ സ്റ്റേഷന്റെ രണ്ടാം ഘട്ടംകൂടി പണിഞ്ഞെങ്കിൽ മാത്രമേ അവിടെ അത് പൂർത്തിയാകുകയുള്ളൂ. ഈ ബഡ്ജറ്റിൽ

അതിന് ഒരു നയാ പൈസ അനുവദിച്ചിട്ടില്ല. അതിരൂക്ഷമായ ട്രാഫിക് പ്രശ്ന മുള്ള കൊട്ടാരക്കര ജംഗ്ഷനിൽ ഒരു റിംഗ്റോഡ് വേണമെന്ന് പറഞ്ഞിട്ട് ഒരു നയാ പൈസ അനുവദിച്ചിട്ടില്ല. അതുപോലെ രണ്ടു പാലങ്ങളുടെ കാര്യം പറ ഞ്ഞിരുന്നു. ഇതൊന്നുംതന്നെ അനുവദിക്കാത്ത ഒരു നയാപൈസയും ഉൾപ്പെ ടുത്താത്ത ഒരു ബഡ്ജറ്റാണിത്. പൊതുവായി പറഞ്ഞാൽ കൊല്ലം ജില്ലയ്ക്ക് രണ്ടുലക്ഷം രൂപയുടെ ഒരു കാര്യം മാത്രമാണ് പറഞ്ഞിട്ടുള്ളത്. പിന്നെ ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ മണ്ഡലത്തിൽ എന്തോ ഒരു കാര്യം പറഞ്ഞി ട്ടുണ്ടോ എന്നൊരു സംശയമുണ്ട്. പൊതുവെ ഭരണപക്ഷത്തോടുമാത്രം പ്രതിപത്തി കാണിച്ചുകൊണ്ടുള്ള ഒരു ബഡ്ജറ്റാണിത്. അതുപോലെ ബൈപാസ്സുകളുടെ കാര്യം. ബൈപാസ്സുകൾ വേണ്ടേ? ഇവിടന്ന് അങ്ങോട്ട് പോയിക്കഴിഞ്ഞാൽ കോട്ടയത്തേക്ക് പോകുമ്പോൾ എത്ര സ്ഥലത്ത് മണി ക്കൂറുകളോളം ഇരിക്കേണ്ടിവരും. അതിനൊരു ബൈപ്പാസിന് പ്രൊവിഷൻ വച്ചിട്ടുണ്ടോ? ഇതൊക്കെയല്ലേ വികസനമെന്ന് പറയേണ്ടത്. അല്ലാതെ അവ നവന്റെ മണ്ഡലത്തിലോ അല്ലെങ്കിൽ ഇഷ്ടമുള്ള ആളുകളുടെ മണ്ഡല ത്തിലോ കൂറേയധികം കാര്യങ്ങൾ ചെയ്യുന്നതല്ലല്ലോ ജനകീയ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കികൊണ്ടുള്ള ബഡ്ജറ്റെന്നുപറയുന്നത്. ഇതിലെ ഏറ്റവും വലിയ പ്രശ്നം സാധാരണ ക്കാരെ അങ്ങേയറ്റം ബാധിക്കുന്നുവെന്നതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവതരിപ്പിച്ച ഓരോ ബഡ്ജറ്റിന്റേയും അതിനനുസൃതമായി വന്നി ട്ടുള്ള പ്രവർത്തനങ്ങളുടേയും ഫലമായി ഈ നാട്ടിലെ ജനങ്ങൾക്ക് ജീവി ക്കാൻ കഴിയുമായിരുന്നു. അന്നൊക്കെ നിത്യോപയോഗ സാധനങ്ങളുടെ വില നന്നായി പിടിച്ചുനിറുത്തി വലിയതോതിൽ സബ്സിഡി കൊടുത്തു കൊണ്ട് ബഡ്ജറ്റിൽ വകയിരുത്തുകയല്ലേ ചെയ്തത്. അന്ന് നമ്മളെല്ലാം

അത് അനുഭവിച്ചതാണല്ലോ. അന്നിവിടെ അംഗങ്ങളായിട്ടുള്ളവർക്കും അംഗങ്ങളല്ലാത്തവർക്കും അത് അറിയാമല്ലോ. നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചുനിറുത്താൻവേണ്ടി നല്ലതോതിലുള്ള പണം ബഡ്ജറ്റിൽ വകകൊള്ളിച്ചു. ഇപ്പോൾ 65 കോടി രൂപ വച്ചാൽ എന്താകാനാണ്. എവിടെയെങ്കിലും നമുക്കൊരു ആനുകൂല്യം കിട്ടുന്നുണ്ടോ; വിലനിലവാരം പിടിച്ചുനിറുത്താൻ കഴിയുന്നുണ്ടോ; അതിനുള്ള നടപടിയുണ്ടോ? വാചകത്തിൽക്കൂടെ പറഞ്ഞിട്ട് കാര്യമില്ല. 20 ശതമാനം കുറച്ച് വിൽക്കാൻ പറഞ്ഞുവെന്ന് ഭക്ഷ്യവകുപ്പുമന്ത്രി സഭയിൽ ചോദ്യത്തിന് മറുപടി പറഞ്ഞു. അപ്പോൾ 150 ശതമാനം വില കൂടിയാലും അതിൽ നിന്ന് 20 ശതമാനം കുറയ്ക്കുക എന്നതല്ല നയം. യഥാർത്ഥ വില പിടിച്ചുനിറുത്താൻ കഴിയണം. പൊതുജനങ്ങൾക്ക് ഇവിടെ ജീവിക്കണ്ടേ? ഭരണപക്ഷത്തുള്ളവരെല്ലാം സംസാരിക്കുന്നത് വളരെ കൗതുകത്തോടുകൂടിയാണ് ഞാൻ കേട്ടിരുന്നത്. എല്ലാ കാര്യങ്ങളും കേരളത്തിൽ സമ്പൂർണ്ണമായി എന്ന രീതിയിലാണ് അവർ സംസാരിക്കുന്നത്. പക്ഷേ താഴെ തട്ടിലുള്ള ജനങ്ങളുടെയിടയിലേയ്ക്ക് ഇറങ്ങിച്ചെല്ലണം. ഞങ്ങൾ സ്ത്രീകളുടെയിടയിലും എല്ലാതരം ജനങ്ങളുടെയിടയിലും പോകുന്നതാണ്. ബാങ്ക് ഉദ്യോഗസ്ഥർ, കോളേജ് പ്രൊഫസർമാർ, അദ്ധ്യാപകർ, കശുവണ്ടി തൊഴിലാളികൾ, ആശാ വർക്കേഴ്സ്, അംഗൻവാടി ടീച്ചർമാർ, ജോലിയില്ലാത്ത വീട്ടമ്മമാർ തുടങ്ങിയവരെല്ലാം ഒരേ സ്വരത്തിൽ പറയുന്നത് ജീവിക്കാൻ കഴിയുന്നില്ല എന്നാണ്. പച്ചക്കറി വാങ്ങാൻ കഴിയുന്നില്ല, അതുകൊണ്ട് പല ഐറ്റവും കുറച്ചുവെന്നാണ് പറയുന്നത്. ക്രമസമാധാനത്തിന്റെ കാര്യമെടുത്താൽ സ്ത്രീകൾക്ക് ജീവിക്കാൻ കഴിയാത്ത ഒരന്തരീക്ഷമാണ് ഇന്നുള്ളത്. പറയാതിരിക്കാൻ നിവർത്തിയില്ല. കഴിഞ്ഞ കാലങ്ങളിലൊക്കെ എല്ലാം

പൂർണ്ണമായി എന്നു പറയുന്നില്ല. പക്ഷേ ഒരുപാട് നല്ല നടപടികളെടുത്തിട്ടുണ്ട്. ഇവിടെ ശ്രീമതി ശ്വേതാ മേനോൻ ഒരു പരാതി പറഞ്ഞപ്പോൾ എന്തായിരുന്നു ഇവിടത്തെ കോൺഗ്രസ്സുകാരുടെ ഭാഷ. അവർ ആരോ ആയിക്കോട്ടെ. ഒരു നടി ഒരു കഥാപാത്രത്തെ അവതരിപ്പിച്ചാൽ അവർ അതാകുന്നുണ്ടോ? എത്രമോശമായിട്ടാണ് കൊല്ലം ജില്ലയിലെ കോൺഗ്രസിന്റെ പ്രസിഡന്റിന്റെയൊക്കെ ഒരു ഭാവഹാവാദികളും വർത്തമാനങ്ങളും. അത് അവർക്ക് യോജിച്ചതാണോ? അത് ഭരിക്കുന്ന പാർട്ടിയുടെ ഒരുമുഖമല്ലേ കാണിക്കുന്നത്. നേരത്തെ ഇവിടെ ബഹുമാനപ്പെട്ട ചീഫ് വിപ്പ് പറഞ്ഞു തെറ്റിന്റെ മെസ്സേജാണ് കാണിക്കുന്നതെന്ന്. അദ്ദേഹം ശരിയുടെ മെസ്സേജാണോ കാണിക്കുന്നത്? എന്തൊക്കെ ഭാഷകളാണ് അദ്ദേഹം ഉപയോഗിക്കുന്നത്. ഈ പ്രമുഖരായിട്ടുള്ള ഭരണത്തിലിരിക്കുന്നവർ, ഇത്ര അവമതിപ്പുണ്ടാക്കിയിട്ടുള്ള ഒരു സംസാര രീതിയും പെരുമാറ്റവും കേരളചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? ഞങ്ങളൊന്നും ഇത് പഠിച്ചിട്ടില്ല. കഴിഞ്ഞ ദിവസം കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ഉപയോഗിച്ച ഒരു ഭാഷ കേട്ടിട്ട് ചീഫ് വിപ്പിനോട് അവസാനം ബഹുമാനപ്പെട്ട സ്പീക്കർതന്നെ പറഞ്ഞില്ലേ ഇത്തരം ഭാഷ പാടില്ലായെന്ന്. അപ്പോൾ അദ്ദേഹം പറഞ്ഞത് എന്നെ ആരും മര്യാദ പഠിപ്പിക്കണ്ടായെന്നാണ്. ഈ പ്രസംഗങ്ങളും ഓരോരുത്തരുടേയും പ്രകടനങ്ങളുമെല്ലാം നെറ്റിലൂടെ എല്ലാപേരും കാണുന്നതാണ്. സ്ത്രീ പീഡനങ്ങൾ എങ്ങനെ വർദ്ധിക്കാതിരിക്കും. ഇതുമുഴുവൻ ലോകം കണ്ടുകൊണ്ടിരിക്കുകയല്ലേ; എത്ര മോശമായിട്ടുള്ള ഭാഷകളാണ് ഉപയോഗിക്കുന്നത്; ആർക്കെങ്കിലും പരാതികൊടുക്കാൻ കഴിയുമോ? ശ്വേതാ മേനോന്റെ കാര്യം പറഞ്ഞതുപോലെ മറ്റാരും മുന്നോട്ടു വരുന്നില്ല. ഇപ്പോൾ നടക്കുന്ന പ്രശ്നങ്ങളുടെ ഒരംശംപോലും പുറത്തേയ്ക്ക് വരുന്നില്ല. കാരണം പേടിയാ

ണ്. അപ്പോൾതന്നെ വിരട്ടിക്കളയും. ‘ഫെയ്സ് ബുക്കിൽ അപമാനം, വീട്ടമ്മ ആത്മഹത്യ ചെയ്തു’ എന്ന്. കഴിഞ്ഞ ദിവസത്തെ പത്രത്തിലെ ഒരു വാർത്ത കണ്ടില്ലേ. ബഹുമാനപ്പെട്ട മന്ത്രി അതിന് നടപടി എടുക്കുമെന്ന് പറഞ്ഞു. പക്ഷേ ആ സ്ത്രീ മരിച്ചുകഴിഞ്ഞല്ലോ. പോലീസിൽ പെറ്റീഷൻ കൊടുത്തിട്ടും ഒരു നടപടിയും എടുക്കാത്തതുകൊണ്ടല്ലേ ആ സ്ത്രീ ആത്മഹത്യ ചെയ്തത്; അതിന്റെ കാര്യങ്ങൾ അന്വേഷിക്കുന്നുണ്ടോ? കൊട്ടാരക്കരയിലെ പോലീസ് സംവിധാനം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി നിഷ്പക്ഷമായി അന്വേഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അവിടെ സി.ഐ. ഓഫീസും എസ്.ഐ.യും മാത്രമുണ്ടായിരുന്നപ്പോൾ ഇതിനെക്കാളൊക്കെ ഭംഗിയായി കാര്യങ്ങൾ പൊയ്ക്കൊണ്ടിരുന്നു. ഞാൻ പബ്ലിക്കായി പറയാൻ ആഗ്രഹിക്കുന്നില്ല. അത്രമാത്രം അവമതിപ്പുണ്ടാകുന്നുണ്ട്. ഒരു അഭിപ്രായവും പറയാൻ കഴിയാത്ത തരത്തിലേയ്ക്ക് പോകുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവിടെ റൂറൽ എസ്.പി. ഓഫീസൊക്കെ വളരെ നന്നായി പ്രവർത്തിച്ചുവന്നതാണ്. അതിന്റെ പ്രതിഫലനങ്ങളോ ഗുണങ്ങളോ ഇപ്പോൾ ജനങ്ങൾ അനുഭവിക്കുന്നില്ലായെന്ന് ഞാൻ പറയുകയാണ്. അവിടത്തെ എസ്.ഐ. എങ്ങനെയാണ് പെരുമാറുന്നത്, സി.ഐ. എങ്ങനെയാണ് പെരുമാറുന്നത്, എസ്.പി.സി.യുടെ ചുമതലയുള്ള ഡിവൈ.എസ്.പി. എങ്ങനെയാണ് പെരുമാറുന്നത് ഉൾപ്പടെയുള്ള മുഴുവൻ കാര്യങ്ങളും പരമരഹസ്യമായി, നിഷ്പക്ഷമായി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പരിശോധിക്കണം. ഇക്കാര്യങ്ങൾ അദ്ദേഹം തീർച്ചയായും പരിശോധിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. തട്ടിപ്പിൽ കേരളം രണ്ടാം സ്ഥാനത്താണെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ സഭയിൽ പറഞ്ഞല്ലോ. ഇതൊക്കെ

യാണ് നമുക്ക് കിട്ടിയിട്ടുള്ള നേട്ടങ്ങൾ. കേരളത്തിന് ഈ ഭരണത്തിൽ കിട്ടിയിട്ടുള്ള വലിയ നേട്ടങ്ങളാണ് ഞാൻ പറഞ്ഞ ഈ കാര്യങ്ങൾ. ഇതുപോലെയുള്ള ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ട്. വധക്കേസ്സുകളെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ഒരു ഈച്ചയെപ്പോലും ഉപദ്രവിക്കാൻ പാടില്ല. ഒരിക്കലും ഒരു മനുഷ്യന് വേദന ഉണ്ടാക്കാൻ പാടില്ല, ഒരു ജീവജാലങ്ങളേയും ഉപദ്രവിക്കാൻ പാടില്ല എന്നത് സംശയമില്ലാത്ത കാര്യമാണ്. പക്ഷേ അങ്ങനെ ആരെങ്കിലും തെറ്റുചെയ്തിട്ടുണ്ടെങ്കിൽ കടുത്ത ശിക്ഷ കൊടുക്കട്ടെ. എന്നാൽ അത് എല്ലാ സ്ഥലത്തും ഒരു പോലെ ചിന്തിക്കണം. എവിടെ എന്തു സംഭവിച്ചാലും നീതി ഒരുപോലെ വേണം. ഇവിടെ അങ്ങനെയാണോ? ബഹുമാനപ്പെട്ട ചീഫ് വിപ്പ് ഇവിടെ ഒരു കേസിനെക്കുറിച്ച് എന്തൊക്കെയാണ് പറഞ്ഞത്. അദ്ദേഹത്തിന് ദോഷമായിട്ടുള്ള എന്തെങ്കിലും കാര്യം വന്നാൽ എന്താണിവിടെ പറയുന്നത്. ഒരു വിജിലൻസ് ജഡ്ജിയെക്കുറിച്ച് എത്ര മോശമായിട്ടാണ് പറഞ്ഞത്. അവനവന് ദോഷമായി വല്ലതും പറഞ്ഞാൽ അതെല്ലാം മോശമായി പറഞ്ഞ് ജഡ്ജിയേയും ചീത്തവിളിച്ച് പോകുന്ന ഒരു സംസ്കാരമാണുള്ളത്. ബഹുമാനപ്പെട്ട ആർ. ബാലകൃഷ്ണപിള്ള ജയിലിൽ കിടന്നപ്പോൾ ആരെവേണമെങ്കിലും ഫോൺ ചെയ്യാമായിരുന്നല്ലോ. അന്ന് എവിടെപ്പോയി ഈ ധാർമ്മികതയൊക്കെ. അത് പരിശോധിക്കണം. വാളകം സംഭവം നടക്കുന്ന ദിവസം എത്ര കാൾ വിളിച്ചിട്ടുണ്ടെന്ന് പരിശോധിക്കണ്ടേ; ഇതൊക്കെ ഗൗരവമുള്ള കാര്യങ്ങളല്ലേ; ആരെയൊക്കെ വിളിച്ചുവെന്ന് പരിശോധിക്കണ്ടെ; അതിനൊന്നും ഒരു കേസ്സുമില്ലേ; ശിക്ഷിച്ചതിനുശേഷം അദ്ദേഹം എത്ര ദിവസം ജയിലിൽ കിടന്നു. പഞ്ചനക്ഷത്ര ആശുപത്രിയിലല്ലേ കൂടുതലും കിടന്നിട്ടുള്ളത്. അപ്പോൾ അവിടെ ഒരു നീതി, ഇവിടെ മറ്റൊരു നീതി. ഇത് ശരിയാണോയെന്ന് പരിശോധിക്കണം. ഇങ്ങനെ ഓരോ ഉദാഹര

ണങ്ങൾ പറഞ്ഞാൽ എന്റെ സമയം പോകും. അതുകൊണ്ട് ഞാൻ അങ്ങനെ ഓരോന്നായി പറയാൻ ഉദ്ദേശിക്കുന്നില്ല.

വില വർദ്ധനവ് കുറയ്ക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ നടപടികളെ ഒന്ന് താരതമ്യം ചെയ്താൽ നല്ലതുപോലെ മനസ്സിലാക്കാൻ സാധിക്കും. ഇവിടെ കുടിവെള്ളമില്ല. കുടിവെള്ളത്തിനുവേണ്ടി എന്തെങ്കിലും നടപടിയുണ്ടോ; ഒരുപാട് കാര്യങ്ങൾ ചെയ്യുന്നു. എല്ലാ കുളങ്ങളും വൃത്തിയാക്കുമെന്ന് ഇന്ന് മന്ത്രി പറയുന്നതുകേട്ടു. സഹസ്രസരോവരം എന്നൊക്കെ പദ്ധതിയുണ്ടെന്നുപറഞ്ഞു. ഞങ്ങൾ കഴിഞ്ഞ വർഷം മുതൽ പിറകേ നടക്കുകയാണ്. അതിരൂക്ഷമായ കുടിവെള്ളപ്രശ്നം വന്നപ്പോൾ കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊല്ലത്തുവച്ച് ഒരു യോഗം വിളിച്ചുകൂട്ടി. എന്റെ മണ്ഡലത്തിൽ മൈലം പഞ്ചായത്തിൽ 6 കുടിവെള്ളപദ്ധതികൾ ഉണ്ട്. മുമ്പ് സെക്ടർ റിഫോംസ് പ്രോജക്ടിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നപ്പോൾ ഞങ്ങളൊക്കെ തന്നെ ചെയ്തതാണ്. അതിൽ ചെറിയ സാങ്കേതിക തടസംമൂലം തടസ്സപ്പെട്ടുകിടക്കുന്നുണ്ട്. ജനങ്ങൾക്കുമുഴുവൻ വെള്ളം കൊടുക്കാൻ കഴിയും, അതിന് പൈസ അനുവദിക്കണമെന്ന് പറഞ്ഞപ്പോൾ അദ്ദേഹം ആവേശത്തോടുകൂടി സ്റ്റേജിൽ എണീറ്റുനിന്നു പറഞ്ഞു. എത്ര ലക്ഷം രൂപ വേണമെന്ന് ചോദിച്ചപ്പോൾ അതിന്റെ ഉദ്യോഗസ്ഥർ പറഞ്ഞു അമ്പത് ലക്ഷം രൂപ വേണമെന്ന്. അമ്പതു ലക്ഷം രൂപ അനുവദിച്ചിരിക്കുന്നു. ഒരു പൈസയും അനുവദിക്കാൻ പാടില്ല എന്നുപറഞ്ഞു മറുപടി വന്നു. ഞാൻ പറഞ്ഞത് കള്ളമാണോ എന്നറിയാൻ പരിശോധിച്ചു നോക്കണം. കളക്ടറാണ് അത് ഡി.ഡി.സി.യിൽ റിപ്പോർട്ട് ചെയ്തത്. ഇതാണ് പ്രശ്നം. ഇത്തരത്തിൽ കഴിഞ്ഞ വർഷത്തെ രൂക്ഷമായ വരൾച്ച നമ്മൾ കണ്ടതാണ്. ഇപ്പോൾ എന്റെ മണ്ഡലത്തിലുള്ള കരീപ്ര, എഴുകോൺ, നെടുവത്തൂർ

എന്നിവിടങ്ങളിൽ തരിശുരഹിത മണ്ഡലമാക്കുന്നതിന്റെ ഭാഗമായി സമ്പൂർണ്ണ കൃഷി ചെയ്യാൻ വേണ്ടി നെൽകൃഷി ചെയ്തു. മുഴുവൻ കരിഞ്ഞു ണങ്ങി. കല്ലട ഇറിഗേഷൻ പ്രോജക്ട് തുറന്നുവിടണമെന്ന് മന്ത്രിയോട് ഞാൻ കേണു പറഞ്ഞു. ഇന്നലെ അത് തുറന്നുവിട്ടുകഴിഞ്ഞു. അപ്പോഴേക്കും നെല്ല് കരിഞ്ഞുകഴിഞ്ഞു. ഒന്നര മാസമായി പറയുകയാണ്. ഇതാണ് ഇവിടത്തെ കാര്യക്ഷമമായ പ്രവർത്തനം. ഇത് കൃഷിക്ക് വേണ്ടിയിട്ടുള്ളതല്ലേ; ഇതിൽ എന്തെങ്കിലും ഒരു ഇടപെടൽ നടത്തുന്നുണ്ടോ; പരിശോധിക്കണ്ടേ? വൈദ്യുതി മേഖലയിൽ എന്താണുള്ളത്; ചാർജ്ജ് വളരെയധികം വർദ്ധിപ്പിച്ചു. ഇപ്പോൾ വല്ലപ്പോഴും വരുന്ന സാധനമായി വൈദ്യുതി മാറി. സമ്പൂർണ്ണ വൈദ്യുതീകരണം ഇല്ലാതായികഴിഞ്ഞു. അതുപോലെ തന്നെ ഇപ്പോൾ ഊർജ്ജസംരക്ഷണത്തിനായി പദ്ധതികൾ തയ്യാറാക്കിയപ്പോൾ ഞാൻ ഒന്നും അറിയുന്നില്ലേ എന്നപോലെ വേറെ പല ആൾക്കാരും മുഖ്യമന്ത്രിയുടെ ഓഫീസിലുൾപ്പെടെ കയറിവരുന്ന സ്ഥിതിയാണ് നമുക്ക് കാണാൻ കഴിയുന്ന ത്. ഇതൊക്കെ അങ്ങേയറ്റം പരിശോധിക്കണം. നാട്ടിലെ ജനങ്ങൾ ഇതൊക്കെ പരിശോധിക്കുന്നുണ്ടെന്നുള്ളത് ഓർക്കണം. അതേ എനിക്ക് പറയാനായി ട്ടുള്ളു. ക്രമസമാധാന നിലയെ സംബന്ധിച്ച് ഞാനിവിടെ ചുരുക്കി സൂചിപ്പി ച്ചു. കുട്ടികളെ എത്രമാത്രമാണ് വഴിതെറ്റിച്ചുകൊണ്ടുപോകുന്നത്. ഇത്രയേറെ അനുഭവങ്ങൾ വന്നാൽ ഇതിനെതിരെ ശക്തമായ നടപടിയുണ്ടാകണ്ടേ; കോഴിക്കോട് പൂവരണി എന്നുപറയുന്ന സ്ഥലത്ത് എത്രകുട്ടികൾ, ഒരു കുട്ടി ആത്മഹത്യ ചെയ്തപ്പോഴാണ് ഇത് പുറത്തുവന്നത്. നമ്മൾ അനുഭവിച്ചുവ ന്നാലും പഠിക്കില്ല. ശക്തമായ നടപടിയെടുക്കേണ്ടതല്ലേ? ഓരോ സ്ഥല ത്തേക്കും ഓരോരുത്തർ നുഴഞ്ഞുകയറുന്നതിനുമുമ്പ് കയറരുത് എന്ന് വയ്ക്കണം. അത്തരത്തിലുള്ള കാര്യങ്ങളിലൊക്കെ വാചകത്തിലല്ലാതെ കാര്യ

ങ്ങൾ വരുന്നില്ല എന്നുള്ളത് പറയാതിരിക്കാൻ വയ്യ. കെ.എസ്.ആർ.ടി.സി. യുടെ സ്ഥിതി വലിയ കഷ്ടമാണ്. ഊർദ്ധ്വശ്വാസം വലിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം ചോദ്യം ചോദിച്ചപ്പോൾ തന്നെ ഞാൻ പറഞ്ഞു. എനിക്ക് കൂടെ അനുഭവമുള്ളതാണ്. കൊട്ടാരക്കര ഉൾപ്പെടെ കെ.എസ്.ആർ. ടി.സി. ടിക്കറ്റിതര വരുമാനം ഉണ്ടാക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എടുത്ത നല്ല നടപടികൾ എന്തുകൊണ്ട് തുടരുന്നില്ല? ആയിരം ബസ് വീതം ഇറക്കിയ സമയത്ത് ഒറ്റ ബസ് ഇപ്പോൾ ഇറക്കുന്നുണ്ടോ; ഇപ്പോൾ എം.എൽ.എ. മാരുടെ അസെറ്റ് ഡെവലപ്പ്മെന്റ് ഫണ്ട് ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. ബസ് വാങ്ങി ഓടിച്ചുകൊള്ളാനാണോ പറയേണ്ടത്? ഇതാണോ ഒരു നയം. കഴിഞ്ഞ ഗവൺമെന്റ് തുടങ്ങിവച്ച ഷോപ്പിംഗ് കോംപ്ലക്സൊക്കെ ആണല്ലോ ഇപ്പോൾ ഉദ്ഘാടനം ചെയ്യുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊട്ടാരക്കരയുൾപ്പെടെ സ്ഥലങ്ങളിൽ തുടങ്ങി ഒറ്റക്കൊല്ലം കൊണ്ട് പൂർത്തീകരിച്ച് ഞങ്ങൾ ഉദ്ഘാടനം ചെയ്തു. കെ.എസ്. ആർ.ടി.സി.ക്ക് ഇഷ്ടംപോലെ വരുമാനം അതിൽ നിന്ന് ഉണ്ടാകുന്നുണ്ട്. അതുപോലെയുള്ള നടപടികൾ സ്വീകരിക്കുന്നതിനുപകരം ഇതെല്ലാം അവസാനിപ്പിച്ച് പാരലൽ സർവ്വീസിനും പ്രൈവറ്റ് മേഖലയ്ക്കും സഹായിക്കുന്ന സംവിധാനമാണ് കൊടുത്തിട്ടുള്ളത്. അതുപോലെയാണ് പ്രവാസികളുടെ കാര്യം. പ്രവാസികളെ അങ്ങേയറ്റം സഹായിക്കുന്ന സർക്കാരാണ് എന്നുപറഞ്ഞ് ഒരുപാട് കാര്യങ്ങൾ പറയുന്നുണ്ട്. എന്തുകാര്യമാണ് ചെയ്യുന്നത്. ചെറിയ തുകകൊണ്ട്, 50 കോടി രൂപകൊണ്ട് എന്തുചെയ്യാൻ പറ്റും. ലക്ഷക്കണക്കിന് ആളുകൾ ഇങ്ങോട്ട് വരികയാണ്. അവരെ പുനരധിവസിപ്പിക്കാൻ വേണ്ടിയുള്ള നല്ല നടപടികളാണ് സ്വീകരിക്കേണ്ടത്. കുറേ ട്രെയിനിംഗ് കൊടുത്തതുകൊണ്ട് അവർക്ക് ഭക്ഷണം കഴിക്കാൻ കഴിയുമോ; അവരുടെ

കുട്ടികൾക്ക് പഠിക്കാൻ കഴിയുമോ; ഭർത്താവ് മരിച്ച ഭാര്യമാർക്ക് ജീവിക്കാൻ കഴിയുമോ; അതിനാവശ്യമായ നല്ല പദ്ധതികൾ തയ്യാറാക്കിക്കൊണ്ട് ട്രെയിനിംഗ് കൊടുക്കുന്ന നടപടികളാണ് വേണ്ടത്. അതിന് പണമില്ല. രജിസ്ട്രേഷൻ വകുപ്പിൽ ആയിരം രൂപയാക്കിയത് എന്തിനാണ്; നൂറേക്കർ സ്ഥലമുള്ള ആളിന് വീട്ടിലുള്ളവർ തമ്മിൽ ഒരു പ്രമാണം രജിസ്റ്റർ ചെയ്താൽ ആയിരം രൂപ മതി എന്നുള്ളത് ന്യായമാണ് എന്നെനിക്ക് അഭിപ്രായമില്ല. ഈ സർക്കാരിന് എങ്ങനെ പണമുണ്ടാകും; കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എത്ര ഭംഗിയായിട്ടായിരുന്നു...

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം നാല് മിനിട്ടാകുന്നു.

ശ്രീമതി. പി. അയിഷാ പോറ്റി: എല്ലാവർക്കും ഇരട്ടി സമയം കൊടുത്തു. ഞാൻ അത്രയും എടുക്കില്ല. ഡോ. ടി.എം. തോമസ് ഐസക് ധനവകുപ്പു മന്ത്രിയായിരുന്ന സമയത്ത് രജിസ്ട്രേഷൻ വകുപ്പും എല്ലാ വകുപ്പുകളുമായി ബന്ധപ്പെട്ട് ജനങ്ങളുടെ മേൽ ഭാരമേൽപ്പിക്കാതെ അല്ലാതുള്ള വകുപ്പുകളിൽ കൂടി ഡാമുകളിലെ മണൽ വാരുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ എടുത്തുകൊണ്ട് നല്ലരീതിയിൽ, രജിസ്ട്രേഷൻ വകുപ്പിൽതന്നെ അനധികൃതമായി പണം നഷ്ടപ്പെടുത്താതിരിക്കാൻ, വെട്ടിപ്പ് നടത്താതിരിക്കാനുള്ള നടപടികൾ സ്വീകരിച്ച് പണസമാഹരണം നടത്തി. ഇതുപോലെ മനുഷ്യന്റെമേൽ വലിയ ഭാരം അടിച്ചേൽപ്പിക്കാതെ..... അതുപോലെ ആയിരം രൂപയാക്കിയത് ഉയർത്തേണ്ടതുതന്നെയാണ്. 5 സെന്റും 50 സെന്റും ഉള്ളവർ തുടങ്ങി അഞ്ചേക്കർ വരെയുള്ളവർ എഴുതിക്കോട്ടെ, അവരുടെ കാര്യം പോട്ടെ എന്നുവയ്ക്കാം, പക്ഷേ ആയിരക്കണക്കിന് ഏക്കർ ഭൂമിയുള്ളവർക്ക് വലിയതോതിലുള്ള പണലാഭം ഉണ്ടാക്കിക്കൊടുക്കുന്നത് വകുപ്പിലേയ്ക്ക് നികുതി വരുത്താത്ത, വരുമാനം കുറയ്ക്കുന്ന ഒരു സംഗതിയായി വന്നിട്ടുണ്ട്. അതുപോ

ലെ ആധാരമെഴുത്തുകാരുടെ ഒരു പ്രശ്നമുണ്ട്. ഇതെല്ലാം നെറ്റ് വഴി കമ്പ്യൂട്ടറൈസ് ചെയ്തുകഴിഞ്ഞാൽ തീർച്ചയായും കയ്യെഴുത്തുപ്രതി ഉണ്ടാകണം. ഞാനൊരു വക്കീലാണ്. ഒരുപാട് വർഷം പ്രാക്ടീസ് ചെയ്തിട്ടാണ് ഈ മേഖലയിലേക്ക് വന്നത്. കയ്യെഴുത്തുപ്രതിയിൽ വെട്ടുതിരുത്ത് വരുന്നത് കൃത്യമായിട്ടും അത് എഴുതി ഇനിഷ്യൽ ചെയ്തുവച്ചാൽ ഒരു ആധികാരികതയുണ്ട്. പക്ഷെ കമ്പ്യൂട്ടറിൽ ഏതു സമയത്തും നമുക്ക് മാറ്റി എടുക്കാൻ സാധിക്കും. അതുകൊണ്ട് തീർച്ചയായിട്ടും കമ്പ്യൂട്ടറൈസേഷൻ നല്ലതുതന്നെയാണ്. അതോടൊപ്പം പാരലൽ ആയി, റിട്ടൺ ആയിട്ടുള്ള, ആധാരമെഴുത്തുകാർ എഴുതുന്നതുകൂടി വേണ്ടതായിട്ടുണ്ട്. വ്യത്യസ്തകഴിവുള്ള കുട്ടികളെ കുറിച്ചുള്ള ഒരു കാര്യം കൂടി പറയാനുണ്ട്. അവർക്ക് പ്ലസ്ടു–വരെ പഠിക്കാനുള്ള നല്ല അവസരങ്ങൾ കൊടുക്കുന്നതോടൊപ്പം, അത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും അങ്ങേയറ്റം സഹായിച്ചിട്ടുണ്ട്. പൊതുവിദ്യാലയത്തിൽ അവരെ പഠിപ്പിക്കുന്ന കുറച്ച് അദ്ധ്യാപകരുണ്ട്. അവർക്ക് എന്ത് സുരക്ഷിതത്വമാണുള്ളത്. അവർക്ക് തുച്ഛമായ വരുമാനമാണുള്ളത്, പത്തും പതിനഞ്ചും വർഷം പഠിപ്പിച്ചുകൊണ്ടിരിക്കുന്ന അവർ വെറുതെ ഇറങ്ങിപ്പോകേണ്ട അവസ്ഥയാണ്. അതോടൊപ്പം ആ കുട്ടികൾ പ്ലസ്–ടുവരെ നല്ലരീതിയിൽ പഠിച്ചുകഴിഞ്ഞാൽ പിന്നെയൊന്നുമില്ല, സീറോയാണ്. അവരെ പുനരധിവസിപ്പിക്കാനുള്ള എന്തുകാര്യമാണ് ഇവിടെ വച്ചിട്ടുള്ളത്; എം.എച്ച്.ആർ.ഡി.യുടെ ഫണ്ട് കോടിക്കണക്കിന് വരുന്നതല്ലേ? വല്ല നഷ്ടവും ഈ സർക്കാരിനുണ്ടോ; അതുൾപ്പെടുത്തി അതിനകത്ത് കുറേമാറ്റങ്ങൾ ഉണ്ടാക്കേണ്ടതല്ലേ? അതുപോലെതന്നെ ട്രഷറി നിയന്ത്രണം വന്നിരിക്കുന്നു. ആർക്കും വേണ്ടാത്ത കുറെ പ്രോജക്ടുകൾ കേരളാ ഗവൺമെന്റ് എന്തിനാണ് എടുക്കുന്നത്? ആറന്മുള, ഒരുമനുഷ്യനുപോലും വേണ്ടാത്ത പ്രകൃതിയെ ഹനിക്കുന്ന പ്രോജക്ട്

വേണ്ട എന്നുപറഞ്ഞാൽ ഇവിടെ വേറെ നല്ല കാര്യങ്ങൾ ചെയ്യാൻ ഒന്നും പൈസയില്ല. പക്ഷേ പത്തുശതമാനം ഓഹരി എടുത്തുകൊണ്ട് പ്രൈവറ്റ് കമ്പനിയെ സഹായിച്ചുകൊണ്ട് ഒരു വിമാനത്താവളം വേണം എന്നു പറയുന്നത് ശരിയാണോ? ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയതല്ലേ എന്നു ചോദിച്ചാൽ തെറ്റുണ്ടെങ്കിൽ തിരുത്തിക്കൂടേ; ഇതുശരിയല്ല ഞങ്ങൾ മാറ്റുന്നു എന്നു പറയുന്നതാണ് അന്തസ്സ്. അത്തരത്തിൽ വെറുതെ കുറെ വർത്തമാനം പറയുന്നതല്ലാതെ യഥാർത്ഥത്തിൽ ജനങ്ങളുമായി ബന്ധപ്പെടുന്ന പ്രശ്നങ്ങളിലേക്ക് കടക്കാതെ പൊതുവെ ആരുചോദിച്ചാലും കുറേ രൂപാ, അതും തന്നിരിക്കുന്നു. പത്തനാപുരം താലൂക്ക് അനുവദിച്ചു എന്ന് കഴിഞ്ഞ കൊല്ലം പറഞ്ഞു, ഞാൻ പത്തനാപുരം താലൂക്കിൽ പട്ടാഴി വില്ലേജിൽ പന്തപ്ലാവുമുറിയിൽ ജീവിച്ചയാളാണ്. പിന്നെ എവിടുന്നാണ് പത്തനാപുരം താലൂക്ക് പുതുതായി വന്നത് എന്ന് എനിക്ക് ഇപ്പോഴും മനസ്സിലായിട്ടില്ല. പുനലൂർ താലൂക്ക് എന്നുപറയുന്നത് ശ്രീ. കെ. രാജുവിന്റെ സ്ഥലമാണ്. ആ പേര് കൊടുക്കാതിരിക്കാനാണോ ഇങ്ങനെ ചെയ്തിട്ടുള്ളത്. അതോ പുതുതായി ആ താലൂക്ക് ഇനി വരുമോ എന്നറിയേണ്ടതായിട്ടുണ്ട്. ഞാൻ അവിടെ ജനിച്ചുവളർന്ന ആളായതുകൊണ്ടാണ് പറയുന്നത്. ഇത്തരത്തിലുള്ള ഒരുപാട് കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. ഞാൻ ദീർഘമായി പോകുന്നില്ല. ഈ ജനവിരുദ്ധ നയങ്ങളും ജനങ്ങളെ സഹായിക്കാത്ത കുത്തക മുതലാളിമാർക്ക് സഹായകരമാകുന്ന കാര്യങ്ങളുമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിന്റെ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽ കൂടി ശക്തിയായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ശക്തിയായി എതിർക്കുകയാണ്. ഈ വോട്ട് ഓൺ അക്കൗണ്ട്

പാസാക്കിയിട്ട് പ്രത്യേകിച്ച് കാര്യമുണ്ടാകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. കാരണം ഈ സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ ഒന്നും ചെയ്യാൻ കഴിയുന്നില്ല. മാണിസാർ അദ്ദേഹത്തിന്റെ പന്ത്രണ്ടാമത്തെ ബഡ്ജറ്റാണ് അവതരിപ്പിച്ചത് എന്നൊരു മഹിമ ഉണ്ടെന്നുള്ളതൊഴിച്ചാൽ ഈ ബഡ്ജറ്റിന് പ്രത്യേകിച്ച് ഒരു മഹിമയുമില്ല. കാരണം മാണി സാറിന്റെ അദ്ധ്വാനവർഗ്ഗസിദ്ധാന്തമല്ല ഈ ബഡ്ജറ്റിന്റെ ആധാരം. മൊണ്ടേഗ് സിംഗ് അലുവാലിയയുടെ കോർപ്പറേറ്റ് പ്രീണനനയമാണ് ഈ ബഡ്ജറ്റിന്റെ അടിസ്ഥാനം. അദ്ദേഹത്തിന്റെ ഈ ബഡ്ജറ്റിൽ എല്ലാവരും പ്രതീക്ഷിച്ചിരുന്നത് വിലക്കയറ്റത്തെക്കുറിച്ചാണ്. വില ക്കയറ്റത്തിനുവേണ്ടി സബ്സിഡി കൊടുത്തുകൊണ്ടല്ലാതെ സ്റ്റേറ്റ് ഗവൺമെന്റിന് ഇടപെടാൻ സാധ്യമല്ല. നിയമങ്ങൾ നിർമ്മിക്കുന്നത് കേന്ദ്രഗ വൺമെന്റാണ്. അടിസ്ഥാനനിയമങ്ങൾ എല്ലാം അവരുടേതാണ്. എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ടോ ഊഹക്കച്ചവട നിയമങ്ങളോ ഒക്കെ തന്നെ കേന്ദ്രഗ വൺമെന്റ് തീരുമാനിക്കേണ്ട കാര്യങ്ങളാണ്. സംസ്ഥാന ഗവൺമെന്റ് ബഡ്ജ റ്റിൽ അതിനാവശ്യമായ പ്രൊവിഷൻ ഉണ്ടോ എന്നുള്ളതാണ് നോക്കേണ്ടത്. അതില്ല. അതിനുകാരണം പതിമൂന്നാം ധകാര്യകമ്മീഷനിൽ മൊണ്ടേഗ് സിംഗ് അലുവാലിയ പറഞ്ഞിരിക്കുന്ന ഒരു കാര്യമുണ്ട്. മൊത്തം ജി.ഡി.പി.യുടെ അരശതമാനത്തിന് താഴെയാക്കി സബ്സിഡികൾ എല്ലാം വെട്ടിക്കുറയ്ക്കണം എന്നുള്ള നിർദ്ദേശം കിട്ടിക്കഴിഞ്ഞാൽ ഒരു ഗവൺമെന്റിനും ബഡ്ജറ്റിലൂടെ ഇടപെടാൻ കഴിയില്ല എന്നുള്ളത് സത്യമാണ്. പക്ഷേ അദ്ദേഹം ചില കസർത്തുകൾ നടത്തി. ആ കസർത്തുകൾ പരാജയപ്പെട്ടു എന്നുള്ളതാണ് സത്യം. ബഡ്ജറ്റിലൂടെ ഈ വോട്ട് ഓൺ അക്കൗണ്ട് പാസാക്കിയാലും പല മെമ്പർമാരും പറഞ്ഞതുപോലെ നടപ്പാക്കേണ്ട സർക്കാർ സംവിധാനത്തിന്റെ എഫിഷ്യൻസി പരിശോധിക്കപ്പെടേണ്ടതാണ്. ഒരു കൊല്ലം ബഡ്ജറ്റ് അവതരി

പ്പിക്കപ്പെടുന്നുവെന്നല്ലാതെ ബഡ്ജറ്റിലൂടെ പറയുന്ന കാര്യങ്ങൾ നടപ്പാക്കുന്നുണ്ടോ എന്നൊരു പരിശോധനയും സത്യത്തിൽ ഇല്ല. ഇതിൽ കഴിഞ്ഞ വർഷം പറഞ്ഞ കാര്യങ്ങൾ ആവർത്തിച്ചാലും ഒരു കുഴപ്പമില്ല. മാണി സാർ രണ്ടരമണിക്കൂർ പ്രസംഗിക്കാൻ വേണ്ടി ഒരുപാട് കാര്യങ്ങൾ പറഞ്ഞു.

നികുതി പിരിക്കുന്ന കാര്യമെടുത്ത് പരിശോധിച്ചാൽ, സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയിൽ പ്രധാനപ്പെട്ട കാര്യമാണ് നികുതി പിരിവ്. സർക്കാർ അതിൽ പരാജയപ്പെട്ടു. അത് സാമ്പത്തിക അവലോകന റിപ്പോർട്ടിൽത്തന്നെ പറയുന്നുണ്ട്. മാത്രമല്ല, നികുതി പിരിക്കാൻ ഉദ്യോഗസ്ഥന്മാരെ പ്രോത്സാഹിപ്പിക്കുന്ന നയമാണോ; അല്ല. ഈ ബഡ്ജറ്റ് പ്രസംഗത്തിൽത്തന്നെ എന്നെ അത്ഭുതപ്പെടുത്തിയ കാര്യമാണ് 91-ാമത്തെ പേജിൽ പറഞ്ഞിരിക്കുന്നത്. ആയുർവ്വേദ മേഖലയിൽ നിലനിൽക്കുന്ന നികുതി സംബന്ധിച്ച അനിശ്ചിതത്വം ഒഴിവാക്കുന്നതിനുവേണ്ടി ചെയ്തിരിക്കുന്ന കാര്യങ്ങളാണത്. ആയുർവ്വേദ കോസ്മെറ്റിക് ഉൽപ്പന്നങ്ങളുടെ നികുതി നിരക്ക് 12.5%-ൽ നിന്നും 4%-മാക്കി കുറയ്ക്കുകയാണെന്ന് അതിൽ പറയുന്നുണ്ട്. ആർക്കുവേണ്ടിയാണ്? ആയുർവ്വേദ കോസ്മെറ്റിക് ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ആൾക്കാർക്കുവേണ്ടി നികുതി കുറച്ചുകൊണ്ട് നൂറുകണക്കിന് കോടി രൂപ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. ഇവർ സുപ്രീം കോടതിവരെ പോയി പരാജയപ്പെട്ടവരാണ്. അവരിൽ നിന്നും നികുതി പിരിച്ചെടുക്കാൻ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടും ഈ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ അവർക്ക് ആനുകൂല്യം കൊടുത്തിരിക്കുകയാണ്. ഇത് ആർക്കുവേണ്ടിയാണെന്ന് എനിക്ക് മനസ്സിലായില്ല. എന്നിട്ട് വീണ്ടും പറഞ്ഞിരിക്കുന്നത്, വ്യാപാരികൾ ഉയർന്ന നികുതി പിരിച്ചിട്ടുണ്ടെങ്കിൽ അത് സർക്കാരിലേക്ക് ഒടുക്കേണ്ടതാണെന്നും ഉയർന്ന നിരക്കിൽ സർക്കാരിലേക്ക് ഒടുക്കിയ നികുതി തിരികെ നൽകുന്നത

ല്ലെന്നുമാണ്. അപ്പോൾ നികുതി പിരിച്ചവരും നികുതി കൊടുത്ത ജനങ്ങളും മണ്ടന്മാരായി. നികുതി കൊടുക്കാതിരുന്നവരും പിരിക്കാതിരുന്നവരുമായ ആളുകളെ പ്രോത്സാഹിപ്പിക്കുന്ന നയം ഗവൺമെന്റ് നടത്തുകയല്ലേ? അത് ഇതിന്റെ കാര്യത്തിൽ മാത്രമാണോ? നികുതി പിരിവിന്റെ കാര്യത്തിലുണ്ടായി രിക്കുന്ന വളരെ ഗുരുതരമായ വീഴ്ച സംസ്ഥാന ഗവൺമെന്റിന്റെ സാമ്പ ത്തിക നിലയെ ബാധിച്ചിരിക്കുകയാണ്. സർക്കാരിന്റെ ഭാഗത്തുനിന്നും ഉദ്യോ ഗസ്ഥന്മാരുടെ ഭാഗത്തുനിന്നും *തേവരുടെ ആന വലിയെടാ വലി* എന്ന നില യിലുള്ള നികുതി പിരിവിലേക്ക് പോയിരിക്കുകയാണ്. അതിന്റെ പിന്നിൽ ഒരുപാട് അഴിമതിയുടെ കഥകളുണ്ടെന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കുക യാണ്. വ്യക്തമായ അഴിമതി ആരോപണം ഉന്നയിച്ച് സംസാരിക്കുകയല്ലെ ന്നുള്ളതുകൊണ്ട് അത് ഉന്നയിക്കുന്നില്ലെന്ന് മാത്രമേയുള്ളൂ. ഈയൊരൊറ്റ കാര്യം മാത്രമേ ഉദാഹരണമായി ഞാൻ സൂചിപ്പിക്കുന്നുള്ളൂ. *സ്താലി പുലാവ്* ന്യായമനുസരിച്ച് ചോറ് വെന്തോയെന്ന് നോക്കാൻ എല്ലാ വറ്റും കടി ച്ചുനോക്കേണ്ടെന്ന് പറയുന്നതുപോലെ ഒരു വറ്റ് ഞാൻ കാണിച്ചുവെന്ന് മാത്ര മേയുള്ളൂ. ഇതാണ് സ്ഥിതിവിശേഷം. അതുപോലെതന്നെ നമ്മുടെ സംസ്ഥാ നത്തിന്റെ ഇന്നത്തെ സ്ഥിതിവിശേഷം നോക്കിക്കഴിഞ്ഞാൽ, നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക നില വളരെ ഭദ്രമാണെന്നാണ് മാണി സാർ പറയുന്നത്. സത്യത്തിൽ ഭദ്രമല്ല, കാർഷിക മേഖല പൂർണ്ണമായും തകർന്നു പോയി. നമ്മുടെ സംസ്ഥാനത്തിന്റെ നെല്ല്, തെങ്ങ് തുടങ്ങിയ വളരെ പ്രധാന പ്പെട്ട വിളകളെല്ലാം നശിച്ചുപോയി. 1966 കാലഘട്ടത്തിൽ ഇന്ത്യയിലെ മൊത്തം തെങ്ങിന്റെ വിസ്തൃതിയുടെ ഭൂരിപക്ഷവും കേരളത്തിലായിരുന്നു. ഇന്ത്യയുടെ മൊത്തം നാളികേര ഉല്പാദനത്തിന്റെ 99%-വും കേരളത്തിലായി രുന്നു. അതെല്ലാം മാറി. ഇപ്പോൾ ഉല്പാദനം 42%-മായി കുറഞ്ഞിരിക്കുക

യാണ്. വിസ്തൃതിയും 42%-മായി കുറഞ്ഞു. നെല്ലിന്റെ കാര്യത്തിലും അതുണ്ടായി. എല്ലാ രംഗത്തും ആ തകർച്ച പരിപൂർണ്ണമായി ഉണ്ടായിരിക്കുകയാണ്. അതിന് മാറ്റം വരുത്താനുള്ള എന്തെങ്കിലും നയം ഈ ബഡ്ജറ്റിലുണ്ടോ; ഒന്നുമില്ല. ഈ വോട്ട്ഓൺ അക്കൗണ്ട് പാസ്സായതുകൊണ്ട് അതൊന്നുംതന്നെ നടപ്പാകാൻ പോകുന്നില്ല. വിലക്കയറ്റം പിടിച്ചുനിർത്താനുള്ള നടപടികളുടെ ഭാഗമായി സബ്സിഡി കൊടുക്കാൻ കഴിയുമോ; കഴിയില്ല. ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എന്തെങ്കിലും പരിപാടികളുണ്ടോ? ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു പരിപാടിയും ഇതിലില്ല. ഇതിൽ ചില അവാർഡുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. കൃഷിക്കാർക്കുവേണ്ടിയുള്ള അവാർഡുകളെക്കുറിച്ചുള്ള കാര്യങ്ങൾ ഇതിൽ പറയുന്നുണ്ടെന്നതൊഴിച്ചാൽ സത്യത്തിൽ നമ്മുടെ സംസ്ഥാനത്ത്........, നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെടുത്ത് പരിശോധിച്ചുനോക്കാം. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി എന്താണ്? കാർഷിക മേഖലയുടെ തകർച്ച മാത്രമല്ല, സമയക്കുറവുകൊണ്ട് ഞാൻ വിസ്തരിച്ച് പറയാത്തതാണ്. പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിതി എല്ലാവരും സൂചിപ്പിച്ചുകഴിഞ്ഞതാണ്. രക്ഷപ്പെടില്ലെന്നും ഏതെങ്കിലുമൊരു ദിവസം നിലച്ചുപോകുമെന്നും മന്ത്രിതന്നെ പറഞ്ഞിരിക്കുകയാണ്. കേരളാ ഇലക്ട്രിസിറ്റി ബോർഡ് ഊർജ്ജ മേഖലയിൽ സംസ്ഥാനത്തെ കുത്തക പൊതുമേഖലാ സ്ഥാപനമാണ്. അത് കമ്പനിയായിക്കഴിഞ്ഞിരിക്കുന്നു. നമ്മുടെ രാജ്യത്ത് വൈദ്യുതിയുടെ വില വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ജനങ്ങൾ വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടിക്കൊണ്ടിരിക്കുമ്പോൾ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഗവൺമെന്റ്, ഞാൻ ഒരു ഗവൺമെന്റ് എന്ന നിലയ്ക്ക് പറയുന്നില്ല. നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി.-യുടെ കെടു

കാര്യസ്ഥത പരിഹരിക്കാൻവേണ്ടി......, കെ.എസ്.ആർ.ടി.സി.-ക്ക് പണം നൽകണമെന്ന് നമ്മൾ ആവശ്യപ്പെട്ടു. കെ.എസ്.ഇ.ബി.-യുടെ കെടുകാര്യസ്ഥത പരിഹരിക്കാൻവേണ്ടി എന്തെങ്കിലുമൊരു നിർദ്ദേശമുണ്ടോ? ഈ നികുതിയുടെ കാര്യത്തിലുള്ളതുപോലെതന്നെ നമ്മുടെ പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി.-യുടെ അരിയേഴ്സ്, വൈദ്യുതി കൊടുത്തിട്ടും പണമടയ്ക്കാത്തതിന്റെ കണക്ക്, ഗവൺമെന്റ് പ്രസിദ്ധീകരിച്ചത് 1206.29 കോടി രൂപയാണ്. അതിൽ സർക്കാർ സ്ഥാപനങ്ങൾ കൊടുക്കാനുള്ളത് 590.9 കോടി രൂപയും പ്രൈവറ്റ് മേഖലയിലെ സ്ഥാപനങ്ങൾ കൊടുക്കാനുള്ളത് 593.79 കോടി രൂപയുമാണ്. ഞാൻ ഈ ഹൗസ് അറിയാൻവേണ്ടി ചില കാര്യങ്ങൾ പറയാം, ഒരുപാട് പ്രൈവറ്റ് സ്ഥാപനങ്ങൾ, ഞാൻ എല്ലാ സ്ഥാപനങ്ങളുടെയും പേര് പറയുന്നില്ല. 593 കോടി രൂപ ഇവിടത്തെ സ്വകാര്യ സ്ഥാപനങ്ങൾ കെ.എസ്.ഇ.ബി.-ക്ക് കൊടുക്കേണ്ട തുകയാണ്. 93 ലക്ഷം ഉപഭോക്താക്കളിൽ നിന്നും ഒരു ദിവസംപോലും തെറ്റിക്കാതെ വൈദ്യുതിച്ചാർജ് വാങ്ങുന്ന കെ.എസ്.ഇ.ബി.-ക്ക് 1000-ൽത്താഴെ വരുന്ന ഈ ഉപഭോക്താക്കളിൽ നിന്നും 593 കോടി രൂപ പിരിക്കാൻ കഴിയുന്നുണ്ടോ? എന്തുകൊണ്ട് പറ്റുന്നില്ല? അതിന് ഗവൺമെന്റിനെ മാത്രം കുറ്റം പറയുകയല്ല. കൊടുക്കാനുള്ള ആളുകളുടെ പേരുകേട്ടാൽ ഞെട്ടിപ്പോകും. ഹോട്ടൽ ഇന്റർനാഷണൽ, എം.ജി. റോഡ്, എറണാകുളം - 1.13 കോടി; ഗ്രാന്റ് ഹോട്ടൽ, എം.ജി. റോഡ്, എറണാകുളം - 1 കോടി; ടാറ്റാ ടീ ലിമിറ്റഡ് - 11.62 കോടി; ശ്രീലക്ഷ്മി ഇലക്ട്രോണിക്സ് - 13.13 കോടി; സുരഭി സ്റ്റീൽ പ്രൈവറ്റ് ലിമിറ്റഡ് - 4.13 കോടി; പി.വി.എസ്. മെമ്മോറിയൽ ഹോസ്പിറ്റൽ - 3.45 കോടി; പെരിയാർ സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ് - 2.58 കോടി; പാരഗൺ

സ്റ്റീൽസ് – 2.78 കോടി; പി.കെ. മിൽസ് – 13.66 കോടി; ലിബ്രാ സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ് – 4.74 കോടി; റബ്ബർ പാർക്ക് ഇന്ത്യ – 1.28 കോടി; സൺഫെറാമെൽട്ട് പ്രൈവറ്റ് ലിമിറ്റഡ് – 1.17 കോടി. 11 കോടി മുതൽ 15 കോടി വരെ കൊടുക്കാൻ 10 സ്ഥാപനങ്ങൾ; 1 കോടി മുതൽ 10 കോടി വരെ കൊടുക്കാൻ 49 സ്ഥാപനങ്ങൾ; 10 ലക്ഷം മുതൽ 99 ലക്ഷം രൂപ വരെ കൊടുക്കാൻ 205 സ്ഥാപനങ്ങൾ; 1 ലക്ഷം മുതൽ 10 ലക്ഷം വരെ കൊടുക്കാൻ 475 സ്ഥാപനങ്ങൾ. ഒരു ദിവസം വൈദ്യുതിച്ചാർജ് അടയ്ക്കാൻ താമസിച്ചാൽ നമ്മുടെ വീട്ടിലെ ഫ്യൂസ് ഊരുന്ന വൈദ്യുതി ബോർഡിന്റെ കെടുകാര്യസ്ഥതയാണിത്. ഇതിനൊരു ലീഗൽ സെല്ലുണ്ട്. ആ ലീഗൽ സെൽ പ്രവർത്തിക്കുന്നുണ്ടോ? ഇത് ഇലക്ട്രിസിറ്റി ബോർഡിന്റെ മാത്രം സ്ഥിതിയല്ല. ശ്രീ. പി. ജെ. ജോസഫ് നേതൃത്വം നൽകുന്ന വാട്ടർ അതോറിറ്റിയുടെ സ്ഥിതിയെന്താണ്? വാട്ടർ അതോറിറ്റിക്ക് തമ്പാനൂരിലെ ഒരു സ്വകാര്യ ഹോട്ടൽ കൊടുക്കാനുള്ളത് 1.15 കോടി രൂപയാണ്. അത് ഇതുവരെ പിരിച്ചിട്ടില്ല, ഇപ്പോഴും വെള്ളം കൊടുത്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക പിരിക്കാൻ നമ്മുടെ സംസ്ഥാനത്ത് സംവിധാനമില്ല. നികുതി പിരിക്കാൻ നമ്മുടെ സംസ്ഥാനത്ത് സംവിധാനമില്ല. ഇവിടെ സർക്കാർ പ്രഖ്യാപിക്കുന്ന പരിപാടികൾ നടപ്പാക്കാൻ സംവിധാനമില്ല. പൊതുമേഖലയെ പതുക്കെപ്പതുക്കെ കൊന്നുകൊണ്ടിരിക്കുകയാണ്. അതാണ് അലുവാലിയയുടെ കോർപ്പറേറ്റ് നയമെന്ന് പറയാൻ കാരണം. ഇത് അധ്വാന വർഗ്ഗ സിദ്ധാന്തമല്ല. ഇന്നലെ ശ്രീ. പി. സി. വിഷ്ണുനാഥ്, കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് എത്ര മെഡിക്കൽ കോളേജുകൾ ആരംഭിച്ചുവെന്ന് ചോദിച്ചു. സത്യമാണ്. നിങ്ങൾ ആരംഭിച്ചു, നല്ലകാര്യം. പക്ഷെ ശ്രീ. പി. സി. വിഷ്ണുനാഥിനോട് ഞാൻ കണക്കുവച്ചൊരു ചോദ്യം ചോദി

ക്കുന്നു. ഒരൊറ്റ കൊല്ലംകൊണ്ട് കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നടന്ന ഓപ്പറേഷന്റെ കണക്ക് ശ്രദ്ധിച്ചിട്ടുണ്ടോ. 2012-ൽ നമ്മുടെ അഞ്ച് മെഡിക്കൽ കോളേജുകളിലുമായി 64,985 പ്രധാനപ്പെട്ട ഓപ്പറേഷനുകൾ നടത്തി. ഇത്തവണ അത് 45,932 ആയി കുറഞ്ഞു. 19,053 പ്രധാന ഓപ്പറേഷനുകൾ മെഡിക്കൽ കോളേജുകളിൽ നടന്നില്ല. അതിന്റെ അർത്ഥമെന്താണ്? അവിടെ ആവശ്യത്തിന് ഫെസിലിറ്റീസില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കഴിഞ്ഞ വർഷം 32,595 ഓപ്പറേഷൻ നടന്ന സ്ഥലത്ത് ഇപ്പോൾ 13,937 ആയി കുറഞ്ഞിരിക്കുന്നു. ഞാൻ ഈ കണക്ക് വായിക്കാൻ കാരണം, നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ ഇവർ പതുക്കെപ്പതുക്കെ അവസാനിപ്പിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ അവസാനിപ്പിക്കുന്നത് നയത്തിന്റെ ഭാഗമായാണ്. വിലക്കയറ്റം തടയുക എന്നത് ഗവൺമെന്റിന്റെ നയമല്ല. ആ നയമുണ്ടാകണമെങ്കിൽ സബ്സിഡി കൊടുക്കുന്നതിനുള്ള സാമ്പത്തിക നയമുണ്ടാകണം. സബ്സിഡി കൊടുക്കാൻ പാടില്ലെന്ന് പറഞ്ഞിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് സബ്സിഡി കൊടുക്കുന്ന ആളുകൾ പലരുമുണ്ട്. ഇന്ത്യാ ഗവൺമെന്റ് ഒരുപാട് ആളുകൾക്ക് സബ്സിഡി കൊടുത്തുകൊണ്ടിരിക്കുന്നു. സാമൂഹ്യ രംഗത്ത് നമ്മുടെ സ്ഥിതിയെന്താണ്? സാമ്പത്തിക മേഖലയിൽ പൊതുമേഖലാ സ്ഥാപനങ്ങളെ തകർത്തുകൊണ്ടിരിക്കുന്നു. ആരോഗ്യരംഗം തുടങ്ങി എല്ലാ രംഗത്തും ഇത് വളരെ പ്രകടമായിരിക്കുകയാണ്. മരുന്ന് വ്യാപാര രംഗവുമായി ബന്ധപ്പെട്ട ഒരുകാര്യംകൂടി പറയാൻ അവസരം നൽകണം. ഇവിടെ പലപല ചർച്ചകൾ നമ്മൾ നടത്തി. മന്ത്രിയോട് ചോദിച്ചിട്ട് ഒരു കാര്യവുമില്ല. മരുന്ന് വ്യാപാര രംഗത്ത് ഒരുപാട് ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നു. ഇവിടെ മരുന്നിന്റെ വില വർദ്ധിച്ചുകൊണ്ടിരിക്കു

കയാണ്. കേന്ദ്ര ഗവൺമെന്റാണ് അതിലെ വില്ലൻ. സംസ്ഥാന ഗവൺമെന്റിന് അതിൽ ഇടപെടാൻ കഴിയും. പക്ഷെ സംസ്ഥാന ഗവൺമെന്റ് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെക്കൊണ്ട് ഇതിൽ ഇടപെടുവിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്ത് വിദേശ മദ്യ വ്യാപാരം നടത്തിയിരുന്നത് ആരാണ്? അത് നടത്തിയിരുന്നത് പ്രൈവറ്റ് മേഖലയിലല്ലേ. സ്വകാര്യ ബ്രാണ്ടി ഷാപ്പുകളിലൂടെയും സ്വകാര്യ ബാറുകളിലൂടെയുമാണ് വിതരണം നടത്തിക്കൊണ്ടിരുന്നത്. ആയിരക്കണക്കിന് കോടി രൂപ ഗവൺമെന്റിന് കിട്ടിക്കൊണ്ടിരിക്കുന്ന ഒരു മേഖലയാണത്. സംസ്ഥാനത്തിന്റെ വിദേശമദ്യ വ്യാപാരം സംസ്ഥാന ഗവൺമെന്റിന് ഏറ്റെടുക്കാമെങ്കിൽ എന്തുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ മുഴുവനും ബാധിക്കുന്ന മരുന്നിന്റെ ഹോൾസെയിൽ ഡീലർഷിപ്പ്, രണ്ടുലക്ഷത്തോളം വരുന്ന റീട്ടെയിൽ വ്യാപാരികളെ നിലനിർത്തിക്കൊണ്ടു തന്നെ കമ്പനികളുമായി നേരിട്ട് എഗ്രിമെന്റുണ്ടാക്കി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ശക്തിപ്പെടുത്തി ആയിരക്കണക്കിന് രൂപയുടെ ടേണോവറുണ്ടാക്കുന്ന, അതുവഴി ആയിരക്കണക്കിന് കോടി രൂപയുടെ ലാഭം സാധാരണക്കാർക്ക് കിട്ടാൻ സാധ്യതയുള്ള സംസ്ഥാനത്തിലെ മരുന്ന് വ്യാപാരത്തിന്റെ ഹോൾസെയിൽ രംഗം പൂർണ്ണമായും സംസ്ഥാന ഗവൺമെന്റിന് ഏറ്റെടുത്തുകൂടേ. ഏതാനും ചില ഹോൾസെയിൽ ഡീലർമാർ, അവർക്ക് പല ബന്ധങ്ങളും കണ്ടേക്കാം, ആ ഹോൾസെയിൽ ഡീലർമാർക്ക് അപകടമുണ്ടാകുമെന്നല്ലാതെ നമ്മുടെ സംസ്ഥാനത്ത് വല്ല അപകടവുമുണ്ടാകുമോ? അങ്ങനെ ക്രിയാത്മകമായി ഇടപെടാൻ എന്തുകൊണ്ട് സാധിക്കുന്നില്ല. ഇവിടെ ഞാൻ മറ്റ് രാഷ്ട്രീയ കാര്യങ്ങളിലേക്ക് കടക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിലും അഴിമതിയെക്കുറിച്ചും ലാവലിൻ കേസിനെക്കുറിച്ചുമെല്ലാം കോൺഗ്രസ്സിന്റെ നേതാക്കന്മാർ ഒരുപാട് കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഞാൻ ഒരൊറ്റ കാര്യം ചോദി

ക്കുന്നു, പാമോലിൻ വിഷയത്തിൽ മുഖ്യമന്ത്രിയുടെ നിലപാടെന്താണ്? അദ്ദേഹം പറഞ്ഞ ഒരു കാര്യത്തിനുമാത്രമേ ഞാൻ മറുപടി പറയുന്നുള്ളൂ. അദ്ദേഹം ആ കേസ് പിൻവലിച്ചല്ലോ. എന്തിനുവേണ്ടിയാണ് പിൻവലിച്ചത്? ഇപ്പോൾ ഹൈക്കോടതിയിൽപോയി സ്റ്റേ വാങ്ങിയിരിക്കുകയാണ്. അദ്ദേഹം ഇവിടെ ചോദിച്ചത്, നിങ്ങളുടെ ഗവൺമെന്റ് ഇവിടെ ഉണ്ടായിരുന്നല്ലോ, ആ അഞ്ചുകൊല്ലം നിങ്ങൾ എന്തുകൊണ്ട് എന്നെ പ്രതിയാക്കിയില്ല എന്നാണ്. അതിനൊരു മറുചോദ്യം ചോദിക്കാൻ എനിക്ക് അവസരം തന്നില്ല. അതു കൊണ്ട് ഇപ്പോൾ പറയുകയാണ്. ഈ രാജ്യത്തെ നിയമത്തെപ്പറ്റി പ്രാഥമിക വിവരമുള്ള എല്ലാവർക്കും അറിയാം, ഒരു കേസിന്റെ വിചാരണ ഘട്ടത്തിൽ മാത്രമേ ഒരാളെ കേസിലെ പ്രതിയാക്കണമോ ഒഴിവാക്കണമോ എന്ന് തീരുമാനിക്കാൻ കഴിയുകയുള്ളൂ. വിചാരണ നടന്നാൽ മാത്രമേ ആ കേസിൽ പ്രതിയെ ചേർക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ കോടതിക്ക് കഴിയൂ. കോടതിയിൽ നിൽക്കുന്ന ഒരു കേസ് വിചാരണയിലേക്ക് എത്താതിരിക്കാൻവേണ്ടി അതിൽ പ്രതിയാകാനിടയുള്ള ഒരാൾ ശ്രമിച്ചാൽ അതിനെ എന്താണ് പറയുന്നത്? നിങ്ങൾ എന്തുചെയ്തുവെന്ന് ചോദിച്ചുകൊണ്ട് തിരിച്ചിങ്ങോട്ട് പാര വയ്ക്കുകയാണ്. ശ്രീ. ഉമ്മൻ ചാണ്ടിയോടും കോൺഗ്രസ്സിനോടും ഞാൻ ചോദിക്കുകയാണ്, പാമോലിൻ കേസ് വിചാരണ എത്തുന്നതിനുമുമ്പ് പിൻവലിച്ചതിനുപിന്നിലുള്ള നിങ്ങളുടെ താൽപ്പര്യമെന്താണ്; ആരെ സംരക്ഷിക്കാൻ വേണ്ടിയാണ്; പറയാമോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഒരു ഗവൺമെന്റ് അന്വേഷിച്ചപ്പോഴും ശ്രീ. ഉമ്മൻ ചാണ്ടി പ്രതിയായില്ല എന്നതാണ് അങ്ങേയ്ക്കും ഞങ്ങൾക്കും അറിയാവുന്ന കാര്യം. അത് അദ്ദേഹം പറഞ്ഞു. എന്നാൽ പ്രതിയായ

ശ്രീ.പിണറായി വിജയൻ എന്തിനാണ് വിചാരണയ്ക്ക് മുൻപ് അതൊഴിവാക്കി ക്കൊടുക്കണമെന്ന് പറഞ്ഞ് കോടതിയിൽ പോയതും ഉത്തരവ് വാങ്ങിയതും? അഴിമതിക്കെതിരെ ഒരു സ്ഥിരം നിലപാടുണ്ടെങ്കിൽ ആദ്യം അത് ശരിയല്ല എന്ന് പറഞ്ഞിട്ട് ബാക്കി പോയിന്റ് പറഞ്ഞാൽ പോരേ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, താങ്കൾ പറഞ്ഞത് വളരെ കറക്ടാണ്. ശ്രീ. പിണറായി വിജയൻ കോടതിയിൽ ഹർജി കൊടുത്താണ് അങ്ങനെയൊരു ഉത്തരവ് വാങ്ങിയത്. ഞാൻ ചോദിക്കട്ടെ, ശ്രീമാൻ പിണറായി വിജയൻ കോടതിയിൽ പോയി വിടുതൽ ഹർജി നേടി. എന്നാൽ ശ്രീ. ഉമ്മൻ ചാണ്ടി ഈ വിഷയത്തിൽ ചെയ്ത കാര്യമെന്താണ്? അദ്ദേഹം ഇതിൽ കുറ്റക്കാരനാകില്ലെന്ന് നൂറ് ശതമാനം ഉറപ്പുണ്ടെങ്കിൽ എന്തുകൊണ്ട് ശ്രീ. ഉമ്മൻ ചാണ്ടി ഇത് വിചാരണപോലും വയ്ക്കാതെ പിൻവലിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പാമോയിൽ കേസിൽ പ്രതി യായിരുന്ന ശ്രീ. ടി. എച്ച്. മുസ്തഫയും മറ്റു പ്രതികളും കോടതിയിൽ വിടുതൽ ഹർജി കൊടുത്തിട്ട് വിടുതൽ ഹർജി തള്ളിക്കളഞ്ഞ കാര്യം അങ്ങേ യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, വിടുതൽ ഹർജി തള്ളിക്കള ഞ്ഞിട്ടും ഇത് പിൻവലിക്കാൻ പാടില്ലെന്ന് പറഞ്ഞിട്ടും അത് ട്രയൽ ചെയ്തിട്ട് അവർ തെറ്റുകാരാണോ അല്ലയോ എന്ന് തീരുമാനിക്കാൻ കോടതിക്കുള്ള അവസരം നിങ്ങൾ ഗവൺമെന്റിന്റെ പ്രത്യേകമായ അധികാരം ആർബിട്രറി യായി ഉപയോഗപ്പെടുത്തിക്കൊണ്ട്, പിൻവലിക്കാൻ പാടില്ലെന്ന് ഇതേ ഗവൺമെന്റിലെ വിജിലൻസ് ഡിപ്പാർട്ടുമെന്റ് ശക്തമായ ശുപാർശ കൊടു ത്തിട്ടും അത് പിൻവലിക്കുന്നതിലുള്ള ചേതോവികാരമെന്താണെന്നാണ് ഞാൻ ചോദിച്ചത്. മറുപടിയുണ്ടോ? മറുപടിയില്ല. അദ്ദേഹം സൂചിപ്പിച്ച

പോലെ ഡെമോക്ലസിന്റെ വാൾ ഇടതുപക്ഷത്തിന്റെ നേരെയല്ല, അഴിമതിക്കെതിരായി നിങ്ങൾ ഉന്നയിക്കുമ്പോൾ ഡെമോക്ലസിന്റെ വാൾ തൂങ്ങിക്കിടക്കുന്നത് ശ്രീ. ഉമ്മൻ ചാണ്ടിയുടെയും യു.ഡി.എഫ്.-ന്റെയും തലയ്ക്ക് മുകളിലാണ് എന്ന് മറന്നുപോകണ്ട. ഇടതുപക്ഷത്തിനെതിരെ നിങ്ങൾ വലിയ കുതിരകയറ്റം നടത്തുമ്പോൾ നിങ്ങളൊക്കെ വലിയ മാന്യന്മാരും നിങ്ങളൊക്കെ അഴിമതിരഹിതന്മാരും അഴിമതിക്കെതിരായി വലിയ ചന്ദ്രഹാസം ഇളക്കുന്നവരും അതിനുവേണ്ടി വലിയ കൊടികെട്ടി ഇറങ്ങുന്നവരുമാണെന്ന മാന്യത വേണ്ട. അതിന് ഒന്നാം പ്രതികൾ നിങ്ങൾ തന്നെയാണ്. ഈ രാജ്യത്ത് വിലക്കയറ്റം ഉണ്ടാക്കിയതും അഴിമതി നടത്തുന്നതും കോൺഗ്രസ്സുകാർ തന്നെയാണ്. ആ കോൺഗ്രസ്സിന്റെയും യു.ഡി.എഫ്.-ന്റെയും വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല എന്നു പറഞ്ഞു കൊണ്ട് നിർത്തുകയാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുകയാണ്. വികസ്വര രാഷ്ട്രമെന്ന നിലയിൽ ഇന്ത്യാ രാജ്യത്തിന്റെ സാധ്യതകളും കേരളത്തിലെ മനുഷ്യ വിഭവശേഷിയുടെ ക്രിയാത്മക വിനിയോഗവും മുന്നിൽ കണ്ടുകൊണ്ടാണ് മാണിസാർ ബഡ്ജറ്റ് അവതരിപ്പിച്ചത്. നമുക്കറിയാം ലോക സാമ്പത്തികമാന്ദ്യവും അതിനെതുടർന്ന് രൂപയുടെ മൂല്യത്തകർച്ചയും ഏറ്റവും കൂടുതൽ ബാധിക്കുന്ന വിഭാഗങ്ങളിലാണ് ഈ ബഡ്ജറ്റ് ഏറ്റവും കൂടുതൽ ശ്രദ്ധയൂന്നിയത്. ഉദ്യോഗസ്ഥൻമാർക്ക് ശമ്പള പരിഷ്കരണം നടപ്പാക്കുന്നു, അതിന് കാലാനുസൃതമായ മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. വിദേശത്ത് ജോലി ചെയ്യുന്നവർക്ക് രൂപയുടെ മൂല്യത്തകർച്ചകൊണ്ട് ഇവിടെ കൂടുതൽ രൂപ ലഭിക്കുന്നുണ്ട്.

എന്നാൽ ഇതൊന്നും ലഭിക്കാത്ത ഒരു വിഭാഗമെന്ന് പറയുന്നത് കർഷക രാണ്. ആ കർഷകർ ഏറ്റവും കൂടുതൽ പ്രയാസമനുഭവിക്കുന്നവരാണ്. ആ കർഷകർ നാമമാത്ര കർഷകരാണ്.  അങ്ങനെയുള്ള നാമമാത്ര കർഷകർക്ക് ഇൻഷ്വറൻസ് ഗ്യാരന്റി കൊടുക്കുന്നു. അതോടൊപ്പം അവരുടെ കൃഷിക്ക് ആവശ്യമായ ആനുകൂല്യം ലഭ്യമാകുന്നു. അവരുടെ മക്കൾക്ക് പഠിക്കാനുള്ള അവസരം കൊടുക്കുന്നു ഇങ്ങനെയൊക്കെയാണ് ഈ ബഡ്ജറ്റ് നമ്മുടെ മുന്നിൽ വന്നത്.  ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയം ഭൂമിയുടെ വിസ്തൃതി കുറയുന്നതിനെപ്പെറ്റി ശ്രീ. സുനിൽ കുമാർ ചോദിച്ചു.  എന്തി നാണ് ഭൂമിയുടെ വിസ്തൃതി കുറയുന്നുവെന്ന് പറയുന്നത്. വിസ്തൃതി കുറഞ്ഞാൽ ഉല്പ്പാദനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ അന്വേഷിക്കണം. ഉൽപ്പാദനം വർദ്ധിപ്പിക്കണമെങ്കിൽ അതിന് പുതിയ രീതികൾ സ്വീകരിക്കണം. ആ പുതിയ  രീതികൾ സ്വീകരിക്കുന്നതിനാണ് ഹൈടെക്ക് കാർഷിക രംഗ ത്തേക്ക് കടന്നു പോകാൻ  ഈ ബഡ്ജറ്റ് പ്രത്യേക ശ്രദ്ധയൂന്നാൻ കാരണ മായത്.  നമ്മുടെ നാട്ടിൽ നിർമ്മാണത്തൊഴിലാളികൾക്കുപോലും മാന്യമായ വേതനം കിട്ടുന്നുണ്ട്.  ബംഗാളുകാരെയും ബീഹാറുകാരെയും കേരളത്തി ലേക്ക് ആകർഷിക്കുന്നത് നിർമ്മാണ മേഖലയിൽ അവർക്ക് കിട്ടുന്ന വേതനവും അതിനുള്ള മതിയായ കാരണവുമാണ്.  ഇതൊക്കെ വച്ചുകൊണ്ട് കർഷകർക്ക് പണിയെടുക്കാൻ കഴിയാത്ത സന്ദർഭത്തിൽ അവർക്ക് വേണ്ട സംരംഭങ്ങളുണ്ടാകുന്നു.   അതുപോലെ യുവസംരംഭകർ, തീർച്ചയായും നമ്മൾ കാണേണ്ട ഒരു വിഷയമാണ്.  നമ്മുടെ യുവസംരരംഭകർ ഒരു ചെറിയ വിഷയമല്ല.  ചെറിയ പ്രഖ്യാപനമാണ് സ്റ്റാർട്ട് അപ് വില്ലേജ്. ആ പ്രഖ്യാപ നത്തെ കേരളത്തിലെ കോളേജ് വിദ്യാർത്ഥികൾ ഏറ്റെടുക്കുകയായിരുന്നു. ഇത്തവണ ഒരുപടികൂടി മുന്നോട്ട് പോയി. സ്റ്റാർട്ട് അപ് വില്ലേജുകളിലെ കുട്ടി

കൾക്ക് സ്റ്റാർട്ട് അപ് കിറ്റുകൾകൂടി കൊടുക്കുകയാണ്. കമ്പ്യൂട്ടറും മറ്റു സൗകര്യവും കൊടുത്ത് അവരെ പരമാവധി ഇതിലേക്ക് ആകർഷിക്കാൻ കഴിയുന്ന രീതിയിലേക്ക് മാറുന്നു. കമ്പ്യൂട്ടർ കിട്ടിയിട്ടെന്ത് കാര്യമെന്നാണ് ഇവിടെ ചോദിക്കുന്നത്. മിനിഞ്ഞാന്ന് കൊച്ചിയിൽ ഇ-ഗവേർണൻസിന്റെ നാഷണൽ സെമിനാറുണ്ടായിരുന്നു, യു.പി.യിലെ ഐ.ടി. മിനിസ്റ്റർ അടക്കം ഈ രംഗത്ത് പ്രവർത്തിക്കുന്ന വലിയ ആളുകൾ ശ്രീമതി സംഗീത റെഡ്ഡിയ ടക്കം വന്നിരുന്നു. അവരൊക്കെ പറയുന്നകാര്യം കേരളം ഈ രംഗത്ത് വലിയ നേട്ടം കൈവരിച്ചുവെന്നാണ്. ഇതുവഴി ആരോഗ്യ രംഗത്തും മറ്റും നമുക്ക് കൈവരിക്കാൻ കഴിയുന്ന വലിയ നേട്ടങ്ങൾ നമ്മുടെ മുന്നിൽ നിൽക്കുകയാണ്. നമ്മുടെ യുവാക്കളെ ഈ രംഗത്തേക്ക് കൊണ്ടുവന്നു കൂടാ എന്നുള്ള പിടിവാശിയിലൂടെ മുന്നോട്ട് പോകുന്നത് അപ്പുറത്തിരു ന്നാലും ഇപ്പുറത്തിരുന്നാലും ഒരിക്കലും ഗുണകരമാവില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവിടെ പ്രവാസികളെക്കുറിച്ച് പറഞ്ഞു. പ്രവാസികളെ സംബന്ധിച്ച് അവർ ഇന്ത്യയുടെ കരുത്താണ്. ലോകത്ത് മനുഷ്യ വിഭവ ശേഷിയിലൂടെ ഏറ്റവും കൂടുതൽ വിദേശ നാണ്യം നേടുന്ന രാജ്യം ഇന്ത്യ യാണ്. ചൈന രണ്ടാം സ്ഥാനത്താണ്. ഫിലിപ്പൈൻസ് മൂന്നാം സ്ഥാന ത്താണ്. ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഇന്ത്യയിൽ അത് ശക്തമായി വിനിയോഗിക്കുന്ന സ്റ്റേറ്റുകളിലൊന്ന് കേരളമാണ്. ഏകദേശം എഴുപത്തി അയ്യായിരത്തോളം കോടി രൂപയാണ് നമ്മൾ ആ രീതിയിൽ വിനിയോഗിക്കു ന്നത്. എഴുപത്തി അയ്യായിരത്തോളം കോടി രൂപയുടെ നിക്ഷേപം നമ്മുടെ സ്റ്റേറ്റിലുണ്ടാകുമ്പോൾ നമ്മൾ അറിയേണ്ട വലിയ ഒരു കാര്യം ഇന്ത്യാ രാജ്യത്ത് വിദേശ വായ്പയായും വിദേശ നിക്ഷേപമായും എത്തുന്നതിനെ ക്കാൾ അധികം പ്രവാസികളുടെ നിക്ഷേപം വരികയാണെന്നാണ്. വിദേശ

വായ്പ എടുത്താൽ പലിശ കൊടുക്കണം. വിദേശത്ത് നിന്ന് നിക്ഷേപം വന്നാൽ അവർക്ക് സബ്സിഡിയും ആനുകൂല്യങ്ങളും കൊടുക്കണം. ഇത്ര വലിയ തുക ഓരോ വർഷവും ഇന്ത്യയിലെത്തിക്കുന്ന പ്രവാസികൾക്കു വേണ്ടി നമുക്കേറെ ചെയ്യാൻ കഴിയുന്നില്ല. അതുകൊണ്ട് അവർക്ക് വേണ്ടി പദ്ധതികൾ ഉണ്ടാകണം. അതുകൊണ്ടാണ് അവർ അവിടെ നിന്ന് ജോലി നഷ്ടപ്പെട്ട് തിരിച്ചു വരുന്ന അവസ്ഥ വരുമ്പോൾ ആ ഇനത്തിൽ വിനിയോഗിക്കാൻ തയ്യാറാകുന്നത് 50 കോടി രൂപയാണ്. ആ തുക കൊണ്ട് എല്ലാം തീരുമെന്നല്ല. 50 കോടി രൂപ കൊണ്ട് വിദേശത്ത് നിന്ന് തിരിച്ചെത്തുന്നവർക്ക് തൊഴിലവസരമുണ്ടാക്കാൻ ബാങ്കുകളുമായി യോജിച്ച് കൊണ്ട് 50 കോടി രൂപ ബാങ്കുകളുടെ പത്ത് ശതമാനം സബ്സിഡിയായിട്ടാണ് കൊടുക്കുന്നത്. ബാങ്കുകളുമായി ആലോചിച്ച് വായ്പ ഇനത്തിൽ ഉൾക്കൊള്ളിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതൊന്നും കാണാതിരുന്നുകൂടാ. ബഡ്ജറ്റിൽ ഉൾക്കൊള്ളാതെ പോയത്, ഗവൺമെന്റ് ഇനിയും ശ്രദ്ധിക്കേണ്ടത് വിദേശ രാജ്യത്ത് പാവപ്പെട്ട നമ്മുടെ നാട്ടുകാർ ജയിലിൽ കിടക്കുന്നുണ്ട്. ആയിരക്കണക്കിന് ചെറുപ്പക്കാരുണ്ട്. ആ ചെറുപ്പക്കാരിൽ പലരും ജയിൽ ശിക്ഷ കഴിഞ്ഞിട്ടും നഷ്ടപരിഹാരം കൊടുക്കാൻ കഴിയാതെ കിടക്കുന്നവരാണ്. അങ്ങനെയുള്ള ആളുകളെ മോചിപ്പിച്ച് കൊണ്ടുവരാനുള്ള പദ്ധതിയാവിഷ്ക്കരിക്കാൻ മുൻകൈയെടുക്കേണ്ടത് കേരളത്തെ പോലെയുള്ള സംസ്ഥാനത്തിന്റെ ബാധ്യതയാണ്. അതുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടുത്തെ പ്രൊഫഷണൽ കോളേജുകൾ, പ്രവാസികൾക്ക് നൽകിയ ഒരു ആനുകൂല്യമാണ്. പ്രൊഫഷണൽ കോളേജുകളിൽ അവർക്ക് സംവരണം ഉണ്ട്. ആ സംവരണം അവർക്ക് ലഭിക്കണമെങ്കിൽ അവർക്ക് സർക്കാർ

ഫീസനുസരിച്ച് പഠിക്കാൻ കഴിയുന്ന അന്തരീക്ഷമുണ്ടാകണം. അത്തരം സാഹചര്യങ്ങൾ കേരളത്തിലുണ്ടാകണം. നാം മനസ്സിലാക്കേണ്ടത് ഒരു ഗവൺമെന്റ് ജനപക്ഷത്തു നിന്നുകൊണ്ടാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ സർക്കാർ ജനപക്ഷ ഭരണമാണ് നടത്തുന്നത്. 1,30,000 ഭവനങ്ങളാണ് പഞ്ചായത്ത് വകുപ്പു മാത്രം നമ്മുടെ സംസ്ഥാനത്തുണ്ടാക്കിയത്. 34,000–ത്തോളം വീടുകളുടെ നിർമ്മാണം നടക്കുന്നു. സ്റ്റേറ്റിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് വേണ്ടി വലിയ നേട്ടങ്ങളാണ് ഉണ്ടാക്കിയിട്ടുളളത്. 8570 ഗ്രാമീണ റോഡുകൾ മേജർ റോഡുകളാക്കിയെന്ന് പറഞ്ഞാൽ ഗവൺമെന്റ് ചെറിയ കാര്യമല്ലല്ലോ ചെയ്തത്. പൊതുമരാമത്ത് വകുപ്പ് സർക്കാർ അനുവദിച്ച തുകയെക്കാളും 297 ശതമാനം അധികമാണ് വിനിയോഗിച്ചത് എന്ന കാര്യം അറിയണം. അപ്പോഴാണ് ഇവിടെ കാര്യങ്ങൾ നടന്നിട്ടുണ്ടോ ഇല്ലയോ എന്ന് മനസ്സിലാക്കാൻ കഴിയുന്നത്. ഇതൊന്നും ജനമറിയരുത്, അതിനാണ് ചില ആളുകൾ നിരന്തരം സമരം തുടങ്ങിയത്. സി.പി.ഐ. (എം.) തുടങ്ങിയ എല്ലാ സമരങ്ങളും ജലരേഖകളായി മാറി. ഒടുവിൽ നടത്തിയ ക്ലിഫ്ഹൗസ് ഉപരോധം സന്ധ്യ എന്ന സ്ത്രീയുടെ ചെറുത്ത് നിൽപ്പുകൊണ്ടാണ് തകർന്നതെങ്കിൽ ഒരു സംശയവും വേണ്ട ശ്രീ. പിണറായി വിജയന്റെ ജാഥ രമ എന്ന പെൺകുട്ടിയുടെ ചെറുത്തു നിൽപ്പുകൊണ്ട് തകരുകതന്നെ ചെയ്യും. ഒരു സംശയവും വേണ്ട. ജനങ്ങൾ ഇതൊക്കെ നോക്കുന്നുണ്ട്. പ്രതിരോധിക്കാൻ കരുത്തുളളവർ ഈ നാട്ടിലുണ്ട്. നിങ്ങളുടെ സമരത്തിന് എന്ത് ന്യായമാണുളളത്

9 എൽ.പി.ജി. ഗ്യാസ് സിലിണ്ടറുകൾ കൊടുക്കുന്നതിൽ വില കുറയ്ക്കണമെന്ന് പറഞ്ഞ് സമരം തുടങ്ങി. 9 സിലിണ്ടറിന് വില കുറയ്ക്കാൻ സമരം

തുടങ്ങിയവർ അതേ വിലയിൽ 12 സിലിണ്ടറുകൾ കൊടുക്കുമെന്ന് പറഞ്ഞപ്പോൾ സമരം നിർത്തി. 9 സിലിണ്ടറുകൾ വാങ്ങാൻ പണമില്ലാത്തവർ 12 സിലിണ്ടറുകൾ കിട്ടുമെന്ന് പറഞ്ഞപ്പോൾ സമരം നിർത്തുകയാണ്. എന്താണ് അതിന് പറയുന്ന ന്യായം? നിർത്തിപ്പോകാനുള്ള ഒരു അവസരം തേടിയാണ് ഇവർ എല്ലാ സമരങ്ങളും തുടങ്ങുന്നത്. രാഷ്ട്രീയ കേരളത്തിൽ ഓരോ ദിവസവും ലജ്ജാകരമായ വാർത്തകളാണ് കേൾക്കുന്നത്. ഒരു ഭാഗത്ത് നരേന്ദ്ര മോഡിയുണ്ട്. നരേന്ദ്ര മോഡി ഈ രാജ്യത്തിലെ ന്യൂനപക്ഷ ജനവിഭാഗങ്ങളെക്കുറിച്ച്, ഗുജറാത്തിൽ നടന്ന കലാപത്തെക്കുറിച്ച് പറഞ്ഞത് ടയറിനു താഴെ ഒരു പട്ടിക്കുട്ടി കുടുങ്ങുമ്പോഴുണ്ടാകുന്ന സ്വാഭാവികമായ പ്രയാസമാണ് ആ കൊലപാതകങ്ങളിൽ എനിക്ക് തോന്നിയതെന്നാണ്. അവരെ മാറ്റി നിർത്താം, പക്ഷേ, അവർക്ക് പകരം നിൽക്കേണ്ടവരാണോ ഇടതുപക്ഷം? ഇവിടെ ഇടതുപക്ഷം എടുത്ത സമീപനമെന്താണ്, വലിയൊരു അറുകൊല ചെയ്തയാളുകളെ, കൊടി സുനിയേയും കിർമാണി മനോജിനെയുമൊക്കെ കാണാൻവേണ്ടി, മിനിഞ്ഞാന്ന് ബഹുമാന്യരായ കോടിയേരി ബാലകൃഷ്ണനടക്കമുള്ളവർ പോകുന്നത് കന്നിപ്രസവം കഴിഞ്ഞ മകളെയും കടിഞ്ഞൂലിനെയും കാണാൻ കാരണവർ ആശുപത്രിയിലേയ്ക്ക് പോകുന്ന രീതിയിലാണ്. എന്തൊരു നാണക്കേടാണ്; ഇതൊരു ചെറിയ കാര്യമാണോ? കന്നി പ്രസവം കഴിഞ്ഞ പേരക്കുട്ടിയെ കാണാൻ പോകുന്ന കാരണവരെപ്പോലെ കൊടി സുനിയെയും കിർമാണി മനോജിനെയുമൊക്കെ കാണാൻ ഉത്തരവാദിത്വപ്പെട്ട ഇടതുപക്ഷ നേതാക്കന്മാർ പോകുന്ന അപമാനകരമായ ഒരു അവസ്ഥ രാഷ്ട്രീയ കേരളത്തിന് നാണക്കേടാണ്. അതുണ്ടാകാൻ പാടില്ല. തമിഴ്നാട്ടിൽ മിനിഞ്ഞാന്ന് ശ്രീ. എ. ബി. ബർദൻ, സി.പി.ഐ.ക്കാരു

മായി ജയലളിതയെ കാണാൻ പോയി. ജയലളിതയെ പ്രധാനമന്ത്രിയാക്കുമെന്നാണ് ശ്രീ. ബർദൻ പറഞ്ഞത്.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, എം.എൽ.എ.മാരായ ശ്രീ. കെ. രാധാകൃഷ്ണനനും, ശ്രീ. കെ. വി. അബ്ദുൾ ഖാദറും ജയിലിൽ പോയപ്പോൾ കൊടിസുനിയും കൂട്ടരും, കുഞ്ഞനന്തന്റെ കാര്യം മാത്രം നിങ്ങൾ നോക്കിയാൽ പിണറായി വിജയന്റെയും ജയരാജന്റെയും പങ്കൊക്കെ ഞങ്ങൾ സി.ബി.ഐ. യോടു വിളിച്ചുപറയുമെന്ന് ഭീഷണിപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് പി. ജയരാജനും കോടിയേരി സഖാവും പോയി കൊടിസുനിയെ ആശ്വസിപ്പിച്ചത് എന്നകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, അതാണ് ഞാൻ പറഞ്ഞത്. കുഞ്ഞനന്തനു പുറകെ വലിയ അനന്തൻമാർ അഴി എണ്ണാതിരിക്കാനായിരുന്നു ഈ സന്ദർശനം. കൊടിസുനി പിണങ്ങുകയും സി.ബി.ഐ. വരികയും ചെയ്താൽ പിന്നെ ഗതി എന്താകും എന്ന ഒരു ചിന്ത ഉണ്ടായി. ആ ചിന്ത വളരെ വലുതാണ്. അതുകൊണ്ടാണ് ഈ രീതിയിൽ പോകാനിടയായത്. സി.പി.ഐ യുടെ നേതാവ് ശ്രീ. എ. ബി. ബർദൻ ജയലളിതയെ പോയിക്കണ്ട് പ്രധാനമന്ത്രിയാക്കാമെന്ന് പറഞ്ഞിരിക്കുന്നു, അതാണ് വിഷയം. ഇന്ന് പ്രകാശ്കാരാട്ടും കാണുമെന്ന് പറഞ്ഞിരിക്കുന്നു. ജയലളിതയോടുകൂടെ നിന്ന സമയത്ത് പുതുക്കോട് സീറ്റിൽ സി.പി.ഐ.-ക്കാരൻ മത്സരിച്ചുവെങ്കിലും പിന്നീട് ജയലളിത ആ സീറ്റ് തിരിച്ചുവാങ്ങി അവിടെ വേറെ ആളെ നിറുത്തിയത് ആരും മറന്നിട്ടില്ല. ഒരു അസംബ്ലി സീറ്റ് ജയലളിതയോട് ചോദിച്ചുവാങ്ങാനോ ഉള്ളത് നിലനിർത്താനോ കഴിയാത്ത സി.പി.ഐ. -യാണ് ഇപ്പോൾ ജയലളിതയെ പ്രധാനമന്ത്രിയാക്കാൻ ശ്രമിക്കുന്നത്. അതാണ് ആദ്യം മനസ്സിലാക്കേണ്ടത്. നിങ്ങൾ മുമ്പും ഒരാളെ പ്രധാനമന്ത്രിയാ

ക്കാൻ പോയല്ലോ, മൊറാർജി ദേശായിയെ. മൊറാർജിദേശായിയെ പ്രധാനമന്ത്രിയാക്കാൻ പോയി വാജ്പേയിയെ വിദേശകാര്യമന്ത്രിയാക്കി. അതുപോലെ ജയലളിതയെ പ്രധാനമന്ത്രിയാക്കാൻ പോയി എൽ.കെ അദ്വാനിയെ പ്രധാനമന്ത്രിയുടെ കസേരയിൽ അവരോധിക്കാതെ ഇനി ഇവർ അടങ്ങുകയില്ല. അവിടേയ്ക്കാണ് അവരുടെ പോക്ക്. കാരണം അതിനുപറ്റിയ ഒരു ടീമും അവരുടെ കൂടെയുണ്ടല്ലോ – നമോവിചാർ മഞ്ച്. നമോവിചാർ മഞ്ചാണ് ഇപ്പോൾ അവരെ നയിക്കുന്നത്. കൊടിസുനിയും, കിർമാണിയുമൊക്കെ മാറിയപ്പോൾ നമോവിചാർ മഞ്ചുകാരാണ് കൂടെ നിൽക്കുന്നത്. അവരാണ് ഇന്ന് പാർട്ടിയെ മുന്നോട്ടുകൊണ്ടുപോകുന്നത്. അതിനേക്കാൾ വലിയ നാണക്കേട് ഒരു പാർട്ടിക്കുണ്ടാകുമോ? അതാണ് ആദ്യം മനസ്സിലാക്കേണ്ടത്. എന്നിട്ട് ഞങ്ങളെ ചൂണ്ടിക്കാണിച്ച് ലീഗ് തീവ്രവാദികളോടൊപ്പമാണെന്ന് പറയുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ആർ.എസ്.എസ്.–ൽ നിന്നും പലരും രാജിവച്ച് പോകുന്നതിൽ നിങ്ങൾ സന്തോഷിക്കുകയല്ലേ വേണ്ടത്. ആർ.എസ്.എസ്. കാരനായ ശ്രീ. മധുസൂദനൻ മിസ്രി ആണ് കോൺഗ്രസുകാരുടെ വക്താവായി ഇവിടെ വന്നുകൊണ്ടിരിക്കുന്നത്. മിസ്രി ആർ.എസ്.എസ്. അല്ലേ? കോൺഗ്രസിന്റെ ഇപ്പോഴത്തെ നേതാവായ ശ്രീ. ശങ്കർസിംഗ് വഗേല ആർ.എസ്.എസ്. അല്ലേ? അതെല്ലാം നിങ്ങൾ മറന്നുപോയോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ ഒരു കാര്യം പറയട്ടെ, താത്വികമായി നിലപാടുകൾ സ്വീകരിച്ചുപോകുന്ന ആളുകളും ക്രിമിനൽ കേസുകളിൽ പ്രതികളാകുന്നവരും തമ്മിൽ വലിയ വ്യത്യാസമുണ്ട്. അതു പോകട്ടെ, അതിനപ്പുറം നമോവിചാർ മഞ്ചിന്റെ ആളുകൾ ഒരു പത്രസമ്മേളനം വിളിച്ചുകൂട്ടി എപ്പോഴെങ്കിലും ഞങ്ങൾ നരേന്ദ്രമോഡിയെ തള്ളിപ്പറയുന്നു എന്നു പറഞ്ഞിട്ടുണ്ടോ? ഇതുവരെയുണ്ടായിട്ടില്ല. ഇതുവരെ ഞങ്ങൾ

നരേന്ദ്രമോഡിയെ തള്ളിപ്പറയുന്നു എന്നൊരു വാചകം അവരാരും പറഞ്ഞിട്ടില്ല. ഞാൻ വിഷയത്തിലേയ്ക്ക് വരികയാണ്. മംഗലത്ത് ഒരു ഉപതെരഞ്ഞെടുപ്പ് വരികയുണ്ടായി. മുസ്ലീംലീഗിലെ പ്രാദേശിക നേതൃത്വവുമായി ബന്ധപ്പെട്ട് ഒരു സ്വരചേർച്ച ഇല്ലാതെ വന്നപ്പോൾ മൂന്നുപേർ പഞ്ചായത്ത് മെമ്പർ സ്ഥാനം രാജിവച്ചു. അങ്ങനെ തെരഞ്ഞെടുപ്പ് വന്നു. സാധാരണ കുടുംബങ്ങൾ തമ്മിൽ ചേരിതിരിവുണ്ടായി. പഞ്ചായത്തു തെരഞ്ഞെടുപ്പായതുകൊണ്ട് പ്രാദേശികമായ പ്രശ്നങ്ങളുണ്ടായി. അവിടെ ഇടപെടാമെന്ന് ഇവർ മനസ്സിലാക്കി, ഉടൻ സി.പി.ഐ.(എം.) പോയി പിന്തുണച്ചു. പിന്തുണച്ച മൂന്നുപേരും ജയിച്ചുവന്നപ്പോൾ മുമ്പ് പാമ്പുകടിച്ചവന്റെ ശവമഞ്ചം കൊണ്ടുപോകുന്നതു കണ്ടിട്ട് എന്റെ വർഗ്ഗത്തിൽപ്പെട്ടവർ കടിച്ചിട്ടാണ് എന്നു ഞാഞ്ഞൂൽ പറഞ്ഞതുപോലെ സി.പി.ഐ.(എം.) കാരാണ് അവരെ തോൽപ്പിച്ചതെന്ന് പറഞ്ഞ് ഇവർ ഓടി നടന്നു. അതാണ് സത്യത്തിലുണ്ടായത്. അല്ലാതെ അവിടെ ഒരു രാഷ്ട്രീയ വിഷയമുണ്ടായിരുന്നില്ല. അത് സി.പി.ഐ.(എം.)–ന്റെ രാഷ്ട്രീയ വിഷയമാണെന്ന് പറയാൻ അവിടെയുള്ള ഒരു സി.പി.ഐ. (എം.)–കാരനും കഴിയുകയുമില്ല. അത് കഴിഞ്ഞ് പിന്നെ ഒടുവിൽ ഇവിടെ പറഞ്ഞത് എസ്.ഡി.പി.ഐ.കാർ നടത്തിയ അക്രമം ലീഗുകാർ പറഞ്ഞിട്ടാണെന്നാണ്. നിങ്ങൾ മനസ്സിലാക്കേണ്ടത്, കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മുസ്ലീം ലീഗ് സ്ഥാനാർത്ഥിക്കെതിരെ ആ വാർഡിൽ മത്സരിച്ച എസ്.ഡി.പി.ഐ. സ്ഥാനാർത്ഥിയാണ് ഈ കേസിലെ പ്രതി എന്നുള്ളതാണ്. ലീഗിനെതിരെ മത്സരിച്ച സ്ഥാനാർത്ഥി പ്രതിയായ കേസ് പോലും ലീഗിന്റെ മേൽ കെട്ടിവയ്ക്കുകയാണ്. ഒരു ചുമലിൽ നമോവിചാർ മഞ്ച്, മറുചുമലിൽ കൊടി സുനി, ഇവരെയൊക്കെ പേറി ഒരു തെരഞ്ഞെടുപ്പിനെ നേരിടുമ്പോൾ ന്യൂനപക്ഷങ്ങൾക്കിടയിൽ ഒറ്റപ്പെട്ടുപ്പോകുമെന്നും പൊതുസമൂഹം

അവഹേളിക്കുമെന്നും മനസ്സിലാക്കിയപ്പോൾ പിണറായി വിജയൻ പറയുക യാണ്, മംഗലത്തും ലീഗുകാരാണ് എന്ന്. ആരോടാണ് ഇതൊക്കെ പറയു ന്നത്? രാഷ്ട്രീയ കേരളം പ്രബുദ്ധമാണ്. രാഷ്ട്രീയ കേരളം ഇതൊക്കെ തിരിച്ചറിയും. നിങ്ങൾക്കതിൽ ഒരു സംശയവും വേണ്ട. ഇതുകൊണ്ടൊന്നും കേരളത്തിലെ ജനങ്ങളെ വിഡ്ഢികളാക്കാൻ കഴിയില്ല. ലോക്സഭാ തെര ഞ്ഞെടുപ്പ് വരുന്നതോടുകൂടി നിങ്ങൾക്കൊരു കാര്യം ബോധ്യമാകും, ഇവിടെ മതേതര കക്ഷികൾ ഒന്നിച്ചു നിൽക്കണം. ഒന്നിച്ചുനിന്നേ പറ്റൂ, അതിനപ്പുറം പോകാൻ കഴിയില്ല. മതേതരകക്ഷികൾക്ക് യോജിച്ച് മുന്നേറാൻ സാധിച്ചില്ലെ ങ്കിൽ...... നിങ്ങൾ നരേന്ദ്ര മോഡി വരുന്നത് തടയാനാണോ ആഗ്രഹിക്കുന്നത്, അങ്ങനെയാണെങ്കിൽ ഇങ്ങനെ പരക്കം പായാൻ കഴിയില്ല. ഇന്ന് ഒരാൾ ജയലളിതയുടെ അടുക്കൽ പോകുന്നുണ്ടല്ലോ, ഇവിടെ വലിയ പ്രസംഗം നടത്തിയ ആൾക്കാരുണ്ടല്ലോ, അവരുടെ നേതാക്കന്മാരൊക്കെ പറയുന്ന വാദമുഖങ്ങൾ എന്താണെന്ന് ഞാനിപ്പോൾ പറയുന്നില്ല. ഇവിടെ ഒരു കാര്യം വ്യക്തമാണ്. ഇന്ത്യ രാജ്യത്തിന്റെ മതേതര മുന്നേറ്റത്തിന് നേതൃത്വം കൊടു ക്കാൻ കഴിയുന്ന ശക്തിയായി ഇപ്പോൾ മുന്നിൽ നിൽക്കുന്നത് ഇന്ത്യൻ നാഷ ണൽ കോൺഗ്രസാണ്. അതിൽ ആർക്കും രണ്ടഭിപ്രായമില്ല. ഇന്ത്യയിൽ മറ്റൊരു ബദൽ കൊണ്ടുവരാൻ ഇന്ന് നിങ്ങൾക്ക് കഴിയില്ല. ജയലളി തയെക്കൊണ്ട് കഴിയുമോ? നിങ്ങൾക്ക് എവിടെയെങ്കിലും കഴിയുമോ? രാജ സ്ഥാനിലുള്ളത് പോയി; ഡൽഹിയിലെ സ്ഥിതിയെന്താണ്? ഡൽഹിയിൽ സാക്ഷാൽ പ്രകാശ് കാരാട്ടിന്റെ പാർട്ടിക്കും മുസ്ലീം ലീഗിനും കിട്ടിയ വോട്ട് തുല്യമാണ്. എണ്ണം എത്രയെന്ന് ഞാൻ പറയുന്നില്ല. ഡൽഹിയിൽ രണ്ടു കൂട്ടർക്കും ഒരേ ശക്തിയാണ്. പ്രകാശ് കാരാട്ടും സീതാറാം യെച്ചൂരിയും ബൃന്ദാ കാരാട്ടുമൊക്കെ പ്രവർത്തിക്കുന്ന ഡൽഹിയിലെ പോളിറ്റ് ബ്യൂറോ

യുടെ ആസ്ഥാനത്ത് നിങ്ങളുടെ വോട്ടും ഞങ്ങളുടെ വോട്ടും തുല്യമാണ്. അതിനർത്ഥമെന്താണ്? രാജസ്ഥാനിൽ മുമ്പ് സി.പി.ഐ.(എം.)–ന് എത്ര സീറ്റാണ് ഉണ്ടായിരുന്നത്. ഉള്ള സീറ്റ് പോയി, നേരത്തെയുണ്ടായിരുന്ന വോട്ടിന്റെ പകുതി പോലും നേടാൻ കഴിഞ്ഞില്ല. കോൺഗ്രസിനു ബദലായി നിൽക്കാൻ നിങ്ങൾക്ക് കരുത്തില്ല. കോൺഗ്രസ് ഇന്ത്യയിൽ ഒരുപാട് സംസ്ഥാനങ്ങളിൽ ഇപ്പോഴും നിലനിൽക്കുകയാണ്. തീർച്ചയായും വരാനിരിക്കുന്ന തെരഞ്ഞെടുപ്പിന് മുമ്പ് രാജ്യത്തിലെ മതേതരകക്ഷികൾക്ക് ഒന്നിച്ചു നിൽക്കാൻ കഴിയുന്ന അന്തരീക്ഷമുണ്ടാകുന്നു. ഒരു രാജ്യത്തെ ജനങ്ങളുടെ പ്രശ്നങ്ങളെ കണ്ടറിഞ്ഞ് അവരുടെ വികാരമറിഞ്ഞാണ് ഇവിടെയൊരു ബഡ്ജറ്റ് അവതരിപ്പിച്ചത്. അതിനെ തുടർന്നുള്ള വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u>: സർ, ഞാൻ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. കഴിഞ്ഞ ദിവസം ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ് നമ്മുടെ നാട്ടിലെ കാർഷിക മേഖലയടക്കമുള്ള എല്ലാ സ്ഥാപനങ്ങളെയും സഹായിക്കുന്നതിനുപകരം അതെല്ലാം ഇല്ലായ്മ ചെയ്യുന്ന നടപടിയാണ് നമുക്ക് കാണാൻ കഴിഞ്ഞത്. എന്റെ മണ്ഡലം കർണ്ണാടകവുമായി ബന്ധപ്പെട്ട അതിർത്തി മണ്ഡലമാണ്. ആ മണ്ഡലത്തിന്റെ വികസനത്തിനുവേണ്ടി ഒരുപാട് കാര്യങ്ങൾ ബഡ്ജറ്റിൽ ഉൾകൊള്ളിക്കുന്നതിനുവേണ്ടി വിവിധ മന്ത്രിമാർക്കും ധനകാര്യ വകുപ്പുമന്ത്രിക്കും ഞാൻ എഴുതികൊടുത്തിട്ടും ഒരു നയാപൈസയുടെ വികസനമോ പദ്ധതിയോ ഒന്നുപോലും ബഡ്ജറ്റിലില്ലായെന്നുള്ളതാണ് വസ്തുത. ഞാൻ വളരെ പ്രധാനമായും ഉന്നയിച്ചത്, ഇന്റർസ്റ്റേറ്റ് റോഡ് – ബാംഗ്ലൂരിൽ നിന്ന് നേരെ ബേക്കൽ ഫോർട്ടിലേയ്ക്ക് വരുന്ന ഒരു

റോഡാണ്. ആ റോഡിന്റെ 36 കി.മീറ്റർ എന്റെ മണ്ഡലത്തിലാണുള്ളത്. ആ റോഡ് വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ഞാൻ എഴുതികൊടുത്തിട്ട് ഒരു നയാപൈസപോലും ബഡ്ജറ്റിൽ ഉൾകൊള്ളിച്ചില്ല. അങ്ങനെ ഒരുകാര്യം മാത്രമല്ല, ആ ബഡ്ജറ്റിൽ മണ്ഡ ലത്തെ പരിപൂർണ്ണമായി അവഗണിക്കുകയാണ് ചെയ്തത്. മണ്ഡലം എന്റേ താണെങ്കിലും ആ ജില്ലയിലെ എല്ലാ എം.എൽ.എ.മാരേയും ആ ജില്ലയെ മുഴുവൻ അവഗണിക്കുകയാണ് ചെയ്തത്. ഞാൻ മാത്രമല്ല എൽ.ഡി.എഫ്. ലെയും യു.ഡി.എഫ്.ലെയും എല്ലാ എം.എൽ.എ.മാരുംകൂടി ഒന്നിച്ചു എതിർക്കുകയും ചെയ്തു. ഞങ്ങൾ പരസ്യമായി പത്രസമ്മേളനം നടത്തി പറഞ്ഞത്, ഗവൺമെന്റ് ഞങ്ങളെയെല്ലാവരെയും വഞ്ചിച്ചുവെന്നും കാസർഗോഡ് ജില്ലയെ അവഗണിച്ചുമെന്നുള്ള കാര്യങ്ങളാണ്. അക്കാര്യം യു.ഡി.എഫ്. – എൽ.ഡി.എഫ്. വ്യത്യാസമില്ലാതെ എല്ലാവരും ഒരുമിച്ച് പറഞ്ഞതാണ്. നമ്മുടെ മണ്ഡലത്തെയും ജില്ലയെയും അവഗണിച്ച ബഡ്ജ റ്റിനെ ശക്തമായി എതിർക്കാനുള്ള പ്രധാനപ്പെട്ട കാരണം അതാണ്. മറ്റൊരു പ്രധാനകാരണം, നമ്മുടെ ജില്ലയിലെ പൊതുമേഖലാ സ്ഥാപനമുണ്ടായത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വ്യവസായ വകുപ്പുമന്ത്രി യായിരുന്ന ശ്രീ. എളമരം കരീമും കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണിയും ചേർന്നുകൊണ്ടാണ്. അവിടെ കെൽ–ഉം ബെൽ–ഉം കൂടി യോജിപ്പിച്ചുകൊണ്ട് പ്രധാനപ്പെട്ട വ്യവസായസ്ഥാപനം കൊണ്ടുവന്നു. ആ സ്ഥാപനം ഇന്ന് ഊർദ്ധശ്വാസം വലിക്കുകയാണ്. ആ സ്ഥാപനത്തെ സഹാ യിക്കുന്നതിനും അതിനെ നിലനിർത്തുന്നതിനും അതിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും ജീവനക്കാർക്കും എന്തെങ്കിലും ചെയ്തുകൊടുക്കുന്നതി

നുംവേണ്ടി ഒരു നയാപൈസപോലും ഈ ബഡ്ജറ്റിൽ വച്ചിട്ടില്ലായെന്ന് മാത്രമല്ല ഗവൺമെന്റൊന്നും ചെയ്തിട്ടില്ലായെന്നുള്ളതാണ് സത്യം. ഇടയ്ക്കിടയ്ക്ക് ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയും ഈ വ്യവസായ സ്ഥാപനത്തെ സംരക്ഷിക്കാൻ ബഡ്ജറ്റിൽ സഹായം ചെയ്തു കൊടുത്ത് പ്രോത്സാഹിപ്പിക്കണമെന്ന് പറഞ്ഞിട്ട് ഒരു ഉറുപ്പികയുടെ സഹായംപോലും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് രണ്ടരകൊല്ലമായിട്ടുപോലും വ്യവസായ ത്തിന് ഒരു സഹായവും ചെയ്തുകൊടുത്തില്ല. അവിടെ പണിയെടുക്കുന്ന തൊഴിലാളികളും ജീവനക്കാരും ഏറ്റവും കൂടുതൽ കഷ്ടത അനുഭവിക്കുക യാണ്. ആ ബെൽ-ഉം കെൽ-ഉംകൂടി യോജിപ്പിച്ചുകൊണ്ട് ഒരു സ്ഥാപന മുണ്ടാക്കിയെന്നല്ലാതെ മറ്റൊരു നടപടിയും സ്വീകരിക്കാത്തതിന്റെ ഫലമായി ആ സ്ഥാപനം പൂട്ടിപോകുന്ന അവസ്ഥയിലേയ്ക്ക് വരികയാണ്. ഭരണ കക്ഷി- പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ യൂണിയനിൽപ്പെട്ട തൊഴിലാ ളികളും സംയുക്ത ട്രേഡ് യൂണിയന്റെ പാനലിൽ നാളെ മുതൽ നിരാഹാര സമരം നടത്തുകയാണ്. വ്യവസായ സ്ഥാപനത്തെ സഹായിക്കാനൊരു നടപ ടിയും ഈ ഗവൺമെന്റ് ചെയ്തുകൊടുക്കുന്നില്ല. ഈ വ്യവസായ സ്ഥാപനം കൊണ്ടുവന്നതിനെ അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയായ ശ്രീ. എളമരം കരീമിനെ ശ്രീ. എ. കെ. ആന്റണി പ്രശംസിച്ചതാണ്. ശ്രീ. എളമരം കരീം ഇട പെട്ടുകൊണ്ടാണ് ആ സ്ഥാപനം കൊണ്ടുവന്നത്. അങ്ങനെ ഒരു സ്ഥാപന ത്തെയും സഹായിക്കുന്നതിനോ നിലനിർത്തുന്നതിനോ ഈ ബഡ്ജറ്റിൽ ഒരു സഹായവുമില്ലായെന്ന കാരണത്താലാണ് ബഡ്ജറ്റിനെ എതിർക്കുന്നത്. ഈ ബഡ്ജറ്റിന്റെ അവതരണവേളയിൽ ആദ്യമായി പറഞ്ഞത് കാർഷിക മേഖല യെക്കുറിച്ചാണ്. ഹൈടെക്ക് കൃഷിയെല്ലാം കൊണ്ടുവന്ന് കാർഷികമേഖലയെ

ശക്തിപ്പെടുത്തുമെന്നാണ് ഈ ബഡ്ജറ്റിൽ പറഞ്ഞത്. ഹൈടെക്ക് കൃഷിയെക്കുറിച്ച് കഴിഞ്ഞ ബഡ്ജറ്റിലും പറഞ്ഞതാണ്. നമ്മുടെ സംസ്ഥാനത്തിൽ എവിടെയെങ്കിലും ഒരു രൂപ ചെലവഴിച്ചുകൊണ്ട് ഏതെങ്കിലും സംവിധാനത്തിന്റെ ഫലമായി ഹൈടെക്ക് കൃഷി നടപ്പിലാക്കിയിട്ടുണ്ടോ? കാസർഗോഡ് മാത്രമല്ല നമ്മുടെ സംസ്ഥാനത്ത് ഒരിടത്തും ഹൈടെക്ക് കൃഷിയില്ല. ഹൈടെക്ക് കൃഷിയെന്ന സംവിധാനം നമ്മുടെ നാട്ടിൽ ഫലപ്രദമല്ല. ഹൈടെക്ക് കൃഷി തട്ടിപ്പാണ്. നിലവിലുള്ള കൃഷിഭൂമിയെ സംരക്ഷിച്ചുകൊണ്ട് കൃഷിക്കാരെ സഹായിച്ചുകൊണ്ട് കൃഷിയെ പ്രോത്സാഹിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതിനുപകരം നിങ്ങളെല്ലാം ആ രംഗത്തുനിന്ന് പിന്മാറിക്കോ ഹൈടെക്ക് കൃഷിയുമായി ഞങ്ങൾ മുന്നോട്ടുവരാമെന്ന് പറയുന്നത് കൃഷിക്കാരെ വഞ്ചിക്കുന്നതാണ്, നമ്മുടെ നാടിനെ വഞ്ചിക്കുന്നതാണ്, കൃഷി ഭൂമിപോലും നമ്മുടെ നാട്ടിൽ നിന്ന് ഇല്ലാതാക്കുന്ന നടപടിയാണിത്. ഹൈടെക്ക് കൃഷിയെന്ന് പറഞ്ഞ് ജനങ്ങളെ പറ്റിച്ചുകൊണ്ട് കൃഷിക്കാരെ പുറകിലോട്ട് കൊണ്ടുപോകുന്നതല്ലാതെ നമ്മുടെ നാടിനോ കൃഷിക്കോ യാതൊരുവിധത്തിലുമുള്ള സഹായങ്ങളും കിട്ടുന്നില്ലായെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. നമ്മുടെ നാട്ടിലുള്ള പോലീസ് സംവിധാനം എടുത്തു നോക്കിയാൽ ഏറ്റവും വലിയ പ്രശ്നമെന്ന് പറയുന്നത് ക്രമസമാധാനമാണ്. ആ പ്രശ്നം പരിഹരിക്കുന്നതിന് ഗവൺമെന്റിന് കഴിയുന്നുണ്ടോ? കുറേക്കാലമായി നമ്മൾ ഉന്നയിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങളാണ്. കഴിഞ്ഞ ആഴ്ച എന്റെ തൊട്ടടുത്ത മണ്ഡലമായ തൃക്കരിപ്പൂർ മണ്ഡലത്തിലെ നീലേശ്വരം പട്ടണത്തിൽ ചെറുപ്പക്കാരായ രണ്ടുപേരെ പോലീസുകാർ ഓടിച്ച് കിണറ്റിലിടുകയും ഒരാൾ സ്ഥലത്തുവച്ചുതന്നെ മരിക്കുകയും ചെയ്തു. നീലേശ്വരം മുനിസിപ്പിലാറ്റിയിൽ നടന്നതാണിത്. അവിടെ പുതിയതായി ചാർജെടുത്ത

എസ്.ഐ. നടത്തിയ താണ്ഡവമാണ്. എസ്.ഐ അവിടെ വന്നപ്പോൾതന്നെ നാട്ടിലെ ജനങ്ങൾ എതിരായിരുന്നു. പോലീസ് സംസ്ഥാന വ്യാപകമായി കാസർഗോഡിൽ നിന്ന് തുടങ്ങിയ നടപടിയുടെ ഫലമായാണ് നീലേശ്വരം പട്ടണത്തിൽ മിനിഞ്ഞാന്ന് രണ്ട് ചെറുപ്പക്കാർ റോഡ്സൈഡിൽ നിൽക്കു ന്നത് കണ്ടപ്പോൾ പോലീസ് വണ്ടിയിൽ നിന്നിറങ്ങി ലാത്തിവീശുകയും ചെറുപ്പക്കാർ ഓടി വഴിതെറ്റി ആൾമറയില്ലാത്ത കിണറ്റിലേയ്ക്ക് വീഴുകയും അതിൽ ഒരാൾ മരിക്കുകയും ചെയ്തു. പ്രത്യേകിച്ച് ഒരു കാരണവുമില്ല, പോലീസ് അതുവഴി പോകുമ്പോൾ ഈ ചെറുപ്പക്കാർ റോഡ്സൈഡിൽ നിൽക്കുന്നുവെന്നാണ് പറഞ്ഞത്. ക്രമസമാധാനം പോലും നമ്മുടെ നാട്ടിൽ തകരുന്നുവെന്നതാണ് പ്രധാനപ്പെട്ട കാര്യം. നിയമവാഴ്ച തകർന്നിരിക്കുക യാണ്. വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ച് പറയാൻ നാണക്കേടാണ്. അതിനെ ക്കുറിച്ച് ഞാൻ പറയേണ്ടതില്ല. നമ്മുടെ നാട്ടിലെ എല്ലാവർക്കുമറിയാവുന്ന താണ്. ഇന്നലെയും മിനിഞ്ഞാന്നുമെല്ലാം അക്കാര്യത്തെക്കുറിച്ച് വലിയ ചർച്ച നടന്നു. ഇന്നത്തെ പത്രത്തിൽ ഒരു വാർത്തയുണ്ട്. പട്ടം താണുപിള്ള അടക്ക മുള്ള പ്രഗത്ഭന്മാർ പഠിച്ചുവളർന്ന കിഴക്കേകോട്ടയിലുള്ള ഗവൺമെന്റ് സ്കൂൾ കച്ചവടക്കാർക്ക് കൊടുത്തുവെന്നതാണ് വാർത്ത. ഇന്നത്തെ പത്രം എടുത്തുനോക്കിയാൽ മതി. എന്റെകയ്യിലുണ്ട് ആ പത്രം. അതാണ് ഇന്നത്തെ കേരളത്തിലെ വിദ്യാഭ്യാസ മേഖല. കഴിഞ്ഞ കൊല്ലത്തെ കുട്ടികൾക്ക് കൊടു ക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഗംഭീരമായി രണ്ടുമൂന്ന് തവണ ചർച്ച നടത്തി. ആ കുട്ടികൾക്ക് യൂണിഫോം കൊടുക്കാൻ കഴിഞ്ഞോ? മാർച്ചിൽ സ്കൂൾ അടയ്ക്കാൻ പോവുകയാണ്. ഇനി ഒന്നര മാസമേയുള്ളൂ. കുട്ടികൾക്ക് യൂണിഫോംപോലും കൊടുക്കാൻ കഴിയാത്ത ഗവൺമെന്റാണിത്. നമ്മുടെ വിദ്യാഭ്യാസ മേഖല, കാർഷിക മേഖല, തൊഴിൽ മേഖല, ക്രമസമാധാനം

തുടങ്ങിയ കാര്യങ്ങളെല്ലാം ശക്തിപ്പെടുത്തുമെന്നാണ് ഇവർ പറഞ്ഞത്. ഇവിടെ ഏത് മേഖലയെയാണ് ശക്തിപ്പെടുത്താൻ കഴിഞ്ഞത്? എല്ലാ മേഖലയിലും ഗവൺമെന്റ് വൻ പരാജയമാണ്. ഈ മേഖലകൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ആരെങ്കിലും പൈസ അനുവദിക്കണമോ? ഈ വർഷത്തെ ബഡ്ജറ്റിൽ പഞ്ചായത്തിന് നീക്കിവച്ചിട്ടുള്ള തുകയിൽ ആയിരത്തി ചില്ല്വാനം കോടി രൂപയുടെ കുറവുണ്ട്. ഈ തുകവച്ചുകൊണ്ട് എങ്ങനെയാണ് ഇവർ പഞ്ചായത്ത് ഭരണം നടത്തുന്നത്. ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രി അക്കാര്യം പരിശോധിക്കേണ്ടതല്ലേ. ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിയും വകുപ്പും ഇടപെട്ടിട്ടെങ്കിലും പഞ്ചായത്തിനുള്ള വിഹിതം വർദ്ധിപ്പിക്കാൻ കഴിയേണ്ടതല്ലേ. വിഹിതം വർദ്ധിപ്പിച്ചില്ലെന്ന് മാത്രമല്ല കുറയ്ക്കുകയാണ് ചെയ്തത്. ആരോഗ്യ മേഖല ഏറ്റവും വലിയ തകർച്ചയിലാണെന്ന കാര്യം നിയമസഭ പലപ്രാവശ്യം ചർച്ച ചെയ്തതാണ്. ഇതിനൊരു പരിഹാരം കാണാൻ ഗവൺമെന്റിന് കഴിഞ്ഞോ? നമ്മുടെ ആരോഗ്യമേഖലയിലെ പ്രധാനപ്പെട്ട ഘടകമെന്ന് പറയുന്നത് മരുന്നുകളാണ്. ആ മരുന്നുകൾ വിദേശ കമ്പനികൾ നമ്മുടെ നാട്ടിൽ വന്ന് ഉത്പാദിപ്പിച്ച്, അവരുടെ മരുന്ന്, അവർക്ക് ഇഷ്ടപ്പെട്ട മരുന്ന്, രോഗികൾക്ക് ആവശ്യമുള്ളതല്ല, രോഗം മാറ്റാൻ വേണ്ടിയുള്ള മരുന്നുമല്ല..... ആ മരുന്ന് രോഗികളിൽ കുത്തിവച്ച് പരീക്ഷണം നടത്തി ജനങ്ങളെ പറ്റിക്കുന്ന നടപടി സ്വീകരിക്കുന്ന ഒരു മരുന്ന് – കമ്പനി കച്ചവടമായി നമ്മുടെ ആശുപത്രികൾ മാറുകയാണ്. അതല്ലാതെ ജനങ്ങളെ സഹായിക്കുന്ന നടപടിയൊന്നും ഉണ്ടായിട്ടില്ല. കേരളത്തിലെ കയർ, കശുവണ്ടി ചെത്തുത്തൊഴിലാളികളടക്കമുള്ള തൊഴിൽമേഖല എടുത്തുനോക്കിയാൽ ഈ ഗവൺമെന്റിന്റെ ബഡ്ജറ്റിൽ അവർക്കുവേണ്ടി എന്തെങ്കിലും ചെയ്തിട്ടുണ്ടോ? നമ്മുടെ പരമ്പരാഗത തൊഴിൽ മേഖലയിലെ

തൊഴിലാളികൾ ദിവാൻ ഭരണത്തിനെതിരെ പടപൊരുതിയവരാണ്. ദേശീയ നേതാക്കൾ സമരത്തിന് ആഹ്വാനം ചെയ്തപ്പോൾ ആ ആഹ്വാനത്തിൽ പങ്കെടുത്ത് ദേശീയ നേതാക്കളുടെ കൂടെ നിന്ന് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തവരാണ് കയർ, കശുവണ്ടി, ചെത്തുത്തൊഴിലാളി മേഖലയിലെ മുഴുവൻ തൊഴിലാളികളും. ആ തൊഴിൽ മേഖലയെ സഹായിക്കാൻ ഈ ഗവൺമെന്റൊന്നും ചെയ്തിട്ടില്ല. ആ തൊഴിൽ മേഖലയെല്ലാം അടച്ചുപൂട്ടാൻ പോവുകയാണ്. പരമ്പരാഗത മേഖലയെല്ലാം തകർന്നുകൊണ്ടിരിക്കുകയാണ്. ഒരു സഹായവും പരമ്പരാഗത മേഖലയ്ക്കുവേണ്ടി ഗവൺമെന്റ് ചെയ്തുകൊടുക്കുന്നില്ല. കൃഷിയില്ല, പരമ്പരാഗത വ്യവസായങ്ങൾ നമ്മുടെ നാട്ടിലില്ല, തൊഴിൽ മേഖല വർദ്ധിപ്പിക്കുന്നില്ല അങ്ങനെയെല്ലാം തകർന്നുകൊണ്ടിരിക്കുന്ന ഭരണമാണ് ഇക്കാലത്ത് നടന്നുകൊണ്ടിരിക്കുന്നത് എന്നുള്ളതുകൊണ്ടാണ് ഇതിനെ ശക്തിയായി എതിർക്കുന്നത്. ഈ ബഡ്ജറ്റിന്റെ ചർച്ചയിലും ബില്ലിന്റെ ചർച്ചയിലും ഞങ്ങൾ പല ഭേദഗതികളും കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ഒരൊറ്റ ഭേദഗതിപോലും ഈ ഗവൺമെന്റ് അംഗീകരിക്കാൻ തയ്യാറായില്ല. പ്രധാനപ്പെട്ട മൂന്ന് ബില്ലുകളും നമ്മൾ ചർച്ച ചെയ്തതാണ്. ഒന്ന്, സഹകരണവും ദേവസ്വവും ബിൽ, അത് ചർച്ച ചെയ്തപ്പോൾ അതിലെല്ലാം ഭരണകക്ഷിയിൽപ്പെട്ട അംഗങ്ങൾപോലും ഞങ്ങൾ പറഞ്ഞ കാര്യങ്ങൾ അംഗീകരിക്കുകയും പ്രസംഗിക്കുമ്പോൾ അത് പറയുകയും ചെയ്തതാണ്. എന്നാൽ വോട്ടിനിടുമ്പോൾ അവരെല്ലാംകൂടി പ്രതിപക്ഷം കൊണ്ടുവന്ന ഭേദഗതി തള്ളിക്കളയുകയാണ് ചെയ്യുന്നത്. പക്ഷേ ഞാൻ അവരോട് ഓർമ്മപ്പെടുത്തുന്നത്, നിയമസഭയുടെ 125-ാം വാർഷികാഘോഷത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ശ്രീ. എ. കെ.

ആന്റണി പറഞ്ഞ പ്രധാനപ്പെട്ട കാര്യമുണ്ട്. പഴയകാലം പോലെയല്ല നമ്മുടെ അസംബ്ലിയും ഇന്നത്തെ ചർച്ചയും ബിൽ പാസ്സാക്കലുമെന്ന്. അന്ന് പ്രതിപക്ഷം കൊണ്ടുവരുന്ന പ്രധാനപ്പെട്ട കാര്യങ്ങളെല്ലാം ഭരണകക്ഷി അംഗീകരിക്കുകയെന്നത് നാട്ടിൽ പതിവുണ്ടായിരുന്നതാണ്. ഇന്നത്തെ കാലത്ത് ഭരണകക്ഷി, പ്രതിപക്ഷം കൊണ്ടുവന്ന ഏത് കാര്യമാണെങ്കിലും അത് തെറ്റോ ശരിയോയെന്ന് നോക്കാതെ തള്ളിക്കളയുന്നുവെന്നാണ് പറഞ്ഞത്. പ്രത്യേകിച്ച് സഖാവ് സി.വി.സി. വാര്യരുടെ കാര്യം ശ്രീ. എ. കെ. ആന്റണി പേരെടുത്തു പറഞ്ഞു. **1971–ൽ** അച്ചുതമേനോൻ മുഖ്യമന്ത്രിയായിരിക്കുന്ന കാലത്ത് സി.വി.സി. വാര്യർ കൊണ്ടുവന്ന ഒരുപാട് ഭേദഗതികൾ ഞങ്ങൾ അംഗീകരിച്ചുവെന്നാണ് ശ്രീ. എ. കെ. ആന്റണി ആ യോഗത്തിൽ പരസ്യമായി പറഞ്ഞത്. പക്ഷേ ശ്രീ. എ. കെ. ആന്റണി പറഞ്ഞിട്ടുപോലും ഈ സഭയിലെ ഭരണകക്ഷി അംഗങ്ങൾ പ്രതിപക്ഷം കൊണ്ടുവന്നതായിപ്പോയി എന്നതിന്റെ പേരിൽ ഒരൊറ്റ ന്യായമായ കാര്യങ്ങൾപോലും അംഗീകരിക്കുന്നില്ല. ഞങ്ങൾ കൊണ്ടുവരുന്ന ഭൂരിപക്ഷം ഭേദഗതികളും തള്ളുന്നു. ഇത് ശരിയാണോ? ഈ നടപടി അവസാനിപ്പിക്കണമെന്നാണ് ഞങ്ങൾ പറയുന്നത്. ഭരണകക്ഷിയും പ്രതിപക്ഷവും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടാകും. പക്ഷേ പ്രതിപക്ഷം കൊണ്ടുവരുന്ന ഒരു കാര്യവും ഞങ്ങൾ അംഗീകരിക്കില്ല, പ്രതിപക്ഷത്തിന്റെ മണ്ഡലത്തിലെ ഒരു കാര്യവും നടപ്പിലാക്കാൻ ഞങ്ങൾ സമ്മതിക്കില്ലായെന്നാണ് ഇവർ പറയുന്നത്. പ്രതിപക്ഷവും ഭരണപക്ഷവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ഞാൻ ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താം. പ്രതിപക്ഷ എം.എൽ.എ.മാരുടെ മണ്ഡലങ്ങളെ ഭരണകക്ഷികൾ അവഗണിക്കുന്നുവെന്നകാര്യം പല പ്രാവശ്യം ഈ സഭയിൽ അംഗങ്ങൾ പറഞ്ഞിട്ടുള്ളതാണ്.

എന്നാൽ അങ്ങനെ അവഗണിച്ചിട്ടില്ലായെന്നാണ് പല മന്ത്രിമാരും പറഞ്ഞത്. പക്ഷേ ഒരു ഭരണകക്ഷി എം.എൽ.എ.യുടെ മണ്ഡലത്തിൽ രണ്ടര വർഷത്തിനിടയിൽ ഈ ഗവൺമെന്റ് 16 പാലം കൊടുത്തിട്ടുണ്ട്. ഒരുപാലം നിർമ്മിക്കാൻ കോടിക്കണക്കിന് രൂപ ചെലവുവരും. പ്രതിപക്ഷ എം.എൽ.എ.മാർക്ക് ഏതെങ്കിലും പാലം കൊടുത്തിട്ടുണ്ടോ ഈ ഗവൺമെന്റ്? അഥവാ കിട്ടിയിട്ടുണ്ടെങ്കിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരിക്കും. 16 പാലം ഭരണകക്ഷിക്ക് കൊടുക്കുമ്പോൾ പ്രതിപക്ഷ മെമ്പർമാരുടെ മണ്ഡലങ്ങളിൽ രണ്ടോ മൂന്നോ എങ്കിലും കൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണ്ടേ? ഒരു വികസനവും പ്രതിപക്ഷ എം.എൽ.എ.മാരുടെ മണ്ഡലത്തിൽ നടത്താൻ ഈ ഗവൺമെന്റ് സമ്മതിക്കില്ല. ഞങ്ങൾ ജയിച്ചുവന്ന മണ്ഡലങ്ങളിൽ എൽ.ഡി.എഫ്. മാത്രമാണോയുള്ളത്? അവിടെ യു.ഡി.എഫ്-ഉം യു.ഡി.എഫ്.ലെ ജനങ്ങളുമില്ലേ. വികസനം നാട്ടുകാർക്കുവേണ്ടിയല്ലേ നടത്തുന്നത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ അങ്ങയുടെ ജില്ലയിലുള്ള ഭരണകക്ഷി എം.എൽ.എ.ആണ്. നമ്മുടെ ജില്ലയിൽ അഞ്ച് എം.എൽ.എ.മാരാണുള്ളത്. രണ്ട് പ്രതിപക്ഷ എം.എൽ.എ.മാരും മൂന്ന് ഭരണപക്ഷ എം.എൽ.എ.മാരുമാണുള്ളത്. പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഞങ്ങളുടെ മറ്റ് രണ്ട് ഭരണകക്ഷി എം.എൽ.എ.മാരുടെ മണ്ഡലത്തിൽ കിട്ടിയതിനേക്കാൾ കൂടുതൽ ഫണ്ട് കിട്ടിയത് അങ്ങയുടെ മണ്ഡലത്തിലാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : സർ, അത് ഭരണകക്ഷിയെ സ്വാധീനമുള്ളതുകൊണ്ടൊന്നുമല്ല. അവരാരും സഹായിച്ചിട്ടുമില്ല. ഒരു എം.എൽ.എ.യും പൊതുപ്രവർത്തകനും എന്ന നിലയ്ക്ക് ഞാൻ ഇടപെട്ട് ചില കാര്യങ്ങൾ നേടിയിട്ടുണ്ടാകാം. ആ കാര്യങ്ങൾ വേറെയാണ്.

ഗവൺമെന്റ് തുക അനുവദിക്കപ്പെടുമ്പോൾ കാസർഗോഡ് എം.എൽ.എ.ക്കും ഉദുമ എം.എൽ.എ.ക്കും ഒരുപോലെ കൊടുക്കാൻ കഴിയില്ലെങ്കിലും ഒരു സാമാന്യബോധം വേണ്ടേ? അതുപോലും കാണിക്കുന്നില്ലെന്നാണ് ഞാൻ പറഞ്ഞത്. 16 പാലം പണിയാൻ തുക കൊടുത്ത എം.എൽ.എ. മാരുടെ മണ്ഡലം ഞാൻ പറഞ്ഞുതരാം. അത് ശ്രീ. എൻ.എ. നെല്ലിക്കുന്നിനോട് സ്വകാര്യമായി പറയാം. അങ്ങനെ അവഗണിക്കുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിനെക്കുറിച്ച് കഴിഞ്ഞ ബഡ്ജറ്റിൽ എല്ലാവരും ചോദിച്ചു. അവസാനം എല്ലാവർക്കും വാരിക്കോരി കൊടുത്തു. ഞങ്ങളെല്ലാവരും എന്തുചെയ്തു എന്ന് ചോദിച്ചു. മന്ത്രി ഒന്നും പറഞ്ഞില്ല. ഇപ്പോഴും പറഞ്ഞില്ല. ആസ്തി വികസന ഫണ്ട് തുടരുമോ; അല്ലെങ്കിൽ എം.എൽ.എ. ഫണ്ട് വർദ്ധിപ്പിക്കുമോ; തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഒന്നും പറഞ്ഞില്ല. ആസ്തി വികസന ഫണ്ട് കുറയ്ക്കാൻ പോകുന്നു; എം.എൽ.എ. ഫണ്ട് വർദ്ധിപ്പിക്കുന്നില്ല എന്നുവന്നാൽ നമ്മുടെ നാട്ടിൽ ഒരു വികസനവും വരുത്താൻ കഴിയില്ല എന്നതാണ് സ്ഥിതി. ഇപ്പോൾ എല്ലാവരുടെയും പ്രധാനപ്പെട്ട മുദ്രാവാക്യം, ഇനി വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ സി.പി.എം.-നെ അല്ലെങ്കിൽ എൽ.ഡി.എഫ്-നെ എങ്ങനെ തോൽപ്പിക്കാൻ കഴിയും എന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. യു.ഡി.എഫ്. മാത്രം വിചാരിച്ചാൽ കേരളത്തിലെ എൽ.ഡി.എഫ്-നെ പരാജയപ്പെടുത്താൻ കഴിയില്ലായെന്ന് കേരളത്തിലെ അനുഭവമുള്ള എല്ലാവർക്കും അറിയാൻ കഴിയും. അപ്പോഴാണ് ഓരോ പ്രശ്നങ്ങളെടുത്ത് സി.പി.എം.-നേയും എൽ.ഡി.എഫ്-നേയും ആക്രമിക്കാൻ നിൽക്കുന്നത്. എന്താണ് പ്രധാന കാരണമെന്ന് നമ്മുടെ നാട്ടിലെ എല്ലാവർക്കും അറിയാം.

കോടതിയിലും ജയിലിലുമൊക്കെ പോയതും കൊലപാതകവും മറ്റ് സാധാരണ പ്രശ്നങ്ങളുമെടുത്ത് യു.ഡി.എഫ്-ന്റെ ആളുകൾ ഇങ്ങോട്ട് ആക്രമിക്കുകയാണ്. ശ്രീ. ജോസഫ് വാഴക്കൻ ഇവിടെ നേരത്തെ സംസാരിച്ചു, അദ്ദേഹം പൊതുവെ മാന്യമായി സംസാരിക്കുന്ന ഒരാളാണെന്നാണ് ഇടയ്ക്കിടയ്ക്ക് പറയാറുള്ളത്, ജയിലിൽ പോയത് വളരെ മോശമായിപ്പോയി എന്നരീതിയിലാണ് അദ്ദേഹം പറഞ്ഞത്. മനുഷ്യത്വം ചോദ്യം ചെയ്യുന്ന അവസരത്തിൽ കോടതിയിൽ പോകുന്നത് സാധാരണ ഒരു പൊതുപ്രവർത്തകന്റെ ഉത്തരവാദിത്തമാണ്. ആ ഉത്തരവാദിത്തംപോലും നിർവ്വഹിക്കുന്നതിനെ ചോദ്യം ചെയ്തുകൊണ്ട് ഭരണകക്ഷിയിൽപ്പെട്ടവർ നിയമസഭയിൽ ഇതുസംബന്ധിച്ച് അഭിപ്രായം പറയുക എന്നുപറഞ്ഞാൽ ഇടതുപക്ഷ പ്രസ്ഥാനത്തിനും സി.പി.എം.-നും കമ്മ്യൂണിസ്റ്റ് പാർട്ടിക്കും എതിരായി വലിയ പ്രചാരവേല നടത്തി ഇനി വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ ജയിച്ചുവരാമെന്നാണ് കോൺഗ്രസ്സുകാരുടെ ആഗ്രഹം. പക്ഷേ കോൺഗ്രസ്സിന് ഇന്ത്യയിലാകെ വട്ടപൂജ്യമായിരിക്കുമെന്ന് എല്ലാ സർവ്വേക്കാരും പറഞ്ഞു. നൂറിൽത്താഴെ സീറ്റുമാത്രമെ ഇക്കൊല്ലം കോൺഗ്രസ്സിന് കിട്ടാൻ പോകുന്നുള്ളൂ എന്ന് എല്ലാവരും പറഞ്ഞതാണ്. അങ്ങനെയുള്ളപ്പോൾ കേരളത്തിലെ യു.ഡി.എഫ്. വിചാരിച്ചാൽ കോൺഗ്രസ്സിനെ രക്ഷിക്കാൻ കഴിയുമോ? അല്ലെങ്കിൽ ഇന്ത്യയിൽ ഈ കോൺഗ്രസ്സിനെ തിരിച്ചുകൊണ്ടുവരാൻ കഴിയുമോ? ഇന്ത്യയിലാകെ അഴിമതിയുടെ പേരിൽ മുങ്ങിക്കുളിച്ച് തകർന്നുകൊണ്ടിരിക്കുന്ന കോൺഗ്രസ്സ് ഇന്ത്യയ്ക്ക് ശാപമാണ്. ഈ കോൺഗ്രസ്സിന്റെ ന്യായീകരണം മാറ്റണമെന്ന് ഇന്ത്യൻ ജനത വിചാരിച്ചപ്പോൾ അതിൻമേലുള്ള ഉത്തരവാദിത്തം സി.പി.എം. -ന്റെ, എൽ.ഡി.എഫ്-ന്റെ, പേരിൽ കെട്ടിയിട്ട് പാർട്ടിയെ ആക്ഷേപിക്കുന്നത്

ന്യായമായ നടപടിയല്ലെന്ന് പറഞ്ഞുകൊണ്ടും ഈ ബഡ്ജറ്റ് ജനദ്രോഹപരമായ ബഡ്ജറ്റാണെന്നതുകൊണ്ടും ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അംഗീകരിക്കുന്നില്ല.

ശ്രീ. എ.എം. ആരിഫ്: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ശക്തമായി എതിർക്കുകയാണ്. ബഡ്ജറ്റ് അവതരണ വേളയിൽ മുമ്പെങ്ങും കാണാത്ത നിലയിൽ, സാധാരണ ഗതിയിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്ന ഘട്ടത്തിൽ ഭരണകക്ഷി ബഞ്ചിൽ നിന്ന് നിലയ്ക്കാത്ത കയ്യടിയായിരിക്കും ഓരോ പ്രഖ്യാപനങ്ങളിൽ നിന്നും വരുന്നത്. നമ്മൾ ഇത്തവണ കണ്ടത് ശ്മശാന മൂകതയാണ്. ഒന്നോ രണ്ടോ ഘട്ടത്തിൽ മാത്രം അവിടവിടെയായി ചെറിയ കയ്യടി ശബ്ദം കേട്ടതിനപ്പുറം ഒന്നുമുണ്ടായില്ല. എൽ.ഡി.എഫ്. ഗവൺമെന്റായാലും യു.ഡി.എഫ്. ഗവൺമെന്റായാലും ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ, കേരളം 1957 മുതൽ പ്രാക്ടീസ് ചെയ്തുവരുന്ന ഒരു രീതിയുണ്ട്. ക്ഷേമരാഷ്ട്ര സങ്കല്പത്തിലധിഷ്ഠിതമായി 1957-ൽ ഇ.എം.എസിന്റെ ഗവൺമെന്റ് അടിത്തറ പാകിയ ഒരു വികസന സങ്കല്പമുണ്ട്. അതിന്റെ അടിത്തറയിൽ നിന്നുകൊണ്ട് മാറി മാറി വരുന്ന ഗവൺമെന്റുകൾക്ക് അധികമൊന്നും വ്യതിചലിച്ചുപോകാനാവില്ല. സ്വാഭാവികമായും ക്ഷേമപെൻഷനും മറ്റ് കാര്യങ്ങളുമെല്ലാം വർദ്ധിപ്പിച്ചതുമായി ബന്ധപ്പെട്ട ബെയ്സാണ് നിൽക്കുന്നത്. ഒരു ധനകാര്യ മാനേജുമെന്റിന്റെ അളവുകോൽ എന്താണ്? ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള മിഷനറി ഫലപ്രദമാണ്. ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഉദ്ദേശ്യലക്ഷ്യങ്ങളിലേയ്ക്ക് എത്തുന്നുണ്ടോ; ഇത് നടപ്പിലാക്കുന്ന ഭരണകക്ഷിയുടെ രാഷ്ട്രീയ അടിത്തറ വെളിപ്പെടുന്നുണ്ടോ; ഇതെല്ലാമെടുത്ത്

പരിശോധിച്ചുനോക്കിയാൽ ഈ ബഡ്ജറ്റ് സമ്പൂർണ്ണമായ പരാജയമാണെന്ന് കാണാൻ കഴിയും. മാണി സാറിന്റെ ഒന്നാമത്തെ ബഡ്ജറ്റ് മുതൽ കണ്ടുവരുന്ന ഒരു പ്രവണത ബഡ്ജറ്റ് അവതരണം കഴിഞ്ഞാൽ ഭരണപക്ഷത്തെ ട്രഷറി ബഞ്ചുകളിലാകെ മുറുമുറുപ്പ്, പല്ലുകടി, നിരാശ, പരിഭവം, പിണക്കം ഇങ്ങനെയുളള ചില കലാപരിപാടികൾ സ്വാഭാവികമായും അരങ്ങേറാറുണ്ട്. പ്രതിപക്ഷത്തേക്കാൾ കൂടുതൽ ഭരണപക്ഷത്താണ് ഇങ്ങനെ അരങ്ങേറുന്നത്. അരങ്ങേറി കഴിയുമ്പോഴേക്കും സംഭവം മാറുകയാണ്. പിന്നെ മൂന്നുദിവസം ബഡ്ജറ്റിൻമേലുളള ചർച്ചയാണ്. ഈ ചർച്ചയിൽ നടക്കുന്നത് മാണി സാറിനെക്കുറിച്ചുളള സ്തുതിഗീതമാണ്. ഇന്ത്യയിലെ ഏറ്റവും നല്ല ധനകാര്യ വകുപ്പുമന്ത്രി കെ.എം. മാണി സാർ ആണെന്ന് ഒരാൾ പറയുമ്പോൾ അടുത്തയാൾ പറയുന്നത് ഏഷ്യയിലെ ഏറ്റവും മികച്ച ധനകാര്യ വകുപ്പുമന്ത്രി കെ.എം. മാണി സാർ ആണെന്നാണ്. അതിനെ കടത്തിവെട്ടി അടുത്തയാൾ പറയുന്നത് ലോകത്തിലെ ഏറ്റവും വലിയ ധനകാര്യ വകുപ്പുമന്ത്രി കെ.എം. മാണി സാർ ആണെന്നാണ്. അതിനെ കടത്തിവെട്ടാനാണ് അടുത്ത ശ്രമം. അന്യ ഗ്രഹത്തിലെവിടെയെങ്കിലും ധനകാര്യ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിമാർ ആരെങ്കിലും ഉണ്ടെങ്കിൽ അവരേയും കടത്തിവെട്ടുന്ന പ്രപഞ്ചത്തിലെ ഏറ്റവും നല്ല ധനകാര്യ വകുപ്പുമന്ത്രി കെ.എം. മാണി സാർ ആണെന്ന് പറയും. അങ്ങനെ ഈ സ്തുതി ഗീതങ്ങളെല്ലാം കേട്ട്, റിയാലിറ്റി ഷോയിൽ മാർക്കിടുന്നതുപോലെ മാണി സാർ മാർക്ക് ഇട്ടതിനുശേഷം ബഡ്ജറ്റ് പ്രസംഗത്തിൽ അദ്ദേഹം ജുബ്ബയുടെ രണ്ട് പോക്കറ്റിലും കൈയിട്ട് ഒരുകോടി, അരക്കോടി, കാൽ കോടി, മുക്കോടി എന്നിങ്ങനെ മാന്ത്രികനായ മാൻഡ്രേക്കറെപ്പോലെ അദ്ദേഹം പ്രഖ്യാപിക്കുകയാണ്. ശ്രീ. കെ.എം. മാണി

മഹാനാണെന്ന് കെ. കുഞ്ഞിരാമൻ സഖാവ് പറഞ്ഞു. അതുകൊണ്ട് അദ്ദേഹം ഇടതുപക്ഷമാണോ വലതുപക്ഷമാണോ എന്ന് നോക്കാതെ അദ്ദേഹത്തിനും കിട്ടി 5 കോടി രൂപ. ഈ സ്തുതിഗീതം ഇങ്ങനെ പാടിപ്പാടി പോകുകയാണ്. പ്രതിപക്ഷത്തുനിന്ന് ഞങ്ങൾ പുകഴ്ത്തിയാൽ വല്ലതും കിട്ടുമോ എന്നുവിചാരിച്ചാൽ അങ്ങനെ കിട്ടുകയില്ല. ചിലപ്പോൾ എന്തെങ്കിലും അബദ്ധംപറ്റി കിട്ടുമെന്നല്ലാതെ അങ്ങനെ കിട്ടുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. എന്തായാലും ഈ പോരാട്ടത്തിൽ ഏറ്റവും നല്ല വിജയം കരസ്ഥമാക്കിയ ആൾ സന്ദർഭവശാൽ ഇപ്പോൾ ചെയറിലിരിക്കുന്ന ഡെപ്യൂട്ടി സ്പീക്കർ തന്നെയാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്കും ആവശ്യപ്പെടാമായിരുന്നു. നിങ്ങൾ ആവശ്യപ്പെട്ടില്ല.

ശ്രീ. എ.എം. ആരിഫ്: സർ, കാക്കത്തൊള്ളായിരം നേതാക്കൻമാർ കോൺഗ്രസ്സിലുണ്ട്. ശ്രീ. മൻമോഹൻസിംഗ്, ശ്രീമതി സോണിയാ ഗാന്ധി, ശ്രീ. രാഹുൽ ഗാന്ധി ഇവരെല്ലാം കോൺഗ്രസ്സിലുള്ളപ്പോൾ ഇവരെയൊന്നും അങ്ങ് ഗുരുവായി പ്രഖ്യാപിച്ചില്ല. മാണി സാറാണ് അങ്ങയുടെ ഗുരുവെന്ന് അങ്ങ് വളരെ ബുദ്ധിപൂർവ്വം പ്രഖ്യാപിച്ചു. വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ പറയാനുള്ളതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അങ്ങ് അങ്ങനെ പ്രഖ്യാപിച്ചതിന് വലിയ ഗുണമുണ്ടായി. ആ ഗുണം എന്താണെന്ന് മലയാള മനോരമ ദിനപ്പത്രത്തിൽ ഞാൻ വായിച്ചു. കാട്ടാക്കട നിയോജക മണ്ഡലത്തിൽ പുതിയ പോളിടെക്നിക് അനുവദിച്ചു, കഴിഞ്ഞ ബഡ്ജറ്റിൽ ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിച്ചിരുന്നു, കാട്ടാക്കട പഞ്ചായത്തിൽ മിനി സിവിൽസ്റ്റേഷൻ നിർമ്മാണത്തിന് ഒരു കോടി

രൂപ അനുവദിച്ചിട്ടുണ്ട്, മണ്ഡലത്തിലെ റോഡുകൾ നവീകരിക്കാൻ പണം അനുവദിച്ചിട്ടുണ്ട്, സിവിൽസ്റ്റേഷൻ നിർമ്മാണത്തിന് ഒരു കോടി രൂപയാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്, താലൂക്ക് ഉദ്ഘാടനത്തിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെയാണ് സിവിൽ സ്റ്റേഷനും പണം അനുവദിച്ചത് എന്നൊക്കെയുള്ള പ്രഖ്യാപനം വന്നപ്പോൾ എനിക്ക് മനസ്സിലായത് എല്ലാവരേയും കടത്തിവെട്ടി റെക്കോർഡ് സ്തുതി ഗീതത്തിൽ അങ്ങാണ് പറഞ്ഞതെന്നും മാർക്കിട്ടതിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ചതും അങ്ങുതന്നെയാണ്. ഏറ്റവും കൂടുതൽ പ്രാവശ്യം ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന മാണി സാർ ഇപ്പോൾ പന്ത്രണ്ടാമത് ബഡ്ജറ്റ് അവതരിപ്പിക്കുന്നു എന്നുപറഞ്ഞു. പന്ത്രണ്ടാമത്തെ ബഡ്ജറ്റ് അവതരിപ്പിക്കുന്ന മാണി സാറിന് അദ്ദേഹത്തിന്റെ ബഡ്ജറ്റുകളിൽ ഒരു പാഠപുസ്തകമുണ്ട്. അങ്ങനെ ഞാൻ പറയുന്നത് എന്താണെന്നുവച്ചാൽ, അദ്ദേഹം എവിടെയോ പ്രസംഗിച്ചതായി അദ്ദേഹത്തിന്റെ ബഡ്ജറ്റിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ച് പ്രസംഗിക്കുന്ന സന്ദർഭങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദേഹം ഒരു പാഠപുസ്തകമാണെന്ന് ആരൊക്കെയോ അദ്ദേഹത്തെ വിശേഷിപ്പിച്ച് പ്രസംഗിച്ചതാണ്. പഠിക്കാൻ തീർച്ചയായും അദ്ദേഹം ഒരു പാഠപുസ്തകം തന്നെയാണ്. കാരണം ഭാവിയിലെ ഗവേഷണ വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള പാഠപുസ്തകം എന്താണെന്നുവച്ചാൽ മാണി സാറും ബഡ്ജറ്റ് പ്രഖ്യാപനവും നടക്കാത്ത സുന്ദര സ്വപ്നങ്ങളും എന്നതായിരിക്കണം Thesis subject. ഈ ഗവൺമെന്റ് വന്നതിനുശേഷം 2011 ജൂലൈ മാസത്തിൽ അദ്ദേഹം അവതരിപ്പിച്ച ബഡ്ജറ്റ് മുതൽ 2014 വരെയുള്ള ബഡ്ജറ്റുകളെല്ലാം ഞാൻ എടുത്തുവച്ചിട്ടുണ്ട്. പക്ഷേ

അവയെല്ലാം പറയാൻ എനിക്ക് സമയമില്ല. 2011 ജൂലൈ മാസത്തിലെ ആദ്യത്തെ ബഡ്ജറ്റിൽ കൃഷിക്കാരനായ അദ്ദേഹം പാള തൊപ്പിയൊക്കെ വച്ച് ചെടി നടുന്നതാണ്. 2014–ൽ എത്തിയപ്പോൾ കർഷക മാണിക്യം. പത്രങ്ങൾ അദ്ദേഹത്തെ എന്തെല്ലാമാണോ വിശേഷിപ്പിച്ചിട്ടുള്ളതെന്ന് എനിക്ക് അറിയാൻ കഴിയില്ല. അത്രത്തോളം വാനോളം പുകഴ്ത്തി. പക്ഷേ കൃഷിയിടങ്ങളും കൃഷി ഉൽപ്പാദനവും വർദ്ധിച്ചില്ല. സാമ്പത്തിക അവലോകന റിപ്പോർട്ട് അതെല്ലാം കാണിക്കുന്നുണ്ട്. കൃഷിക്കാരുടെ സ്ഥിതി ദയനീയമായി തുടരുകയാണ്. മറ്റ് വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

ഈ ഗവൺമെന്റിന്റെ നാല് മാസത്തെ ചെലവിനുള്ള തുകയാണ് ഈ വോട്ട് ഓൺ അക്കൗണ്ടിലൂടെ ചോദിച്ചിരിക്കുന്നത്. വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട ഉപക്ഷേപത്തിലും തുക ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിന് ലോഡ് ഷെഡ്ഡിംഗും പവർകട്ടുമില്ലാതെ മുന്നോട്ടുപോകാൻ കഴിയില്ലെന്നാണ് വൈദ്യുതി വകുപ്പുമന്ത്രി പറയുന്നത്. അങ്ങനെയുള്ള ഒരുപാട് പ്രതിസന്ധി കൾ വൈദ്യുതി വകുപ്പ് ഇപ്പോൾ നേരിടുന്നുണ്ട്. പുതിയ വൈദ്യുതി നിലയ ങ്ങളോ വൈദ്യുതി ഉത്പാദിപ്പിക്കുവാനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളോ ബഡ്ജറ്റ് സപ്പോർട്ടോ ഒന്നുമില്ല. എന്നാലും ഈ ഉപക്ഷേപത്തിലൂടെ ബഹുമാ നപ്പെട്ട മന്ത്രി തുക ആവശ്യപ്പെട്ടിട്ടുണ്ട്. ഞാനിവിടെ വളരെ ഗൗരവമായൊരു പ്രശ്നം ഉന്നയിക്കുകയാണ്. വിവിധ കേസുകളുമായി ബന്ധപ്പെട്ട് സി.ബി. ഐ. എൻക്വയറി നടത്തേണ്ടതിനെപ്പറ്റിയാണ് ഭരണപക്ഷത്തിരിക്കുന്ന സുഹൃ ത്തുക്കൾ പറയുന്നത്. പണ്ട് പറഞ്ഞ വാചകങ്ങൾ മറന്നുകൊണ്ടാണ് അവരിപ്പോൾ പ്രസംഗിക്കുന്നത്. മാറാട് കേസ് സി.ബി.ഐ. എൻക്വയറിക്ക്

വിടണമെന്നും ഉന്നതതല അന്വേഷണത്തിന് പോകണമെന്നും ജസ്റ്റിസ് തോമസ് വി. ജോസഫ് കമ്മീഷൻ തന്നെ റെക്കമെന്റ് ചെയ്യുകയും കേരള ഗവൺമെന്റ് മൂന്നു തവണ സി.ബി.ഐ.യ്ക്ക് എഴുതുകയും ചെയ്തിരുന്നു. ലീഗിന്റെ അഭിപ്രായം സി.ബി.ഐ. എൻക്വയറി നടത്തണമെന്നാണോ? അവർ അതിനെ സപ്പോർട്ട് ചെയ്യുന്നുണ്ടോ? അവർ സപ്പോർട്ട് ചെയ്യുന്നില്ല. അങ്ങനെ പല കേസുകളുണ്ട്. ഭരണപക്ഷാംഗങ്ങൾ പ്രതിക്കൂട്ടിലായ ഒരു കേസും സി.ബി.ഐ. അന്വേഷണത്തിന് വിടുന്നതിന് അവർ സന്നദ്ധമല്ല, അതിന് അവർക്ക് താൽപ്പര്യവുമില്ല. രാഷ്ട്രീയ എതിരാളികളെ വകവരുത്താനോ കുറ്റപ്പെടുത്താനോ ഏതെങ്കിലും തരത്തിൽ ഈ വിഷയ ങ്ങൾ ഉപയോഗപ്പെടുത്താൻ പറ്റുമോ എന്നാണ് അവർ ഇപ്പോൾ നോക്കു ന്നത്. പാർലമെന്റ് ഇലക്ഷന്റെ പൊതു അജണ്ട നിശ്ചയിച്ചുകഴിഞ്ഞുവെന്ന് ഭരണപക്ഷത്തുനിന്ന് പ്രസംഗിച്ചവരൊക്കെ പറയുകയുണ്ടായി. സാധാരണഗ തിയിൽ സാത്വികനായി സംസാരിക്കുന്ന ശ്രീ. കെ. മുരളീധരൻ ഉൾപ്പെടെ ചർച്ചയിൽ പങ്കെടുത്ത എല്ലാവരും ടി. പി. ചന്ദ്രശേഖരൻ വധവും ലാവ്ലിൻ കേസുമാണ് ചർച്ച ചെയ്തത്. അതിൽനിന്നും ഒരു കാര്യം പിടികിട്ടി. ഇന്നത്തെ കേരള രാഷ്ട്രീയവും അഖിലേന്ത്യാ രാഷ്ട്രീയവും പ്രതിപക്ഷം ചർച്ചയ്ക്കുന്നയിച്ചാൽ അതിന് മറുപടി പറയാൻ പ്രയാസകരമാണ് അതൊരു അപമാനകരമായ സ്ഥിതിയുമാണെന്ന് പാർലമെന്ററി പാർട്ടി കൂടി തീരുമാനി ച്ചിട്ടുണ്ട്. ഭരണപരമായ പ്രവൃത്തികൊണ്ട് സംസ്ഥാനങ്ങളിലെല്ലാം പരാജയ പ്പെടുകയാണ്, അതുകൊണ്ട് യു.ഡി.എഫ്-ന് ഈ രാഷ്ട്രീയം വച്ച് കളി ക്കാൻ പറ്റില്ല. നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പിൽ ഉപയോഗിച്ച് വിജയിച്ച ടി. പി. ചന്ദ്രശേഖരൻ വധവും ലാവ്ലിൻ കേസുമൊക്കെയായിരിക്കണം പ്രചരണ വിഷയം. അതിലേയ്ക്ക് ഊന്നിയായിരിക്കണം പ്രസംഗിക്കേണ്ടതെന്ന്

കണക്കാക്കിയുള്ള തീരുമാനമാണെന്ന വ്യക്തമായ സൂചനയാണ് ഇന്നത്തെ ചർച്ചയിലുടനീളം കാണുന്നത്. പക്ഷേ, നിങ്ങൾ എത്രകാലം ടി.പി. ചന്ദ്രശേഖരൻ വധവുംകൊണ്ട് നടക്കും. രാഷ്ട്രീയ കൊലപാതകങ്ങളുടെ പീഡനവും അതിന്റെ ക്രൂരതയും കണക്കിലെടുത്താൽ സഖാവ് തങ്കപ്പന്റെ തല അറുത്തെടുത്ത് മങ്കൊമ്പ് പാലത്തിൽ കൊണ്ടുവച്ചിട്ടുണ്ട്. നമ്മുടെ ചരിത്രത്തിലെ രാഷ്ട്രീയ കൊലപാതകങ്ങളിൽ ഏറ്റവും ഭീകരമായ പീഡനമേറ്റുവാങ്ങിയ പാർട്ടിയല്ലേ. ഇന്ത്യയിലേറ്റവുമധികം രക്തസാക്ഷികൾ ഉള്ള പാർട്ടിയല്ലേ, സി.പി. ഐ.(എം) ഇത്രയധികം ജീവത്യാഗം ചെയ്ത മറ്റൊരു പാർട്ടിയുണ്ടോ; പക്ഷേ അതൊന്നുമല്ല ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. ഇപ്പോൾ എങ്ങനെയെങ്കിലും പാർലമെന്റ് തെരഞ്ഞെടുപ്പുവരെ ടി. പി. ചന്ദ്രശേഖരൻ വധവും ലാവ്‌ലിൻ കേസും ഫീൽഡിൽ ലൈവായി നിർത്താൻ പറ്റുന്ന രൂപത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും അതിന്മേലുള്ള ചർച്ച നടക്കുകയുമാണ്. അതുപോലെതന്നെ പ്രതിപക്ഷത്തുള്ള അംഗങ്ങളെ, സഖാവ് എളമരം കരീം ഉൾപ്പെടെയുള്ളവരെ വിജിലൻസ് കേസിൽ ഉൾപ്പെടുത്താനാകുമോ; ഓരോരുത്തരെയായി പ്രതിയാക്കാൻ നോക്കുമ്പോൾ ഭരണപക്ഷത്തിരിക്കുന്നവരെ സംബന്ധിച്ച് വിജിലൻസ് ഡയറക്ടർ തന്നെ നൽകിയിട്ടുള്ള നിർദ്ദേശം തള്ളിക്കളയുന്നതെന്തിനാണ്? വിജിലൻസ് ഡയറക്ടർ വളരെ വ്യക്തമായി എട്ട് ലക്ഷം മീറ്റർ വാങ്ങുന്നതുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള നിർദ്ദേശത്തിന്റെ പ്രസക്ത ഭാഗം വായിക്കാം. The allegation is that KSEB had awarded the contract for supplying eight lakhs energy metres to M/s L& T Ltd. Chennai at exorbitant rate without considering the price bids of the other bidders and that the Power Minister of Kerala and the

chairman KSEB had connived with award of the contract to M/s L&T causing huge lose to the exchequer. എന്നാണ് പറഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദും കെ.എസ്.ഇ.ബി. ചെയർമാൻ ഉൾപ്പെടെയുള്ളവർക്കെതിരായി വളരെ ഗൗരവമേറിയ ആരോപണങ്ങൾ ഉന്നയിച്ചിരിക്കുകയാണ്. വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിലെ എല്ലാ ഭാഗങ്ങളും വായിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ടെണ്ടർ വിളിച്ചതിനു ശേഷം ടെണ്ടർ വ്യവസ്ഥകൾ മാറ്റാൻ പാടില്ലെന്നുള്ള വ്യവസ്ഥ ലംഘിച്ചിരിക്കുകയാണ്. ഇവിടെ ടെണ്ടർ ഡോക്യുമെന്റിൽ ഇല്ലാത്ത പാരാമീറ്റേഴ്സ് പുതുതായി നിശ്ചയിച്ച് യോഗ്യരായ കമ്പനിയെ, ലോവസ്റ്റ് റേറ്റ് ക്വാട്ട് ചെയ്ത കമ്പനിയെ ഡിസ്ക്വാളിഫൈ ചെയ്തിരിക്കുന്നത് ഗൗരവമുള്ള പ്രശ്നമാണ്. ഇക്കാര്യം വളരെ വ്യക്തമായി ഉന്നയിച്ചിട്ടുണ്ട്. ടെണ്ടറിൽ പങ്കെടുത്തതിൽ ഒരു കമ്പനി മാത്രമാണ് ക്വാളിഫൈ ചെയ്ത് വന്നതെങ്കിൽ റീ-ടെണ്ടർ ചെയ്യണമായിരുന്നു. അത് ഇവിടെ പാലിച്ചിട്ടില്ല. ടെക്നോളജിയിലും മറ്റും ഉണ്ടാകുന്ന മാറ്റത്തിനനുസൃതമായി ടെണ്ടർ കണ്ടീഷനിൽ മാറ്റം വരുത്തണമെന്നുണ്ടായിരുന്നുവെങ്കിൽ അതിന് റീടെണ്ടർ ചെയ്യുകയായിരുന്നു വേണ്ടിയിരുന്നത്. അത് പാലിച്ചിട്ടില്ല. ഇങ്ങനെ ഓരോ കാര്യവും എടുത്തു പറയുന്നുണ്ട്. പ്രൈസ് ബിഡ്ഡിൽ എൽ-വൺ ആയി വന്ന കമ്പനിയെ ടെണ്ടറിൽ പറഞ്ഞിട്ടില്ലാത്ത പുതിയ വ്യവസ്ഥകളുടെ പേരിൽ ഡിസ്ക്വാളിഫൈ ചെയ്തതിന് ഒരു ന്യായീകരണവും പറയാനില്ല. ഇതുസംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം അട്ടിമറിക്കുകയാണുണ്ടായത്. തുടരന്വേഷണത്തിന് ശ്രീ. മഹേഷ് കുമാർ സിംഗ്ല കോൺഫിഡൻഷ്യലായി കൊടുത്ത റിപ്പോർട്ടിന്മേലാണ് വിജിലൻസ് റെയ്ഞ്ച് എസ്.പി. അന്വേഷിച്ചത്. പക്ഷേ, ആ റിപ്പോർട്ട്

നിങ്ങൾ അട്ടിമറിച്ചു. വിജിലൻസ് എൻക്വയറി വേണ്ടെന്ന് പറഞ്ഞ് ഡയറക്ടർ പ്രൊസിക്യൂഷൻ ജനറലിനെ പോസ്റ്റ് ചെയ്യുന്ന ഘട്ടത്തിൽതന്നെ ഇങ്ങനെയുള്ളൊരു പോസ്റ്റിംഗ് നടത്തുന്നത് നിങ്ങളുടെ പ്രതികളെ രക്ഷപ്പെടുത്താൻ വേണ്ടിയാണെന്ന് ഞങ്ങൾ അന്ന് പറഞ്ഞു. അത് ശരിയാണെന്ന് തെളിയിക്കുന്നതാണ് തുടരന്വേഷണം വേണ്ടെന്നുള്ള ഗവൺമെന്റ് തീരുമാനം. ഇത്തരത്തിൽ നിങ്ങൾ നിങ്ങളുടെ ആളുകളെ രക്ഷപ്പെടുത്താൻ വേണ്ടി ഭരണത്തെയും ഭരണ സംവിധാനങ്ങളെയും ഭരണകൂടങ്ങളെയുമെല്ലാം ഉപയോഗപ്പെടുത്തുകയാണ്. ശിക്ഷിക്കപ്പെടുന്നവർ ആരായാലും ഭരണപക്ഷത്തായാലും പ്രതിപക്ഷത്തായാലും പ്രതികളാണെങ്കിലും അല്ലെങ്കിലും ഏതെല്ലാം കേസുകളിൽ ഇടപെട്ട് അഭിപ്രായം പറഞ്ഞിട്ടുണ്ട്. രാജൻ കേസിൽ പറഞ്ഞു. രാജൻ സി.പി.എം. ആയിട്ടാണോ? അതുപോലെ തന്നെ നക്സൽ വർഗ്ഗീസിനെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ഇടപെട്ട് പറഞ്ഞിട്ടുള്ളത് അവർ സി.പി.ഐ.(എം) ആയതുകൊണ്ടാണോ. നമ്മുടെ നാട്ടിൽ നടക്കുന്ന എല്ലാ തരത്തിലുമുള്ള മനുഷ്യാവകാശ ധ്വംസനങ്ങളും, ഇപ്പോൾ മഅ്ദനിയെ വിചാരണ ചെയ്യാതെ വർഷങ്ങളോളമായി കൽത്തുറുങ്കിൽ അടച്ചിരിക്കുന്നതിനെ സംബന്ധിച്ചും എല്ലാവരും പറയുകയല്ലേ. മനുഷ്യാവകാശ ധ്വംസനങ്ങൾ, കുറ്റവാളികളാണെങ്കിൽപോലും കുറ്റവാളികൾക്ക് ക്രിമിനൽ നടപടി ക്രമവും അതുപോലെ ജയിലിൽ അവർക്കുള്ള പരിരക്ഷയും പാലിക്കണം. ഇതുസംബന്ധിച്ച് സുപ്രീം കോടതിയും ഒരുപാട് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അത്തരത്തിലുള്ള പരിരക്ഷ അവർക്ക് ലഭിക്കുന്നില്ലെങ്കിൽ ഇടപെടാൻ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും അവകാശമുണ്ട്. കുറ്റവാളികളായി കണ്ടിട്ടുള്ളവരെയെല്ലാം കുറ്റവാളികളാണെന്ന നിഗമനത്തിലേയ്ക്ക് എത്തിച്ചേരാൻ പറ്റുമോ; അപ്പീൽ കോടതികൾ ധാരാളമുണ്ട്. എത്രയോ കോടതികളിൽ കീഴ്കോടതികൾ

ശിക്ഷിക്കപ്പെട്ട പ്രതികൾ വിട്ടുപോയിട്ടുണ്ട്. ഇവിടെയൊരന്വേഷണം നടത്തി, ആ അന്വേഷണത്തിൽ കുറ്റവാളികളാരാണെന്ന് കണ്ടെത്തുന്നതിനുപകരം എന്താണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്? ടി.പി. ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട് അന്നുമുതൽ ബഹുമാനപ്പെട്ട അന്നത്തെ ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞുകൊണ്ടിരുന്നതെന്താണ്? 'ഈ കേസിൽ ഒരുവിധത്തിലുമുള്ള ബാഹ്യ ഇടപെടലുകളും അനുവദിക്കില്ല. ഇവിടെ ശ്രീ. കെ. സുധാകരൻ തന്ന ലിസ്റ്റുണ്ട് എന്റെ കയ്യിൽ; ഞാൻ അത് സ്വീകരിച്ചില്ല. ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ ഇന്നയിന്ന ആളുകളെ പ്രതിചേർക്കണമെന്ന് പറഞ്ഞ് ചില ലിസ്റ്റുകൾ കൊണ്ടുവന്നു. അവരോടെല്ലാം എനിക്ക് പയാനുള്ളത്, അന്വേഷണ കമ്മീഷൻ മുമ്പാകെ നിങ്ങൾ പോയി തെളിവ് കൊടുക്കുക, തെളിവ് കൊടുത്ത് അവർ കുറ്റക്കാരാണോയെന്ന് കണ്ടെത്താൻ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ വച്ചിരിക്കുകയാണ്. നിയമം നിയമത്തിന്റെ വഴിക്കുപോകും', എന്നൊക്കെയാണ് അന്ന് പറഞ്ഞത്. അന്വേഷണ വേളയിലും വിചാരണ വേളയിലുമൊന്നും പറയാത്ത കാര്യങ്ങളാണ് ഇപ്പോൾ പറയുന്നത്. കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടുകഴിഞ്ഞപ്പോൾ സി.ബി.ഐ. എൻക്വയറി വേണമെന്ന് സെക്രട്ടേറിയറ്റ് പടിക്കൽ സമരം. ആ പന്തലിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെ പോയെന്നാണ് ഞാൻ കേട്ടത്. സെക്രട്ടേറിയറ്റ് നടയിൽ സമരം പറ്റില്ലെന്നാണ് ശ്രീ. എം. എം. ഹസനെപ്പോലുള്ള ആളുകൾ പറയുന്നത്. അതിന് വേറെ കുറേ ആളുകൾ പോയിരുന്നു. എന്തായാലും അത്തരത്തിൽ പറയുന്ന കാര്യങ്ങൾ അവരവർ തന്നെ വിഴുങ്ങുകയും അതെല്ലാം മറച്ചുപിടിക്കുകയും ചെയ്തുകൊണ്ട് വീണ്ടും അന്വേഷണം വേണമെന്ന് പറയുകയാണ്. ഒരുഘട്ടത്തിലെങ്കിലും ശ്രീ. തിരുവഞ്ചൂർ പറഞ്ഞോ സി.ബി.ഐ. അന്വേഷണം വേണമെന്ന്. എങ്കിൽ പിന്നെ ആദ്യമേ സി.ബി.ഐ.അന്വേഷണത്തിന് വിട്ടാൽ മതി

യായിരുന്നില്ലേ. അപ്പോൾ ആദ്യമേ തന്നെ സി.ബി.ഐ.യ്ക്ക് വിടാൻ തയ്യാറാകാതെ എല്ലാം വരുമോയെന്ന് നോക്കണ്ടേ, വരുമ്പോൾ ഞങ്ങൾ വിചാരിക്കുന്നതെല്ലാം വരുമോയെന്ന് നോക്കട്ടേയെന്ന് കാത്തിരിക്കുകയാണ്. കാത്തിരുന്ന് വന്നിട്ടില്ലെങ്കിൽ അടുത്ത ഇലക്ഷനുവേണ്ടി ഇതിനെ ഉപയോഗപ്പെടുത്താൻ കഴിയും എന്ന നിലയിലേയ്ക്കുള്ള കാര്യങ്ങളാണ് നടക്കുന്നത്. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഇവിടെ ഒരുപാട് കാര്യങ്ങൾ പറഞ്ഞു. അതിനെല്ലാം മറുപടി പറയാൻ ഞാൻ മുതിരുന്നില്ല. ഒരു കാര്യം ഞാൻ പറയുകയാണ്. മലപ്പുറത്ത് ഇപ്പോൾ മൂന്ന് ലീഗുകാർ തോറ്റുവെന്നുള്ളത് അദ്ദേഹം സമ്മതിച്ചല്ലോ. അതിലൊന്ന് മംഗലത്ത് പന്ത്രണ്ട് വർഷമായി സി.പി.ഐ.(എം)-ന്റെ ലോക്കൽ കമ്മിറ്റി അംഗമായിരുന്ന സഖാവ് ഷുക്കൂറാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. ആരിഫ്, അങ്ങേയ്ക്ക് അനുവദിച്ച എട്ട് മിനിറ്റിൽ ആറ് മിനിറ്റുകൂടി അധികമായി. പ്ലീസ്......കൺക്ലൂഡ് ചെയ്യൂ. .......

<u>ശ്രീ. എ. എം. ആരിഫ്</u>: അതുപോലും മറച്ചുപിടിച്ചുകൊണ്ട് എന്തുമിങ്ങനെ തട്ടിവിട്ടാൽ ജനങ്ങൾ അത് വിശ്വസിക്കുമെന്നുള്ള നിലയിലുള്ള കള്ളത്തരങ്ങൾ പറയുന്നത് ഒരിക്കലും ശരിയല്ല. ഇത്തരം കാര്യങ്ങൾ പറഞ്ഞ് നിയമസഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കരുതെന്നാണ് ശ്രീ. രണ്ടത്താണിയോട് എനിക്ക് പറയാനുള്ളത്. മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഏതായാലും ഇവിടെ ഉന്നയിച്ച ഗൗരവമേറിയ പ്രശ്നങ്ങൾ അന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നും കുറ്റവാളികൾ ശിക്ഷിക്കപ്പെടണമെന്നും അങ്ങനെ ചെയ്യാനുള്ള സാമാന്യ മര്യാദയെങ്കിലും കാണിക്കണമെന്നും മാത്രം പറഞ്ഞുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ നിറുത്തുന്നു.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. പന്ത്രണ്ട് ബഡ്ജറ്റിലും വളരെ പ്രത്യേകതയുള്ളൊരു ബഡ്ജ റ്റാണ് ശ്രീ. കെ. എം. മാണി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ശ്രീ. കെ. എം. മാണിയെ മുഖസ്തുതി പറഞ്ഞ് കാര്യങ്ങൾ ചെയ്യിപ്പിക്കുകയാണെന്നാണ് എന്റെ സ്നേഹിതൻ ശ്രീ. എ. എം. ആരിഫ് പറഞ്ഞത്. ഒരുപാട് അസംബ്ലി കൾ കാണുകയും അസംബ്ലി മാണിസാറിനെ കാണുകയും ചെയ്തൊരു സഭ യാണിത്. മുഖസ്തുതി പറഞ്ഞതുകൊണ്ട് മാണി സാറിൽ നിന്ന് എന്തെങ്കിലും ആനുകൂല്യം കിട്ടുമെന്നൊന്നും ഞാൻ കരുതുന്നില്ല. ഇതിനുമുമ്പും ഒരുപാട് ധനകാര്യ വകുപ്പുമന്ത്രിമാർ ഇവിടെയുണ്ടായിരുന്നു. അവരൊക്കെ എന്തുചെ യ്തുവെന്ന് മാണിസാറിന്റെ ചെയ്തികളുമായി ഒരു താരതമ്യപഠനം നടത്തു മ്പോഴാണ് ശ്രീ. എ. എം. ആരിഫിനടക്കം മനസ്സിലാകുന്നത്. അദ്ദേഹം പറഞ്ഞ മറ്റുകാര്യങ്ങളിലേയ്ക്ക് ഒന്നും ഞാൻ കടക്കുന്നില്ല. അദ്ദേഹം എന്താണ് പ്രസംഗിച്ചതെന്ന് പ്രസംഗം കേട്ടുകൊണ്ടിരുന്ന എനിക്കോ പ്രസം ഗിച്ച അദ്ദേഹത്തിനോ മനസ്സിലായിട്ടില്ല. വൈദ്യുതി വകുപ്പിനെ സംബന്ധിച്ച വിഷയങ്ങളെപ്പറ്റി ശ്രീ. ആര്യാടൻ മുഹമ്മദ് പറയും. ഇവിടെ രണ്ട് ഹെക്ടറിൽ താഴെവരെ കൃഷിഭൂമിയുള്ള കർഷകർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയത് ഒരു വലിയ സംഭവമായി ഞാൻ കാണുകയാണ്. ബഹുമാനപ്പെട്ട കെ. വി. വിജയദാസ് ഇവിടെ പ്രസംഗിച്ചപ്പോൾ ലാപ്ടോപ് കൊടുക്കുന്നത് അപമാനമ ല്ലേയെന്ന് ചോദിക്കുകയുണ്ടായി. ഈ നാട്ടിലെ ദരിദ്രനാരായണന്മാരുടെ മക്കൾ പഠിച്ച് ഉയരങ്ങളിലെത്തരുതേയെന്ന പഴയ മാടമ്പി ചിന്തയുടെ ബഹിർസ്ഫുരണമാണ് പാവങ്ങൾക്ക് എന്തിനാണ് ലാപ്ടോപ് എന്നുള്ള ചോദ്യം. ആര് ചോദിച്ചാലും അതൊരു കമ്മ്യൂണിസ്റ്റുകാരൻ ചോദിച്ചുവെന്നു ള്ളതിൽ നമ്മളൊക്കെ അത്ഭുതപ്പെടുകയാണ്. അർബുദ രോഗത്തിന് പഞ്ചായ

ത്തുതോറും സർവ്വേ നടത്തുവാനുള്ള തീരുമാനം വളരെ നല്ലകാര്യമാണ്. കേരളത്തിൽ ഇന്ന് അർബുദം വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഞാൻ എം.എൽ.എ. ആയ കാലംതൊട്ട് ആർ.സി.സി.യിൽ സന്ദർശനം നടത്തുന്നൊരാളാണ്. ആ ഹോസ്പിറ്റലിന്റെ പടികടന്നുകഴിഞ്ഞാൽ പുറത്ത് ഇറങ്ങിവരുന്നതുവരെ ആയിരക്കണക്കിന് ആളുകളെ കാണാൻ സാധിക്കും അവരിൽ ഒരാളുടെ മുഖത്തും ചിരി കണ്ടിട്ടില്ല.

ഒരു ദേവാലയത്തിന്റെ പരിശുദ്ധിയോടുകൂടിയല്ലാതെ അതിനകത്തേയ്ക്ക് കടക്കാൻ സാധിക്കില്ല. മലബാറിൽ നിന്ന് വരുന്ന ട്രെയിനുകളിലെ യാത്രക്കാരെ പരിചയപ്പെട്ടാൽ അതിൽ നല്ലൊരു ശതമാനം ആർ.സി.സി. യിലേയ്ക്ക് വരുന്നവരാണ്. അകാലത്തിൽ ക്യാൻസർ ബാധിച്ച ഒരാൾക്ക് 90 ശതമാനവും അത് മാറില്ലെന്ന് മാത്രമല്ല, ആ കുടുംബത്തെ സാമ്പത്തികമായി തകർത്താണ് ആ രോഗി മരിക്കുന്നത്. ഈ ദയനീയവശം ഉൾക്കൊണ്ടുകൊണ്ടാണ് കാരുണ്യ ബെനവലന്റ് ഫണ്ട് ഉണ്ടാക്കിയതും അർബുദ രോഗത്തിന് പഞ്ചായത്തുതോറും സർവ്വേ നടത്താൻ തീരുമാനിച്ചതും. കാരുണ്യമുള്ള മനസ്സിനുമാത്രമേ അങ്ങനെ ചെയ്യാൻ സാധിക്കുകയുള്ളൂ. 3 കൊല്ലം കൊണ്ട് 275 കോടി രൂപ ഇരുപത്തയ്യായിരത്തോളം പേർക്ക് വിതരണം ചെയ്ത ഒരു ധനകാര്യ വകുപ്പുമന്ത്രിയും ഗവൺമെന്റുമാണിത്. പ്രതിപക്ഷ എം.എൽ.എ. മാരുടെയൊക്കെ നിയോജകമണ്ഡലങ്ങളിൽ എത്ര പേർക്ക് ഒന്നുംരണ്ടും ലക്ഷം രൂപ വാങ്ങിക്കൊടുത്തവരുണ്ടാകുമെന്ന് ചോദിച്ചാൽ ഏതാണ്ട് എല്ലാവരുമുണ്ടാകും, അവർ മനുഷ്യത്വമുള്ള എം.എൽ.എ. മാരാണെങ്കിൽ. അതെല്ലാം കിട്ടാനും അതുവഴി എം.എൽ.എ. യുടെ പേര് സ്വന്തം നിയോജകമ

ണ്ഡലത്തിൽ ഉയർത്താനും സഹായിച്ച ഒരു ധനകാര്യ വകുപ്പുമന്ത്രി എന്ത് ചെയ്തുവെന്ന് ചോദിക്കാൻ അല്പം ഉളുപ്പ് വേണമെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. പ്രൈംമിനിസ്റ്റേഴ്സ് ഗ്രാം സഡക് യോജനയിൽ നിന്ന് കോടിക്കണക്കിന് രൂപ സംസ്ഥാനത്തിന് കിട്ടുന്നുണ്ട്. പക്ഷേ കിട്ടുന്ന പണം പലപ്പോഴും ടെണ്ടർ എക്സസിന് കൊടുക്കാൻ വകയില്ലാത്തതുകൊണ്ട് നഷ്ടപ്പെടലാണ് പതിവ്. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ ഒമ്പതോളം വർക്ക് ടെണ്ടർ ചെയ്തിട്ട് അതെടുക്കാൻ ആളുണ്ടായില്ല. 75 കോടി രൂപയാണ് ഈ വകുപ്പിനായി ഗവൺമെന്റ് നീക്കിവച്ചത്. കൂടാതെ വനങ്ങളെയും വന്യജീവികളെയും സംരക്ഷിക്കാനായും പ്രത്യേകം തുക നീക്കിവച്ചിട്ടുണ്ട്. ഇവിടെ കസ്തൂരിരംഗൻ റിപ്പോർട്ടിനെക്കുറിച്ചും ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ചുമൊക്കെ ധാരാളം ചർച്ച ചെയ്യപ്പെട്ടതാണ്. മലയോരങ്ങളിലെ പാവപ്പെട്ട മനുഷ്യരുടെ ജീവിതം സംരക്ഷിക്കപ്പെടണം, അതോടൊപ്പം നമ്മുടെ വനങ്ങളെയും വന്യജീവികളെയും സംരക്ഷിക്കണം. അതിന് ബഡ്ജറ്റിൽ വകുപ്പുണ്ട്. മലബാറുകാരനായ എന്നെ ഏറ്റവുമധികം സന്തോഷിപ്പിക്കുന്ന ഒരു കാര്യം, നിലമ്പൂർ-നഞ്ചൻകോട് റെയിൽവേലൈനിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 5 കോടി രൂപ നീക്കിവച്ചതാണ്. ഇത് മലബാറിന് മാത്രം ഗുണമുള്ള ഒരു കാര്യമല്ല. തിരുവനന്തപുരം അടക്കം ബാംഗ്ളൂരിലേയ്ക്ക് ഏറ്റവും എളുപ്പവഴിയായി അത് മാറും. അതും വലിയ കാര്യം തന്നെയാണ്. ഒരുപാട് സാസ്ക്കാരിക സ്ഥാപനങ്ങളോട് കരുണ കാണിച്ച ശ്രീ. കെ. എം.മാണി, ശ്രീ. ജി. സുധാകരൻ മന്ത്രിയായിരിക്കുമ്പോൾ ടോക്കൺ എമൗണ്ട് വയ്ക്കുകയും പ്രഖ്യാപിക്കുകയും ചെയ്ത പട്ടാമ്പിയിലെ കുട്ടിക്കൃഷ്ണമാരാരുടെ സ്മാരകം വിട്ടുപോയി എന്നുള്ളതിൽ എനിക്ക് ദു:ഖമു

ണ്ട്. 'ഭാരതപര്യടന'വും 'മലയാള ശൈലി'യുമൊക്കെ എഴുതിയ മലയാള നിരൂപണ സാഹിത്യത്തിലെ കുലപതിയായ കുട്ടിക്കൃഷ്ണമാരാർക്ക് ഒരു സ്മാരകം കേരളത്തിൽ എവിടെയും ഇല്ല. അത് ഇല്ലാതെ പോയത് വളരെയധികം മോശമായി എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഉദ്യോഗസ്ഥർ വിശുദ്ധ പശുക്കളല്ല, ജനങ്ങളുടെ വികാരം അറിഞ്ഞ് പ്രവർത്തിക്കുന്ന ഗവൺമെന്റിനും രാഷ്ട്രീയ നേതൃത്വത്തിനും അഴിമതിയില്ലാതെ ആ വികാരത്തിനനുസൃതമായി എക്സിക്യൂട്ടീവിനെ നയിക്കേണ്ട ജോലിയാണ് അവർക്കുള്ളത്. പക്ഷേ പലപ്പോഴും രാഷ്ട്രീയ നേതൃത്വത്തിന്റെ ആ ചിന്ത ഗവൺമെന്റുകൾ മാറിമാറി ഭരിക്കുമ്പോഴും ഉദ്യോഗസ്ഥന്മാരിൽ ചിലരുടെ ഭാഗത്തുനിന്ന് ഉണ്ടോ എന്നുള്ള കാര്യം സംശയമുണ്ട്. ശ്രീ. കെ.എൻ.എ. ഖാദർ ജില്ലാ രൂപവൽക്കരണത്തെക്കുറിച്ച് പറഞ്ഞു. ജില്ലാ രൂപവൽക്കരണത്തിൽ എന്റേതായ അഭിപ്രായം ഞാൻ മുമ്പ് ഈ സഭയിൽ പ്രകടിപ്പിച്ചതാണ്. 14 കൊല്ലമായി താലൂക്ക്, താലൂക്ക്, താലൂക്ക് എന്ന് ചർവ്വിതചർവ്വണം നടത്തി അവസാനം താലൂക്ക് കിട്ടിയ ഉടൻതന്നെ ശ്രീ. കെ.എൻ.എ. ഖാദറിനെപ്പോലെ ഒരു ജില്ല വേണമെന്ന ആവശ്യവുമായി ഇറങ്ങേണ്ട എന്ന് കരുതി ഞാൻ അല്പം മൗനം പാലിച്ചതാണ്. പക്ഷേ ജില്ലകളുടെ പുനഃസംഘടനയെ സംബന്ധിച്ച് അദ്ദേഹം ഇവിടെ പ്രകടിപ്പിച്ച സ്ഥിതിവിവര കണക്കുകളോട് ഒരു പരിധിവരെ യോജിക്കുകയാണ്. അതുകൊണ്ട് അതിനെസംബന്ധിച്ച് ഒരു ഡീ-ലിമിറ്റേഷൻ കമ്മീഷൻ വയ്ക്കേണ്ടത് അത്യാവശ്യമാണ്. അതിൽ അർഹതയുണ്ടെന്ന് ബോധ്യപ്പെട്ടാൽ സാംസ്ക്കാരികമായും ഭാഷാപരമായും വേഷം കൊണ്ടും എല്ലാ നിലയ്ക്കും ഒരേതരത്തിലുള്ള പ്രദേശമായ വള്ളുവനാട് പ്രദേശം ഒരു ജില്ലയായി പ്രഖ്യാപിക്കണമെന്നുള്ള ആഗ്രഹം ഇവിടെ പ്രകടിപ്പിക്കുകയാണ്.

2012-ൽ സർക്കാർ ആശുപത്രികളിൽ 64,985 ഓപ്പറേഷൻ നടന്നുവെങ്കിൽ ഇപ്പോൾ അത് 45,932 ആയി കുറഞ്ഞുവെന്ന് എന്റെ സ്നേഹിതൻ ശ്രീ. വി. എസ്. സുനിൽ കുമാർ പരിതപിക്കുന്നത് കേട്ടു. അതും ഗവൺമെന്റിന്റെ കുറ്റ മാണെന്ന് പറഞ്ഞാൽ സഹതപിക്കുകയല്ലാതെ എന്ത് ചെയ്യാൻ സാധിക്കും? പ്രൈവറ്റ് ആശുപത്രികളിൽ അനാവശ്യമായി ശസ്ത്രക്രിയ ചെയ്യുന്നതു പോലെ ജനങ്ങളോട് പ്രതിബദ്ധതയുള്ള സർക്കാർ ആശുപത്രികളിൽ ശ്രീ. വി. എസ്. ശിവകുമാറിന്റെയും ഈ ഗവൺമെന്റിന്റെയും കാലത്ത് ആവശ്യമി ല്ലാതെ ഓപ്പറേഷൻ നടത്തില്ല എന്നുള്ളതുകൊണ്ട് അതിനെ അഭിനന്ദിക്കുക യല്ലേ വേണ്ടത് എന്ന് ശ്രീ. വി. എസ്. സുനിൽ കുമാർ ചിന്തിക്കണം. ഈ ബഡ്ജറ്റിലുള്ള ബാക്കി കാര്യങ്ങളെക്കുറിച്ചൊന്നും ഇവിടെ പരാമർശിക്കു വാൻ ഉദ്ദേശിക്കുന്നില്ല. ബഡ്ജറ്റ് സന്തുലിതവും നീതിപൂർവ്വകവുമായി മാറ ണമെങ്കിൽ നമ്മുടെ രാജ്യത്ത് വളരെയധികം ശ്രദ്ധ ആവശ്യമാണ്. വികസന ത്തെക്കുറിച്ച് ഓരോരുത്തർക്കും ഓരോ തരത്തിലുള്ള കാഴ്ചപ്പാടായിരിക്കും. എയർപോർട്ടും വ്യവസായ സ്ഥാപനങ്ങളും മെട്രോറെയിലും കണ്ടെയ്നർ ടെർമിനലുമൊക്കെ വികസനത്തിന്റെ ഉന്നതമായ മാതൃകകളാണ് എന്നുള്ള കാര്യത്തിൽ സംശയമില്ല. പക്ഷേ, വികസനം എന്നത് സമൂഹത്തിലെ സാധാ രണക്കാരന്റെ പ്രശ്നങ്ങൾ പരിപൂർണ്ണമായി പരിഹരിക്കുന്നതുകൂടിയാകണം. അക്കാര്യം ഈ ഗവൺമെന്റ് തുടക്കം മുതൽ ചിന്തിച്ചിട്ടുണ്ട്. അതുകൊ ണ്ടാണ് കോടിക്കണക്കിന് രൂപയുടെ ചികിത്സാ സഹായവും ഒരു രൂപയ്ക്ക് അരിയും ഈ ഗവൺമെന്റ് നൽകിയത്. വികസനപ്രവർത്തനങ്ങൾ നടത്തി യെന്നുപറഞ്ഞ് പൊങ്ങച്ചം പറയുകയല്ല, അതോടൊപ്പം സമൂഹത്തിലെ ദരിദ്ര വിഭാഗങ്ങൾക്ക് ആശ്വാസം നൽകുകയും ചെയ്തു. ഈ വികസനം സന്തുലി

തമാകണമെന്ന് പറയുമ്പോൾ അത് കേരളത്തിന്റെ എല്ലാ പ്രദേശങ്ങളോടും തുല്യരീതിയിൽ നീതിപുലർത്തുന്നതും ആയിരിക്കണം. അതുകൊണ്ട് അടിസ്ഥാന സൗകര്യവികസനങ്ങളിൽ റോഡുകൾ, വ്യവസായ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ തുടങ്ങിയവ സ്ഥാപിക്കുമ്പോൾ എവിടെയെല്ലാം കുറവുണ്ടോ അവയ്ക്ക് പ്രത്യേകം പരിഗണന കൊടുക്കണം. എറണാകുളം, തിരുവന്തപുരം, പാലക്കാട്, കോഴിക്കോട് എന്നീ നഗരങ്ങളിലുള്ള വികസനം സെമിഅർബൻ പ്രദേശങ്ങളിൽ ഉണ്ടായിക്കൊള്ളണമെന്നില്ല. വൻനഗരങ്ങളിലെ എല്ലാ മണ്ഡലങ്ങൾക്കും തുല്യമായ നീതി എന്നുള്ളത് പ്രായോഗികമല്ല. പക്ഷേ, വലിയ ഏറ്റക്കുറച്ചിൽ ഇല്ലാതെ മുന്നോട്ടു കൊണ്ടുപോകാൻ ഈ ഗവൺമെന്റിന് സാധിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ ഗവൺമെന്റിന്റെ പ്രവർത്തനംകൊണ്ട് പ്രത്യക്ഷമായോ പരോക്ഷമായോ ഏതെങ്കിലും ഒരു ആനുകൂല്യം കിട്ടാത്ത ഒരാൾ പോലും ഈ സംസ്ഥാനത്തില്ല എന്നുള്ളത് വസ്തുതകളെടുത്ത് പരിശോധിച്ചാൽ ബോദ്ധ്യമാകും. അത് 1 രൂപയുടെ അരിയായാലും എ.പി.എൽ. കാരെ ബി.പി.എൽ. ആക്കിയതായാലും വിവിധ ചികിത്സാ സഹായ പദ്ധതികളായാലും കേരളത്തിലെ ഒരു വീട്ടിലെങ്കിലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഗുണഫലം ഇല്ലാതായിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഞങ്ങൾ പ്രതിപക്ഷത്തായിരുന്നു. ഇവിടെ ശ്രീ. കെ. എം. മാണിയും ഉമ്മൻ ചാണ്ടി സർക്കാരും അവഗണിച്ചുവെന്നൊക്കെ ഇവിടെ പലരും പ്രസംഗിക്കുന്നുണ്ട്. പ്രതിപക്ഷത്തിരിക്കുമ്പോൾ അന്നത്തെ ഗവൺമെന്റ് ഞങ്ങൾക്ക് എന്താണ് തന്നതെന്നുള്ളത് അറിയാം. പക്ഷേ തന്നത് തന്നില്ലെന്ന് പറയുന്നില്ല. പ്രതിപക്ഷ എം.എൽ.എ. മാർക്ക് വിഹിതം കിട്ടിയപ്പോൾ ഞാൻ

ഗുരുതരമായ രോഗം ബാധിച്ച് കിടപ്പിലാകുകയും അസുഖം മാറിയതിനു ശേഷം അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയെ സമീപിക്കുകയും ചെയ്തു. അപ്പോൾ ശ്രീ. എം. വിജയകുമാർ അടുത്തിട്ടുണ്ട്. 'ശ്രീ. സി.പി. മരണത്തിൽ നിന്ന് രക്ഷപ്പെട്ട് വന്നതല്ലേ? സി.പി. യുടെ റോഡ് കൊടുക്കുക' എന്ന് അദ്ദേഹം പറഞ്ഞപ്പോൾ, അതെനിക്ക് പെട്ടെന്ന് സാങ്ഷൻ ചെയ്തുതന്നു. അതിൽ നന്ദിയുണ്ട്. പക്ഷേ മൊത്തത്തിൽ എടുത്തുനോക്കിയാൽ കഴിഞ്ഞ തവണ ഭരണ–പ്രതിപക്ഷ കക്ഷികൾക്ക് അസെറ്റ് മെയിന്റനൻസ് ഫണ്ട് 5 കോടി രൂപ വീതം 2 വർഷവും കിട്ടിയ സ്ഥാനത്ത് ഭരണകക്ഷി–പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവർക്കും കൊടുക്കുകയുണ്ടായി. എം.എൽ.എ. ഫണ്ട് ആദ്യം മുതലേ എല്ലാവർക്കുമുണ്ട്. അന്ന് പല കാര്യങ്ങളും ചെന്നുപറയു മ്പോൾ അതിനനുസരിച്ചുള്ള മറുപടിപോലും ഉണ്ടായിട്ടില്ല. 'നാടോടിക്കാറ്റ്' എന്നുപറയുന്ന സിനിമയിൽ പശുവിനെ വിൽപ്പന നടത്തി, പശു പാൽ ചുര ത്താതെ മുടിഞ്ഞ് വശംകെട്ടപ്പോൾ മോഹൻലാലും ശ്രീനിവാസനും ചെന്ന് പരാതിപറയുമ്പോൾ ശങ്കരാടി പറയുന്നുണ്ട്, പശുവിന് ഇത്തിരി പരുത്തിക്കു രുവും ഇത്തിരി തേങ്ങാപ്പിണ്ണാക്കും കൊടുക്കണമെന്ന്. ഇന്ന് അതുപോലെ ഇത്തിരി ഫണ്ട് ഞങ്ങൾക്കുംതന്ന് വികസനത്തിന്റെ പരിപ്രേക്ഷ്യം മുഴുവൻ തീർത്തുവെന്ന് അവകാശപ്പെട്ടവരാണ് അപ്പുറത്തിരിക്കുന്നതെന്ന് വിസ്മരിക്ക രുത്. ഇവിടെ എല്ലാം കണ്ടിട്ടും കണ്ടില്ലെന്ന് നടിക്കുന്ന, കേട്ടിട്ടും കേട്ടില്ലെന്ന് നടിക്കുന്ന, മനസ്സിലായിട്ടും മനസ്സിലായില്ലെന്ന് നടിക്കുന്ന മന്ദബുദ്ധികളെ പ്പോലെ അപ്പുറത്ത് സംസാരിക്കുന്നവർ സംസാരിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

നമ്മുടെ സംസ്ഥാനത്ത് ഏത് ഗവൺമെന്റ് ഭരിച്ചാലും വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്ന സംഖ്യ... ഒരു രൂപ വികസന പ്രവർത്തന ങ്ങൾക്ക് ചെലവഴിക്കുന്നുവെങ്കിൽ 30 പൈസ മാത്രമേ രാജ്യത്തെ ജനങ്ങളി ലേയ്ക്ക് എത്തുന്നുള്ളൂവെന്ന് പണ്ട് മഹാനായ രാജീവ് ഗാന്ധി പ്രസംഗിക്കു കയുണ്ടായി. ഈ ചോർച്ചയും ഈ രംഗത്തുള്ള അഴിമതിയും നമ്മുടെ രാജ്യത്ത് ശാപമായി മാറിക്കൊണ്ടിരിക്കുകയാണ്. ആ അഴിമതി ഇല്ലാതാക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനകീയ പങ്കാളിത്തത്തോടുകൂടി ഭരണം നടത്തിയാൽ അഴിമതിയില്ലാതാകുമെന്ന് കരുതിയിരുന്ന ഒരു കാലമുണ്ടായിരു ന്നു. പക്ഷേ കക്ഷി രാഷ്ട്രീയ ഭേദമില്ലാതെ കൂട്ടായ്മ കവർച്ച നടത്തുന്ന തദ്ദേ ശസ്വയംഭരണ സ്ഥാപനങ്ങളും നമ്മുടെ രാജ്യത്തുണ്ടെന്നത് നമ്മൾ കാണാതി രിക്കരുത്. അതുകൊണ്ട് പ്രഗൽഭനായ മാണി സാർ ഈ ചോർച്ച തടയണം. അതിന് അദ്ദേഹം മണിച്ചിത്രത്താഴിട്ട് പൂട്ടിയാലും കുഴപ്പമില്ലായെന്നാണ് എനിക്ക് പറയുവാനുള്ളത്. ടി. പി. ചന്ദ്രശേഖരന്റെ വധം കേരളത്തിന്റെ, പ്രത്യേകിച്ച് മാർക്സിസ്റ്റ് പാർട്ടിയുടെ വിപ്ലവകഥയിലെ ഒരു വിഷാദപർവ്വമാ ണ്. നമ്മുടെ പുരാണങ്ങളിൽപ്പോലും ഇതിന് സമാനമായ ക്രൂരസംഭവ ങ്ങളുണ്ടായിട്ടില്ല. പൊതുവേ അന്തർദേശീയതലത്തിലുള്ള, ഒരുപക്ഷേ ഹിറ്റ്ല റെയോ അല്ലെങ്കിൽ സ്റ്റാലിനെയോ അല്ലെങ്കിൽ ഏകാധിപതികളെയോ താരത മ്യം ചെയ്താൽ ഭാരതീയ സംസ്കൃതിയിൽ അത്ര ക്രൂരൻമാരായ ഭരണാധി കാരികളോ കഥാപാത്രങ്ങളോ ഉണ്ടായിട്ടില്ല. പരമാവധി ഒരു ദുശ്ശാസനൻ അല്ലെങ്കിൽ ഒരു കീചകൻ അല്ലെങ്കിൽ ഒരു രാവണൻ....... അങ്ങനെ യൊക്കെയുള്ള കഥാപാത്രങ്ങൾ മാത്രമേയുള്ളൂ. ഇവിടെ ഒരുപാട് കൊലപാത കൾ നടന്നില്ലേയെന്നൊക്കെ ശ്രീ. എ. എം. ആരിഫ് ഗാംഭീര്യത്തോടെ ചോദി

ച്ചു. പക്ഷേ നിരായുധനായ ഒരു ചെറുപ്പക്കാരനെ ക്വട്ടേഷൻ സംഘത്തെ ഉപയോഗപ്പെടുത്തി 51 വെട്ടുവെട്ടി. 12 വെട്ടേയുള്ളുവെന്ന് ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞു. 51 വെട്ടുണ്ടെന്ന് പോസ്റ്റുമോർട്ടം ചെയ്ത ഡോക്ടർമാർ പറയുന്നു. മരിച്ച് ശവം കൊണ്ടുപോകുമ്പോൾ ഒരാൾ ശവമഞ്ചത്തിൽനിന്ന് എഴുന്നേറ്റുനിന്ന് ഞാൻ മരിച്ചിട്ടില്ലായെന്ന് പറഞ്ഞു. അപ്പോൾ കൊണ്ടുപോകുന്നവർ പറഞ്ഞു, 50,000 രൂപ ശമ്പളം വാങ്ങുന്ന ഡി.എം.ഒ. പറഞ്ഞിരിക്കുന്നു മരിച്ചുവെന്ന്, ചലയ്ക്കാതെ അവിടെ കിടക്കടായെന്ന്. എന്നതുപോലെയല്ലേ ശ്രീ. ഇ. പി. ജയരാജന്റെ വാദം. 51 വെട്ടുവെട്ടിയെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ ഡോക്ടർ പറയുമ്പോൾ ശ്രീ. ഇ. പി. ജയരാജൻ പറയുന്നത് 12 വെട്ടേയുള്ളുവെന്നാണ്. ഈ കേസും ഈ വിധിയും നമ്മെ ഇരുത്തി ചിന്തിപ്പിക്കും. നമ്മളൊക്കെ രാഷ്ട്രീയത്തിൽ പലപ്പോഴും ഏറ്റകുറച്ചിലോടുകൂടി അക്രമത്തിന് കൂട്ടുനിന്നിട്ടില്ലായെന്നൊന്നും ആരും പറയുന്നില്ല. ഓരോ തുള്ളി ചോരയിൽനിന്നും ഒരായിരം പേർ ഉയരുന്നു, ഓരോ തുള്ളി ചോരയ്ക്കും പകരം നമ്മൾ ചോദിക്കുമെന്ന് മുദ്രാവാക്യം വിളിച്ച് ശീലിച്ചവരാണ് നമ്മളൊക്കെ. ശ്രീബുദ്ധന്റെയും മഹാത്മാഗാന്ധിയുടെയും നാട്ടിൽ ഓരോ തുള്ളി ചോരയ്ക്കും പകരം ചോദിക്കുമെന്നല്ല, ഇനി ഒരാളുടെയും ഒരു തുള്ളി ചോര ഒഴുക്കില്ലെന്ന് പറയാനുള്ള വിവേകം നമ്മുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കുണ്ടാകണം. ഫ്ളാഗ് എന്ന നോവലിൽ ഫ്ളാഗ് മാത്രമല്ല നാസിസവും ഫാസിസവുമൊക്കെ പ്രമേയമായുണ്ട്. കേരളത്തിന്റെ ചരിത്രമെഴുതുന്ന ഒരു ചരിത്രകാരൻ ആ ചരിത്രത്തിൽ ഇവിടെ നടക്കുന്ന രാഷ്ട്രീയ കൊലപാതങ്ങളെക്കുറിച്ച് ഭാവിതലമുറയെ എന്താണ് പഠിപ്പിക്കുകയെന്നുള്ളതിനെക്കുറിച്ച് നമ്മൾ പ്രവചിക്കേണ്ട കാര്യമൊന്നുമില്ല. അവർ

ഇതിനെ അതിന്റേതായ അർത്ഥത്തിൽ കാണുമെന്നുള്ള കാര്യത്തിൽ എനിക്ക് ഒരു സംശയവുമില്ല. രാഷ്ട്രീയ കൊലപാതകങ്ങളും കേരളത്തിന്റെ മദ്യപാനവും അക്രമവുമൊക്കെ അവർ ചരിത്രത്തിൽ രേഖപ്പെടുത്തും. ക്വട്ടേഷൻ സംഘങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഇന്ന് ഒരുപാടുപേർ ഈ സഭയിൽ രംഗത്തിറങ്ങി. ക്വട്ടേഷൻ സംഘങ്ങളാണ് ഈ കൊലപാതകം നടത്തിയെന്ന് ശ്രീ. പിണറായി വിജയൻ നാഴികയ്ക്ക് നാൽപ്പതുവട്ടം പറഞ്ഞിട്ടുണ്ട്. ശ്രീ. പിണറായി വിജയന് അങ്ങനെ പറയാം. പക്ഷേ ഏതൊരു രാഷ്ട്രീയ നേതാവും പറയുന്ന കാര്യങ്ങൾ ജനങ്ങൾക്ക് ബോധ്യമുള്ളതായി രിക്കണം. പിണറായി വിജയൻ ഈ വിധിവന്ന അന്നുപോലും പറഞ്ഞത് സഖാവ് കുഞ്ഞനന്തൻ ഈ കേസ്സിൽ ശിക്ഷിക്കപ്പെട്ടത് നിർഭാഗ്യകരമാണെ ന്നാണ്. കിർമാണി മനോജിനെയോ അല്ലെങ്കിൽ മറ്റ് കാപാലികൻമാരെയോ കുറിച്ച് ഒരക്ഷരം പറഞ്ഞിട്ടില്ല. പിന്നെ മൂന്നുനാലം ദിവസം കഴിഞ്ഞപ്പോൾ വിയ്യൂർ സെൻട്രൽ ജയിലിൽ....... ഞാൻ ഈ സഭയിൽ എന്റെ പാർട്ടിയിലു ള്ളവരെയടക്കം എടുത്താൽ ഏറ്റവും അധികം എനിക്ക് ഇഷ്ടപ്പെട്ടതിൽ ഒരാളാണ് ശ്രീ. കെ. രാധാകൃഷ്ണൻ. അദ്ദേഹം എന്റെയടുത്ത കുടുംബ സുഹൃത്തുപോലുമാണ്. എന്റെ വീട്ടിലെ ഓരോ അംഗത്തേയും അദ്ദേഹമറിയും. അദ്ദേഹത്തെപ്പോലെ സാത്വികനായ ഒരാളെ ഈ ക്രിമിനലുകളെ കാണാൻവേണ്ടി ജയിലിലേയ്ക്ക് അയച്ചുവെന്നുള്ളത് വളരെ നിർഭാഗ്യകരമായിപ്പോയി. എന്താണ് അതിന് കാരണം? മഹാനായ തോപ്പിൽ ഭാസി നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കിയെന്ന് പറഞ്ഞ് നാടകം എഴുതുകയു ണ്ടായി. കേരളത്തിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ആ നാടകം വഹിച്ച പങ്ക് വളരെ വലുതാണ്. ക്വട്ടേഷൻ സംഘം ഇപ്പോൾ പറയുന്നത് മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തോട് നിങ്ങളെന്നെ ക്വട്ടേഷൻ

സംഘമാക്കിയെന്ന് തിരിച്ചുപറയാൻ തുടങ്ങി. ഇവിടെ സി.ബി.ഐ. അന്വേഷണം വേണമെന്നുപറഞ്ഞ് രമ സെക്രട്ടേറിയറ്റിനുമുന്നിൽ സമരത്തിനിരിക്കുകയാണ്. സി.ബി.ഐ. അന്വേഷണം വരാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കിയപ്പോൾ ഈ പ്രതികൾ എന്താണ് സി.ബി. ഐ. ഓഫീസർമാരോട് മൊഴി നൽകുകയെന്നുള്ളതിനെക്കുറിച്ച് മാർക്സിസ്റ്റ് നേതാക്കൻമാർക്ക് ഉത്കണ്ഠയുണ്ടെന്നുള്ളതാണ് വാസ്തവം. അവർക്ക് ഭയമുണ്ട്. അതുകൊണ്ട് അവരെ ഇതിന് ആഹ്വാനം ചെയ്ത വൻതോക്കു കളുടെ പേര് പറയുമോയെന്ന ഭയത്തിൽനിന്നാണ് ഒരു ദ്രോഹവും ഒരാൾക്കും വരാത്ത സാത്വികനായ ശ്രീ. കെ. രാധാകൃഷ്ണനെപ്പോലെ ഈ കർമ്മം ചെയ്യാൻവേണ്ടി ജയിലിലേയ്ക്ക് അയച്ചുവെന്ന് പറഞ്ഞാൽ...... അത് അന്നം തിന്നുന്നവർക്കൊക്കെ മനസ്സിലാകുമെന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞില്ലേ. ഈ ഭൂമിയിലെ മാർക്സിസ്റ്റ് പാർട്ടിയുടെ കുറച്ച് നേതാക്കൻമാരൊഴികെ കേരളത്തിലെ അന്നം തിന്നുന്ന എല്ലാവർക്കും ആ കാര്യം ബോധ്യപ്പെടും. ശ്രീ. വി. എസ്. അച്ചുതാനന്ദനോട് എനിക്കൊരു കാര്യം പറയാനുണ്ട്. ശ്രീ. വി. എസ്. അച്ചുതാനന്ദനാണ് കേരളത്തിലുള്ള ചന്ദ്രശേഖരൻവധം അടക്കം മാർക്സിസ്റ്റ് പാർട്ടിയിലെ വിഭാഗീകതയുടെ ഒരു കേന്ദ്ര കഥാപാത്രം. അദ്ദേഹത്തിന്റെ ആദർശങ്ങളിൽ ആകൃഷ്ടനായിട്ടാണ് ഷൊർണ്ണൂരിലെ എം.ആർ. മുരളി പാർട്ടി വിട്ടത്. ഞാനൊരു രാഷ്ട്രീയക്കാര നായതുകൊണ്ട് എം.ആർ. മുരളിയെ സഹായിച്ചതാണ്. സംരക്ഷിക്കുന്നതിൽ എന്റെ പരിമിതിക്കകത്തുനിന്ന് ഒരുപാട് കാര്യങ്ങൾ ചെയ്തതാണ്. ചന്ദ്രശേഖരനും മുരളിയെപ്പോലെ ശ്രീ. വി. എസ്. അച്ചുതാനന്ദനെ ആരാധനാപാത്രമായി സ്വീകരിച്ച് പാർട്ടിവിട്ട ആളാണ്. അങ്ങനെ ഒരാളും രണ്ടാളുമല്ല, കേരളത്തിൽ വ്യാപകമായുണ്ട്. അദ്ദേഹം പല സമയത്തും

ഇവരെ സപ്പോർട്ട് ചെയ്തിട്ടുമുണ്ട്. അന്നം തിന്നുവർക്കറിയാം എന്നെല്ലാം അദ്ദേഹം പറഞ്ഞിട്ടുണ്ട്. ആ വി.എസ്. ഇനി മൗനത്തിന്റെ വാൽമീക ത്തിൽനിന്ന് പുറത്തുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇ.എം. എസ്. നമ്പൂതിരിപ്പാട് ജീവിച്ചിരിക്കുന്ന കാലത്ത് മരിക്കുന്നതുവരെ ഞാനാണ് കേരള മുഖ്യമന്ത്രിയെന്ന് തീരുമാനിച്ചിരുന്നുവെങ്കിൽ ഇ.കെ. നായനാർക്ക് അവസരം കിട്ടില്ലായിരുന്നു. അവസാനംവരെ പാർട്ടി അദ്ദേഹത്തെ അനുകൂലിക്കുകയും ചെയ്യുമായിരുന്നു. അധികാരം എന്നും നിലനിൽക്കുക യില്ല. അവനവനെ വിശ്വസിച്ച് ജീവൻ കൊടുത്ത, ജീവിച്ച് ശവമായി നിൽക്കുന്ന ഒരുപാട് അനുയായികളുണ്ട്. സി.ബി.ഐ. അന്വേഷണം വേണ്ടെ ന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദന് ആത്മാർത്ഥമായി ഹൃദയത്തിൽ കൈവച്ചു കൊണ്ട് പറയാൻ കഴിയില്ല. ഈ നിയമസഭയിൽ മുഖ്യമന്ത്രിയായി അഞ്ചു വർഷമിരുന്ന ആൾ ഈയൊരു പ്രതിപക്ഷ നേതൃസ്ഥാനത്തിനുവേണ്ടി നാണം കെട്ട്....... ഇവിടെ ഞാനും എന്റെ സഹപ്രവർത്തകരും ഇറങ്ങിപ്പോകുകയാ ണെന്ന് പറഞ്ഞ് അതുപോലും സ്വീകരിക്കാതെ ഈ സഭയിൽ സ്വന്തം അനു യായികൾ ഒരു വിലപോലും കൽപ്പിക്കാതെ അങ്ങയെ കൊച്ചാക്കിയിട്ടുണ്ടെ ങ്കിൽ ഈ നാണംകെട്ട പ്രതിപക്ഷ നേതൃസ്ഥാനത്ത് ഇനിയും ചടഞ്ഞിരി ക്കാതെ അങ്ങ് സെക്രട്ടേറിയറ്റിന്റെ പടിക്കൽചെന്ന് രമയുടെ അടുത്തു പോയിരുന്ന് ആശിർവദിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. അങ്ങേയ്ക്ക് സ്വീകരിക്കണമെങ്കിൽ സ്വീകരിക്കാം. അങ്ങയുടെ യശോദാവല്യ ത്തിന്റെ മുന്നിൽ എന്നെപ്പോലെയുള്ള നിസ്സാരക്കാരൻ ആരുമല്ല. പക്ഷേ മാർക്സിസ്റ്റ് പാർട്ടിയുടെ ഇന്നുള്ള അവസ്ഥയിലേയ്ക്ക് എത്തിച്ചതിൽ നിർണ്ണായകമായ പങ്കുവഹിച്ച അങ്ങ് ഇവരെയെല്ലാം തെരുവിലിറക്കി ഇപ്പോൾ ഈ പ്രതിപക്ഷ നേതൃസ്ഥാനത്തിനുവേണ്ടിയിരിക്കുന്നത് ശരിയല്ല

എന്നുതന്നെയാണ് എന്റെ അഭിപ്രായം. അതുകൊണ്ട് മാർക്സിസ്റ്റ് പാർട്ടിയിലുണ്ടായ സംഘടനാ പ്രശ്നങ്ങളുടെ, രഹസ്യങ്ങളുടെ ആ നികുംഭിലയിൽനിന്ന് യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് അങ്ങ് പ്രതികരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. സിബി.ഐ. പുല്ലാണോ എന്നൊക്കെ ഇവിടെ ചില ആളുകൾ പറഞ്ഞു. സി.ബി.ഐ. പുല്ലാണോ വയ്ക്കോലാണോ കുറുന്തോട്ടിയാണോ എന്നൊക്കെ വൈകാതെ മനസ്സിലാകും. എസ്.എൻ.സി. ലാവ്ലിൻ കൂട്ടിലടച്ച തത്തയാണ് സി.ബി.ഐ.– യെന്ന് ഇവിടെ പ്രസംഗിച്ച് കേട്ടു. ഒരുപാട് കേസ്സുകളിൽ പോലീസ് അന്വേഷണം പോരാഞ്ഞിട്ട് സി.ബി.ഐ. അന്വേഷിക്കണമെന്ന് ബഹുമാന പ്പെട്ട പ്രതിപക്ഷ നേതാവും ഉപനേതാവും ഈ സഭയിൽ പ്രസംഗിച്ചിട്ടില്ലേ. അതുകൊണ്ട് അങ്ങനെയൊന്നും പറയണ്ട. നമ്മൾ ഒരുപാട് കേസ്സുകൾ സി.ബി.ഐ.–ക്ക് കൊടുക്കണമെന്ന് യോജിച്ച് ആവശ്യപ്പെട്ടതാണ്. പറയുമ്പോൾ അതിലുള്ള വൈരുദ്ധ്യംകൂടി ഉൾക്കൊള്ളണം.

പാമോലിൻ കേസ് പിൻവലിക്കാൻ ശ്രീ. ഉമ്മൻ ചാണ്ടി കൂട്ടുനിന്നു എന്നുപറഞ്ഞ അതേ നാവുകൊണ്ട് എസ്.എൻ.സി. ലാവ്ലിൻ കേസ് സി.ബി.ഐ. കോടതി വെറുതെ വിട്ടതിനെ ന്യായീകരിച്ചു. പിണറായി വിജയൻ പ്രതിയായിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടി പാമോലിൻ കേസിൽ പ്രതിയായിരുന്നില്ല. കോടതി വെറുതെ വിട്ടതിനെ ന്യായികരിച്ചു. ഇന്ത്യയിലെ കോടതികളുടെ അവസാനവാക്കാണോ സി.ബി.ഐ. കോടതി വെറുതെ വിട്ടത്. ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളെ ശിക്ഷിച്ചെങ്കിൽ അതിന് മീതെ ഇനിയും കോടതിയുണ്ടെന്ന് പറഞ്ഞല്ലോ. അതും അവസാന വാക്കാണെന്ന് ഞങ്ങൾ പറയുന്നില്ല. കാരണം ഞങ്ങൾ നിയമവാഴ്ച്ചയിൽ

വിശ്വസിക്കുന്നവരാണ്. ഏതായാലും ശ്രീ. പിണറായി വിജയൻ ഇറങ്ങി പുറപ്പെട്ടിട്ടുണ്ട്. സാധാരണ വടക്കുനിന്നും തെക്കോട്ടും തെക്കുനിന്നും വടക്കോട്ടുമാണ് ജാഥ പോകാറുള്ളത്. പിണറായി വിജയൻ നടുവിൽ നിന്നാണ് പിടിച്ചിരിക്കുന്നത്, വയലാറിൽ നിന്നും. ഇതുവരെ പിണറായി വിജയൻ ഇരിക്കുകയായിരുന്നു. ഇപ്പോൾ നടപ്പായി. ഇനി പാർലമെന്റ് ഇലക്ഷന്റെ റിസൽട്ട് അറിയുമ്പോൾ കിടപ്പാകും എന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് ഒരു സംശയവുമില്ല. മാർസിസ്റ്റ് പാർട്ടിക്ക് ആരെയും പാർട്ടിയിലെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ഞാൻ നിഷേധിക്കുന്നില്ല. നിങ്ങൾ നമോ വിചാർ മഞ്ച്....... എന്താണ് ഈ നമോ എന്നതിന്റെ അർത്ഥം? നമോ എന്നുപറഞ്ഞാൽ നരേന്ദ്ര മോഡി എന്നുള്ളതിന്റെ ചുരുക്കപ്പേരാണ്. ആ നമോ വിചാർ മഞ്ചിലെ ആളുകളെ നിങ്ങൾ കൈനീട്ടി സ്വീകരിച്ചു. ഞാൻ അതിലൊക്കെ വി.എസ്. അച്ചുതാനന്ദനോട് യോജിക്കുന്നയാളാണ്. വി.എസ്. അച്ചുതാനന്ദൻ പറഞ്ഞല്ലോ അഞ്ച് വർഷം മുമ്പ് പാർലമെന്റ് തെരഞ്ഞെടുപ്പിൽ അന്ന് നമോ വിചാർ മഞ്ചായിരുന്നില്ല, അമാ വിചാർ മഞ്ചായിരുന്നുവെന്ന്. അബ്ദുൾ നാസർ മഅ്ദനി വിചാർ മഞ്ച്. അബ്ദുൾ നാസർ മഅ്ദനി കുറ്റിപ്പുറത്ത് ഇ.ടി. മുഹമ്മദ് ബഷീറിനെതിരെ മത്സരിച്ച ഹുസൈൻ രണ്ടത്താണിയുടെ തെരഞ്ഞെടുപ്പ് യോഗത്തിൽ വന്നിരുന്നു. അന്ന് വി.എസ്. അച്ചുതാനന്ദന് 88 വയസ്സാണ്. പോളിറ്റ്ബ്യൂറോയും കേന്ദ്ര കമ്മിറ്റിയുമൊക്കെ നിങ്ങൾ വിടുക. 88 വയസ്സായ കേരളം മുഴുവൻ അറിയപ്പെടുന്ന, സി.പി. ഐ.-യുടെ 1964-ലെ നാഷണൽ കൗൺസിലിൽ നിന്നും ഇറങ്ങിപ്പോന്ന ജീവിച്ചിരിക്കുന്ന ഏക നേതാവായ സഖാവ് വി.എസ്. അച്ചുതാനന്ദൻ സ്റ്റേജിലേയ്ക്ക് കയറിവന്നപ്പോൾ ഒന്ന് എഴുന്നേൽക്കാൻ പോലും മര്യാദ കാണിക്കാ

ത്തവരാണ് അബ്ദുൾ നാസർ മഅ്ദനി കയറിവന്നപ്പോൾ കെട്ടിപ്പിടിച്ച് ഉമ്മവച്ചത് എന്നുള്ളത് നിങ്ങൾ കാണണം. അതുകൊണ്ട് അതിനെ പറ്റിയൊന്നും പറയേണ്ട. ഞാൻ ഒരൊറ്റ കാര്യം മാത്രം പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഈ നിയമസഭയിൽ നിന്നും നിങ്ങളും ഞാനും ഇറങ്ങിക്കഴിഞ്ഞാൽ ദേശീയ രാഷ്ട്രീയത്തിലെ കുരുക്ഷേത്ര ഭൂമിയിലേയ്ക്കാണ് പോകുന്നത്. സ്വപ്നലോകത്തെ ബാലഭാസ്ക്കറിനെ പോലെ സ്വപ്നലോകത്താണ് നരേന്ദ്ര മോഡി. അദ്ദേഹം സർദാർ വല്ലഭായി പട്ടേലിനെ ഇപ്പോൾ ഏറ്റെടുത്തിരിക്കുകയാണ്. ആർ.എസ്.എസ്.–നെ നിരോധിച്ച നേതാവാണ് സർദാർ വല്ലഭായി പട്ടേൽ. ആ സർദാർ വല്ലഭായി പട്ടേൽ മരിക്കുന്നതുവരെ കോൺഗ്രസ്സുകാരനായിരുന്നു. ആർ.എസ്.എസ്.–നെ നിരോധിച്ച സർദാർ വല്ലഭായി പട്ടേലിനെ ഞങ്ങൾ നരേന്ദ്ര മോഡിക്ക് വിട്ടുകൊടുക്കില്ല.

<u>മി. സ്പീക്കർ</u> : ശ്രീ. സി. പി. മുഹമ്മദ്, പത്ത് മിനിട്ടായി. അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. സി. പി. മുഹമ്മദ്</u> : സർ, ഒരൊറ്റ വാചകം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഖുറാന് വ്യാഖ്യാനമെഴുതിയ മൗലാനാ അബ്ദുൾ കലാം ആസാദ് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതാവായിരുന്നു. നാളെ എൻ.ഡി.എഫ്.–കാരനോ എസ്.ഡി.പി.ഐ.–കാരനോ ജമാഅത്തെ ഇസ്ലാമിക്കാരനോ അബ്ദുൾ കലാം ആസാദിനെ ഞങ്ങൾ ഏറ്റെടുക്കുകയാണെന്ന് പറഞ്ഞാൽ അതും ഞങ്ങൾ വിട്ടുകൊടുക്കില്ല. ശ്രീനാരായണ ഗുരുവിനെ നരേന്ദ്ര മോഡി അവകാശപ്പെട്ടാലും ഞങ്ങൾ വിട്ടുകൊടുക്കില്ല. കാരണം ശ്രീനാരായണ ഗുരു ഏതെങ്കിലും ഒരു സമുദായത്തിന്റെയോ ജാതിയുടെയോ മാത്രം ആചാര്യനാണെന്ന് ഞങ്ങൾ ആരും കരുതുന്നില്ല.

ഞാൻ അവസാനിപ്പിക്കുകയാണ്. ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u> : മാണി സാറിന് സൗകര്യമായി. വോട്ട് ഓൺ അക്കൗണ്ട് രാവിലെ മുതൽ ഇതുവരെ എങ്ങും വന്നിട്ടില്ല.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഗവൺമെന്റിന്റെ ബാധ്യത കൂടിക്കൂടി ഒരു ലക്ഷത്തി പതിനയ്യായിരം കോടി ആയെന്നാണ് കേരള ഗവൺമെന്റിനെ സംബന്ധിച്ചുള്ള കണക്ക് നിയമസഭയിൽ വച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. സർക്കാർ സാമ്പത്തികമായി പാപ്പരായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക നയം പിൻപറ്റിക്കൊണ്ട് കേരളത്തിൽ നടപ്പിലാക്കുന്ന സാമ്പത്തിക നയത്തിന്റെ പ്രതിഫലനമാണ് ഈ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി കേരളത്തിന് സമ്മാനിച്ചിട്ടുള്ളത്. ഇന്ത്യ ഭരിക്കുന്ന ആളുകൾ സംസ്ഥാന ഗവൺമെന്റുകൾക്ക് കിട്ടേണ്ട വിഹിതമുൾപ്പെടെ തട്ടിയെടുക്കുകയാണ്. അതിനെ സംബന്ധിച്ച് മാണി സാറിന് എന്താണ് പറയാനുള്ളതെന്ന് കേൾക്കാനുള്ള ആകാംക്ഷ എനിക്കുണ്ട്. ആഗോളവത്കരണ സാമ്പത്തിക നയം നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയപ്പോൾ സർക്കാരുകളെല്ലാം പൊളിഞ്ഞ് പാളിഷാകുകയാണ്. കേരളം പോലുള്ള ഒരു കൊച്ചു സംസ്ഥാനത്ത്, മൂന്നേകാൽ കോടി മലയാളികൾ അധിവസിക്കുന്ന ഇവിടെ ഒരു ലക്ഷത്തി പതിനയ്യായിരം കോടി രൂപയുടെ ബാധ്യതയാണുള്ളത്. ആളോഹരി ബാധ്യത എത്ര വരും? ഒരുപാട് പൈസ വരും. ഈ നിലയിലുള്ള ഗുരുതരമായ സ്ഥിതിവിശേഷത്തിലേയ്ക്ക്

കേരളീയ സമൂഹത്തെ തള്ളിവിട്ട ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ഇത് എന്തൊരു ഗവൺമെന്റാണ്? കേരളത്തെ ഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുകയാണ്. അതിരൂക്ഷമായ വിലക്കയറ്റത്തിന്റെ അവസ്ഥയിലാണ് കേരളം എത്തിയിരിക്കുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വില വാണം പോലെ കയറുകയാണ്. രാജ്യം ഭരിക്കുന്ന ഭരണാധികാരികൾ എന്റെ കൈയിൽ മാന്ത്രിക വടിയില്ല, എന്റെ വീട്ടിൽ പണം കായ്ക്കുന്ന മരമില്ല എന്നൊക്കെ പറയുന്ന അതിദാരുണമായ ഒരു അവസ്ഥാവിശേഷമാണ് നമ്മുടെ രാജ്യത്തുള്ളത്. ഇന്ത്യൻ പ്രധാനമന്ത്രി അമേരിക്കൻ ഭരണകൂടത്തിന്റെ ഏജന്റാണ് എന്ന് തെളിയിക്കുന്ന ഒരു സ്ഥിതിവിശേഷം ഇന്ന് ലോകത്തുണ്ടായി. അമേരിക്കൻ പ്രസിഡന്റിന്റെ കാലുപിടിച്ച് ഒരു ധാരണയുണ്ടാക്കി. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും  പോകുന്നില്ല. ആ നിലയിൽ ഭരിക്കുന്ന കേന്ദ്ര ഗവൺമെന്റിന് പറ്റിയ ആളുകളാണ് ഞങ്ങൾ എന്നൊരു സമീപനമാണ് കേരളത്തിലെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ജനജീവിതം ദുരിതപൂർണ്ണമാകുമ്പോൾ അത് പരിഹരിക്കുന്നതിനുവേണ്ടി ഒരു ചെറുവിരലനക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുന്നുണ്ടോ? പാവപ്പെട്ട മനുഷ്യൻ ഗുരുതരമായ പ്രതിസന്ധിയിൽ രൂക്ഷമായ വിലക്കയറ്റം കൊണ്ട് ഞെളിപിരികൊള്ളുമ്പോൾ ഒന്ന് അനങ്ങാൻ ഈ ഗവൺമെന്റ് തയ്യാറാകുന്നുണ്ടോ? കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിക്കുമ്പോൾ രാജ്യത്ത് ഏറ്റവും കുറവ് വിലക്കയറ്റമുള്ള സംസ്ഥാനമേത്? ഉത്തരം കേരളം. രണ്ടര വർഷക്കാലത്തെ യു.ഡി.എഫ്.–ന്റെ അതിവേഗം ബഹുദൂരം ഭരണത്തിന്റെ ഭാഗമായി ഒന്നാം സ്ഥാനത്തുനിന്ന കേരളം പതിനെട്ടാം സ്ഥാനത്തേ

യ്ക്കെത്തിയെന്ന് കേന്ദ്ര ഗവൺമെന്റിന്റെ ആളുകൾ പറയുന്നു. നാണമുണ്ടോ? എന്നിട്ട് ഒരു വോട്ട് ഓൺ അക്കൗണ്ടും കൊണ്ട് വന്നിരിക്കുകയാണ്. അതൊന്നും അംഗീകരിക്കാൻ മനസ്സില്ല എന്നാണ് എനിക്ക് അതിനെ സംബന്ധിച്ച് പറയാനുള്ളത്. ശ്രീ. കെ. എം. മാണി സാർ വലിയ സത്യവിശ്വാസിയാണ്. അഭിവന്ദ്യനായ പോപ്പ് ഈ ആഗോളവത്കരണ സാമ്പത്തിക നയങ്ങളെ സംബന്ധിച്ച് ശക്തമായി പ്രതികരിച്ചുകൊണ്ടിരിക്കുകയാണ്. പോപ്പ് ഇപ്പോൾ ഇടയ്ക്കിടയ്ക്ക് പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. ഫ്രാൻസിസ് പാപ്പാ ഇടയ്ക്കിടയ്ക്ക് പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. അദ്ദേഹം പറയുന്നതിന്റെ കൂടെ ഇടയ്ക്കിടയ്ക്ക് ഞാൻ കമ്മ്യൂണിസ്റ്റല്ല എന്നും പറയുന്നുണ്ട്. കമ്മ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റുകാരും പുരോഗമന വിശ്വാസികളും പറയുന്ന നിലയിലാണ് അഭിവന്ദ്യനായ പോപ്പ് പറഞ്ഞുകൊണ്ടിരിക്കുന്നത്. സത്യവിശ്വാസിയായ മാണി സാറിന് പോപ്പിനോട് യോജിപ്പുണ്ടോ? ബഹുമാന്യനായ മാണി സാറ് സി.പി.ഐ.(എം)-ന്റെ പാലക്കാട് പ്ലീനം നടന്നപ്പോൾ അവിടെ വന്നു. രാഷ്ട്രീയ കേരളം വളരെ കൗതുകത്തോടെയാണ് മാണി സാറിന്റെ സന്ദർശനം അല്ലെങ്കിൽ സമ്മേളനത്തിലെ പങ്കാളിത്തം നോക്കികണ്ടത്. അതിന്റെ വിശദാംശങ്ങളിലേയ്ക്കല്ല ഞാൻ പോകുന്നത്. മാണി സാർ പങ്കെടുത്തത് ഒരു സാമ്പത്തിക സെമിനാറിലാണ്. ആ സാമ്പത്തിക സെമിനാറിൽ ഞങ്ങളുടെ പാർട്ടിയുടെ സമുന്നതനായ നേതാവ് സഖാവ് സീതാറാം യച്ചൂരി പങ്കെടുത്ത് ഏതാണ്ട് പത്തുപതിനഞ്ച് മിനിട്ടുനേരം സുദീർഘമായ ഒരു പ്രഭാഷണം നടത്തി. ഞാൻ ആ പ്രഭാഷണം കേട്ടുകൊണ്ടിരുന്നു. മാണി സാറിനോട് എനിക്ക് വലിയ ബഹുമാനവും വിനയവുമുണ്ട്. മാണി സാറ് ഇതിനെ സംബന്ധിച്ച് എന്തെങ്കിലും പറയുമെന്നാണ് ഞാൻ വിചാരിച്ചത്. പോപ്പിനെ സംബന്ധിച്ച്, ഞങ്ങളുടെ

സമുന്നതനായ നേതാവ് സീതാറാം യെച്ചൂരി പറഞ്ഞ കാര്യത്തെ സംബന്ധിച്ച് ഒരക്ഷരം പറയാതെ ബഹുമാന്യനായ, സത്യവിശ്വാസിയായ മാണി സാർ അവിടെ നിന്ന് വളരെ മനോഹരമായി രക്ഷപ്പെട്ടുപോയി. ഇവിടെയെങ്കിലും ബഹുമാന്യനായ മാണി സാർ അതിനെ സംബന്ധിച്ച് എന്തെങ്കിലും പറയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളി ലേയ്ക്ക് പോകുന്നില്ല. നമ്മുടെ വോട്ട് ഓൺ അക്കൗണ്ടിന്റെ ചർച്ചയുമായി ബന്ധപ്പെട്ട് ടി. പി. കേസിന്റെ കാര്യമാണ് ഇവിടെ ഗൗരവമായിട്ട് ചർച്ചയ്ക്ക് വന്നത്. അതുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യം പറയാതെ പോകാൻ പറ്റില്ല. പ്രതികളെ ജയിലിൽ സന്ദർശിച്ചു. ജയിലിൽ കിടക്കുന്ന പ്രതികളെ ജയിൽ ഉദ്യോഗസ്ഥർ ആക്രമിച്ചുവെന്ന് കേട്ടാൽ സി.പി.ഐ.(എം) നേതാക്കന്മാർ പോകും. സി.പി.ഐ.(എം) ഇങ്ങനെ പലയിടത്ത് പോയിട്ടുണ്ട്. അതുപോലെ നക്സൽ വർഗ്ഗീസിനെ വെടിവച്ചുകൊന്ന കേസിൽ സി.പി.ഐ.(എം.) ആണ് ഇടപെട്ടത്. പ്രതികരിച്ചത്. അടിയന്തരാവസ്ഥയിൽ രാജനെ ജയിലിൽ ഉരുട്ടിക്കൊന്നപ്പോൾ പ്രതികരിച്ച പ്രസ്ഥാനം സി.പി.ഐ.(എം.) ആണ്. ജയിലിൽ കിടക്കുന്ന മനുഷ്യന്റെ ജനാധിപത്യ അവകാശം, മനുഷ്യാവകാശം സംരക്ഷിക്കാൻ ഏതറ്റം വരെയും സി.പി.ഐ.(എം) പോകും. അതിലൊന്നും നിങ്ങൾ ബേജാറായിട്ട് യാതൊരു കാര്യവുമില്ല. ഞങ്ങളുടെ പാർട്ടി പോകും. ഞങ്ങളുടെ പാർട്ടി അങ്ങനെ പോയിട്ടുള്ള ഒരുപാട് അനുഭവങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അതിന്റെ ഭാഗമായി പല കുറ്റം ചെയ്ത ആളുകളും ശിക്ഷിക്കപ്പെ ട്ടിട്ടുണ്ടെന്ന വസ്തുത നിങ്ങൾ മറക്കേണ്ട. ഞാൻ ചോദിക്കട്ടെ? സെക്രട്ടേറിയ റ്റിന് മുമ്പിൽ സമരം പാടില്ല എന്നത് എന്ത് മനോഹരമായ മുദ്രാവാക്യമാണ്. എന്നിട്ട് ഗവൺമെന്റ് ആളുകളെ വിളിച്ചുകൂട്ടുകയാണ്. രാഷ്ട്രീയ പാർട്ടി നേതാക്കന്മാരെ വിളിച്ചുകൂട്ടുകയാണ്. ഇപ്പോൾ സെക്രട്ടേറിയറ്റിന് മുമ്പിൽ

സമരം തുടങ്ങി. സമരം ഉത്ഘാടനം ചെയ്യുന്നത് ആരാണ്? മന്ത്രി. നാണമുണ്ടോ നിങ്ങൾക്ക്? സെക്രട്ടേറിയറ്റിന് മുമ്പിൽ സമരം പാടില്ലെന്നു പറഞ്ഞ് യോഗം വിളിച്ചുകൂട്ടിയിട്ട് മന്ത്രി ഉത്ഘാടനം ചെയ്യാൻ പോകുകയാണ്. നാണമുണ്ടോ നിങ്ങൾക്ക്? മന്ത്രിയായിരിക്കുന്ന കാലത്ത് ബഹുമാന്യനായ തിരുവഞ്ചൂർ......... തിരുവഞ്ചൂരിനോട് എനിക്ക് നല്ല സ്നേഹമാണ്. തിരുവഞ്ചൂർ കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോഴല്ലേ ഈ സംഭവം ഉണ്ടായത്? അന്ന് സി.ബി.ഐ. അന്വേഷണത്തിന് വിടാമായിരുന്നില്ലേ?

<u>ശ്രീമതി കെ. കെ ലതിക</u>: സർ, അങ്ങ് ടി.പി. ചന്ദ്രശേഖരൻ കൊലക്കേസിനെക്കുറിച്ചാണ് പറയുന്നത്. ഒരു കൊല്ലവും ഏഴു മാസവുമാണ് എന്റെ പ്രിയപ്പെട്ട സഖാവ് ഇവരുടെ രാഷ്ട്രീയ ഗൂഢാലോചനയുടെ ഭാഗമായി ജയിലിൽ കഴിഞ്ഞത്. ഈ സഭയിലടക്കം... ...(ബഹളം)... സി.ബി. ഐ. അല്ല അതിന്റെ മുത്തപ്പൻ അന്വേഷിച്ചാലും പോകില്ലെന്ന് എനിക്കറിയാം. എന്റെ സഖാവിനെക്കുറിച്ച് നിങ്ങൾ അറിയുന്നതിലധികം അറിയുന്ന ആളാണ് ഞാൻ. ഈ സംഭവം നടക്കുന്ന ദിവസം ഞങ്ങളൊന്നിച്ചുണ്ടായിരുന്നതാണ്. അത് പോകട്ടെ. നിങ്ങൾ രാഷ്ട്രീയമായി ഗൂഢാലോചന നടത്തി. അങ്ങനെ പ്രതിയാക്കിയതുകൊണ്ട് പാർട്ടിയെ തകർക്കാൻ കഴിയുമെന്ന് കരുതി. ഞാൻ അതല്ല പറയുന്നത്. എന്നിട്ട് എന്റെ സഖാവിനോട് എന്താണ് പറഞ്ഞതെന്ന് ശ്രീ. വി. ചെന്താമരാക്ഷന് അറിയാമോ; രണ്ടുമൂന്ന് ആളുകളുടെ പേര് പറഞ്ഞിട്ട് നിങ്ങൾ ഇവരുടെ പേര് പറയുകയാണെങ്കിൽ ഇന്നത്തെ ദിവസം നിങ്ങളെ ഇവിടെ നിന്നൊഴിവാക്കാം. അല്ലെങ്കിൽ നിങ്ങളും നിങ്ങളുടെ കുടുംബവും ഒരു കാലത്തും ജയിലിൽ നിന്നിറങ്ങില്ല എന്നു പറഞ്ഞ

ആളുകളാണ്. ഇവരുടെ വളരെ വലിയ ഗൂഢാലോചനയുടെ ഭാഗമായാണ് ആ സംഭവമുണ്ടായതെന്ന് താങ്കൾക്ക് അറിയാമോ?

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഇവരുടെ ഗൂഢാലോചനയുടെ ഭാഗമായാണ് ഇത്തരം പ്രശ്നങ്ങൾ ഉയർന്നുവരുന്നത്. കേരളത്തോട് സ്നേഹമുള്ള ഒരു ഭരണമല്ല യു.ഡി.എഫ് ഗവൺമെന്റിന്റെ ഭരണം. ഈ നാടിനെ നശിപ്പിക്കാൻ വേണ്ടി, സങ്കുചിത താല്പര്യത്തോടെ രാഷ്ട്രീയമായ നേട്ടത്തിനുവേണ്ടി എന്തും ചെയ്യാൻ യാതൊരു മാനക്കേടുമില്ലാത്ത ആളുകളാണ് അപ്പുറത്തിരിക്കുന്നത്. അതിന്റെ ഭാഗമായാണ് ഈ പ്രതിസന്ധി യുണ്ടായിട്ടുള്ളത്. ഞാൻ സെക്രട്ടേറിയറ്റിന്റെ മുമ്പിലുള്ള സമരത്തെക്കുറി ച്ചാണ് പറഞ്ഞത്. സെക്രട്ടേറിയറ്റിന്റെ മുമ്പിൽ സമരമാരംഭിച്ചു, മന്ത്രി പോയി ഉദ്ഘാടനം ചെയ്യുന്നു. ഇവർ തന്നെ വിളിച്ചുകൂട്ടിയിട്ടു പറഞ്ഞത്, സെക്രട്ടേറി യറ്റിന്റെ മുമ്പിൽ സമരം വേണ്ട. അവിടെ വളരെ മനോഹരമായി കിടക്കട്ടെ. ഇനി ശംഖുമുഖത്ത് സമരം നടക്കട്ടെ. ഞാൻ ചോദിക്കട്ടെ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മന്ത്രിയായിരിക്കുമ്പോൾ സി.ബി.ഐ. അന്വേഷണം നടത്താമായിരുന്നല്ലോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഒരു അംഗത്തിന് നിയമസഭ അനുവദിക്കുന്ന അവകാശം കൊണ്ട് പ്രസംഗിക്കു മ്പോൾ സഭയെ തെറ്റിദ്ധരിപ്പിക്കാൻ പാടില്ല. സെക്രട്ടേറിയറ്റിന് മുമ്പിൽ നടത്തുന്ന സമരം ഏത് മന്ത്രിയാണ് സമരം******* ചെയ്തത്? ഞങ്ങളുടെ അറിവിൽ ഒരു മന്ത്രിയും ************ ചെയ്തിട്ടില്ല. അങ്ങനെയാണെങ്കിൽ അവാസ്തവമായ ഒരു പ്രസ്താവന നടത്താൻ സഭയുടെ അവകാശവും അധികാരവും ഒരാൾക്ക് നൽകുന്നത് ശരിയാണോ? അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം. ഏത് മന്ത്രി എപ്പോൾ *******ഉദ്ഘാടനം ചെയ്തു?

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാനൊരു കാര്യം പറയാം. മന്ത്രി സമരം ******* ചെയ്തില്ല. മന്ത്രി അഭിവാദ്യം ചെയ്തു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പോയിന്റ് ഓഫ് ഓർഡർ. സെക്രട്ടേറിയറ്റിന്റെ നടയിൽ ഞാൻ പോയിട്ടുണ്ട്. അത് ****** അവിടെ സാധുവായ ഒരു വിധവ, ഭർത്താവ് 51 വെട്ടുകൊണ്ട് മരിച്ചു. വെട്ടു കൊണ്ടുമരിച്ച ആ മണ്ണിൽ നിന്നാണ് അവർ വരുന്നത്. മൂന്നു ദിവസം മുമ്പ് ഞാനൊരു യോഗത്തിന് പോയി. ആ കൂട്ടത്തിൽ ഞാനവരുടെ വീട്ടിലും പോയിരുന്നു, അവരെ അവിടെവച്ചു കാണുകയും ചെയ്തു. ഞാൻ അവരുടെ അമ്മയെ കണ്ടു, അച്ഛനെ കണ്ടു, ആ വീട്ടുകാരെ എല്ലാവരെയും കണ്ടു. അന്ന് അവർ എന്നോട് സെക്രട്ടേറിയറ്റിന്റെ നടയിൽ നിരാഹാര സമരത്തിന് വരും. അവിടെ വരുമോ എന്ന് ചോദിച്ചു. ഞാനും എന്റെ സഹപ്രവർത്ത കരും, ഈ അസംബ്ലിയിലുള്ള പതിമൂന്ന് എം.എൽ.എ.–മാരുമായി ഞാൻ സെക്രട്ടേറിയറ്റ് നടയിൽ പോയി. ഇനി നാളെയും പോകും. അതിനൊരു തർക്കവും വേണ്ട. .... (ബഹളം)....

മി. സ്പീക്കർ: യെസ്... യെസ്....

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, മന്ത്രി സമരം ******* ചെയ്തു എന്നു പറഞ്ഞത് ഞാൻ പിൻവലിച്ചു. മന്ത്രി അഭിവാദ്യം ചെയ്തു. മന്ത്രി അങ്ങനെ പോകാമോ; കേരളം ഭരിക്കുന്ന ഗവൺമെന്റിലെ ക്യാബിനറ്റ് മന്ത്രി അങ്ങനെ പോകാമോ? ഞാൻ ചോദിക്കുന്ന ഒരു ചോദ്യം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുമ്പോൾ സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിട്ടില്ല. ഇപ്പോൾ ശ്രീ. രമേശ് ചെന്നിത്തല ആഭ്യന്തര

വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ സി.ബി.ഐ. അന്വേഷിക്കണമെന്ന് പറഞ്ഞ് പോകുകയാണ്. ഞങ്ങൾക്ക് സ്വഭാവികമായുണ്ടാകുന്ന സംശയമാണ്. അതിന് മറുപടി പറയണം. ഇവിടെ പറയുന്നത് ടി.പി.-യുടെ കേസ്സാണ്. മധു ഈച്ചരത്ത്, ലാൽജി കൊള്ളന്നൂർ ഈ രണ്ടു കോൺഗ്രസ് നേതാക്കൻമാർ അതിഭീകരമായി കൊലചെയ്യപ്പെട്ടിട്ട്, ഗാന്ധിയൻ വിശ്വാസികളായ, കൊടി പിടിച്ച് നടക്കുന്ന ആളുകൾ, ഒരക്ഷരം അതിനെ സംബന്ധിച്ച് പ്രതികരിക്കാൻ തയ്യാറായോ; ടി.പി.യോട് വലിയ സ്നേഹമാണ്! കോൺഗ്രസ്സിന്റെ നേതാക്കൾ മധു ഈച്ചരത്ത്, ലാൽജി കൊള്ളന്നൂർ, ഇവരെ നിരവധി വെട്ടുവെട്ടി കൊന്നു. .....(ബഹളം)....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇവിടെ പറഞ്ഞത് രണ്ടും രണ്ടു കേസ്സാണ്. അങ്ങ് എന്നോട് വലിയ അടുപ്പമുണ്ടെന്ന് പറഞ്ഞതു കൊണ്ട് ഞാൻ അങ്ങയോടുള്ള അടുപ്പം സൂക്ഷിക്കാം. ഒന്ന്, ചന്ദ്രശേഖരൻ വധക്കേസ്, രണ്ട്, സി.ബി.ഐ.-ക്ക് പോകണമെന്നു പറയുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തരമന്ത്രിയായിരുന്നപ്പോൾ വന്ന ചോമ്പാല പോലീസ് സ്റ്റേഷനിലുണ്ടായ വധശ്രമക്കേസ്. രണ്ടും രണ്ടാണ് ദയവായി അതിനെ രണ്ടിനെയും കൂടി ക്ലബ്ബ് ചെയ്യരുത്. ഇത് രണ്ടും രണ്ട് കേസ്സാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ പറഞ്ഞത് കോൺഗ്രസ്സിന്റെ സമുന്നതരായ രണ്ട് നേതാക്കൻമാരെ കൊന്നിട്ട് ആഭ്യന്തര വകുപ്പുമന്ത്രിയായി രുന്ന അങ്ങ് കോൺഗ്രസ്സിന്റെ നേതാവല്ലേ. ഒന്ന് തിരിഞ്ഞുനോക്കിയോ? കേരളത്തിൽ പന്ത്രണ്ട് സി.പി.ഐ.(എം) പ്രവർത്തകരുടെ ജീവൻ നിങ്ങളുടെ അധികാരത്തിൻ കീഴിൽ കൊല ചെയ്യപ്പെട്ടു. വിലപ്പെട്ട ജീവനുകളെടുത്തു. എന്നിട്ട് ഇവർ പ്രതികരിച്ചോ; എന്തുകൊണ്ടാണ് പ്രതികരിക്കാതിരുന്നത്.

അപ്പോൾ ആ നിലയിലുള്ള ഒരു സമീപനം നിങ്ങൾ സ്വീകരിക്കേണ്ടതില്ല. ഇവിടെ പലരും പറഞ്ഞു. മാറാട് കലാപമുണ്ടായി. കേരളീയ സമൂഹത്തെ നടുക്കിയ കലാപം, നിരവധി ആളുകൾ മരിച്ചുവീണു. എന്തുകൊണ്ടാണ് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടാത്തത്? ലീഗിന്റെ ആളുകളുണ്ടല്ലോ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഗവൺമെന്റ് സി.ബി.ഐ. അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇവിടെ ഒരു കൂട്ടർ സമരം നടത്തുമ്പോൾ ആ സമരത്തെ അഭിവാദനം ചെയ്യുന്നതിന് ക്യാബിനറ്റ് റാങ്കിലുള്ള ഒരു മന്ത്രി പോകുന്നത് ശരിയാണോ; സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിടണമെന്ന് ക്യാബിനറ്റിനോടാണ് ആവശ്യപ്പെടുന്നത്. എന്നിട്ട് ആ സമരസ്ഥലത്തുപോയി ക്യാബിനറ്റ് മന്ത്രി തന്നെ മൈക്ക് വച്ച് പ്രസംഗിക്കുന്നത് ശരിയാണോ; എന്താണ് അതിന്റെ യുക്തി; ഇതുവരെ കേരളത്തിൽ നടക്കാത്ത ഒരു കാര്യമാണിത്. അതു സംബന്ധിച്ച് ഒരു വ്യക്തത നമുക്കുണ്ടാകണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ. അവിടെ നടക്കുന്ന സമരം സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ്. ആ സമരത്തെ സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം എന്നുള്ള അവരുടെ ആവശ്യത്തെക്കുറിച്ച് ആർക്കും തർക്കമില്ല. അവിടെ പോയത് നിയമസഭാ സാമാജികരായ ഞങ്ങൾ പതിമൂന്ന് ആളുകൾ ഒരുമിച്ചാണ്. ഒരുമിച്ച് അവിടെ ചെന്ന് അവിടെ നടക്കുന്ന ആ സമരത്തിൽ അവരുന്നയിക്കുന്ന ഒരു പ്രത്യേക ആവശ്യമുണ്ട്. ആ ആവശ്യം എന്താണെന്ന് അറിയുവാൻ വേണ്ടിത്തന്നെയാണ് പോയത്. ഞങ്ങൾ പതിമൂന്ന് ആളുകൾ ഒരുമിച്ചാണ് പോയത്. പതിമൂന്ന് ആളുകൾ ഒരുമിച്ച്... പിന്നെ ഞാൻ ആ സമരം ഉദ്ഘാടനം ചെയ്തു എന്ന് പറയുന്നത് തെറ്റിദ്ധാരണാജനകമാണ്.

അത് നിയമസഭാ റെക്കോർഡിൽ കാണരുത്. ദയവായി ചട്ടം 307 അനുസരിച്ച് അത് എക്സ്പഞ്ച് ചെയ്യണം. അതുകൂടി അങ്ങ് റൂൾ ചെയ്യണം.

മി. സ്പീക്കർ: യെസ്, അത് നോക്കാം.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ സമരം *******[1] ചെയ്തു എന്നു പറഞ്ഞത് ഞാൻ അപ്പോൾത്തന്നെ പിൻവലിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, എന്റെ ചോദ്യത്തിന് ഉത്തരം കിട്ടിയില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചത് അദ്ദേഹത്തിന്റെ കൂടെ പതിമൂന്ന് എം.എൽ.എ.-മാരുണ്ടായിരുന്നുവെന്നാണ്. പതിമൂന്ന് എം. എൽ.എ.-മാരല്ല, മന്ത്രിമാരല്ലാത്ത മുഴുവൻ എം.എൽ.എ.-മാർക്കും പോകാം. ഞങ്ങൾ എതിർക്കുന്നില്ല. പക്ഷേ, ക്യാബിനറ്റ് എടുക്കേണ്ട ഒരു തീരുമാനം സംബന്ധിച്ച് നടക്കുന്ന ഒരു സമരസ്ഥലത്തുപോയി ക്യാബിനറ്റ് മന്ത്രിതന്നെ ആ സമരത്തെ അഭിവാദ്യം ചെയ്യുന്നത് സംസ്ഥാന ചരിത്രത്തിൽ ആദ്യത്തെ സംഭവമാണ്. ഇങ്ങനെയൊരു സംഭവം കേരളത്തിൽ ആദ്യമായിട്ടാണ്. ഇത് ശരിയാണോ എന്നത് സംബന്ധിച്ച് ഒരു ക്ലാരിഫിക്കേഷൻ ബഹുമാനപ്പെട്ട് അങ്ങ് നൽകിയാൽ മതി.

മി. സ്പീക്കർ: വരട്ടെ, അത് ആലോചിക്കാം. യെസ്...

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഭരണഘടനാ വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നത് മന്ത്രിമാർ തന്നെയാണ്. നിയമവിരുദ്ധമായ നിലപാടാണ് മന്ത്രിമാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, പോയിന്റ് ഓഫ് ഓർഡർ.....

---

[1] പിൻവലിച്ചു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,....

മി. സ്പീക്കർ: പ്ലീസ്.. നോ, മിനിസ്റ്റർ ഇരിക്കൂ. ഇതോടുകൂടി ഇതിന്റെ പോയിന്റ് ഓഫ് ഓർഡർ തീർന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഇവിടെ ക്യാബിനറ്റ് എടുക്കേണ്ട തീരുമാനങ്ങൾക്കു വേണ്ടിയും ധാരാളം സമരങ്ങൾ നടക്കാറുണ്ട്. ആ സമരങ്ങളെ അഭിവാദ്യം ചെയ്യാൻ മന്ത്രിമാർ പോകാറുണ്ട്, പോയിട്ടുണ്ട്, നാളെയും പോകും. അതിനകത്ത് ക്യാബിനറ്റ് എടുക്കുന്ന തീരുമാനത്തിന്റെ പ്രശ്നമൊന്നുമില്ല. അതിനകത്ത് ഒരു തർക്കവും വേണ്ട. ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്... ആവശ്യത്തിന് രണ്ടുകൂട്ടരും സംസാരിച്ചു കഴിഞ്ഞു.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ടി.പി. കേസ്സുമായി ബന്ധപ്പെട്ട് നിയമവിരുദ്ധമായ സമീപനം മന്ത്രി തന്നെ സ്വീകരിക്കുമ്പോൾ പ്രശ്നം ഗുരുതരമാകും. കേരളത്തിലെ ഒരു രാഷ്ട്രീയ പ്രശ്നം ശരിയായ രൂപത്തിൽ കൈകാര്യം ചെയ്യുന്നതിന് പകരം തെറ്റായ നിലയിലാണ് കൈകാര്യം ചെയ്യുന്നത് എന്നതിന്റെ സുപ്രധാനമായ തെളിവാണ് ഈ കാര്യം സൂചിപ്പിക്കുന്നത്. ഈ ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന ആളുകൾക്ക് സങ്കുചിതമായ രാഷ്ട്രീയ താല്പര്യമുണ്ട്. കോൺഗ്രസ്സിന്റെ നേതാക്കൻമാർ കൊല ചെയ്യപ്പെട്ടാൽ ആ വഴിക്കുപോകാത്ത ആളുകൾ, ഇത് അവിടെ പോയി സ്ഥിരതാമസം നടത്തുകയാണ്. എന്തൊരു നാണക്കേടാണ്. ഇതുപോലെ നാണംകെട്ട ഒരു ഭരണം ഈ കേരളത്തിൽ ഇതിന് മുമ്പുണ്ടായിട്ടില്ല.

സി.പി.ഐ(എം)-ന്റെ 12 പ്രവർത്തകരെ വധിച്ചു. ഒരു നടപടിയുമില്ല. ഈ നിലയിലുള്ള ഭരണം, അതുപോലെതന്നെ മറ്റൊരു കാര്യം മാറാട് കേസിൽ സി.ബി.ഐ. അന്വേഷണം നടത്താൻ എന്താണ് ബുദ്ധിമുട്ട്; കേരളീയ സമൂഹത്തെ നടുക്കിയതല്ലേ; നിരവധി ആളുകളെ കൊലപ്പെടുത്തിയതല്ലേ; ലീഗിന്റെ ആളുകൾക്ക് അത് സംബന്ധിച്ച് മിണ്ടാട്ടമില്ല. എങ്ങനെ മിണ്ടാട്ടമുണ്ടാകും. മായിൻ ഹാജി ഉൾപ്പെടെയുള്ള ആളുകൾ പ്രതിയായി വന്നിരിക്കുകയാണ്. അതുകൊണ്ട് സി.ബി.ഐ. അന്വേഷണം വേണ്ട; എന്ത് ജനാധിപത്യ ബോധമാണ് ഇവർക്കുള്ളത്. ഇതാണ് അതിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. അതോടൊപ്പം മറ്റൊരു കാര്യം, കൊല്ലം മീറ്റർ യൂണിറ്റുമായി ബന്ധപ്പെട്ടതാണ്. ബഹുമാന്യനായ എ.എം. ആരിഫ് പറഞ്ഞതിന് അനുബന്ധമായി പറയുകയാണ്. പൊതുമേഖലാ സ്ഥാപനത്തിൽനിന്നും 635 രൂപയ്ക്ക് വാങ്ങേണ്ട മീറ്റർ യൂണിറ്റ് 665 രൂപയ്ക്ക് വാങ്ങാൻ കെ.എസ്.ഇ.ബി. തീരുമാനിക്കുകയാണ്. ഇതിനെ സംബന്ധിച്ചുള്ള ആക്ഷേപം വന്നപ്പോൾ ശ്രീ. ജയപ്രകാശ് നാരായൺ സിംഗ്, ശ്രീ. രാംസിംഗ് രത്ത എന്നീ രണ്ട് എം.പി.-മാർ അവർക്ക് ലഭിച്ച പരാതി സി.ബി.ഐ.-ക്ക് കൈമാറി. കേരളത്തിലെ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഇത് സംബന്ധിച്ച് അന്വേഷിച്ചു, ഇതിൽ കുറ്റകരമായ ചില സംഗതികളുണ്ടെന്ന് ഗവൺമെന്റിന് എഴുതിക്കൊടുത്തു. അങ്ങനെ ഗവൺമെന്റ് നിയമിച്ച ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്)-ൽനിന്ന് ഒരു നിയമോപദേശം എഴുതിവാങ്ങി രക്ഷപ്പെടാനുള്ള ശ്രമം നടത്തുന്നു എന്നാണ് എനിക്ക് മനസ്സിലായത്. എന്താണ് വസ്തുത എന്നറിയാനുള്ള ആകാംക്ഷ ഇവിടെ ഉന്നയിക്കുകയാണ്. അതോടൊപ്പം ലോക്സഭാ തെരഞ്ഞെടുപ്പ്

വരാൻ പോകുകയാണ്. നമ്മുടെ രാജ്യം അടുത്ത അഞ്ച് വർഷക്കാലം ആര് ഭരിക്കണമെന്ന് തീരുമാനിക്കാൻ പോകുന്ന വളരെ സുപ്രധാനമായ തെരഞ്ഞെടുപ്പാണ്. ഈ തെരഞ്ഞെടുപ്പിൽ ഇവരെല്ലാം ആഹ്വാനം ചെയ്തത് നാം ഫാസിസത്തിനെതിരെ നിലകൊള്ളണമെന്നാണ്. അത് നല്ല കാര്യമാണ്. ഫാസിസത്തിന്റെ മുന്നേറ്റത്തിൽ കമ്മ്യൂണിസ്റ്റുകാർ എല്ലാക്കാലത്തും ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. പക്ഷെ നമ്മുടെ രാജ്യത്തിന്റെ രാഷ്ട്രീയത്തിൽ സി.പി.ഐ(എം) എല്ലാക്കാലത്തും ഫാസിസത്തിനെതിരായുള്ള ശക്തമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഹിന്ദു വർഗ്ഗീയതയ്ക്കെതിരെയും മുസ്ലീം മത തീവ്രവാദത്തിനെതിരെയും ഇതര ജാതി–മത വർഗ്ഗീയ സങ്കുചിത താൽപര്യങ്ങൾക്കെതിരെയും സുചിന്തിതമായ നിലപാട് സ്വീകരിച്ച പാർട്ടി ഇന്ത്യയിലുണ്ടെങ്കിൽ അത് സി.പി.ഐ(എം) ആണ്. ആ പാർട്ടിയോടാണ് ഇവർ പറയുന്നത് പേടിയുള്ള ആളുകൾ ഞങ്ങളുടെ പിന്നിൽ അണിനിരക്കുക എന്ന്. ഞങ്ങൾ ചോദിക്കട്ടെ, ഇന്ത്യാ രാജ്യത്ത്, രാജസ്ഥാനിൽ തെരഞ്ഞെടുപ്പ് നടന്നു. ആ തെരഞ്ഞെടുപ്പിൽ ഞങ്ങളുടെ മൂന്ന് സീറ്റ് നഷ്ടമായി. ആ മൂന്ന് സീറ്റിലും രണ്ടാം സ്ഥാനത്ത് ഞങ്ങൾ വന്നു. രണ്ടാം സ്ഥാനത്ത് വരുമ്പോൾ ഒറ്റക്കാര്യമേയുള്ളൂ, ഈ മണ്ഡലങ്ങളിൽ കോൺഗ്രസ്സിന് വോട്ടില്ല, 10,000 വോട്ട് 12,000 വോട്ട് എന്നിങ്ങനെയാണ്. 50,000 മുതൽ 60,000 വരെ ഉണ്ടായിരുന്ന കോൺഗ്രസ്സിന്റെ വോട്ടുകൾ എവിടെപ്പോയി; ഞങ്ങൾ അറിയാനുള്ള ആകാംക്ഷകൊണ്ട് ചോദിക്കുകയാണ്. ഈ രാജ്യത്തിലെ ബി.ജെ.പി–യെ വളർത്തി വലുതാക്കുന്നത് രാജ്യത്തെ കോൺഗ്രസ്സിന്റെ ഭരണനേതൃത്വമാണ്. അല്ലാതെ ബി.ജെ.പി. വളർന്നു വരുന്നത് സി.പി.ഐ(എം) –ന്റെ പിന്തുണയിലല്ല.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്......... പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. ചെന്താമരാക്ഷൻ: സി.പി.ഐ.(എം)–ന് ഇന്ത്യയിലെ മൂന്ന് സ്റ്റേറ്റുകളിൽ മാത്രമേ പ്രബല രാഷ്ട്രീയ സംവിധാനമുള്ളൂ. മറ്റ് സ്റ്റേറ്റുക ളിൽ വലിയ സ്വാധീനമില്ല. അപ്പോൾ സി.പി.ഐ (എം) ആണോ ബി.ജെ. പി.യെ വളർത്തുന്നത്; സി.പി.ഐ(എം) ജയിക്കുന്ന മൂന്ന് സീറ്റുകളിൽ കോൺഗ്രസ്സിന്റെ ആളുകൾ, സി.പി.ഐ.(എം)–ന് വോട്ട് ചെയ്യണ്ട, അവരുടെ സ്ഥാനാർത്ഥികൾക്ക് വോട്ട് ചെയ്യണ്ടേ; അവരുടെ സ്ഥാനാർത്ഥികൾക്ക് വോട്ട് ചെയ്യാതെ ബി.ജെ.പി–ക്ക് വോട്ട് ചെയ്തു. എന്നിട്ട് ബി.ജെ.പി. ജയിച്ചു. ഇതുസംബന്ധിച്ച മുഴുവൻ കണക്കുകളും ഇന്റർനെറ്റിലുണ്ട്. ഇതി നെക്കുറിച്ച് എന്ത് മറുപടിയാണ് പറയാനുള്ളത്; ഒരക്ഷരവും മറുപടി പറയാ നുണ്ടാകില്ല എന്ന് ഞങ്ങൾക്ക് നല്ല നിശ്ചയമുണ്ട്. സി.പി.ഐ(എം) തോറ്റാലും കുഴപ്പമില്ല, ബി.ജെ.പി. ജയിച്ചാൽ ഒരു പ്രശ്നവുമില്ല എന്ന മാനസികാവസ്ഥ യുള്ള ആളുകളാണ്........ ഹിന്ദു വർഗ്ഗീയതയ്ക്കെതിരെ സുചിന്തിതമായ നില പാട് സ്വീകരിച്ചിട്ടാണ് 2004–ലെ ലോക്സഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ നിങ്ങൾക്ക് പ്രധാനമന്ത്രിയാകാൻ കഴിഞ്ഞത്. ആ സി.പി.ഐ.(എം)–നെ തള്ളിയതിന്റെ അനുഭവമാണ് നിങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഞങ്ങളെ ഒഴിവാക്കിയപ്പോൾ, നിങ്ങൾ 2009–ൽ ജയിച്ചു. ഇത്തവണ കാണാം. ഞങ്ങളെ ഒഴിവാക്കിയതിന്റെ ദുരന്തം നിങ്ങൾ അനുഭവിക്കും. ഈ രാജ്യത്ത് ഉപ്പുചാക്ക് വെള്ളത്തിലിട്ടതുപോലെ കോൺഗ്രസ്സ് അലിഞ്ഞില്ലാതായിത്തീ രാൻ പോകുകയാണ്. അതുകൊണ്ട് ........... ഈ തെരഞ്ഞെടുപ്പിൽ യു.ഡി. എഫ് ജയിക്കുന്നത് കാണാം. ലോക്സഭാ തെരഞ്ഞെടുപ്പിൽ കാണാം. എന്താ യാലും ഈ രാജ്യത്ത് വർഗ്ഗീയതയ്ക്കെതിരെ, ഫാസിസത്തിനെതിരെ സുചി

ന്തിതമായ നിലപാട് സ്വീകരിച്ചുകൊണ്ട് സി.പി.ഐ(എം) മുന്നോട്ടുപോകും. അതിന് ഈ നാട്ടിലെ ജനാധിപത്യബോധമുള്ള മുഴുവൻ ആളുകളും പിന്തുണയ്ക്കണം എന്നുമാത്രം ഈ അവസരത്തിൽ സൂചിപ്പിച്ചുകൊണ്ട് ഈ ജനവിരുദ്ധ വോട്ട് ഓൺ അക്കൗണ്ടിനെ ശക്തമായി എതിർത്തുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ എ.എം. ആരിഫും അവസാനം പ്രസംഗിച്ച ശ്രീ. വി. ചെന്താമരാക്ഷനും ഇലക്ട്രിസിറ്റി ബോർഡിനെക്കുറിച്ച് ചില കാര്യങ്ങൾ പറഞ്ഞു. ആ കാര്യത്തെക്കുറിച്ച് വാസ്തവത്തിൽ ഞാൻ മനസ്സിലാക്കുന്നത് ഒരു തെറ്റിദ്ധാരണമൂലമാണ് അവർ ഈ വിഷയം അവതരിപ്പിച്ചത് എന്നാണ്. ഈ പറയുന്ന ടെണ്ടർ ആദ്യമായി ചെയ്തത് 29–04–2011–ൽ ആണ്. ഇതിനെക്കുറിച്ച് ആക്ഷേപം വന്നു. കേരളത്തിൽ ആരും ഇതിനെക്കുറിച്ച് ആക്ഷേപം പറഞ്ഞിട്ടില്ല. ഗുജറാത്തിലെ ബി.ജെ.പി.–യുടെ സ്റ്റേറ്റ് സെക്രട്ടറി ശ്രീ. രാംസിംഗ് രത്ത, എം.പി. യാണ് ഇതിനെക്കുറിച്ച് ആക്ഷേപം ഉന്നയിച്ച് എനിക്ക് കത്തെഴുതിയത്. അത് അവിടത്തെ വേറെ ഏതെങ്കിലും കമ്പനിക്കുവേണ്ടിയാണോ എന്നുള്ള കാര്യമൊന്നും എനിക്കറിയില്ല. ഞാനങ്ങനെ പറയുന്നുമില്ല. ഏതായാലും അദ്ദേഹത്തിന്റെ പരാതിയെത്തുടർന്ന് വിജിലൻസ് അന്വേഷണം നടത്തി. അദ്ദേഹം ഡൽഹിയിൽ പരാതി കൊടുത്തു, അവിടന്ന് ഇങ്ങോട്ട് വന്നു, ഇവിടെ വിജിലൻസ് അന്വേഷണവും നടത്തി. വിജിലൻസ് അന്വേഷണം നടത്തിയപ്പോൾ, L & T വളരെയധികം അംഗീകാരമുള്ള ഒരു കമ്പനിയാണ്. എന്റെ കാലത്തുമാത്രമല്ല, ഇതിനുമുമ്പുള്ള പല ഘട്ടങ്ങളിലും ഇടതുപക്ഷം ഭരിക്കുന്നകാലത്തും ഈ കമ്പനി

യിൽ നിന്നാണ് അധികവും വാങ്ങിയിട്ടുള്ളത്. ഞാൻ ഒരു കാര്യം പറയാം. ഈ പറയുന്ന ടെണ്ടർ നടന്നത് ഇടതുപക്ഷത്തിന്റെ കാലത്താണ്. ആ ടെണ്ടറിന്മേലുള്ള പരിശോധനയും അതിന്റെ ഓർഡറും നൽകിയത് യു.ഡി എഫ്-ന്റെ, അതായത്, എന്റെ കാലത്താണ്. ബോർഡിന്റെ അന്നത്തെ ചെയർമാൻ ഫിനാൻസ് സെക്രട്ടറിയായിരുന്ന, ഇപ്പോൾ ഇന്ത്യാ ഗവൺമെന്റ് സർവ്വീസിലേയ്ക്ക് പോയ ശ്രീ. വി.പി. ജോയ് ആയിരുന്നു. ഞാൻ പറയുന്നു യാതൊരു കാരണവശാലും അദ്ദേഹം ഒരു അഴിമതിക്കാരനല്ല. ഒരാളും അങ്ങനെ പറയുമെന്ന് എനിക്ക് തോന്നുന്നില്ല. അദ്ദേഹത്തിന്റെ കാലത്ത് ബോർഡ് ഇത് ചെയ്തു.

ശ്രീ. എ.എം. ആരിഫ്: സർ, അങ്ങ് പറയുന്നുണ്ടല്ലോ യാതൊരുവിധ സാമ്പത്തികനഷ്ടവും ഉണ്ടായിട്ടില്ലെന്ന്. ഇലക്ട്രിസിറ്റി ബോർഡിന് വൻസാമ്പത്തിക നഷ്ടം വരുത്തിയിരിക്കുന്നു എന്ന വിവരം വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. ഇത് സംബന്ധിച്ച് further enquiry നടത്തണമെന്നുപറഞ്ഞുകൊണ്ടുള്ള റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; 06-06-2012- ലാണ് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർ ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് കൊടുത്തിരിക്കുന്നത്. ഇതുസംബന്ധിച്ച് അങ്ങ് എന്ത് നിലപാടാണ് എടുത്തിട്ടുള്ളത്?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇക്കാര്യത്തെക്കുറിച്ച് ഞാൻ പറയാൻ പോകുന്നതല്ലേയുള്ളൂ. അപ്പോഴേക്കും ഇങ്ങനെ പറഞ്ഞാലോ; എനിക്ക് അങ്ങനെ റിപ്പോർട്ട് തന്നിട്ടില്ല. ഈ റിപ്പോർട്ട് ഉണ്ട് എന്നുള്ളത് ശരിയും എനിക്ക് തന്നു എന്നുപറയുന്നത് തെറ്റുമാണ്. ഞാൻ പറയട്ടെ..... ഇനി ആര് ചോദിച്ചാലും എല്ലാം പറഞ്ഞുകഴിഞ്ഞിട്ട് ഞാൻ വഴങ്ങാം. അതിനുമുമ്പ്

ഇവിടെ ആരെങ്കിലും ചോദിച്ചാലല്ലാതെ ഞാൻ വഴങ്ങില്ല. ഏതായാലും ഒരു കാര്യം ഞാൻ പറയാം, 29-04-2011-ൽ അന്നത്തെ ബോർഡ് ടെണ്ടർ വിളിച്ചു. ടെണ്ടർ വിളിച്ചതിൽ പത്ത് പതിമൂന്ന് കമ്പനികൾ പങ്കെടുത്തു. അതിൽ ക്വാളിഫൈ ചെയ്തത് L & T. മാത്രമാണ്. അവരുടെ മീറ്റർ ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കും, അവരുടെ ഫാക്ടറി സന്ദർശിച്ചതിന്റെയുമൊക്കെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇത് ചെയ്യുന്നത്. നിങ്ങൾ പറയാത്ത കാര്യങ്ങൾകൂടി ഞാൻ പറയുകയല്ലേ; താങ്കളിതൊന്നും പറഞ്ഞിട്ടില്ലല്ലോ; ഇവർ വലിയ റേറ്റാണ് തന്നിരുന്നത്, ഇവരുടെ റേറ്റ് കുറച്ചുകൂടി. റേറ്റ് കൂടിയ സന്ദർഭത്തിൽ അന്നത്തെ ബോർഡ് L & T – യെ വിളിച്ചുവരുത്തി നെഗോഷിയേറ്റ് ചെയ്തു. അങ്ങനെ നെഗോഷിയേറ്റ് ചെയ്തപ്പോൾ ഒരു തീരുമാനത്തിലെത്തി. അതിനുമുമ്പ് 2009-ൽ ഒരു ടെണ്ടർ ചെയ്തിരുന്നു. 2009-ൽ ചെയ്ത ടെണ്ടറിൽവന്ന റേറ്റ് 635.32 രൂപയായിരുന്നു. ആ റേറ്റിൽ സപ്ലൈ ചെയ്യാൻ തയ്യാറുണ്ടോ എന്ന് ബോർഡ് ചോദിച്ചു. അവർ തയ്യാറാണെന്ന് പറഞ്ഞു. അതിനുമുമ്പ് 2009-ൽ 6 ലക്ഷത്തിനാണ് ടെണ്ടർ വിളിച്ചത്. അന്ന് ഞാനല്ല മന്ത്രി. ഞങ്ങളല്ല ഇവിടെ ഭരിക്കുന്നത്. പക്ഷെ അവിടെ അഴിമതിയാണ് നടന്നത് എന്നൊന്നും ഞാൻ പറയുന്നില്ല. അന്ന് ഒരു കാര്യം ചെയ്തു., 2009 ജൂലൈയിൽ വിളിച്ച ടെണ്ടറിൽ 3 കമ്പനികൾ വന്നു. അതിൽ ഒന്നാമത് ഏറ്റവും ലോവസ്റ്റായി (L1) വന്നത് കൊല്ലത്തെ മീറ്റർ കമ്പനിയാണ്. ആ മീറ്റർ കമ്പനി 6 ലക്ഷത്തിനാണ് ടെണ്ടർ വിളിച്ചത്. ആ 6 ലക്ഷത്തിന്റെ ടെണ്ടറും 29-10-2009-ൽ അവർക്ക് കൊടുത്തു.

അന്നുതന്നെ അതിൽ L2 ആയി വന്നത് L & T ആയിരുന്നു. അതിൽ മൂന്നാമതായി വന്നത് ഐ.സി.എസ്.എ. എന്ന കമ്പനിയാണ്. L & T അന്നും കെ. എസ്.ഇ.ബി.-ക്ക് സപ്ലൈ ചെയ്യുന്നുണ്ട്. അല്ലാതെ ദുരുദ്ദേശം വച്ചു കൊണ്ടല്ല. 6 ലക്ഷത്തിന്റെ ടെണ്ടർ വിളിച്ചത് ഈ കമ്പനിക്ക് തന്നെയാണ് കൊടുത്തത്. ആ ഫയലിൽ അന്നത്തെ ചെയർമാൻ ഈ കമ്പനിയെക്കൊണ്ട് ഇത് സപ്ലൈ ചെയ്യാൻ കഴിയില്ലായെന്ന് വളരെ വ്യക്തമായി എഴുതിയിട്ടുണ്ട്. അന്ന് ഞങ്ങളല്ല ഭരിക്കുന്നത്. അവർക്കിത് സപ്ലൈ ചെയ്യാൻ കഴിയില്ല എന്ന് പറഞ്ഞുകൊണ്ട് ഐ.സി.എസ്.എ. എന്ന കമ്പനിക്ക് 3 ലക്ഷത്തിന്റെ ഓർഡർ ഒരേ ഡേറ്റിന് ലോവസ്റ്റ് റേറ്റിലാണ് കൊടുത്തത്. ഈ രണ്ടുകമ്പനികളും കാര്യ മായി സപ്ലൈ ചെയ്തില്ല. അതുകഴിഞ്ഞ് 2010 മാർച്ച് മാസം 16-ന് L & T -ക്ക് മൂന്നര ലക്ഷത്തിന്റെ ഓർഡർ കൊടുത്തു. അങ്ങനെ മൊത്തം 12.5 ലക്ഷമായി. ആറ് ലക്ഷത്തിന്റെയാണ് ഒർജിനൽ ടെണ്ടർ. ജൂലായ് 17-ാം തീയതി വീണ്ടും മൂന്ന് ലക്ഷത്തിന്റെ ഓർഡർ L & T -ക്ക് കൊടുത്തു, അതുക ഴിഞ്ഞ് 2010 ഒക്ടോബർ 27-ാം തീയതി 75,000 രൂപയ്ക്കും നവംബർ മാസം 25-ന് 1,65,500 രൂപയ്ക്കും അതിനുശേഷം 2010 ഡിസംബർ മാസത്തിൽ 1,34,500 രൂപയ്ക്കും മീറ്റർ വാങ്ങാൻ L & T -ക്ക് വീണ്ടും ഓർഡർ കൊടു ത്തു. ആ റേറ്റിൽത്തന്നെയാണ് ഞങ്ങൾ കൊടുത്തത്. അതല്ലാത്ത റേറ്റിലല്ല കൊടുത്തത്. എന്നുമാത്രമല്ല നെഗോഷ്യേറ്റ് ചെയ്ത് കൊടുക്കുകയും ചെയ്തു. അതുകൊണ്ട് ഒരു പൈസയുടെ നഷ്ടവും ഗവൺമെന്റിന് ഉണ്ടായി ട്ടില്ല. സർക്കാരിന് ലാഭമാണുണ്ടായത്. അത് നല്ല മീറ്ററുമാണ്. ഇക്കാര്യം

അന്നത്തെ ബോർഡും ഇന്നത്തെ ബോർഡും സമ്മതിക്കും എന്നുമാത്രമല്ല ഇതിനെപ്പറ്റി അറിയാവുന്ന മുഴുവൻ ആളുകളും സമ്മതിക്കും. 6 ലക്ഷത്തിന്റെ ടെണ്ടർ വിളിച്ചതിനുശേഷം പത്തേകാൽ ലക്ഷത്തിന്റെ ഓർഡർ L & T ക്ക് കൊടുത്തത് അഴിമതിയാണെന്ന് ഞാൻ പറയുന്നില്ല. അന്ന് മീറ്ററിന് ആവശ്യ മുണ്ടായിരുന്നു. അതുകൊണ്ട് അന്നത്തെ ബോർഡ് അത് ചെയ്തു. അന്ന് ഞങ്ങളല്ല, നിങ്ങളാണ് ഭരിക്കുന്നത്. അതുകൊണ്ട് അത് ജെസ്റ്റിഫിയബിളാണ്. യാതൊരു സംശയവുമില്ല. ആ റേറ്റിൽത്തന്നെയാണ് പിന്നീട് വന്ന ബോർഡും കൊടുത്തത്. അതിനുശേഷമാണ് ശ്രീ. എം.പി. രാംസിംഗ് രത്ത എന്ന് പറയുന്ന ബി.ജെ.പി. നേതാവിന്റെ ആക്ഷേപമുണ്ടായത്. അതിന്റെ യടിസ്ഥാനത്തിൽ വിജിലൻസ് എൻക്വയറി നടന്നു. രണ്ടാമത്തെ ടെണ്ടർ 12 ലക്ഷത്തിന്റെ ടെണ്ടർ ആയിരുന്നു. ആ ടെണ്ടറിൽനിന്ന് ഞങ്ങൾ 8 ലക്ഷമെടു ത്തപ്പോഴേയ്ക്കും വിജിലൻസ് എൻക്വയറി വന്നു. അപ്പോൾ ഇനി ടെണ്ടർ ക്ഷണിക്കണ്ട, വിജിലൻസ് എൻക്വയറി കഴിഞ്ഞതിനുശേഷം ടെണ്ടർ ക്ഷണിച്ചാൽ മതിയെന്ന് ഞാൻ വാക്കാൽ പറഞ്ഞു. ഞാനുംകൂടി അറിഞ്ഞു കൊണ്ടാണ് ബോർഡ് അങ്ങനെ ചെയ്തത്. അതിന് എനിക്ക് ആരോപണം കിട്ടി. ബോർഡാണ് ഇതൊക്കെ ചെയ്യുന്നത്. എന്നാൽ ബോർഡിൽ ഒരാളും കൃത്രിമമായി ഒരു കാര്യവും ചെയ്തിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: L & T –യെക്കാൾ കുറഞ്ഞ നിരക്കിൽ മീറ്റർ നൽകാൻ തയ്യാറാണെന്ന് പറഞ്ഞുവന്ന കമ്പനിയെ ഡിസ്ക്വാളിഫൈ ചെയ്യാൻ, നേരത്തെയുള്ള ടെണ്ടർ വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; അങ്ങനെയൊരു പത്രവാർത്ത പുറത്തുവന്നിട്ടുണ്ട്. അതിന്റെ വസ്തുതയെന്താണ്?

ശ്രീ. ആര്യാടൻ മുഹമ്മദ്: യാതൊരു വസ്തുതയും ഇതിനകത്തില്ല. ഇക്കാര്യം ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന് നല്ലതുപോലെ അറിയാം. കെ.എസ്.ഇ.ബി.-യുടെ ചരിത്രത്തിലാണെങ്കിലും കേരളത്തിലെ ഏതൊരു പബ്ലിക്സെക്ടറിന്റെ ചരിത്രത്തിലാണെങ്കിലും കേരളാ ഗവൺമെന്റാണെങ്കിലും ടെണ്ടർ വിളിക്കുന്നത് രണ്ടായിട്ടാണ്. ഒന്ന് ടെക്നിക്കൽ ബിഡും മറ്റൊന്ന്, ഫിനാൻഷ്യൽ ബിഡും. ടെക്നിക്കൽ ബിഡ് ക്വാളിഫൈ ചെയ്തവരുടെ ഫിനാൻഷ്യൽ ബിഡ് മാത്രമേ സാധാരണ എല്ലായിടത്തും പൊളിക്കാറുള്ളൂ. അത് ടെണ്ടറിന്റെ നടപടിക്രമമാണ്. അല്ലാതെ ടെക്നിക്കൽ ക്വാളിഫിക്കേഷനില്ലാത്ത, ടെക്നിക്കലായി തള്ളിയ ഒരാളുടെ ഫിനാൻഷ്യൽ ബിഡ് വിളിക്കേണ്ട കാര്യമെന്താണ്? എവിടെയാണ് അങ്ങനെ ചെയ്യാറുള്ളത്? ശ്രീ. എം.പി. രാംസിംഗ് രത്തയുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് വിജിലൻസ് എൻക്വയറി നടന്നത്. അല്ലാതെ വേറാരുടേയും പരാതിയല്ല. ഗുജറാത്തിലെ ബി.ജെ.പി. നേതാവിന്റെ പരാതിയാണ്. കേരളത്തിലെ ഒരാളും ഒരു പരാതിക്കും പോയിട്ടില്ല. അതിനെക്കുറിച്ച് അന്വേഷിച്ച് അദ്ദേഹം നേരെ ബോർഡിന്റെ ഓഫീസിൽപ്പോയി ക്വാളിഫൈ ചെയ്യാത്ത ടെണ്ടറൊക്കെ പൊളിച്ചു. അങ്ങനെ ചെയ്യാൻ അദ്ദേഹത്തിന് ഒരു അധികാരവുമില്ല. ഒരു ടെണ്ടർ നടപടിയിൽ അത്തരത്തിലുള്ള കീഴ്‌വഴക്കമില്ല. ഇങ്ങനെ ഒരു പോലീസ് ഉദ്യോഗസ്ഥൻ പോയി ചെയ്തു. ഇതിനെക്കുറിച്ച് ഞങ്ങളാരും ഇതിൽ ഒരു വാക്കും പറഞ്ഞിട്ടില്ല. അവസാനം അന്വേഷണത്തിനുശേഷം അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓർഡറാണ് ഈ അന്വേഷണത്തെക്കുറിച്ച് വന്നിട്ടുള്ളത്. ആ ഓർഡറിലെ കുറച്ചു ഭാഗം ഞാൻ വായിക്കാം. Additional Chief Secretary to Government, (I am directed എന്നുപറയു

ന്നത് ശ്രീ. കെ. സോമരാജൻ, അഡീഷണൽ സെക്രട്ടറിയാണ്.) I am directed to invite your attention to the letter cited, and to inform that in view of the legal opinion of the Deputy Director of Prosecution communicated as per your letter, the allegation contained in the complaint can be treated as unsubstantiated in evidence and hence no further action is warranted in the matter and accordingly the proceedings may be closed എന്നാണ് ഇതിൽ പറയുന്നത്. വിജിലൻസ് എൻക്വയറി നടത്തിയതിനു ശേഷം വന്ന അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കത്താണിത്. വിജിലൻസ് എൻക്വയറി നടക്കുന്നതിനാൽ ഞങ്ങൾ 8 ലക്ഷത്തിന്റെ ഓർഡറാണ് കൊടുത്തത്. മീറ്റർ വീണ്ടും ആവശ്യമാണെന്ന് വന്നപ്പോൾ ബോർഡ് ഒരു ഫ്രെഷ് ടെണ്ടർ വിളിച്ചു. ഫ്രെഷ് ടെണ്ടർ വിളിച്ചപ്പോൾ 13 പേർ ക്വാട്ട് ചെയ്തു. അതിൽ ക്വാളിഫൈ ചെയ്ത മൂന്ന് കമ്പനികളിൽ ഒരു കമ്പനി L & T ആയിരുന്നു. നിങ്ങളും ഈ റേറ്റിൽ സപ്ലൈ ചെയ്യാൻ തയ്യാറുണ്ടോയെന്ന് ബാക്കി രണ്ട് കമ്പനികളോടും ചോദിച്ചു. അതിൽ L & T ലോവസ്റ്റായിരുന്നു. ആ കമ്പനികളാരും അതിന് തയ്യാറല്ലെന്ന് പറഞ്ഞു. അപ്പോൾ L & T –ക്ക് കൊടുത്തു, 691 രൂപയ്ക്കാണ് കൊടുത്തത്. അന്ന് ഇത് ചെയ്തില്ലായിരുന്നെ ങ്കിൽ ഞങ്ങൾക്ക് ആ വലിയ വില കൊടുക്കേണ്ടി വരുമായിരുന്നു. അതു കൊണ്ട് ഒരിക്കലും നഷ്ടമുണ്ടായിട്ടില്ല എന്നുമാത്രമല്ല ലാഭമായിരുന്നു. ഇതേകാരണത്താലാണ് നിങ്ങൾ ഭരിക്കുന്ന കാലത്ത് 6 ലക്ഷം പറഞ്ഞിട്ട് 21 ലക്ഷത്തിന് ഓർഡർ കൊടുത്തത്. ആ വിലയ്ക്ക് തന്നെയാണ് ഞങ്ങളും വാങ്ങിയത്. പിന്നെ എങ്ങനെയാണ് നഷ്ടമുണ്ടാകുന്നത്? ഇത് കേവലം തെറ്റി

ദ്ധാരണകൊണ്ടായിരിക്കുമെന്ന് എനിക്ക് തോന്നുന്നു. ആ കാര്യത്തെക്കുറിച്ച് ഞാൻ കൂടുതൽ പറയുന്നില്ല. എന്നുമാത്രമല്ല ആഡിറ്റ് പാരായിൽ എ.ജി.യുടെ ഒബ്സർവേഷൻ വന്നത്, കൂടുതൽ വാങ്ങാഞ്ഞത് മോശമായി എന്നാണ്. നിങ്ങൾ ആലോചിക്കണം. അഡീഷണലായി 25 ശതമാനം കൂടി വാങ്ങാമായി രുന്നു എന്നാണ് ആഡിറ്റ് പാരായിൽ എ.ജി. രണ്ടാമത് എഴുതിയിരിക്കുന്നത്. ഇതൊന്നും ഗവൺമെന്റ് അല്ല ചെയ്യുന്നത്. ഈ സംസ്ഥാനത്ത് ഏറ്റവും ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥരാണ് ഇത് ചെയ്യുന്നത്. ശ്രീ. വി.പി. ജോയി, ഫിനാൻസ് സെക്രട്ടറി വളരെ സത്യസന്ധനായ ഉദ്യോഗസ്ഥനാണ്. ആ കാലത്ത് അദ്ദേഹമായിരുന്നു കെ.എസ്.ഇ.ബി.യുടെ ചെയർമാൻ. അത് നിങ്ങൾ മനസ്സിലാക്കണം. ഇതിൽ എങ്ങനെ നോക്കിയാലും എന്നെ പ്രതിയാക്കാനൊന്നും കഴിയില്ല. ഇങ്ങനെ പോയാൽ എങ്ങനെ ഈ സംസ്ഥാ നത്തിന്റെ ഭരണം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും? മനസ്സാക്ഷിയോടു കൂടി ഒരു ഉദ്യോഗസ്ഥന് ഇവിടെ പ്രവർത്തിക്കാൻ സാധിക്കുമോ? ഏത് ഡിപ്പാർട്ടുമെന്റാണെങ്കിലും ആ കാര്യം നമ്മൾ മൊത്തത്തിൽ ശ്രദ്ധിക്കണം എന്ന് മാത്രമാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ കൊട്ടാരക്കര എം.എൽ.എ., ശ്രീമതി പി. അയിഷാ പോറ്റി ഒരു കാര്യം പറഞ്ഞു. ഇപ്പോൾ വൈദ്യുതി ചാർജ് കൂടുകയും ഇടയ്ക്കൊക്കെ വൈദ്യുതി ലഭിക്കുന്നില്ലെന്നും പറഞ്ഞു. ആ പറഞ്ഞത് ശരിയല്ല എന്ന് സ്റ്റാറ്റിസ്റ്റിക്സ് വച്ച് തെളിയിച്ചുതരാം. എന്നാലും അങ്ങനെ ഒരാക്ഷേപം പറഞ്ഞത് ഞാൻ മുഖവിലയ്ക്ക് എടുക്കുക യാണ്. കൂടാതെ സമ്പൂർണ്ണ വൈദ്യുതീകരണം പരിപാടിയൊക്കെ പൊളിഞ്ഞുവെന്നും പറഞ്ഞു. എന്നാൽ അതൊന്നും പൊളിഞ്ഞില്ല. ഇടുക്കി

ഒഴിച്ചുള്ള കേരളത്തിലെ 13 ജില്ലകളിൽ, ഇടുക്കി ജില്ല, ആർ.ജി.ജി.വി. വൈ.(രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യം വൈദ്യുതി കൊടുത്ത ജില്ലയാണ്. ഇപ്പോൾ ആ പദ്ധതി മറ്റ് 13 ജില്ലകളിലും നടന്നുകൊണ്ടിരിക്കുകയാണ്. ഏത് ബി.പി.എൽ. ഫാമിലിയാണെങ്കിലും അപേക്ഷിച്ചവർക്ക് മുഴുവനും മാർച്ച് മാസത്തിനുള്ളിൽ കണക്ഷൻ നൽകും, അതിനുവേണ്ടി ഒരു പൈസയും വേണ്ട. സമ്പൂർണ്ണ വൈദ്യുതീകരണം കേരളത്തിൽ എല്ലാ ജില്ലകളിലും നടപ്പാക്കാൻ പോകുകയാണ്. 90 ശതമാനവും, അതായത് മാർച്ചിന് മുമ്പ് സമ്പൂർണ്ണ വൈദ്യുതീകരണം,...... കേരളത്തിൽ ആറ് മാസക്കാലംകൊണ്ട് അപേക്ഷിച്ച മുഴുവൻ ആളുകൾക്കും ഞങ്ങൾ കണക്ഷൻ കൊടുക്കും. ഇടുക്കിയുടെ കാര്യം ചോദിച്ചു.

ആ പദ്ധതി ആദ്യം നടപ്പാക്കിയത് ഇടുക്കിയിലാണ്. ഇടുക്കിയിൽ 342 കോടി രൂപയുടെ പദ്ധതി 2005-ൽ ഞാനാണ് കൊണ്ടുവന്നത്. അന്ന് നടപ്പാക്കുമ്പോൾതന്നെ യു.ഡി.എഫ് അധികാരമൊഴിഞ്ഞു. അതിന്റെ പേരിൽ ............... എന്തു പറഞ്ഞാലും ശ്രീ. എ.എം. ആരിഫ് ഒരു മാന്യനാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്റെ ഏറ്റവും അടുത്ത സ്നേഹിതനാണ്. എന്നോട് അന്വേഷിച്ച് പറയുമെന്നാണ് ഞാൻ ധരിച്ചത്. .............. ശ്രീ. വി. ചെന്താമരാക്ഷൻ എനിക്ക് ഏറ്റവും വേണ്ടപ്പെട്ട സ്നേഹിതനും മെമ്പറുമാണ്. സാധാരണ ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ എന്നോട് ചോദിക്കാറുണ്ട്. ഇത് ചോദിച്ചില്ല, സാരമില്ല. അതുകൊണ്ട് ഞാനിത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞിട്ട് പറയുകയാണെന്ന് പറയുകയില്ല. ............ നിങ്ങളുടെ ഭാഗത്തുനിന്നല്ലേ കുഴപ്പം. ......... എന്നാൽ ഞാനതിന് മാപ്പ് പറയുന്നു. ............. ശ്രീ.

വി. ശിവൻകുട്ടി, ഞാനിത് പറഞ്ഞോട്ടെ. ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ ഈ പദ്ധതി വീണ്ടും നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ............

ശ്രീ. വി. ശിവൻകുട്ടി: സർ, സമ്പൂർണ്ണ വൈദ്യുതീകരണം സംബന്ധിച്ച് അങ്ങ് പറഞ്ഞത് ഞങ്ങൾ വിശ്വാസത്തിലെടുക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റ് പഞ്ചായത്തിന്റെയും കോർപ്പറേഷന്റെയും മുനിസിപ്പാലിറ്റിയുടെയും ടി.സി ഇല്ലാത്ത എല്ലാ വീടുകൾക്കും വൈദ്യുതി കൊടുക്കുന്നതിന് തയ്യാറായി. ഇപ്രാവശ്യം അങ്ങനെ ചെയ്യുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇല്ല. ബഹുമാനപ്പെട്ട വി. ശിവൻകുട്ടി അങ്ങനെ പറഞ്ഞാൽ ഞാൻ സമ്മതിക്കില്ല. പക്ഷേ അന്ന് എം.പി. മാരുടെയും എം.എൽ.എ മാരുടെയും പഞ്ചായത്തിന്റെയുമൊക്കെ ഫണ്ട് വാങ്ങിയാണ് ചെയ്തത്. ഇപ്പോൾ നിങ്ങളിൽനിന്നും ഒരു പൈസയും വാങ്ങാതെതന്നെ കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം ആറ് മാസത്തിനുള്ളിൽ നടപ്പാക്കുമെന്നതിൽ ഒരു സംശയവുംവേണ്ട. രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ യോജനയിൽ ഇത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കെട്ടിടത്തിന്റെ നമ്പരില്ലാതെ വൈദ്യുതി കണക്ഷൻ കൊടുക്കാൻ പാടില്ലെന്നുള്ള നിയമം ആരുണ്ടാക്കിയതാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ മുഖ്യമന്ത്രിയുടെ പര്യടനം നടക്കുന്ന സന്ദർഭത്തിൽ അദ്ദേഹം പുറപ്പെടുവിച്ച ഓർഡർ അനുസരിച്ച് കെട്ടിടത്തിന് നമ്പർ ലഭിക്കാത്തവർക്കും താല്കാലികമായി വൈദ്യുതി കണക്ഷൻ നൽകാനുള്ള സംവിധാനം ചെയ്തിട്ടുണ്ട്. അത് മുഖ്യമന്ത്രിയുടെ പര്യടനംകൊണ്ട് കിട്ടിയ ഒരു ഗുണമായി ശ്രീ. വി. ശിവൻകുട്ടി കണക്കാക്കിയാൽ മതി. ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. എ.എം. ആരിഫ്: സർ, ഫർദർ എൻക്വയറി നടത്തണമെന്ന് വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; അതിന്മേലുള്ള ഫർദർ

എൻക്വയറിക്ക് എന്തുകൊണ്ട് സന്നദ്ധമായില്ല എന്ന പ്രശ്നത്തിന് അങ്ങ് മറുപടി പറയണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, എൻക്വയറിക്ക് സന്നദ്ധമായതുകൊണ്ടല്ലേ വിജിലൻസ് അന്വേഷിച്ചത്. അതിന്റെ അവസാന തീരുമാനമെടുക്കേണ്ടത് ഹോം ഡിപ്പാർട്ടുമെന്റാണ്. എസ്.ഐ.യുടെ അഭിപ്രായമാണോ ഗവൺമെന്റിന്റെ അഭിപ്രായം. ഇവിടെ പല കേസുകളിലും പോലീസുകാർ അങ്ങനെ ചെയ്തു, ഇങ്ങനെ ചെയ്തു എന്ന് നിങ്ങൾ പറയുന്നുണ്ടല്ലോ. ന്യായമാണെങ്കിൽ തിരുത്താമെന്നല്ലേ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണെങ്കിലും മുഖ്യമന്ത്രിയാണെങ്കിലും ശ്രീ. രമേശ് ചെന്നിത്തലയാണെങ്കിലും ആഭ്യന്തര മന്ത്രി എന്ന നിലയിൽ പറഞ്ഞിട്ടുള്ളത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര മന്ത്രിയായിരുന്നപ്പോൾ കോഴിക്കോടുണ്ടായ ഒരു വിഷയം സംബന്ധിച്ച് എല്ലാ പോലീസ് റിപ്പോർട്ടുകളും എതിരായിരുന്നപ്പോൾ രണ്ടാമത് അന്വേഷണം നടത്തണമെന്ന് ഈ സഭയിൽ ഞാൻ ആവശ്യപ്പെട്ടിരുന്നു. അദ്ദേഹം കേസെടുത്ത ചരിത്രമുണ്ട്. മനസ്സിലാക്കണം. അതുകൊണ്ട് ഈ കാര്യത്തിൽ വെറുതെ ഉദ്യോഗസ്ഥൻമാരെ കൊണ്ടുപോയി കുടുക്കരുത്, എന്നുമാത്രമല്ല എല്ലാ കാലത്തും നടക്കുന്ന കാര്യങ്ങൾ മാത്രമേ ഇവിടെയും നടന്നിട്ടുള്ളൂ.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, ശ്രീ. പി.സി. ജോർജ് കെ.എം.എം.എൽ–നെ സംബന്ധിച്ച വിഷയം സഭയിൽ പറയണമെന്നാവശ്യപ്പെട്ടതുകൊണ്ടാണ് പറയുന്നത്. കെ.എം.എം.എൽ–ൽനിന്നും ആസിഡ് പുറത്തുവന്നുണ്ടാകുന്ന പൊല്യൂഷൻ

സംബന്ധിച്ച് അവിടത്തെ എം.എൽ.എ ആയ ശ്രീ. ഷിബു ബേബി ജോണും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വളരെ ഗൗരവമായ വിഷയമാണെന്ന് മനസിലായിട്ടുണ്ട്. അവിടം സന്ദർശിച്ചതിനുശേഷം സ്ഥലം മുഴുവൻ ഗവൺമെന്റ് വാങ്ങുകയോ മറ്റേതെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തുകൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കാം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) സർ, ഇവിടെ ശ്രീ. എസ്. രാജേന്ദ്രൻ മുതൽ ശ്രീ. വി. ചെന്താമരാക്ഷൻ വരെയുള്ള ബഹുമാനപ്പെട്ട എം.എൽ.എ. മാരിൽ കൂടുതൽ പേരും പ്രസംഗിച്ചപ്പോൾ കൃഷിവകുപ്പിനെ തലോടിക്കൊണ്ടാണ് പോയത്. കൃഷി വകുപ്പിന്റെ ഇടപെടൽ ഉണ്ടായില്ല എന്ന് പറയുന്നു. നാളികേരം പണം കായ്ക്കുന്ന മരമായി മാറി, അസാധാരണമായ നേട്ടം കാർഷിക മേഖലയിൽ എന്ന് ഇന്ത്യാ ടുഡേ (ഉയർത്തിക്കാണിക്കുന്നു) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വളരെ നല്ല രീതിയിലുള്ള പ്രവർത്തനമാണ് കാർഷിക മേഖലയിലുണ്ടായിട്ടുള്ളത്. കാർഷിക നയത്തെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടി, എക്സ് എം.എൽ.എ. ചെയർമാനും സമിതി അംഗങ്ങളുമുൾപ്പെട്ടവരുടെ ഒരു നല്ല കാർഷിക നയമാണ് വച്ചത്. രണ്ടുമൂന്ന് പ്രാവശ്യം ക്യാബിനറ്റിൽ ചർച്ച ചെയ്തിരുന്നു. കഴിഞ്ഞ ക്യാബിനറ്റിൽ ഏഴംഗ ഉപസമിതിയെ നിയോഗിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കൃഷ്ണൻ കുട്ടി കമ്മീഷൻ/ കമ്മിറ്റി നൽകിയ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കാത്തതെന്താണ്?

ശ്രീ. കെ.പി. മോഹനൻ: സർ, അതാണ് പറയാൻ പോകുന്നത്. റിപ്പോർട്ട് ക്യാബിനറ്റിൽ വച്ചിട്ടേയുള്ളൂ. നാളെ അതിന്റെ ഉപസമിതി ചേരുകയാണ്. ഉപ

സമിതിയിൽ ചെറിയ നിർദ്ദേശങ്ങളൊക്കെ വച്ചുകൊണ്ട് അത് വയ്ക്കാൻ പോവുകയാണ്. ........ കരട് റിപ്പോർട്ടാണ്. മറ്റൊന്ന്, പെൺകുട്ടികൾക്ക് ലാപ്ടോപ് നൽകിയതുകൊണ്ട് വിശപ്പിന് പരിഹാരമാകില്ലെന്ന് ബഹുമാന പ്പെട്ട അംഗം ശ്രീ. കെ.വി. വിജയദാസ് ഇവിടെ പറഞ്ഞിരുന്നു. ലാപ്ടോപ് നൽകുന്നത് പാവപ്പെട്ട കർഷക കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനാണ്. അതിലൂടെ ഭാവിയിൽ വിശപ്പടക്കാനുള്ള ദീർഘകാല ഉപാധിയായിട്ടാണ് അതിനെ കാണുന്നത്. ഇതിനെ ഇങ്ങനെ വിമർശിക്കുന്നത് ശരിയായില്ല. മറ്റ് കാര്യങ്ങളൊക്കെ പല പ്രാവശ്യം ഇവിടെ പറഞ്ഞതാണ്. അതുകൊണ്ട് അതിലേയ്ക്കൊന്നും കടക്കുന്നില്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നാല് മാസത്തെ ചെലവിനുവേണ്ടിയുള്ള വോട്ട് ഓൺ അക്കൗണ്ട് പ്രമേയമാണ് ഞാൻ അവതരിപ്പിച്ചിരിക്കുന്നത്. ആകെയുള്ള ബഡ്ജറ്റ് പ്രൊവിഷന്റെ മൂന്നിലൊന്ന് നാല് മാസത്തേയ്ക്കുള്ള ചെലവിനാണ് നിയമസഭയുടെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിരിക്കുന്നത്. ഇന്നത്തെ ചർച്ചയിൽ ചില വിമർശനങ്ങൾ ഉയർന്നുവരികയുണ്ടായി. ബഹുമാനപ്പെട്ട കെ. മുരളീധരൻ തിരുവനന്തപുരം ജില്ലയെ അവഗണിച്ചു എന്ന നിലയിൽ സംസാരിച്ചു. അത് ശരിയല്ല. തിരുവനന്തപുരത്ത് എത്രയോ പദ്ധതികളാണ് അനുവദിച്ചത്. തിരുവനന്തപുരം മാലിന്യ നിവാരണ പദ്ധതി, വാട്ടർ സപ്ലൈ സ്കീം, ഗ്രാമീണ ശുദ്ധജല പദ്ധതിക്ക് 60 കോടി രൂപ (പാറശ്ശാല, കിളിമാ നൂർ, മടവൂർ വില്ലേജുകൾ അതിൽ ഉൾപ്പെടും), ജെ.ബി.ഐ.സി ശുദ്ധജല പദ്ധതിക്ക് 150 കോടി രൂപ (ഇതിൽ മേജർ തിരുവനന്തപുരമാണ്), വൻകിട

മൂലധന വികസന പദ്ധതികൾക്ക് 1225 കോടി രൂപ അനുവദിച്ചിട്ടുണ്ട് (അതിൽ മേജർ തിരുവനന്തപുരമാണ്), വിഴിഞ്ഞം തുറമുഖ പദ്ധതി (തിരുവനന്തപുരത്തിനാണ് കൂടുതൽ പ്രയോജനം), മോണോ റെയിൽ (തിരുവനന്തപുരത്തിനാണ് കൂടുതൽ പ്രയോജനം), ദേശീയ ഗെയിംസിനുവേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ (തിരുവനന്തപുരത്തിനാണ് കൂടുതൽ പ്രയോജനം), തലസ്ഥാന നഗര വികസന പദ്ധതി, സബർബൻ റെയിൽ കോറിഡോർ പദ്ധതി, ടൗൺഷിപ്പിനുവേണ്ടി 15 കോടി രൂപയുടെ പദ്ധതി, ട്രിഡയ്ക്കുവേണ്ടി 25 കോടി രൂപയുടെ പദ്ധതി, കരമന–കളിയിക്കാവിള റോഡ് വികസനത്തിനായി ഈ വർഷം 10 കോടി രൂപ അനുവദിച്ചു, അടുത്ത വർഷത്തേയ്ക്ക് 200 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ നിലയിൽ ആലോചിക്കുമ്പോൾ മറ്റുജില്ലകളേക്കാൾ പരിഗണന ലഭിച്ചിരിക്കുന്നത് തിരുവനന്തപുരത്തിനാണ്. തിരുവനന്തപുരത്തിന് ക്യാപ്പിറ്റൽ റീജിയൻ ഡെവലപ്മെന്റ് പദ്ധതി തയ്യാറായിക്കഴിഞ്ഞു. അതിന് മാസ്റ്റർ പ്ലാൻ അനുവദിച്ചിട്ടുണ്ട്, അത് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. മിക്കവാറും പൂർത്തിയാവുകയാണ്. വിശദമായ വികസനപദ്ധതി തയ്യാറാക്കുകയാണ്. കൺസൾട്ടന്റ് അതനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ ബഹുമാനപ്പെട്ട വി.എസ്. സുനിൽ കുമാർ നികുതി പിരിവുകൾ കുറഞ്ഞുപോകുന്നു എന്നു പറഞ്ഞു. നികുതി പിരിവിനെ സംബന്ധിച്ച് ഒരു കാര്യം പറയാനുള്ളത്, അറിഞ്ഞുകൊണ്ടുതന്നെ ഗവൺമെന്റ് ചില നികുതിയിളവുകൾ കൊടുത്തിട്ടുണ്ട്. പെട്രോൾ, ഡീസൽ, വളം എന്നിവയുടെ നികുതി കുറച്ചു. അരിയുടെയും പലവ്യഞ്ജനത്തിന്റെയും പോലീസ് ക്യാന്റീനിലെയും നികുതികൾ വേണ്ടെന്ന് വച്ചു. വളരെ

യേറെ ഇളവുകൾ കൊടുക്കുകയുണ്ടായി. അതിന്റെ പ്രതിഫലനം തീർച്ച യായും ഉണ്ടാകും. അതുപോലെ സാമ്പത്തിക മാന്ദ്യം ആർക്കും നിഷേധി ക്കാൻ കഴിയില്ല. കേന്ദ്ര ഗവൺമെന്റിന്റെ നികുതി പിരിവിലെ വരുമാനം കുറയുകയുണ്ടായി.

കേരളത്തിൽ മാസംതോറും 581 കോടി രൂപ കിട്ടിക്കൊണ്ടിരുന്നത് കഴിഞ്ഞ ജനുവരി മാസം മുതൽ 444 കോടി രൂപയായി കുറഞ്ഞിരിക്കുന്നു. ഈ നിലയിലുള്ള കുറവ് കേന്ദ്രനികുതി വിഹിതത്തിൽ വന്നുകൊണ്ടിരിക്കുക യാണ്. മോട്ടോർ വാഹന നികുതി വർദ്ധനവ് 5 ശതമാനം മാത്രമാണുള്ളത്. മോട്ടോർ വാഹനങ്ങളുടെ കച്ചവടത്തിലും റിയൽ എസ്റ്റേറ്റിലും മാന്ദ്യം വന്നിരിക്കുന്നു. മദ്യത്തിന്റെ വളർച്ചാനിരക്ക് കഴിഞ്ഞ വർഷം 22 ശതമാനമാ യിരുന്നു. ഈ വർഷം മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞതിന്റെ ഫലമായി 8 ശതമാനമായി വളർച്ചാനിരക്ക് കുറഞ്ഞിരിക്കുന്നു. കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവിന്റെ ഫലമായും നിർമ്മാണ മേഖലയിലെ മാന്ദ്യം കൊണ്ടും വരുമാനം കുറഞ്ഞിട്ടുണ്ട്. 100 കോടി രൂപ സിമന്റിന്റെ നികുതി ഇനത്തിൽ കുറവ് വന്നിട്ടുണ്ട്. നിർമ്മാണ മേഖലയിൽ പൊതുവെ മാന്ദ്യം വന്നതു കൊണ്ട് ഈ മേഖലയിൽനിന്നും നിർമ്മാണ സാമഗ്രികളുടെ നികുതിയിലും വളർച്ചാ നിരക്ക് കുറവാണ്. സിമന്റിന്റെ നികുതി വരുമാനത്തിൽ 100 കോടി രൂപയുടെയും അയൺ ആന്റ് സ്റ്റീൽ എന്നിവയുടെ വരുമാനത്തിൽ 100 കോടി രൂപയുടെയും കുറവ് ഉണ്ടായിട്ടുണ്ട്. ഈ വർഷം ഉണ്ടായ കാല വർഷത്തെ തുടർന്ന് താപവൈദ്യുതി നിലയങ്ങൾ ഉൽപ്പാദനം കാര്യമായി

കുറച്ചതിനെത്തുടർന്ന് വാറ്റ് ഇനത്തിൽപ്പെട്ട പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതിയിലും 450 കോടി രൂപയുടെ കുറവ് ഉണ്ടായതായി കണക്കാക്കപ്പെ ടുന്നു. രൂപയുടെ മൂല്യശോഷണത്തെ തുടർന്ന് കശുവണ്ടി, തടി എന്നിവ യുടെ ഇറക്കുമതിയിൽ കാര്യമായ കുറവ് ഉണ്ടായി. ഇതെല്ലാം നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്. ഭക്ഷ്യവസ്തു നികുതി 5 ശതമാനത്തിൽ നിന്നും ഒരു ശതമാനമായി കുറവ് ചെയ്തു. ഇങ്ങനെയുള്ള പല കാരണങ്ങ ളാൽ നികുതിയെ സംബന്ധിച്ചിടത്തോളം കുറവ് വന്നിട്ടുണ്ടെന്നുള്ളത് ശരി യാണ്. എന്നാൽ നികുതിപിരിവിൽ യാതൊരു ഉദാസീനതയുമില്ല. നികുതി പിരിവിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് ഒരു ലാപ്സസുമില്ല. ഓരോ പൈസയുടെ വരുമാനവും ഗവൺമെന്റ് സംരക്ഷിച്ചുകൊണ്ടാണ് പോകുന്നത്. ഗവൺമെന്റ് അറിഞ്ഞുകൊണ്ട് ചില കൺസഷൻ കൊടുത്ത തിന്റെ ഫലമായി വന്ന കുറവുകളാണ് ഉണ്ടായിട്ടുള്ളത്. ബഡ്ജറ്റിൽ പല മെഷേഴ്സ് എടുത്തിട്ടുണ്ട്. ബഡ്ജറ്റിലെ 376, 377, 378, 379, 380, 382 എന്നീ ഖണ്ഡികകൾ വായിച്ചാൽ വരുമാനം വർദ്ധിപ്പിക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും എത്രയോ മെഷേഴ്സാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് മനസി ലാകും. ചെക്ക് പോസ്റ്റ് പരിശോധന കർശനമാക്കുന്നതിനും റിട്ടേൺ ഫയൽ ചെയ്യാത്തവരുടെ വാഹനങ്ങൾ ചെക്ക് പോസ്റ്റിൽ തടഞ്ഞുവയ്ക്കുന്നതിനും പ്രധാനപ്പെട്ട കച്ചവടക്കാരുടെ റിട്ടേണുകൾ ഫോറം 13 എ യുമായി നിശ്ചിത സമയത്തിനുള്ളിൽ പരിശോധിക്കാനുള്ള നിർദ്ദേശങ്ങൾ, തെറ്റുകൾ കാണുന്ന റിട്ടേണുകളുടെ അസെസ്സ്മെന്റ് എത്രയും വേഗം പൂർത്തിയാക്കാനുള്ള നിർദ്ദേശം, പ്രഥമദൃഷ്ട്യാ നികുതി വെട്ടിപ്പ് കാണുന്ന കച്ചവടക്കാരുടെ കടകൾ പരിശോധന നടത്തുവാനുള്ള നിർദ്ദേശം, അതിൻപ്രകാരം പരിശോധ

നകൾ നടത്തുന്നത്, കുടിശ്ശികയുള്ള സി.എസ്.ടി. അസെസ്സ്മെന്റുകൾ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചത്, മറ്റ് വകുപ്പുകളുടെ വിവരം ശേഖരിച്ച് റിട്ടേണുകളുമായി ഒത്തുനോക്കുന്നത്, നികുതി വെട്ടിപ്പ് നടത്തുന്ന കമ്മോഡിറ്റികളുടെ തറവില കമ്പോള വിലയുമായി പുനർ നിർണ്ണയിച്ചത്, നികുതി കുടിശ്ശികകൾ സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്, സ്റ്റേയിലുള്ള കേസ്സുകളിൽ സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടിയെടുത്തത്, സർക്കാർ നൽകിയ എല്ലാ അൺ-കണ്ടീഷണൽ സ്റ്റേകളും പിൻവലിച്ചത്, വ്യാപാരികൾ ബിൽ ഇഷ്യു ചെയ്യുന്നത് ഉറപ്പുവരുത്താൻ ടെസ്റ്റ് പർച്ചേസ് പദ്ധതി ഊർജ്ജിതമായി കൊണ്ടുവന്നത്, **ഒ.ആർ.സി. ആർ.** ഫയലുകൾ 6 മാസത്തിനകം പൂർത്തിയാക്കണമെന്ന് കർശന നിർദ്ദേശം നൽകിയത്, അതിൻപ്രകാരമുള്ള നടപടി എടുത്തതുമെല്ലാം വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയാണ്. ആ നിലയിൽ വളരെ വിജിലന്റായി സംസ്ഥാനത്തിന്റെ വരുമാനം പരിരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട പി. തിലോത്തമൻ, മത്സ്യമേഖലയെ അവഗണിക്കുന്നുവെന്നുള്ള വിമർശനം പറയുകയുണ്ടായി. ബഡ്ജറ്റ് പ്രസംഗത്തിന്റെ 52, 53, 54, 56, 57, 24 പാരകളിൽ മത്സ്യ മേഖലയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. 177 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉൾനാടൻ മത്സ്യ ഉൽപ്പാദനത്തിന് 5 കോടി രൂപയും പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന് ഒരുകോടി രൂപയും വകയിരുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ബോണസ് അനുവദിക്കുന്നതിന് 2 കോടി രൂപയും എറണാകുളം വല നിർമ്മാണത്തിന് 5 കോടി രൂപയും മണ്ണെണ്ണയ്ക്ക് 100 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. മണ്ണെണ്ണ 100 ലിറ്റർ ആയിരുന്നത്

200 ലിറ്ററായി വർദ്ധിപ്പിച്ചു. ഈ നിലയിലെല്ലാം വമ്പിച്ച വർദ്ധനവാണ് മത്സ്യമേഖലയിൽ വരുത്തിയിട്ടുള്ളത്. എന്നിട്ടും വിമർശിക്കുകയാണ്. ആല പ്പുഴ, കൊല്ലം, എറണാകുളം, കോട്ടയം ജില്ലകളെയൊക്കെ അവഗണിച്ചുവെന്ന് പറയുകയാണ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, നികുതി പിരിവുമയി ബന്ധപ്പെട്ട് ഞാൻ ഉന്നയിച്ച പ്രധാനപ്പെട്ട പ്രശ്നം വീണ്ടും അങ്ങയുടെ ശ്രദ്ധയിൽപ്പെടു ത്തുകയാണ്. 93–മത്തെ പേജിൽ ആയുർവ്വേദ മേഖലയിൽ നിലനിൽക്കുന്ന കോസ്മെറ്റിക് ഉൽപ്പന്നങ്ങളുടെ നികുതി 12 ശതമാനമായിരുന്നത് 4 ശതമാന മായി കുറയ്ക്കുന്നുവെന്ന് പറഞ്ഞിട്ടുണ്ട്. സുപ്രീം കേടതി വരെ പോയിട്ടും അവർക്ക് എതിരായി വിധി വന്നതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് സർക്കാരിന് മുതൽക്കൂട്ട് ആകുന്ന നികുതി ആണ്. നികുതി അടച്ച ആളുകൾക്ക് തിരിച്ച് കൊടുക്കില്ലെന്നും പറയുന്നു. നിയമപരമായി നികുതി അടച്ച ആളുകൾക്ക് ദോഷമുണ്ടാവുകയും നിയമപ്രകാരം നികുതി അടക്കാതി രിക്കുകയും ചെയ്ത ആളുകൾക്ക് അനുകൂലമായതുമായ നിലപാട് എടുക്കു ന്നത് സർക്കാരിന് വാസ്തവത്തിൽ ഖജനാവിൽ നഷ്ടമുണ്ടാകില്ലേയെന്നാണ് എന്റെ ചോദ്യം.

<u>ശ്രീ. കെ. എം. മാണി</u> : സർ, ബഡ്ജറ്റ് പാരകളിൽ അതിന്റെ സാഹച ര്യങ്ങൾ എല്ലാം വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ബഡ്ജറ്റ് വായിച്ച് കേൾപ്പിച്ചതാണ്. നിങ്ങൾക്ക് വിലയിരുത്താം. ശ്രീ. എ. കെ. ശശീന്ദ്രൻ മലബാർ ജില്ലയെയും ശ്രീമതി പി. അയിഷാ പോറ്റി കൊല്ലം ജില്ലയെയും ശ്രീ. പി. തിലോത്തമൻ ആലപ്പുഴ ജില്ലയെയും അവഗണിച്ചുവെന്ന് പറയുക

യുണ്ടായി. ഡോ. തോമസ് ഐസക് മലബാർ പാക്കേജ് കൊണ്ടുവന്നു, ഞാൻ ഒന്നും ചെയ്തിട്ടില്ലെന്ന് പറഞ്ഞു. ഡോ. തോമസ് ഐസക് 5,000 കോടി രൂപയുടെ പാക്കേജ് കൊണ്ടുവന്നിട്ട് പോയി. അത് മുഴുവൻ നടപ്പിലാക്കുന്നത് ഈ ഗവൺമെന്റാണ്. ഈ ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ലെന്ന് പറഞ്ഞാൽ എങ്ങനെയാണ് ശരിയാകുന്നത്? മലബാർ മേഖലയ്ക്ക് വേണ്ടി 5,000 കോടി രൂപയുടെ ചെലവ് ചെയ്തുകൊണ്ടിരിക്കുകയാണ്. അതിലൊന്നും യാതൊരു അവഗണനയും ഉണ്ടായിട്ടില്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, മൊയ്തു മൗലവി സാഹിബിന്റെ സ്മാരകം നിലനിർത്താൻ പണം വേണമെന്ന് ആവശ്യപ്പെട്ടിരുന്നു. അങ്ങ് കഴിഞ്ഞ ദിവസം മറുപടി പറഞ്ഞപ്പോഴും ഇതിനെക്കുറിച്ച് ഒന്നും പരാമർശിച്ചില്ല. ഇപ്പോഴും അതിനെക്കുറിച്ച് പറയുമെന്ന് എനിക്ക് തോന്നുന്നില്ല. അതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?

ശ്രീ. കെ. എം. മാണി : ശ്രീ. എ. കെ. ശശീന്ദ്രൻ, മൊയ്തു മൗലവി സാഹിബ് എന്റെകൂടി നേതാവായിരുന്നു. മൊയ്തു മൗലവിയെ കെ.പി.സി.സി. പ്രസിഡന്റാക്കാൻ മലബാറിലെ കെ.പി.സി.സി. മെമ്പർമാരുടെ വീടുകളിൽ വോട്ട് ക്യാമ്പയിൻ ചെയ്ത വ്യക്തിയാണ് ഞാൻ. ആ മൊയ്തു മൗലവി സാഹിബിന്റെ അനുസ്മരണയ്ക്ക് മുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു. സ്മാരകത്തിന് ആവശ്യമായ തുക ഉറപ്പുവരുത്താൻ ഗ്രാന്റ് കുറച്ചുകൂടി വർദ്ധിപ്പിച്ച് നൽകുന്നതും സ്മാരകത്തിന് ആവശ്യമായ സഹായം ഉറപ്പുവരുത്തുന്നതുമാണ്. ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ നടപ്പിലായോയെന്ന് ശ്രീ. മാത്യു ടി. തോമസ് അടച്ച് ആക്ഷേപിക്കുകയാണ്. ഇതു സംബന്ധിച്ച് അസംബ്ലിയിൽ സ്റ്റാർഡ് ക്വസ്റ്റ്യൻ ചോദിച്ചിരുന്നു. ബഡ്ജറ്റ്

പ്രഖ്യാപനങ്ങൾ നടപ്പിലായതിന്റെ മുഴുവൻ വിവരങ്ങളും ആ ചോദ്യത്തിന് ഉത്തരമായി നൽകിയിട്ടുണ്ട്. ഗവൺമെന്റിന്റെ ദീർഘകാല പദ്ധതികളായ കൊച്ചി മെട്രോ, 5 മെഡിക്കൽ കോളേജുകൾ, വിഴിഞ്ഞം ഹാർബർ, കണ്ണൂർ എയർപോർട്ട് എന്നിവയ്ക്ക് ആവശ്യമായ പണം അനുവദിച്ച് പദ്ധതികൾ തുടങ്ങിക്കഴിഞ്ഞു. കഴിഞ്ഞ വർഷം കോളേജ് ഇല്ലാത്ത നിയോജകമണ്ഡലങ്ങളിൽ കേളേജുകളും പുതിയതായി അനുവദിച്ച താലൂക്കുകളും തുടങ്ങിക്കഴിഞ്ഞു.

അപ്പോൾ പ്രഖ്യാപനങ്ങൾ മാത്രമല്ല, ഈ പ്രഖ്യാപനങ്ങളൊക്കെ നടപ്പിലാക്കി വരുന്നു, അതിനുള്ള തുകയും നൽകിക്കഴിഞ്ഞു. അതുപോലെതന്നെ, ശ്രീ. മാത്യു റ്റി. തോമസ് സിഗരറ്റിന്റെ നികുതി റേറ്റ് പറഞ്ഞില്ല എന്നുപറഞ്ഞു, ആ സമയത്ത് റേറ്റ് പറഞ്ഞില്ല, പക്ഷെ ഉടനെതന്നെ ഞാൻ 20 ശതമാനമെന്നുള്ളത് 22% ആയി വർദ്ധിപ്പിക്കുന്നുവെന്ന് വ്യക്തമായി പറഞ്ഞു. 50 കോടി രൂപ ഈ നികുതിവർദ്ധനവിലൂടെ അധികമായി ലഭിക്കുമെന്നും അന്നുതന്നെ പറയുകയുണ്ടായി. പിന്നെ അതുംകൂടി ചേർത്തുള്ള ടൈ അപ്പാണ് പറഞ്ഞത്. ടൈ അപ്പ്-ന്റെ സമയത്ത് ചോദിച്ചപ്പോൾ ടൈ അപ്പ് 714 കോടി രൂപയാണെന്ന് ഞാൻ വളരെ കൃത്യമായി പറയുകയുണ്ടായി. അതായത് ബഡ്ജറ്റ് പ്രകാരമുള്ള വർഷാന്ത്യ രൊക്ക ബാക്കി 168 കോടി രൂപ, പ്രഖ്യാപിച്ച അധിക ചെലവ് 541 കോടി രൂപ, പ്രഖ്യാപിച്ച ഇളവുകൾ 54 കോടി രൂപ, പ്രഖ്യാപിച്ച അധിക വിഭവസമാഹരണം 50 കോടി രൂപയും കഴിഞ്ഞിട്ടുള്ള വർഷാന്ത്യ രൊക്ക ബാക്കിയാണ് 714 കോടി രൂപ. അതുകൊണ്ട് ബഹുമാനപ്പെട്ട മാത്യു റ്റി. തോമസിന്റെ ആശങ്കയ്ക്കൊന്നും അടിസ്ഥാനമില്ല. ശ്രീ. പി.

തിലോത്തമൻ ആലപ്പുഴയെ അവഗണിച്ചുവെന്ന് പറഞ്ഞു. ആലപ്പി തുറമുഖത്തിന് 8 കോടി രൂപയും ജലഗതാഗതത്തിന് 143 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രധാനമായും ആലപ്പുഴയ്ക്കാണ് ഇതിന്റെ പ്രയോജനം കൂടുതലായി ലഭിക്കുന്നത്. ജലഗതാഗതം പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് ആലപ്പുഴയെയാണ്. ആലപ്പുഴയ്ക്കാണ് ഇതിന്റെ പ്രയോജനം ഏറ്റവും കൂടുതൽ ലഭിക്കാൻ പോകുന്നത്. കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. അതുപോലെതന്നെ കൊല്ലം – ആലപ്പുഴ ബൈപ്പാസ്, കൊല്ലം ഡെവലപ്പ്മെന്റ് അതോറിറ്റി എന്നിവ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതുകൊണ്ട് പാലായ്ക്കോ കോട്ടയത്തിനോ നൽകാത്തത് കൊല്ലം ജില്ലയ്ക്കും ആലപ്പുഴ ജില്ലയ്ക്കും ഇത്തവണത്തെ ബഡ്ജറ്റിൽ വളരെ ബോധപൂർവ്വം വളരെ സിൻസിയറായി മാറ്റിവച്ചിട്ടുണ്ട്. അതുകൊണ്ട് ആശങ്കകൾക്കൊന്നും യാതൊരു അടിസ്ഥാനവുമില്ല. വേറൊന്നും പറയാനില്ല. ഇവിടെ വലിയൊരു ആക്രമണവും വലിയൊരു വിമർശനവുമൊന്നും വന്നിട്ടില്ല, എല്ലാപേർക്കും നന്ദി.

മി. സ്പീക്കർ: ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

**ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?**

**ശ്രീ. പുരുഷൻ കടലുണ്ടി : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.**

**മി. സ്പീക്കർ: ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച ദേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ**

**അനുകൂലിക്കുന്നവർ............**

**പ്രതികൂലിക്കുന്നവർ.............**

**ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.**

ശ്രീമതി കെ. കെ. ലതിക അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി കെ. കെ. ലതിക: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീമതി കെ. കെ. ലതിക അവതരിപ്പിച്ച ദേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ചന്ദ്രൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച ദേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച ദേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എസ്. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. എസ്. രാജേന്ദ്രൻ അവതരിപ്പിച്ച ദേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻപ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി അവതരിപ്പിച്ച ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് ഓൺ അക്കൗണ്ടിനുള്ള ഉപക്ഷേപം പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. ശ്രീമതി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. ജോസഫ് വാഴക്കൻ
28. ശ്രീ. വർക്കല കഹാർ
29. ശ്രീ. കെ. എൻ. എ. ഖാദർ
30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

31. ശ്രീ. റ്റി. യു. കുരുവിള
32. ശ്രീ. ലൂഡി ലൂയിസ്
33. ശ്രീ. പി. എ. മാധവൻ
34. ശ്രീ. സി. മമ്മൂട്ടി
35. ശ്രീ. കെ. എം. മാണി
36. ശ്രീ. കെ. പി. മോഹനൻ
37. ശ്രീ. സി. മോയിൻകുട്ടി
38. ശ്രീ. മോൻസ് ജോസഫ്
39. ശ്രീ. സി. പി. മുഹമ്മദ്
40. ശ്രീ. ആര്യാടൻ മുഹമ്മദ്
41. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
42. ഡോ. എം. കെ. മുനീർ
43. ശ്രീ. കെ. മുരളീധരൻ
44. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
45. ശ്രീ. ഉമ്മൻ ചാണ്ടി
46. ശ്രീ. റ്റി. എൻ. പ്രതാപൻ
47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
49. ശ്രീ. രമേശ് ചെന്നിത്തല
50. ശ്രീ. പാലോട് രവി
51. ശ്രീ. റോഷി അഗസ്റ്റിൻ
52. ശ്രീ. വി. പി. സജീന്ദ്രൻ
53. ശ്രീ. എൻ. ശക്തൻ
54. ശ്രീ. വി. ഡി സതീശൻ
55. ശ്രീ. ഷാഫി പറമ്പിൽ
56. ശ്രീ. കെ. എം. ഷാജി
57. ശ്രീ. എൻ. ഷംസുദീൻ
58. ശ്രീ. ആർ. സെൽവരാജ്
59. ശ്രീ. ഷിബു ബേബി ജോൺ
60. ശ്രീ. കെ. ശിവദാസൻ നായർ
61. ശ്രീ. വി. എസ്. ശിവകുമാർ
62. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
63. ശ്രീ. സണ്ണി ജോസഫ്
64. ശ്രീ. സി. എഫ്. തോമസ്

65. ശ്രീ. തോമസ് ഉണ്ണിയാടൻ
66. ശ്രീ. പി. ഉബൈദുള്ള
67. ശ്രീ. എം. ഉമ്മർ
68. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
69. ശ്രീ. എം. എ. വാഹീദ്
70. ശ്രീ. എം. പി. വിൻസെന്റ്
71. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. എ. എ. അസീസ്
7. ശ്രീ. ബാബു എം. പാലിശ്ശേരി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. എം. ഹംസ
19. ശ്രീ. ജെയിംസ് മാത്യു
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ജോസ് തെറ്റയിൽ
23. ശ്രീ. സി. കൃഷ്ണൻ
24. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
25. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
26. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

27. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീമതി കെ. കെ. ലതിക
30. ശ്രീ. മാത്യു റ്റി. തോമസ്
31. ശ്രീ. സി. കെ. നാണു
32. ശ്രീ. കെ. കെ. നാരായണൻ
33. ശ്രീ. എ. പ്രദീപ്കുമാർ
34. ശ്രീ. കെ. രാധാകൃഷ്ണൻ
35. ശ്രീ. പി. റ്റി. എ. റഹീം
36. ശ്രീ. എസ്. രാജേന്ദ്രൻ
37. ശ്രീ. ആർ. രാജേഷ്
38. ശ്രീ. റ്റി. വി. രാജേഷ്
39. ശ്രീ. കെ. രാജു
40. ശ്രീ. രാജു എബ്രഹാം
41. ശ്രീ. മുല്ലക്കര രത്നാകരൻ
42. പ്രൊഫ. സി. രവീന്ദ്രനാഥ്
43. ശ്രീ. സി. കെ. സദാശിവൻ
44. ശ്രീ. സാജു പോൾ
45. ശ്രീമതി കെ. എസ്. സലീഖ
46. ശ്രീ. എസ്. ശർമ്മ
47. ശ്രീ. വി. ശശി
48. ശ്രീ. എ. കെ. ശശീന്ദ്രൻ
49. ശ്രീ. ബി. സത്യൻ
50. ശ്രീ. വി. ശിവൻകുട്ടി
51. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
52. ശ്രീ. വി. എസ്. സുനിൽകുമാർ
53. ശ്രീ. കെ. സുരേഷ് കുറുപ്പ്
54. ശ്രീ. പി. തിലോത്തമൻ
55. ശ്രീ. തോമസ് ചാണ്ടി
56. ഡോ. ടി. എം. തോമസ് ഐസക്
57. ശ്രീ. ഇ. കെ. വിജയൻ
58. ശ്രീ. കെ. വി. വിജയദാസ്

നിഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ – 71

പ്രതികൂലിക്കുന്നവർ – 58

നിഷ്പക്ഷത പാലിക്കുന്നവർ– ആരുമില്ല.

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ഫെബ്രുവരി മാസം 04–ാം തീയതി രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.14–ന് പിരിഞ്ഞു.)